ബൈബിൾ കുടുംബപ്രാർത്ഥനയിൽ

# ജനതകൾക്കു പ്രകാശം

JANATHAKALKU PRAKASAM
(Malayalam, Prayer Book)


| | | |
|---|---|---|
| Nihil Obstat | : | Fr. Mathew Chalil<br>Censor of Books, Diocese of Tellicherry |
| Imprimatur | : | Mar Sebastian Velloppilly<br>Bishop of Tellicherry |

Prepared, Printed and Published by :
The Department of Bible Apostolate,
Sandesa Bhaven, Tellicherry - 670 101

| | | |
|---|---|---|
| Printed At | : | |
| Type Setting | : | Sc. / St. Co-Operative Press, Tellicherry |
| Offset Printing | : | I. S. Press, Cochin-18 |
| Cover | : | Coronation Arts Crafts, Sivakasi |
| First Published | : | November, 1988 |
| Price | : | Rs. 5.00 |

# ഉള്ളടക്കം


**പേജ്**

**ആമുഖം**

**ഉപയോഗക്രമം**

**മംഗലവാർത്തക്കാലം**

ഒരുക്കം

അനുദിനപ്രാർത്ഥനകൾ

ബൈബിൾ പ്രതിഷ്ഠ

വായനകൾ

അമലോത്ഭവത്തിരുനാൾ

**പിറവിത്തിരുനാൾ**

**വർഷാവസാനം**

**വർഷാരംഭം**

**ദനഹാക്കാലം**

അനുദിനപ്രാർത്ഥനകൾ

വായനകൾ

**അനുബന്ധം-ഗാനങ്ങൾ**

# ജനതകൾക്കു പ്രകാശം

## ആമുഖം

പിതാവിന്റെ ഭവനത്തിലേക്കു യാത്രചെയ്യുന്ന തീർത്ഥാടകരാണ് നമ്മൾ. ഈ ലോകജീവിതം മരണത്തിന്നപ്പുറത്തേക്കുള്ള ഒരു തീർത്ഥാടനമാണ്. അന്ധകാരം നിറഞ്ഞതാണ് നമ്മൾ യാത്രചെയ്യുന്ന വഴി. യാത്രാമദ്ധ്യേ ലക്ഷ്യത്തെ കൺമുന്നിൽനിന്ന് മറയ്ക്കുന്ന പ്രലോഭനങ്ങൾ ഏറെയുണ്ട്. നൈമിഷികസുഖം വാഗ്ദാനം ചെയ്യുന്ന മരീചികകൾ നമ്മെ വഴിതെറ്റിച്ചെന്നുവരാം. സ്വർഗ്ഗോന്മുഖമായ യാത്രയിൽ നമ്മെ വഴിനയിക്കുന്നതിനായി ദൈവം തന്റെ വചനം നമുക്കു നൽകിയിരിക്കുന്നു. നമ്മുടെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമായ ദൈവവചനം ലിഖിതരൂപത്തിൽ ലഭിച്ചിരിക്കുന്നതാണല്ലോ വിശുദ്ധ ഗ്രന്ഥം.

തെറ്റുകൾ തിരുത്തുകയും നീതിയിൽ വ്യാപരിക്കുകയും അങ്ങനെ പൂർണ്ണത കൈവരിച്ച് പിതൃഭവനത്തിൽ എത്തിച്ചേരുകയും ചെയ്യാൻ നമ്മൾ പ്രാപ്തരാകുന്നത് ദൈവവചനത്തിലൂടെയാണ്. ദൈവവചനം നമുക്ക് ജീവദായകമാവുന്നത് നാം വായിച്ചു ഗ്രഹിച്ച വചനമനുസരിച്ചു ജീവിക്കുമ്പോഴാണ്. എന്നാൽ ആയിരത്തിലേറെ പേജുകളിലായി എഴുപത്തിമൂന്ന് പുസ്തകങ്ങളടങ്ങുന്ന ഈ ഗ്രന്ഥസമാഹാരം മുഴുവൻ വായിച്ചു മനസ്സിലാക്കുക എളുപ്പമല്ല. തന്നെയുമല്ല അതിലെ, പ്രത്യേകിച്ചും പഴയനിയമത്തിലെ എല്ലാഭാഗങ്ങളും നമ്മുടെ അനുദിനജീവിതത്തെ സംബന്ധിച്ചിടത്തോളം ഒരുപോലെ പ്രസക്തവുമല്ല. അതിനാൽ ചിലഭാഗങ്ങൾ തിരഞ്ഞെടുത്തു വായിക്കുക ആവശ്യമായി വരുന്നു. ഇപ്രകാരം ഒരു വായനയ്ക്ക് സഹായകമാകത്തക്കവിധത്തിലാണ് ഈ പുസ്തകം ക്രമീകരിച്ചിരിക്കുന്നത്.

ഒറ്റപ്പെട്ട വ്യക്തികളായിട്ടല്ല, ഒരു സമൂഹമായിട്ടാണ് നാം യാത്രചെയ്യുന്നത്. മാംസം ധരിച്ച ദൈവവചനമായ യേശുക്രിസ്തുവാണ് ഈ യാത്രയിൽ നമ്മുടെ വഴികാട്ടി. സഭയുടെ ശിരസ്സും നാഥനുമായ യേശുവിനോട് ഐക്യപ്പെട്ടാണ് നാം നിത്യജീവൻ പ്രാപിക്കുക. രക്ഷാകരമായ ഈ ഐക്യം അനുദിനം വളർന്നു ശക്തിപ്പെടണം. അതിനു സഹായകമായ വിധത്തിൽ ആരാധനാവത്സരത്തെ പലകാലങ്ങളായി സഭ വിഭജിച്ചിരിക്കുന്നു. യേശുവിൽ പൂർത്തിയായ രക്ഷാരഹസ്യ

ത്തിന്റെ ഓരോ വശങ്ങൾ ഓരോ കാലങ്ങളിൽ ധ്യാനവിഷയമാക്കുകയും ആ കാലഘട്ടത്തിന്റെ ചൈതന്യം ഉൾക്കൊണ്ടു ജീവിക്കാൻ തന്റെ മക്കളെ പഠിപ്പിക്കുകയുമാണ് സഭ ഇതുവഴി ചെയ്യുന്നത്.

സഭയോടൊത്തു ചിന്തിക്കുകയും സഭാജീവിതത്തിൽ ക്രിയാത്മകമായി പങ്കുചേരുകയും ചെയ്താണ് നാം ദൈവിക ജീവനിൽ വളരുന്നത്. ഈ വളർച്ചയ്ക്ക് വിശുദ്ധ ഗ്രന്ഥ പാരായണം അനിവാര്യമാകുന്നു. ആരാധനാവത്സരത്തിലെ വിവിധ കാലഘട്ടങ്ങളുടെ ചൈതന്യം ഉൾക്കൊള്ളത്തക്കവിധത്തിലാണ് ബൈബിൾ വായനകൾ ഇവിടെ തിരഞ്ഞെടുത്തിരിക്കുന്നത്. സീറോ മലബാർസഭ ആരാധനാവത്സരത്തെ മംഗലവാർത്ത, ദനഹാ, നോമ്പ്, ഉയിർപ്പ്, ശ്ലീഹാ, കൈത്താ, ഏലിയാ -സ്ലീവാ, മൂശെ, പള്ളിക്കൂദാശ എന്നിങ്ങനെ ഒമ്പതു കാലങ്ങളായി വിഭജിച്ചിരിക്കുന്നു ലത്തീൻ സഭയിൽ ആഗമനം, നോമ്പ്, ഉത്ഥാനം എന്നീ മൂന്ന് പ്രധാന കാലങ്ങളാണുള്ളത്. ഏതു റീത്തിൽപ്പെട്ടവർക്കും ഉപയോഗിക്കത്തക്കവിധത്തിൽ, കഴിയുന്നതും ബൈബിളിലെ എല്ലാ പുസ്തകങ്ങളിൽനിന്നും, വായനകൾ തിരഞ്ഞെടുത്തു ക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

ഡിസംബർ 1 മുതൽ ഫെബ്രുവരി 28 വരെയുള്ള മൂന്നു മാസത്തേക്കുവേണ്ട വായനകൾ ഈ പുസ്തകത്തിൽ കൊടുത്തിരിക്കുന്നു. മംഗലവാർത്താ-ദനഹാക്കാലങ്ങളെ ഉദ്ദേശിച്ചുള്ളതാണ് ഈ വായനകൾ. പിറവിത്തിരുനാളിന് ഒരുക്കമായുള്ള നാലാഴ്ചകളും അതിനുശേഷം ജനുവരി 5 വരെയുള്ള ദിവസങ്ങളും കൂടുന്നകാലത്തെ സീറോ മലബാർസഭ "മംഗലവാർത്തക്കാലം" എന്നു വിളിക്കുന്നു. ഡിസംബർ 1 മുതൽ 24 വരെയുള്ള ദിവസങ്ങൾ ലത്തീൻ സഭയിൽ ആഗമനകാലം എന്ന് അറിയപ്പെടുന്നു. ജനുവരി 6-ാം തീയതി യേശുവിന്റെ പ്രത്യക്ഷീകരണം ആയിട്ടാണ് ഇരുസഭകളും ആഘോഷിക്കുന്നത്. "ദനഹാ" എന്ന പേരിൽ സുറിയാനിസഭ ഈ ദിവസം യേശുവിന്റെ മാമ്മോദീസായും ദൈവപുത്രനായുള്ള വെളിപ്പെടുത്തപ്പെടലും ആഘോഷിക്കുന്നു. ലത്തീൻസഭയാകട്ടെ ജ്ഞാനികളുടെ സന്ദർശനവും അതുവഴി ലോകജനതകൾക്ക് യേശു രക്ഷകനായി പ്രത്യക്ഷപ്പെടുന്നതും "എപ്പിഫനി" എന്ന പേരിൽ ആചരിക്കുന്നു. ദനഹാമുതൽ വലിയ നോമ്പാരംഭം വരെയുള്ള കാലഘട്ടം "ദനഹക്കാലം" എന്ന് സുറിയാനി സഭയിൽ അറിയപ്പെടുന്നു. 'എപ്പിഫനി'ക്കുശേഷം വരുന്ന ഞായറാഴ്ചയാണ് ലത്തീൻസഭയിൽ യേശുവിന്റെ സ്നാപനം ആഘോഷിക്കുന്നത്. അതുകഴിഞ്ഞാൽ നോമ്പുവരെയുള്ള കാലത്തെ 'സാധാരണ ദിവസങ്ങൾ' എന്നു വിളിക്കുന്നു.

ആരാധനാവത്സര പഞ്ചാംഗം എല്ലാ വീട്ടിലും ഉണ്ടായെന്നുവരില്ലല്ലൊ. സാധാരണക്കാരുടെ സൗകര്യാർത്ഥം ഡിസംബർ 1 മുതൽ 24 വരെയുള്ള ദിവസങ്ങളെ ആഗമന (മംഗലവാർത്ത) കാലമായി പരിഗണിച്ച് രക്ഷകന്റെ വരവിനെക്കുറിച്ചുള്ള പ്രവചനങ്ങളും അവയുടെ പൂർത്തീകരണവും സംബന്ധിക്കുന്ന വായനകളാണ് കൊടുത്തിരിക്കുന്നത്. രക്ഷകന്റെ ആഗമനം സന്തോഷകരമായ വാർത്ത (മംഗലവാർത്ത) യാണല്ലോ. അതിനാൽ സന്തോഷത്തോടെ ദൈവത്തെ സ്തുതിക്കുന്ന സങ്കീർത്തനങ്ങളും കൊടുത്തിരിക്കുന്നു. ഡിസംബർ 25 മുതൽ ജനുവരി 5 വരെയുള്ള ദിവസങ്ങൾ രക്ഷകൻ വന്നതിലുള്ള സന്തോഷത്തിന്റെ ദിവസങ്ങളാണ്. തിരുപ്പിറവിയുമായി ബന്ധപ്പെട്ട വായനകളും സ്തുതിപ്പിന്റെ സങ്കീർത്തനങ്ങളും ഇവിടെ ധ്യാനവിഷയമാകുന്നു.

ദനഹാത്തിരുനാൾ മുതൽ നോമ്പു തുടങ്ങുന്നതുവരെയുള്ള കാലഘട്ടം യേശു ജനതകൾക്കു സ്വയം വെളിപ്പെടുത്തുന്നതിന്റെ ഓർമ്മയാചരിക്കുന്ന അവസരമാണ്. അദ്ഭുതങ്ങളും ആധികാരികമായ പ്രബോധനവും പ്രതീകാത്മകപ്രവർത്തനങ്ങളും വഴിയാണ് യേശുവിന്റെ ദൈവത്വം അധികമായും പ്രത്യക്ഷമാകുന്നത്. ഇപ്രകാരമുള്ള വെളിപ്പെടുത്തലിനെ സംബന്ധിച്ച വായനകൾ സുവിശേഷങ്ങളിൽനിന്ന് എടുത്തിരിക്കുന്നു. സൃഷ്ടി, ഈജിപ്തിൽനിന്നുള്ള വിമോചനം, പ്രവാചകന്മാരുടെ അനുഭവങ്ങൾ മുതലായവയിലൂടെ ദൈവം സ്വയം വെളിപ്പെടുത്തുന്ന ഭാഗങ്ങൾ പഴയനിയമത്തിൽനിന്നും തിരഞ്ഞെടുത്തിട്ടുണ്ട്.

ഡിസംബർ 1ന് ബൈബിൾ പ്രതിഷ്ഠ നടത്തിക്കൊണ്ട് ആരാധനാവത്സരം ആരംഭിക്കുന്നു. തുടർന്നുള്ള 23 ദിവസത്തേക്ക് എല്ലാ ദിവസവും ചൊല്ലാനുള്ള പ്രാർത്ഥന "അനുദിന പ്രാർത്ഥനകൾ" എന്ന ശീർഷകത്തിൽ കൊടുത്തിട്ടുണ്ട്. വർഷാവസാനം, വർഷാരംഭം എന്നിവയ്ക്ക് പ്രത്യേക പ്രാർത്ഥനകൾ ചേർത്തിരിക്കുന്നു. ദനഹാക്കാലത്തിന്റെ പ്രത്യേക പ്രാർത്ഥനകൾ വീണ്ടും "അനുദിന പ്രാർത്ഥനകൾ" എന്ന പേരിലാണ് കൊടുത്തിരിക്കുന്നത് ഈ പ്രാർത്ഥനകളെല്ലാം ഒരു മാതൃക എന്ന രീതിയിൽ കരുതിയാൽ മതി. സ്വയം പ്രേരിതപ്രാർത്ഥനകൾ ചൊല്ലുന്നത് കൂടുതൽ അഭികാമ്യമായിരിക്കും. പ്രാർത്ഥിക്കാൻ ഒരു പരിശീലനം എന്ന നിലയിലാണ് ഇവ കരുതിയിരിക്കുന്നത്.

**ഉപയോഗക്രമം**

സന്ധ്യാപ്രാർത്ഥനയുടെ ഭാഗമായിട്ടാണ് ഈ ബൈബിൾ വായന വിഭാവനം ചെയ്തിരിക്കുന്നത്. ജപമാലയ്ക്കുശേഷം കുടുംബങ്ങളിൽ

പ്രാർത്ഥനാപൂർവ്വം ബൈബിൾ വായിക്കുന്നതിനുള്ള ഒരു സഹായി യാണിത്.

1. പരിശുദ്ധാത്മാവിന്റെ സഹായം അപേക്ഷിക്കുന്ന ഗാനം 2. ആമുഖ പ്രാർത്ഥന 3. ഒന്നാം വായന 4. പ്രതിവചന സങ്കീർത്തനം 5. ഗാനം 6. രണ്ടാം വായന 7. മൗനപ്രാർത്ഥന (ധ്യാനം) 8. സമൂഹ പ്രാർത്ഥന 9. സമാപനപ്രാർത്ഥന 10. ഗാനം-ഇതായിരിക്കും അനു ദിന പ്രാർത്ഥനയുടെ ക്രമം. വായനകളും പ്രതിവചനസങ്കീർത്തനങ്ങളും ഓരോ ദിവസത്തിനും പ്രത്യേകം കൊടുത്തിട്ടുണ്ട്. പ്രാർത്ഥനകൾ ദിവ സത്തിനു പ്രത്യേകം കൊടുത്തിട്ടില്ലാത്തപ്പോൾ കാലത്തിനു പൊതു വായിട്ടുള്ളത് ചൊല്ലേണ്ടതാണ്. സമൂഹപ്രാർത്ഥനകളിൽനിന്ന് ഇഷ്ട മുള്ളത് തിരഞ്ഞെടുക്കാം.

വായനകളും സങ്കീർത്തനങ്ങളും ബൈബിളിൽനിന്ന് എടുത്തു വായിക്കാനുള്ള പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം ഇവ പറ ഞ്ഞതിനുശേഷം ഓരോ വായനയുടെയും അടിയിൽ കൊടുത്തിരി ക്കുന്ന "സംഗ്രഹവാക്യം" വായിക്കുന്നു. അതിനുശേഷമാണ് ബൈബി ളിൽനിന്നു വായിക്കേണ്ടത്. വായിക്കുമ്പോൾ പി.ഒ.സി. ബൈബിൾ കൊടുത്തിരിക്കുന്ന ഉപശീർഷകങ്ങൾ വായിക്കേണ്ടതില്ല. സങ്കീർത്ത നത്തിന്റെ ഓരോ വാക്യവും വായിച്ചുകഴിയുമ്പോൾ എല്ലാവരുംകൂടി പ്രതിവചനം ആവർത്തിക്കുന്നു. ബൈബിൾ വായിക്കുന്നയാൾ ഓരോ ദിവസത്തെയും വായനകളും സങ്കീർത്തനവും നേരത്തെ കണ്ടുപി ടിച്ചു വയ്ക്കുന്നത് ഉപകാരപ്രദമായിരിക്കും. ഏതെങ്കിലും ഒരു ഗാന ത്തോടെ പ്രാർത്ഥന സമാപിക്കുന്നതും ഉചിതമാണ്. പ്രാർത്ഥനയ്ക്കു സഹായകമാകുന്ന ലളിതമായ ചില ഗാനങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

ദൈവവചനത്തോടുള്ള താല്പര്യവും ഭക്തിയും കുടുംബങ്ങ ളിൽ വളരാനും കുടുംബ പ്രാർത്ഥന വിരസമായ ഒരു കടമയെന്നതി നെക്കാൾ സന്തോഷപ്രദവും ജീവദായകവുമായ ഒരനുഭവമാകാനും സഹായിക്കുമെന്ന പ്രതീക്ഷയോടെയാണ് ഈ ലഘുഗ്രന്ഥം തയ്യാറാ ക്കിയിരിക്കുന്നത്. ആണ്ടുവട്ടം മുഴുവൻ ബൈബിൾ വായിച്ചു പ്രാർത്ഥി ക്കാൻ ഉതകുന്ന വിധത്തിൽ മറ്റു കാലങ്ങൾക്കുവേണ്ടിയും ചെറിയ പുസ്തകങ്ങൾ തുടർന്നു പ്രസിദ്ധീകരിക്കുന്നതായിരിക്കും.

# മംഗലവാർത്തക്കാലം

**ഒരുക്കം**

ലോകജനതകൾ രക്ഷകനെ കാത്തിരുന്ന ദീർഘമായകാലഘട്ടത്തെ നാലായിരം വർഷമായിട്ടാണ് ബൈബിൾ ചിത്രീകരിക്കുന്നത്. ഇതിന്റെ ഓർമ്മ ആചരിക്കാനും കാത്തിരിപ്പിൽ പങ്കുചേരാനുമായി പിറവിത്തിരുനാളിനു മുമ്പുള്ള നാലാഴ്ചകളിൽ "ആഗമനപുഷ്പ ചക്രം" (Advent Wreath) ഒരുക്കുക എന്നൊരു പതിവ് പല നാടുകളിലും നിലവിലുണ്ട്. പ്രതീക്ഷയിലുള്ള ആകാംക്ഷയും പൂർത്തീകരണം അടുത്തു വരുമ്പോൾ വർദ്ധമാനമാകുന്ന സന്തോഷവും പ്രകടമാക്കുന്ന ഈ ആചാരം പിറവിത്തിരുനാളിന് ഒരുങ്ങാൻ ഉപകാരപ്രദമായേക്കും എന്നതിനാൽ ചുവടെ ചേർക്കുന്നു.

പച്ചിലക്കമ്പുകളും (ഈന്തിലയോ തെങ്ങോലയോ ആവാം) പുഷ്പങ്ങളും ചേർത്തുണ്ടാക്കിയ ഒരു ചക്രം ഡിസംബർ 1-ാം തീയതി പ്രാർത്ഥനാമുറിയിൽ കെട്ടിത്തൂക്കുകയോ സൗകര്യമുള്ള ഒരു പീഠത്തിൽ വയ്ക്കുകയോ ചെയ്യുന്നു. ചക്രത്തിൽ നാലുതിരികൾ നാട്ടിയിരിക്കണം. ഡിസംബർ ഒന്നാം തീയതി ബൈബിൾ പ്രതിഷ്ഠാകർമ്മം നടത്തുമ്പോൾ ഇതിൽ ഒരു തിരി കത്തിക്കുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ബൈബിൾ പ്രാർത്ഥന തുടങ്ങുന്നത് ഈ തിരി കത്തിച്ചുകൊണ്ടായിരിക്കണം. അടുത്ത ഞായറാഴ്ച മുതൽ രണ്ടു തിരികൾ കത്തിക്കുന്നു. പിന്നീടുള്ള ആഴ്ചകളിൽ മൂന്നും നാലും തിരികൾ ക്രമത്തിന് കത്തിച്ചുകൊണ്ട് ബൈബിൾ പ്രാർത്ഥന ആരംഭിക്കുന്നു. രക്ഷകന്റെ ആഗമനം അടുത്തുവരുന്നു എന്ന് ഓർമ്മിപ്പിക്കാൻ ഇത് സഹായകമാകും.

സത്രത്തിൽ ഇടം കിട്ടാതെ യേശു കാലിത്തൊഴുത്തിൽ പിറന്ന് പുല്ത്തൊട്ടിയിൽ കിടത്തപ്പെട്ടതിന്റെ ഓർമ്മ ആചരിക്കാനായി പ്രാർത്ഥനാ മുറിയിലോ മറ്റേതെങ്കിലും സൗകര്യപ്രദമായ സ്ഥലത്തോ ലളിതമായ പുല്ക്കൂട് ഉണ്ടാക്കുന്നതും നല്ലതാണ്. നമ്മുടെ ദാരിദ്ര്യത്തിൽ പങ്കുചേർന്ന യേശുനാഥനെ ഓർത്തുകൊണ്ട് അഹങ്കാരം വെടിയാനും ദരിദ്രരോട് കരുണ കാണിക്കാനും ദാരിദ്ര്യദുഃഖത്താൽ നിരാശരാകാതിരിക്കാനും ഇതു സഹായിക്കും. ഡിസംബർ 25-ാം തീയതി പാതിരാക്കുർബാന കഴിഞ്ഞ് വീട്ടിൽ വരുമ്പോൾ പുല്ക്കൂട്ടിൽ ഉണ്ണിയീശോയുടെ രൂപം വയ്ക്കുകയും ജനുവരി 5 വരെയുള്ള ദിവസങ്ങ

ളിൽ പുല്ക്കൂടിനു മുമ്പിൽ പ്രാർത്ഥന നടത്തുകയും ചെയ്യാം പിറവിത്തിരുനാളിൽ പുല്ക്കൂടിനു മുമ്പിൽവച്ച് കുട്ടികൾക്ക് എന്തെങ്കിലും ചെറിയ സമ്മാനങ്ങൾ നൽകുന്നത് അനുഗ്രഹവാരിധിയായ യേശുവിനോടുള്ള സ്നേഹവും ഭക്തിയും വർദ്ധിപ്പിക്കാൻ സഹായിക്കുന്നതാണ്.

പുല്ക്കൂട്ടിൽ പിറന്ന ഉണ്ണിയേശുവിന് കാഴ്ചവയ്ക്കാനായി കുട്ടികൾ ആഗമനകാലത്ത് സുകൃതമഞ്ജരി തയ്യാറാക്കുന്ന പതിവ് പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ചുറ്റുപാടുമുള്ള ദരിദ്രരായ കുഞ്ഞുങ്ങൾക്ക് എന്തെങ്കിലും സഹായം ചെയ്യുന്നതിനായി ചെറിയ ത്യാഗങ്ങൾ സഹിക്കാന് അവരെ പരിശീലിപ്പിക്കുന്നതും ഉചിതമാണ്. പിറവിത്തിരുനാളിനോടനുബന്ധിച്ചുള്ള 'കുമ്പസാരം' അവസാനദിവസത്തേക്ക് മാറ്റിവയ്ക്കാതെ ഡിസംബർ ഒന്നാം തീയതിയോ അതിനടുത്ത ദിവസമോ കുടുംബാംഗങ്ങളെല്ലാവരും കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുന്നതും മംഗലവാർത്തക്കാലത്തെ ഓരോ ദിവസവും കുടുംബാംഗങ്ങളിൽ ഒരാളെങ്കിലും ദിവ്യബലിയിൽ സംബന്ധിക്കുന്നതും അഭികാമ്യമാണ്. രക്ഷകനുവേണ്ടിയുള്ള ദാഹവും സഹോദരങ്ങളോടുള്ള സ്നേഹവും കുടുംബത്തിൽ വളരുന്നതിന് ഇതെല്ലാം സഹായിക്കും.

## അനുദിനപ്രാർത്ഥനകൾ

ഡിസംബർ 1-ാം തീയതി ബൈബിൾ പ്രതിഷ്ഠയോടുകൂടി മംഗലവാർത്തക്കാലം ആരംഭിക്കുന്നു. ഡിസംബർ 2 മുതൽ 24 വരെയുള്ള ദിവസങ്ങളിലേക്കുവേണ്ട അനുദിനപ്രാർത്ഥനകളും വായനകളുമാണ് ചുവടെ ചേർക്കുന്നത്. പരിശുദ്ധാത്മാവിനോടുള്ള ഒരു ഗാനത്തോടെ പ്രാർത്ഥന ആരംഭിക്കുന്നു.

ആമുഖ പ്രാർത്ഥന

കാർമ്മി : കാരുണ്യവാനായ ദൈവമേ, അങ്ങയുടെ സ്നേഹത്തിനായി ഞങ്ങളുടെ ഹൃദയം ദാഹിക്കുന്നു. ഞങ്ങളുടെ മനസ്സ് അങ്ങയുടെ വചനത്തിന്റെ പ്രകാശം തേടുന്നു. അവിടുത്തെ തിരുക്കുമാരന്റെ ആഗമനത്തെ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഞങ്ങളെ അവിടുത്തെ സ്നേഹത്താൽ ജ്വലിപ്പിക്കണമേ. ഉന്നതങ്ങളിൽനിന്നുള്ള ഉദയസൂര്യൻ ഞങ്ങളെ സന്ദർശിക്കുമ്പോൾ ഒരുക്കമുള്ളവരായി കാണപ്പെടുവാൻ ഞങ്ങൾക്കിടയാകട്ടെ. അവിടുത്തെ വചനം ഗ്രഹിക്കുന്നതിനും ജീവിതത്തിൽ പകർത്തുന്നതിനും ഞങ്ങളുടെ ഹൃദ

യങ്ങളെ ഒരുക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

വായന, സങ്കീർത്തനം-ദിവസത്തിന്റേതു കാണുക.

സമൂഹപ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ, കർത്താവായ ഈശോയേ, എഴുന്നള്ളിവരണമേ എന്നു പ്രാർത്ഥിക്കാം.

സമൂഹം : കർത്താവായ ഈശോയേ, എഴുന്നള്ളിവരണമേ

കാർമ്മി : പൂർവ്വപിതാക്കന്മാർ കാത്തിരിക്കുകയും പ്രവാചകന്മാർ മുൻകൂട്ടി അറിയിക്കുകയും ചെയ്ത ലോകരക്ഷകനായ മിശിഹായേ അവിടുത്തെ ദിവ്യപ്രകാശത്താൽ ലോകത്തെ പ്രശോഭിപ്പിക്കാൻ എഴുന്നള്ളിവരണമേ.

സമൂഹം : കർത്താവായ ഈശോയേ ..................................

കാർമ്മി : ജനപദങ്ങളുടെ കർത്താവും സമാധാനത്തിന്റെ രാജാവുമായ മിശിഹായേ, സമസ്തലോകത്തിനും, വിശിഷ്യാ ഞങ്ങളുടെ മാതൃരാജ്യത്തിനും അങ്ങേ രക്ഷയും സമാധാനവും നല്കുവാൻ എഴുന്നള്ളിവരണമേ.

സമൂഹം : കർത്താവായ ഈശോയേ ..................................

കാർമ്മി : നീതിസൂര്യനായ മിശിഹായേ, യഥാർത്ഥമായ നീതിബോധവും സഹോദരസ്നേഹവും നല്കി പ്രകാശത്തിന്റെ മക്കളായി ഞങ്ങളെ വളർത്തുവാൻ എഴുന്നള്ളിവരണമേ.

സമൂഹം : കർത്താവായ ഈശോയേ ..................................

കാർമ്മി : അവിടുത്തെ മനുഷ്യാവതാരദിനം ആഘോഷിക്കാൻ ഒരുങ്ങുന്ന ഞങ്ങളുടെ കുടുംബത്തിൽ യഥാർത്ഥ സമാധാനവും ഹൃദയങ്ങളിൽ സന്തോഷവും സ്ഥാപിക്കാൻ എഴുന്നള്ളിവരണമേ.

സമൂഹം : കർത്താവായ ഈശോയേ ..................................

കാർമ്മി : ശരീരങ്ങളെയും ആത്മാക്കളെയും സുഖപ്പെടുത്തുന്ന മിശിഹായേ, രോഗികൾക്കു സൗഖ്യവും പാപികൾക്ക് മോചനവും

ഹൃദയം തകർന്നവർക്കു പ്രത്യാശയും പ്രദാനം ചെയ്യാൻ എഴുന്നള്ളിവരണമേ.

സമൂഹം : കർത്താവായ ഈശോയേ ..................................

കാർമ്മി : ബലഹീനരായ ഞങ്ങളുടെ മനുഷ്യപ്രകൃതിയിൽ പങ്കുചേരാൻ തിരുമനസ്സായ മിശിഹായേ, അങ്ങയുടെ ദൈവപ്രകൃതിയിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ എഴുന്നള്ളിവരണമേ.

സമൂഹം : കർത്താവായ ഈശോയേ ..................................

കാർമ്മി : അധ്വാനിക്കുന്നവർക്കും ഭാരം വഹിക്കുന്നവർക്കും ആശ്വാസം നൽകുന്ന മിശിഹായേ, ജീവിതക്ലേശങ്ങളാൽ ഞങ്ങൾ തകർന്നു പോകാതിരിക്കാൻ എഴുന്നള്ളിവരണമേ.

സമൂഹം : കർത്താവായ ഈശോയേ ..................................

കാർമ്മി : അങ്ങേ സഭയെ നയിക്കുന്ന അജപാലകൻമാർക്കും ലോകജനതകളെ ഭരിക്കുന്ന രാഷ്ട്രത്തലവന്മാർക്കും അവിടുത്തെ ചൈതന്യവും ശക്തിയും നല്കാൻ എഴുന്നള്ളിവരണമേ.

സമൂഹം : കർത്താവായ ഈശോയേ ..................................

സമാപന പ്രാർത്ഥന

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. സ്നേഹനിധിയായ ദൈവമേ, അങ്ങേ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാരം ആഘോഷിക്കാൻ ഒരുങ്ങുന്ന ഞങ്ങളെ കരുണയോടെ കടാക്ഷിക്കണമേ. ലോകം നൽകുന്ന നൈമിഷികസുഖങ്ങളാൽ പ്രലോഭിതരായി ശാശ്വതമായ സന്തോഷത്തിന്റെ ഉറവിടത്തിൽനിന്ന് അകന്ന്പോകുവാൻ ഞങ്ങളെ അനുവദിക്കരുതേ. അന്ധകാരശക്തികൾ ഞങ്ങളുടെ മനസ്സിനെ കീഴടക്കാൻ ഇടയാകാതിരിക്കട്ടെ. വിശ്വാസത്തിന്റെ വിളക്കിൽ സ്നേഹത്തിന്റെ എണ്ണയൊഴിച്ച്, പ്രതീക്ഷയുടെ ജ്വലിക്കുന്ന ദീപവുമായി അങ്ങയെ എതിരേല്ക്കുന്നതിനുവേണ്ടി എന്നും ഒരുങ്ങിയിരിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമേ. നീതിസൂര്യനും ലോകത്തിന്റെ പ്രകാശവുമായ മിശിഹായേ, വേഗം വരണമേ. ഞങ്ങളിലെ അന്ധകാരം അകറ്റി ഞങ്ങളെയും ലോകംമുഴുവനെയും അങ്ങയുടെ പ്രകാശത്തിലേക്കു നയിക്കണമേ. ദൈവവചനം ഹൃദയത്തിൽ സ്വീകരിച്ച പരി

ശുദ്ധകന്യകാമറിയത്തിന്റെ മാതൃകയും പ്രാർത്ഥനയും ഈ മംഗലവാർത്തക്കാലം ഫലദായകമാക്കാൻ ഞങ്ങളെ സഹായിക്കട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

(ഒരു ഗാനത്തോടെ പ്രാർത്ഥന സമാപിക്കുന്നു)

### ഡിസംബർ 1

# ബൈബിൾ പ്രതിഷ്ഠ

വിരിയിട്ട് അലങ്കരിച്ച ഒരു മേശയിൽ കുരിശു രൂപത്തിനു മുമ്പിലായി വിശുദ്ധ ഗ്രന്ഥവും ഇരുവശത്തും കത്തിച്ച ഓരോ തിരിയും വച്ചിരിക്കണം. വി. ഗ്രന്ഥത്തിന്റെ മുമ്പിലായി കത്തിക്കാത്ത ഒരു തിരിയും വച്ചിരിക്കണം. കുടുംബാംഗങ്ങൾ എല്ലാവരും വി. ഗ്രന്ഥത്തിനു മുമ്പിൽ ഒരുമിച്ചുകൂടി ജപമാല ചൊല്ലുന്നു. അതിനുശേഷം പരിശുദ്ധത്മാവിനോട് ഒരു ഗാനം ആലപിച്ചുകൊണ്ട് ബൈബിൾ പ്രതിഷ്ഠ ആരംഭിക്കുന്നു.

കാർമ്മി : വി. ഗ്രന്ഥത്തിനു മുമ്പിലുള്ള തിരി കത്തിച്ചുകൊണ്ട് "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല" എന്നരുളിച്ചെയ്ത ഈശോമിശിഹാ ഈ കുടുംബത്തിന്റെ പ്രകാശവും നാഥനുമായിരിക്കട്ടെ.

സമൂഹം : ആമ്മേൻ

കാർമ്മി : നമുക്ക് പ്രാർത്ഥിക്കാം: ഞങ്ങളുടെ പാദങ്ങൾക്കുവിളക്കും പാതയിൽ പ്രകാശവുമായി അവിടുത്തെ വചനം ഞങ്ങൾക്കു നല്കിയ പരമകാരുണികനായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങൾക്കു നിത്യജീവൻ നല്കുന്നതിനുവേണ്ടി അവിടുത്തെ തിരുക്കുമാരനെ ഈ ലോകത്തിലേയ്ക്കയക്കാൻ മാത്രം ഞങ്ങളെ സ്നേഹിച്ച അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. യേശുനാഥന്റെ മനുഷ്യാവതാരത്തിനു ഞങ്ങളെത്തന്നെ ഒരുക്കുന്നതിന്റെ തുടക്കമായി ഞങ്ങൾ നടത്തുന്ന ഈ ബൈബിൾ പ്രതിഷ്ഠാകർമ്മത്തിൽ അവിടുന്ന് സംപ്രീതനാകണമേ. നിത്യം പിതാവും പുത്രനുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

കാർമ്മി : നമുക്ക് സ്വരമുയർത്തി സജീവനായ ദൈവത്തെ പ്രകീർത്തിക്കാം

സമൂഹം : സർവ്വേശാ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
നിത്യനമർത്ത്യൻ പരിശുദ്ധൻ
നിൻ കൃപ ഞങ്ങൾക്കേകണമേ.

കാർമ്മി : ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകമായ ദിവ്യ സന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെയും മനസ്സിനെയും പ്രകാശിപ്പിക്കണമേ. അതു വഴി സ്നേഹവും ശരണവും ഞങ്ങളിൽ വർദ്ധിക്കുവാനും ഞങ്ങൾ രക്ഷപ്രാപിച്ച് നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

സമൂഹം : ആമ്മേൻ

ഗാനം - ജീവനേകും ദൈവവചനം...........

ഒന്നാം വായന: ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന. അദ്ധ്യായം 55, വാക്യങ്ങൾ 1 മുതൽ 13 വരെ.

*കർത്താവിനെ കണ്ടെത്താൻ കഴിയുന്ന ഇപ്പോൾത്തന്നെ അവിടുത്തെ അന്വേഷിക്കുവിൻ.*

സങ്കീർത്തനം: 119 കാർമ്മികൻ സങ്കീർത്തനത്തിന്റെ ഓരോപാദം ചൊല്ലുമ്പോൾ സമൂഹം പ്രതിവചനം ആവർത്തിക്കുന്നു.

പ്രതിവചനം: അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാകുന്നു.

സമൂഹം : അങ്ങയുടെ വചനം...................

കാർമ്മി : കർത്താവേ, പൂർണ്ണഹൃദയത്തോടെ ഞാൻ അങ്ങയെ തേടുന്നു; അങ്ങയുടെ കല്പന വിട്ടു നടക്കാൻ എനിക്കിടയാകാതിരിക്കട്ടെ.

സമൂഹം : അങ്ങയുടെ വചനം...................

കാർമ്മി : അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിക്കുന്നു.

സമൂഹം : അങ്ങയുടെ വചനം...................

കാർമ്മി : ഞാൻ ജീവിച്ചിരിക്കാനും അങ്ങയുടെ വചനം അനുസരിക്കാനും ഈ ദാസന്റെമേൽ കൃപചൊരിയണമേ.

സമൂഹം : അങ്ങയുടെ വചനം...................

കാർമ്മി : ഭൂമിയിൽ ഞാനൊരു പരദേശിയാണ്. അങ്ങയുടെ കല്പനകളെ എന്നിൽനിന്ന് മറച്ചു വയ്ക്കരുതേ.

സമൂഹം : അങ്ങയുടെ വചനം...................

കാർമ്മി : അവിടുത്തെ കല്പനയുടെ വഴിയിലൂടെ എന്നെ നയിക്കണമേ, ഞാൻ അതിൽ സന്തോഷിക്കുന്നു.

സമൂഹം : അങ്ങയുടെ വചനം...................

കാർമ്മി : ധനലാഭത്തിലേയ്ക്കല്ല, അങ്ങയുടെ കല്പനകളിലേക്ക് എന്റെ ഹൃദയത്തെ തിരിക്കണമേ.

സമൂഹം : അങ്ങയുടെ വചനം...................

കാർമ്മി : അങ്ങയുടെ വചനം പാലിക്കാൻവേണ്ടി സകല ദുർമ്മാർഗ്ഗങ്ങളിലുംനിന്ന് എന്റെ പാദങ്ങളെ ഞാൻ പിൻവലിക്കുന്നു.

സമൂഹം : അങ്ങയുടെ വചനം...................

കാർമ്മി : അങ്ങയുടെ വാക്കുകൾ എനിക്ക് എത്ര മധുരമാണ്! അവ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ്.

സമൂഹം : അങ്ങയുടെ വചനം...................

കാർമ്മി : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.

രണ്ടാം വായന: വി. പത്രോസ് എഴുതിയ രണ്ടാം ലേഖനം
അധ്യായം1: 16-21

*ഇരുളിൽ പ്രകാശിക്കുന്ന ദീപത്തെ എന്ന പോലെ പ്രവാചകവചനത്തെ നിങ്ങൾ ശ്രദ്ധിക്കണം.*

ഗാനം : സുവിശേഷ വെളിച്ചത്താൽ.............

മൂന്നാം വായന: വി. യോഹന്നാൻ എഴുതിയ സുവിശേഷം
അധ്യായം 6: വാക്യങ്ങൾ 60 മുതൽ 69 വരെ.

*നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്.*

സുവിശേഷ വായനയ്ക്കുശേഷം അല്പസമയം മൗനമായി ധ്യാനിക്കുന്നു.

സമൂഹ പ്രാർത്ഥന:

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടി കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : അങ്ങയുടെ വചനത്തിനുവേണ്ടിയുള്ള ദാഹവും അങ്ങയുടെ സ്നേഹം ഗ്രഹിക്കാനുള്ള ശക്തിയും ഞങ്ങൾക്കു നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ...........................

കാർമ്മി : നിത്യരക്ഷയുടെ പ്രഭാതം പൊട്ടിവിടരുന്നതുവരെ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിക്കുന്നതിനും അതുവഴി ഞങ്ങളുടെ ജീവിതത്തിൽ സ്നേഹത്തിന്റെയും സേവനത്തിന്റെയും നൂറുമേനി ഫലം പുറപ്പെടുവിക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ...........................

കാർമ്മി : നിത്യജീവന്റെ വചനങ്ങൾ അങ്ങയുടെ അധരങ്ങളിൽനിന്ന് എല്ലാ ദിവസവും ശ്രവിക്കുന്നതിന് ഞങ്ങളെ ഒരുക്കമുള്ളവരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ...........................

കാർമ്മി : അങ്ങയുടെ വചനമനുസരിച്ച് പാപമാർഗ്ഗങ്ങൾ വിട്ടകന്ന്, ഞങ്ങളുടെ രക്ഷകനായ ഈശോമിശിഹായുടെ ആഗമനത്തെ പ്രത്യാശയോടെ കാത്തിരിക്കാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ...........................

കാർമ്മി : രോഗവും ദാരിദ്ര്യവും മാനസികക്ലേശങ്ങളും ഞങ്ങളെ അലട്ടുമ്പോൾ നിരാശരാകാതെ അങ്ങയുടെ വചനത്തിൽ ആശ്വാസവും ശക്തിയും കണ്ടെത്താൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ...........................

കാർമ്മി : ക്രൈസ്തവസഭകൾ ഒന്നുചേർന്ന് ലോകജനതകൾക്കുമുമ്പിൽ അങ്ങയുടെ പ്രകാശത്തിനു സാക്ഷ്യം വഹിക്കുന്നതിന് ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ...........................

കാർമ്മി : ജീവദായകമായ അവിടുത്തെ തിരുവചനം ഈ കുടുംബത്തിന് എന്നും മാർഗ്ഗദീപമായിരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ...........................

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം: കാരുണ്യവാനായ ദൈവമേ, ഞങ്ങളെ ഓരോരുത്തരെയും ഈ കുടുംബത്തെ മുഴുവനും വാത്സല്യംനിറഞ്ഞ അങ്ങയുടെ കരങ്ങളിൽ ഞങ്ങൾ സമർപ്പിക്കുന്നു. പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ചൈതന്യത്തിൽ, പ്രതീക്ഷയോടെ ഞങ്ങൾ ആരംഭിക്കുന്ന ഈ ആരാധനാവത്സരം മുഴുവൻ അങ്ങയുടെ കൃപാകടാക്ഷം ഞങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ. അവിടുത്തെ തിരുവചനം ഞങ്ങൾക്കു ക്ലേശങ്ങളിൽ ധൈര്യവും ദുഃഖങ്ങളിൽ ആശ്വാസവും പ്രലോഭനങ്ങളെ നേരിടാൻ ശക്തിയും പ്രദാനം ചെയ്യട്ടെ. അവിടുത്തെ തിരുവചനം വിശ്വസ്തതാപൂർവ്വം പ്രഘോഷിക്കുകയും അതിനുവേണ്ടി പീഡനങ്ങളേല്ക്കുകയും ചെയ്ത പ്രവാചകന്മാരുടെയും അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും മാതൃക ഞങ്ങൾക്കു പ്രചോദനം നല്കട്ടെ. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു സഹായകമാവട്ടെ. പരിശുദ്ധ കന്യകാമറിയത്തെപ്പോലെ ഞങ്ങളും തിരുവചനം ഹൃദയത്തിൽ സ്വീകരിച്ച് അതിനെക്കുറിച്ച് നിരന്തരം ധ്യാനിക്കാനും നൂറുമേനി ഫലം പുറപ്പെടുവിക്കാനും ഞങ്ങൾക്കിടയാക്കണമെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : ദൈവത്തിന് സ്തോത്രം പാടിടുവിൻ

### ഡിസംബർ 2

ഒന്നാം വായന:

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന

അധ്യായം 40, വാക്യങ്ങൾ 1 മുതൽ 11 വരെ.

*ഇതാ, ദൈവമായ കർത്താവ് ശക്തിയോടെ വരുന്നു.*

സങ്കീർത്തനം : 146 : 1-10

പ്രതിവചനം : കർത്താവിൽ പ്രത്യാശവയ്ക്കുന്നവർ ഭാഗ്യവാന്മാർ

രണ്ടാം വായന : വി. യാക്കോബ് എഴുതിയ ലേഖനം. അധ്യായം 5, വാക്യങ്ങൾ 7 മുതൽ 12 വരെ.

*കർത്താവിന്റെ ആഗമനം അടുത്തിരിക്കുന്നു.*

### ഡിസംബർ 3

ഒന്നാം വായന : ഉല്പത്തി 15 : 1-21

*നിന്റെ അവകാശി നിന്റെ മകൻതന്നെ ആയിരിക്കും.*

സങ്കീർത്തനം : 25 : 1-10

പ്രതിവചനം : കർത്താവേ, അങ്ങേയ്ക്കുവേണ്ടി ദിവസം മുഴുവൻ ഞാൻ കാത്തിരിക്കുന്നു.

രണ്ടാം വായന : മത്തായി 1 : 1-17

*അബ്രാഹത്തിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ വംശാവലി*

### ഡിസംബർ 4

ഒന്നാം വായന : ഉല്പത്തി 49 : 8-12

*യൂദായുടെ ഗോത്രത്തിൽനിന്ന് ഒരു രാജാവ് വരും.*

സങ്കീർത്തനം : 145 : 1-21

പ്രതിവചനം : കർത്താവ് എല്ലാവർക്കും നല്ലവനാണ്.

രണ്ടാം വായന : മത്തായി 3 : 1-21

*മാനസാന്തരപ്പെടുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.*

### ഡിസംബർ 5

ഒന്നാം വായന : സംഖ്യ 24 : 15-25

*യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും.*

സങ്കീർത്തനം : 20 : 1-9

പ്രതിവചനം : കർത്താവിന്റെ നാമത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

രണ്ടാം വായന : വി. പത്രോസിന്റെ 2-ാം ലേഖനം 3 : 8-13

*ദൈവത്തിന്റെ ആഗമനദിനത്തെ പ്രതീക്ഷിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുവിൻ.*

**ഡിസംബർ 6**

ഒന്നാം വായന : സാമുവേലിന്റെ രണ്ടാംപുസ്തകം 7 : 1-16

*ദാവീദിന്റെ പുത്രൻ എന്നേക്കും രാജാവായി വാഴും.*

സങ്കീർത്തനം : 2 : 1-12

പ്രതിവചനം : നീ എന്റെ പുത്രനാണ്; ഇന്നു ഞാൻ നിനക്കു ജന്മം നൽകി.

രണ്ടാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 1 : 1-7

*ദൈവപുത്രനായ യേശുക്രിസ്തു ദാവീദിന്റെ പുത്രനായി ജനിച്ചു.*

**ഡിസംബർ 7**

ഒന്നാം വായന : ഏശയ്യ 7 : 10-17

*അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും.*

സങ്കീർത്തനം : 74 : 1-21

പ്രതിവചനം : ദരിദ്രരും അഗതികളും അങ്ങയുടെ നാമം പ്രകീർത്തിക്കട്ടെ.

രണ്ടാം വായന : മത്തായി 1 : 18-25

*അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു മോചിപ്പിക്കും.*

**ഡിസംബർ 8**

# അമലോത്ഭവത്തിരുനാൾ

മാതാവിനോടുള്ള ഏതെങ്കിലും ഒരു ഗാനം ആലപിച്ചുകൊണ്ട് പ്രാർത്ഥന ആരംഭിക്കുന്നു.

കാർമ്മി : ഞങ്ങളുടെ കർത്താവായ ഈശോമിശിഹായ്ക്ക് യോഗ്യ

യായ മാതാവാകുന്നതിനു പരിശുദ്ധ കന്യകാമറിയത്തെ തിരഞ്ഞെടുത്ത് ഒരുക്കിയ സ്നേഹനിധിയായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ക്രിസ്തുനാഥന്റെ കുരിശുമരണത്തിലൂടെ മനുഷ്യവർഗ്ഗത്തിനു കൈവന്ന രക്ഷയുടെ ഫലങ്ങൾ ഉത്ഭവത്തിന്റെ ആദ്യനിമിഷം മുതൽ അവൾക്കു നൽകിയതിനെ ഓർത്തു ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ജന്മപാപത്തിന്റെ കളങ്കമേശാതെ ജനിക്കുകയും പരിശുദ്ധയായി ജീവിക്കുകയും ചെയ്ത അമ്മയുടെ പ്രാർത്ഥനകൾവഴി ഞങ്ങളും പാപത്തിൽനിന്നകന്ന്, എപ്പോഴും അങ്ങയുടെ സന്നിധിയിൽ വ്യാപരിക്കുവാൻ വരം തരണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന : ഉൽപത്തി 3 : 9–20

*നീയും സ്ത്രീയും തമ്മിലും, നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുതഉളവാക്കും.*

സങ്കീർത്തനം : 98 : 1–9

പ്രതിവചനം : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു.

ഗാനം : കർത്താവാകും ദൈവമേ.............

രണ്ടാം വായന : ലൂക്കാ 1 : 39–56

*ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.*

സമൂഹപ്രാർത്ഥന:

കാർമ്മി : പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുനാളായ ഇന്ന് നമുക്കെല്ലാവർക്കും സന്തോഷത്തോടെ ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു എന്ന് ഏറ്റുപറയാം.

സമൂഹം : ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

കാർമ്മി : അങ്ങേ പുത്രനു പിറക്കാൻ യോഗ്യമായ വാസസ്ഥലമായി പരിശുദ്ധ കന്യകാമറിയത്തെ തിരഞ്ഞെടുത്തതിനെ ഓർത്ത്

സമൂഹം : ദൈവമേ ...........................

കാർമ്മി : ഉത്ഭവപാപത്തിന്റെ കളങ്കമേശാതെ അവളെകാത്തുപാലിച്ചതിനെ ഓർത്ത്.

സമൂഹം : ദൈവമേ ............................

കാർമ്മി : അങ്ങേ എളിയ ദാസിയായ മറിയത്തിന് അങ്ങു നല്കിയ വലിയ അനുഗ്രഹങ്ങളെക്കുറിച്ച്.

സമൂഹം : ദൈവമേ ............................

കാർമ്മി : ദൈവവചനം ഹൃദയത്തിൽ സ്വീകരിക്കുന്നതിനും എപ്പോഴും അങ്ങേ ഹിതത്തിനു കീഴ്വഴങ്ങുന്നതിനും മറിയത്തെ പ്രാപ്തയാക്കിയതിനെ ഓർത്ത്.

സമൂഹം : ദൈവമേ ............................

കാർമ്മി : പരിശുദ്ധ കന്യകാമറിയത്തെ ഞങ്ങൾക്ക് അമ്മയായി നല്കിയ അങ്ങയുടെ കാരുണ്യത്തെ പ്രതി.

സമൂഹം : ദൈവമേ ............................

കാർമ്മി : ആത്മശരീരങ്ങളോടെ പരിശുദ്ധ അമ്മയെ അങ്ങേ തിരുസന്നിധിയിലേക്കു സ്വീകരിച്ചതിനെ ഓർത്ത്.

സമൂഹം : ദൈവമേ ............................

കാർമ്മി : "ഇതാ, കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ'' എന്നു പറഞ്ഞ പരിശുദ്ധ അമ്മയെപ്പോലെ എപ്പോഴും അങ്ങയുടെ ഹിതം അനുസരിച്ചു ജീവിക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : തന്റെ ഇളയമ്മയായ എലിസബത്തിനു ശുശ്രൂഷ ചെയ്തുകൊണ്ട് മറിയം നൽകിയ സേവനത്തിന്റെ മാതൃകയനുസരിച്ച് ആവശ്യമനുഭവിക്കുന്ന സഹോദരങ്ങളെ കഴിവിനൊത്തു സഹായിക്കാൻവേണ്ട വരം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ............................

കാർമ്മി : പരിശുദ്ധ അമ്മയെപ്പോലെ ദൈവവചനം ആദരവോടെ സ്വീകരിക്കാനും അതനുസരിച്ചു ജീവിക്കാനും ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ............................

കാർമ്മി : പാപരഹിതയായി ജീവിച്ച പരിശുദ്ധ കന്യകയെപ്പോലെ പാപത്തിൽനിന്നും പാപസാഹചര്യങ്ങളിൽനിന്നും അകന്ന്, അങ്ങേയ്ക്കു തൃപ്തികരമായ ജീവിതം നയിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ............................

കാർമ്മി : എളിയവരെ ഉയർത്തുകയും ദരിദ്രരെ സംതൃപ്തരാക്കുകയും ചെയ്യുന്ന ദൈവമേ, അങ്ങയുടെ ശക്തമായ കരം ഞങ്ങളുടെ ഇടയിലും പ്രകടമാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ............................

സമാപനപ്രാർത്ഥന :

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. പരിശുദ്ധ കന്യകാമറിയത്തെ പാപമേശാതെ കാത്തു പാലിക്കുകയും ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്കു സംവഹിക്കുകയും ചെയ്ത പിതാവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. നസ്രത്തിലെ എളിയ കന്യകയെ അങ്ങയുടെ അമ്മയായി സ്വീകരിക്കുകയും ഞങ്ങൾക്ക് അമ്മയായി നല്കുകയും ചെയ്ത യേശുനാഥാ അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. കന്യകാമറിയത്തിൽ ദൈവപുത്രനു ശരീരം ഒരുക്കിയ പരിശുദ്ധാത്മാവായ ദൈവമേ, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. പരിശുദ്ധ അമ്മയെപ്പോലെ ഞങ്ങളും പാപമാർഗ്ഗങ്ങൾ വിട്ടകന്നു ജീവിക്കുന്നതിനും സ്വർഗ്ഗത്തിൽ എത്തിച്ചേർന്ന് അനവരതം അങ്ങയെ സ്തുതിക്കുന്നതിനും കൃപചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒരു മരിയൻ ഗാനത്തോടെ പ്രാർത്ഥന സമാപിക്കുന്നു.

## ഡിസംബർ 9

ഒന്നാം വായന : ഏശയ്യ 11 : 1–9

*സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും.*

സങ്കീർത്തനം : 72 : 1–14

പ്രതിവചനം : അവന്റെ കാലത്ത് നീതിയും സമാധാനവും പുഷ്പിക്കും.

രണ്ടാം വായന : ലൂക്കാ 1 : 26-38

*അവൻ അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും.*

### ഡിസംബർ 10

ഒന്നാം വായന : ഏശയ്യ 30 : 19-26

*കർത്താവ് തന്റെ ജനത്തിന്റെ മുറിവുകൾവച്ചുകെട്ടും.*

സങ്കീർത്തനം : 101 : 1-7

പ്രതിവചനം : ഞാൻ കരുണയെയും നീതിയെയും കുറിച്ചു പാടും.

രണ്ടാം വായന : ലൂക്കാ 4 : 16-21

*ദരിദ്രർക്കു സുവിശേഷം അറിയിക്കാൻ എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.*

### ഡിസംബർ 11

ഒന്നാം വായന : ഏശയ്യ 32 : 1-8

*ഒരു രാജാവ് ധർമ്മനിഷ്ഠയോടെ ഭരിക്കും.*

സങ്കീർത്തനം : 54 : 1-7

പ്രതിവചനം : ദൈവമാണ് എന്റെ സഹായകൻ

രണ്ടാം വായന : ലൂക്കാ 7 : 18-23

*വരാനിരിക്കുന്നവൻ നീ തന്നെയോ?*

### ഡിസംബർ 12

ഒന്നാം വായന : ഏശയ്യ 35 : 1-10

*ഇതാ നിങ്ങളുടെ ദൈവം വരുന്നു*

സങ്കീർത്തനം : 24 : 1-10

പ്രതിവചനം : മഹത്വത്തിന്റെ രാജാവ് എഴുന്നള്ളുന്നു.

രണ്ടാം വായന : ലൂക്കാ 1 : 5-20

*അവൻ കർത്താവിന്റെ മുമ്പേ പോകും.*

### ഡിസംബർ 13

ഒന്നാം വായന : ജറെമിയാ 23 : 1-8

*ഞാൻ ദാവീദിന്റെ വംശത്തിൽനിന്ന് നീതിയുടെ ശിഖരം മുളപ്പിക്കുന്ന ദിവസം വരുന്നു.*

സങ്കീർത്തനം : 23 : 1-6

പ്രതിവചനം : കർത്താവ് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല

രണ്ടാം വായന : മത്തായി 22 : 41-46

*ക്രിസ്തു ദാവീദിന്റെ പുത്രൻ*

**ഡിസംബർ 14**

ഒന്നാം വായന : ജറെമിയാ 30 : 18-24

*അവരുടെ ഭരണാധിപൻ അവരുടെ ഇടയിൽനിന്നുവരും.*

സങ്കീർത്തനം : 30 : 1-14

പ്രതിവചനം : കർത്താവേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും എന്തെന്നാൽ അവിടുന്ന് എന്നെ രക്ഷിച്ചു.

രണ്ടാം വായന : റോമാ 13 : 11-14

*രക്ഷ അടുത്തെത്തിയിരിക്കുന്നു.*

**ഡിസംബർ 15**

ഒന്നാം വായന : ആമോസ് 9 : 11-15

*ദാവീദിന്റെ കൂടാരത്തെ കർത്താവ് വീണ്ടും പണിതുയർത്തും.*

സങ്കീർത്തനം : 89 : 1-14

പ്രതിവചനം : കർത്താവേ അങ്ങയുടെ കൃപ എന്നേയ്ക്കും നിലനി ല്ക്കുന്നു

രണ്ടാം വായന : ലൂക്കാ 1 : 57-66

*കർത്താവിന്റെ കരം അവനോടുകൂടെ ഉണ്ടായിരുന്നു.*

**ഡിസംബർ 16**

ഒന്നാം വായന : മലാക്കി 3 : 1-5

*കർത്താവിനു വഴിയൊരുക്കാൻ ദൂതനെ അയയ്ക്കും*

സങ്കീർത്തനം : 96 : 1-13

പ്രതിവചനം : ഇതാ, നമ്മുടെ ദൈവം ശക്തിയോടെ വരുന്നു.

രണ്ടാം വായന : ലൂക്കാ 7 : 24-35

*ഇതാ, നിനക്ക് മുമ്പേ എന്റെ ദൂതനെ ഞാൻ അയയ്ക്കുന്നു.*

**ഡിസംബർ 17**

ഒന്നാം വായന : നിയമാവർത്തനം 18 : 14–22

*എന്റെ വാക്കുകൾ അവന്റെ നാവിൽ ഞാൻ നിക്ഷേപിക്കും.*

സങ്കീർത്തനം : 67 : 1–7

പ്രതിവചനം : കർത്താവേ, എല്ലാ ജനതകളും അങ്ങയെ സ്തുതിക്കട്ടെ.

രണ്ടാം വായന : ലൂക്കാ 7 : 11–17

*ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ ഉദയം ചെയ്തിരിക്കുന്നു.*

**ഡിസംബർ 18**

ഒന്നാം വായന : സെഫാനിയ 3 : 9–20

*ഇസ്രായേലിന്റെ രാജാവായ കർത്താവ് നിങ്ങളുടെ മദ്ധ്യേ ഉണ്ട്.*

സങ്കീർത്തനം : 85 : 11–13

പ്രതിവചനം : കർത്താവിനെ ഭയപ്പെടുന്നവർക്ക് രക്ഷ സമീപസ്ഥമാണ്.

രണ്ടാം വായന : 1 കൊറിന്തോസ് 1 : 1–9

*യേശുക്രിസ്തുവിന്റെ വെളിപാട് നമ്മൾ കാത്തിരിക്കുന്നു.*

**ഡിസംബർ 19**

ഒന്നാം വായന : ഏശയ്യാ 63 : 7–19

*ദൂതനെ അയച്ചല്ല, കർത്താവുതന്നെയാണ് അവരെ രക്ഷിച്ചത്.*

സങ്കീർത്തനം : 124 : 1–8

പ്രതിവചനം : കർത്താവിന്റെ നാമത്തിലാണ് നമ്മുടെ ആശ്രയം

രണ്ടാം വായന : മത്തായി 11 : 25–30

*ബുദ്ധിമാന്മാരിൽനിന്നു മറച്ചുവച്ച്, ശിശുക്കൾക്ക് വെളിപ്പെടുത്തി.*

**ഡിസംബർ 20**

ഒന്നാം വായന : ഏശയ്യാ 64 : 1–12

*കർത്താവേ, ആകാശം പിളർന്ന് ഇറങ്ങിവരണമേ*

സങ്കീർത്തനം : 126 : 1–6

പ്രതിവചനം : കർത്താവ് നമുക്കുവേണ്ടി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു.

രണ്ടാം വായന : ഫിലിപ്പിയർ 4 : 4-9

*കർത്താവ് അടുത്തെത്തിയിരിക്കുന്നു.*

**ഡിസംബർ 21**

ഒന്നാം വായന : സഖറിയ 10 : 1-12

*യൂദാഭവനത്തിൽനിന്ന് മൂലക്കല്ലും കൂടാരക്കുറ്റിയും പുറപ്പെടും.*

സങ്കീർത്തനം : 27 : 1-14

പ്രതിവചനം : കർത്താവിനുവേണ്ടി കാത്തിരിക്കുവിൻ

രണ്ടാം വായന : ഹെബ്രായർ 10 : 15-10

*ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഞാൻ ഇതാ വരുന്നു.*

**ഡിസംബർ 22**

ഒന്നാം വായന : ബാറൂക്ക് 4 : 21-29

*നിങ്ങളുടെ രക്ഷകനിൽനിന്ന് നിങ്ങൾക്ക് ഉടൻ കാരുണ്യം ലഭിക്കും.*

സങ്കീർത്തനം : 33 : 1-22

പ്രതിവചനം : നാം കർത്താവിനുവേണ്ടി കാത്തിരിക്കുന്നു; അവിടുന്നാണ് നമ്മുടെ സഹായവും പരിചയും.

രണ്ടാം വായന : ലൂക്കാ 21 : 25-36

*നിങ്ങളുടെ രക്ഷ സമീപിച്ചിരിക്കുന്നു.*

**ഡിസംബർ 23**

ഒന്നാം വായന : ബാറൂക്ക് 4 : 30-37

*കിഴക്കോട്ടു നോക്കുക, ദൈവത്തിൽനിന്നു ലഭിക്കുന്ന ആനന്ദം കണ്ടാലും!*

സങ്കീർത്തനം : 103 : 1-22

പ്രതിവചനം : എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക; അവിടുത്തെ വിശുദ്ധനാമത്തെ പുകഴ്ത്തുക.

രണ്ടാം വായന : ലൂക്കാ 1 : 67-79

*ഉയരത്തിൽനിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കും.*

### ഡിസംബർ 24

ഒന്നാം വായന : ഏശയ്യാ 52 : 1-12

*ഭൂമിയുടെ എല്ലാ അതിർത്തികളും ദൈവത്തിൽനിന്നുള്ള രക്ഷ കാണും.*

സങ്കീർത്തനം : 98 : 1-9

പ്രതിവചനം : ഭൂമി മുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ

രണ്ടാം വായന : യോഹന്നാൻ 4 : 7-21

*ദൈവത്തിന്റെ സ്നേഹം നമ്മുടെ ഇടയിൽ വെളിപ്പെട്ടിരിക്കുന്നു.*

### ഡിസംബർ 25

# പിറവിത്തിരുനാൾ

(ജനുവരി 5 വരെ ഈ പ്രാർത്ഥന ചൊല്ലുന്നു)

ഏതെങ്കിലും ഒരു ക്രിസ്മസ് ഗാനത്തോടെ പ്രാർത്ഥന ആരംഭിക്കുന്നു.

കാർമ്മി : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂഹം : ആമ്മേൻ

കാർമ്മി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം : ആമ്മേൻ

കാർമ്മി : ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം.

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ................

എല്ലാവരുംകൂടി ചൊല്ലുന്നു.

ആമുഖ പ്രാർത്ഥന -

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. അങ്ങിൽ വിശ്വസിക്കുന്നവരിൽ ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കാൻവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ഞങ്ങളെ അത്രയേറെ സ്നേഹിച്ച ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അവിടുത്തെ വത്സലസുതന്റെ മനുഷ്യാവതാരത്തിന്റെ ഓർമ്മയാചരിച്ച് പ്രാർത്ഥിക്കുന്നതിനുവേണ്ടി ഒരുമിച്ചുകൂടിയിരിക്കുന്ന ഈ കുടുംബത്തിൽ അവിടുന്നു സംപ്രീ

തനാകണമേ. ലോകത്തിനുമുഴുവൻ അങ്ങു നല്കുന്ന സന്തോഷത്തിന്റെ സദ്‌വാർത്ത ഗ്രഹിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെ ഒരുക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : ജീവനേകും ദൈവവചനം

ഒന്നാം വായന : ഏശയ്യാ 9 : 1–9

*നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു... സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും.*

സങ്കീർത്തനം : 96 : 1–11

പ്രതിവചനം : നമുക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു.

ഗാനം : സുവിശേഷ വെളിച്ചത്താൽ.............

രണ്ടാം വായന : ലൂക്കാ 2 : 1–20

*നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ യേശുക്രിസ്തു ജനിച്ചിരിക്കുന്നു.*

സമൂഹപ്രാർത്ഥന:

കാർമ്മി : ദൈവപുത്രന്റെ മനുഷ്യാവതാരത്തിലുള്ള സന്തോഷത്തോടെ, നമുക്കെല്ലാവർക്കും ഒരുമിച്ച് ദൈവത്തെ സ്തുതിക്കാം.

സമൂഹം : സ്തോത്രം പാടിടാം, സ്തോത്രം പാടിടാം
നല്ലവനാം ദൈവത്തിന് സ്തോത്രം പാടിടാം.

അല്ലെങ്കിൽ

ദൈവമേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

കാർമ്മി : അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും കഴിയുന്ന ലോകത്തിന് നിത്യജീവന്റെ പ്രകാശമായി അവിടുത്തെ തിരുക്കുമാരനെ അയച്ചതിന്.

സമൂഹം : സ്തോത്രം ...........................

കാർമ്മി : ഞങ്ങളുടെ ബലഹീനതകൾ ഏറ്റെടുക്കുകയും ദാരിദ്ര്യത്തിൽ പങ്കുചേരുകയും ചെയ്തുകൊണ്ട് യേശുനാഥൻ കാലിത്തൊഴുത്തിൽ പിറന്നതിനെ ഓർത്ത്.

സമൂഹം : സ്തോത്രം ...........................

കാർമ്മി : ശാശ്വതമായ ശാന്തിയും സമാധാനവും നല്കുന്നതിനു വേണ്ടി ദൈവകുമാരൻ ഈ ലോകത്തിലേക്കു വന്നതിനെ ഓർത്ത്.

സമൂഹം : സ്തോത്രം ...........................

കാർമ്മി : പാവപ്പെട്ട ആട്ടിടയൻമാർക്കും സത്യാന്വേഷികളായ ജ്ഞാനികൾക്കും സ്വയം വെളിപ്പെടുത്തിയ ദൈവപുത്രൻ രക്ഷകനായി ഇന്നു നമുക്കും സ്വയം വെളിപ്പെടുത്തുന്നതിനെ ഓർത്ത്.

സമൂഹം : സ്തോത്രം ...........................

കാർമ്മി : പാപത്തിൽനിന്നും മരണത്തിൽനിന്നും ഞങ്ങളെ മോചിപ്പിക്കാനായി മനുഷ്യാവതാരം ചെയ്ത യേശുനാഥാ, പാപമാർഗ്ഗങ്ങളും പാപ സാഹചര്യങ്ങളും വിട്ടകന്ന് പൂർണ്ണഹൃദയത്തോടെ അങ്ങയെ അനുഗമിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : സത്രത്തിൽ സ്ഥലം ലഭിക്കാതെ കാലിത്തൊഴുത്തിൽ പിറക്കാൻ തിരുമനസ്സായ യേശുനാഥാ വീടില്ലാതെയും, ജീവസന്ധാരണത്തിന് ആവശ്യമായവ കിട്ടാതെയും ദാരിദ്ര്യത്തിൽ കഴിയുന്നവരെ കരുണയോടെ കടാക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ...........................

കാർമ്മി : സർവ്വശക്തനായിരുന്നിട്ടും ബലഹീനനായ ശിശുവായി ജനിക്കാൻ തിരുവുള്ളമായ യേശുവേ, ശിശുക്കളെ പരിപാലിക്കണമെന്നും അഹങ്കാരം വെടിഞ്ഞ് ശിശുക്കളെപ്പോലെയാകുവാൻ ഞങ്ങളെ സഹായിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ...........................

(ഉചിതമായ മറ്റു യാചനകൾ കൂട്ടിച്ചേർക്കാവുന്നതാണ്)

സമാപനപ്രാർത്ഥന :

കാർമ്മി : നമുക്ക് പ്രാർത്ഥിക്കാം. കരുണയുള്ള പിതാവും പ്രകാശത്തിന്റെ ഉറവിടവുമായ ദൈവമേ, ലോകത്തിന്റെ പ്രകാശമായി അവിടുത്തെ തിരുക്കുമാരനെ അയച്ച അങ്ങേ അനന്തമായ സ്നേഹത്തെ ഞങ്ങൾ പുകഴ്ത്തുന്നു. ദരിദ്രരോടുള്ള സ്നേഹത്തെപ്രതി കാലിത്തൊഴുത്തിൽ പിറക്കാൻ തിരുമനസ്സായ യേശുനാഥൻ ഞങ്ങളുടെ ഹൃദയങ്ങളിലും കുടുംബത്തിലും വന്നുപിറന്ന് ഞങ്ങൾക്ക് ശാശ്വതമായ ശാന്തിയും സന്തോഷവും പ്രദാനം ചെയ്യാൻ ഇടയാക്കണമേ. പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുല്ത്തൊട്ടിയിൽ കിടന്ന ശിശുവിൽ ആട്ടിടയൻമാർ രക്ഷകനെ കണ്ടെത്തിയതുപോലെ, പ്രതീക്ഷിക്കാത്ത വിധത്തിൽ ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന യേശുവിനെ ഞങ്ങളും തിരിച്ചറിയത്തക്കവിധം ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : ഒരു ക്രിസ്മസ് ഗാനം അല്ലെങ്കിൽ ദൈവത്തിനു സ്തോത്രം.......

## ഡിസംബർ 26

ആമുഖ പ്രാർത്ഥന : ഡിസംബർ 25 ന്റേത്

ഒന്നാം വായന : ഏശയ്യാ 60 : 1-7

*ജനതകൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും.*

സങ്കീർത്തനം : 146 : 1-10

പ്രതിവചനം : എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക.

രണ്ടാം വായന : മത്തായി 2 : 1-12

*ലോകരക്ഷകനെത്തേടി കിഴക്കുനിന്നുള്ള ജ്ഞാനികൾ ജറുസലെമിലെത്തി.*

*സമൂഹപ്രാർത്ഥന: ഡിസംബർ 25ന്റേത്.*

## ഡിസംബർ 28

ഒന്നാം വായന : പുറപ്പാട് 1 : 15-2, 10

*ഫറവോ ഇസ്രായേൽക്കാരുടെ ആൺകുഞ്ഞുങ്ങളെയെല്ലാം വധിച്ചപ്പോൾ മോശ അത്ഭുതകരമായി രക്ഷിക്കപ്പെട്ടു.*

സങ്കീർത്തനം : 147 : 1–20

പ്രതിവചനം : നന്ദി നിറഞ്ഞ ഹൃദയത്തോടെ
കർത്താവിനെ സ്തുതിക്കുവിൻ

രണ്ടാം വായന : മത്തായി 2 : 13–18

*ഹേറോദേസ് ബേത്‌ലഹെമിലെ എല്ലാ ആൺകുട്ടികളെയും ആളയച്ചു വധിച്ചു.*

**ഡിസംബർ 29**

ഒന്നാം വായന : ഹെബ്രായർ 1 : 1–14

*ദൈവം തന്റെ പുത്രൻവഴി നമ്മോടു സംസാരിച്ചിരിക്കുന്നു.*

സങ്കീർത്തനം : 40 : 1–8

പ്രതിവചനം : എന്റെ ദൈവമേ, അങ്ങയുടെ ഹിതം നിറവേറ്റാൻ ഇതാ ഞാൻ വരുന്നു.

രണ്ടാം വായന : യോഹന്നാൻ 1 : 1–18

*വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു.*

**ഡിസംബർ 30**

ഒന്നാം വായന : ഹോസിയാ 11 : 1–12

*ഈജിപ്തിൽനിന്ന് ഞാൻ എന്റെ മകനെ വിളിച്ചു.*

സങ്കീർത്തനം : 148 : 1–16

പ്രതിവചനം : സകലസൃഷ്ടിജാലങ്ങളും
കർത്താവിനെ സ്തുതിക്കട്ടെ.

രണ്ടാം വായന : മത്തായി 2 : 19–28

*ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രായേൽദേശത്തേക്കു മടങ്ങുക*

**ഡിസംബർ 31**

# വർഷാവസാനം

ഗാനം : വെളിച്ചം പകരണമേ...............

കാർമ്മി : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....................
(എല്ലാരും കൂടി ചൊല്ലുന്നു)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. സ്നേഹസമ്പന്നനും കരുണാവാരിധിയുമായ ദൈവമേ. അങ്ങയുടെ അനന്തമായ പൈതൃക പരിപാലനയെപ്രതി ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. കഴിഞ്ഞുപോകുന്ന ഈ വർഷം അങ്ങു ഞങ്ങൾക്കു നല്കിയ നിരവധിയായ അനുഗ്രഹങ്ങൾക്കു നന്ദിപറയാനും ഞങ്ങൾ ചെയ്തുപോയ പാപങ്ങൾക്കു മാപ്പിരക്കാനുമായി അങ്ങയുടെ മുമ്പിൽ ഒരു മിച്ചുകൂടിയിരിക്കുന്ന ഈ കുടുംബത്തെ അവിടുന്നു കരുണയോടെ കടാക്ഷിക്കണമേ. അങ്ങയുടെ വചനം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനുമായി ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമേ. അങ്ങു ഞങ്ങളെ കാണുന്നതുപോലെ ഞങ്ങൾ ഞങ്ങളെത്തന്നെ കാണുന്നതിനായി ഞങ്ങളുടെ ഉൾക്കണ്ണുകൾ തുറന്നുതരണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന : 1 രാജാക്കന്മാർ 8 : 54-61

*തന്റെ വാഗ്ദാനമനുസരിച്ച് സ്വജനമായ ഇസ്രായേലിന് ശാന്തി നൽകിയ കർത്താവ് വാഴ്ത്തപ്പെടട്ടെ*

സങ്കീർത്തനം : 103 : 1-22

പ്രതിവചനം : എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക. അവിടുന്ന് നല്കിയ അനുഗ്രഹമൊന്നും മറക്കരുത്.

രണ്ടാം വായന : ലൂക്കാ 17 : 11-19

*അവൻ യേശുവിന്റെ കാല്ക്കൽ സാഷ്ടാംഗം വീണു നന്ദി പറഞ്ഞു.*
(വായിച്ചുകേട്ട ദൈവവചനത്തെക്കുറിച്ചും കഴിഞ്ഞ ഒരു വർഷം ദൈവം നല്കിയ അനുഗ്രഹങ്ങളെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കുന്നു)

സമൂഹപ്രാർത്ഥന:

കാർമ്മി : നമുക്കു ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങളെ ഓർത്ത് സന്തോഷത്തോടെ കർത്താവിനു നന്ദി പറയാം.

സമൂഹം : നന്ദിയേകിടാം നന്ദിയേകിടാം
നല്ലവനാം ദൈവത്തിനു നന്ദിയേകിടാം

അല്ലെങ്കിൽ

ദൈവമേ, അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു.

കാർമ്മി : ഇല്ലായ്മയിൽനിന്നു ഞങ്ങളെ സൃഷ്ടിക്കുകയും പാപത്തിൽനിന്നു ഞങ്ങളെ രക്ഷിക്കുകയും ചെയ്ത കാരുണ്യവാനായ ദൈവമേ അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

സമൂഹം : നന്ദിയേകിടാം........................

കാർമ്മി : അപകടങ്ങളിൽനിന്നു ഞങ്ങളെ കാത്തുരക്ഷിക്കുകയും വർഷാവസാനം അങ്ങയുടെ സന്നിധിയിൽ ഒരുമിച്ചു കൂടാൻ ഞങ്ങളെ അനുവദിക്കുകയും ചെയ്തതിന്.

സമൂഹം : നന്ദിയേകിടാം........................

കാർമ്മി : ക്ലേശങ്ങളിലും പ്രയാസങ്ങളിലും പരസ്പരം സഹായിച്ചും ആശ്വസിപ്പിച്ചും കൊണ്ട് ഒരുമിച്ചു നില്ക്കുന്നതിന് ഈ കുടുംബാംഗങ്ങളെ ശക്തിപ്പെടുത്തിയതിന്.

സമൂഹം : നന്ദിയേകിടാം........................

കാർമ്മി : ഞങ്ങളുടെ ആവശ്യനേരത്തു ഞങ്ങളെ സഹായിക്കാൻ നല്ല അയല്ക്കാരെയും സ്നേഹിതരെയും നൽകിയതിന്.

സമൂഹം : നന്ദിയേകിടാം........................

കാർമ്മി : ഞങ്ങളുടെ ശരീരത്തിനും ആത്മാവിനും ആവശ്യമായ ആഹാരവും അങ്ങേല്പിച്ച ജോലികൾ നിർവ്വഹിക്കുന്നതിനുവേണ്ട ആരോഗ്യവും നൽകിയതിനെ ഓർത്ത്.

സമൂഹം : നന്ദിയേകിടാം........................

കാർമ്മി : കണ്ണുകണ്ടിട്ടില്ലാത്തതും കാതുകേട്ടിട്ടില്ലാത്തതും ഹൃദയം ആസ്വദിച്ചിട്ടില്ലാത്തതുമായ സ്വർഗ്ഗഭാഗ്യം ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്നതിനെ ഓർത്ത്.

സമൂഹം : നന്ദിയേകിടാം........................

(വ്യക്തികൾക്കും കുടുംബത്തിനു പൊതുവായും ലഭിച്ച അനുഗ്രഹങ്ങൾ ഓരോരുത്തരും ഏറ്റുപറയുന്നത് ഉചിതമാണ്)

കാർമ്മി : പശ്ചാത്തപിക്കുന്ന പാപികളെ കാരുണ്യപൂർവ്വം സ്വീകരിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, ഞങ്ങൾ ചെയ്തുപോയ പാപങ്ങളെ ഓർത്ത് ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ ഞങ്ങൾ പശ്ചാത്തപിക്കുന്നു.

കാർമ്മി : അങ്ങയുടെ സ്നേഹത്തെ അവഗണിച്ചും അങ്ങയെക്കുറിച്ചു ചിന്തിക്കാതെയും സ്വന്തം ഇഷ്ടം അനുസരിച്ചു ജീവിച്ചതിനെ ഓർത്ത്.

സമൂഹം : കർത്താവേ.........................

കാർമ്മി : അവശതയനുഭവിക്കുന്ന സഹോദരങ്ങളിൽ അങ്ങയെ കാണാതെ കടന്നുപോയ നിമിഷങ്ങളെ ഓർത്ത്.

സമൂഹം : കർത്താവേ.........................

കാർമ്മി : ദുർവ്വാശിയും സ്വാർത്ഥതയും അഹങ്കാരവും മൂലം പരസ്പരം വേദനിപ്പിച്ചതിനെ ഓർത്ത്.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങളുടെ അയല്ക്കാരോടും ബന്ധുക്കളോടും കരുണയില്ലാതെ പെരുമാറിയതിനെ ഓർത്ത്.

സമൂഹം : കർത്താവേ.........................

(ഓരോരുത്തരും ചെയ്തുപോയ തെറ്റുകളും കുറ്റങ്ങളും ഏറ്റുപറഞ്ഞ് മാപ്പ് ചോദിക്കുന്നതും അഭികാമ്യമാണ്)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. കാരുണ്യവാനായ ദൈവമേ, ദയാനിധിയായ പിതാവേ, അവിടുത്തെ അനന്തമായ സ്നേഹത്തെ ഞങ്ങൾ വാഴ്ത്തുന്നു. അപകടം നിറഞ്ഞ വഴികളിലൂടെ കടന്നുപോന്ന ഞങ്ങൾ പാപത്തിന്റെ ജ്വാലയാൽ ദഹിക്കാതെയും നിരാശയുടെ ചുഴികളിൽ മുങ്ങാതെയും ഞങ്ങളെ കൈപിടിച്ചു നടത്തിയ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളുടെ ആവശ്യങ്ങളെല്ലാം ഞങ്ങൾ സഹായിച്ച അങ്ങേയ്ക്ക് ഞങ്ങൾ നന്ദി പറയുന്നു. പാപികളുടെ നാശം ആഗ്രഹിക്കാതെ അവരുടെ മാനസാന്തരത്തിനായി കാത്തിരിക്കുന്ന ദൈവമേ, വിചാരത്താലും വാക്കാലും പ്രവൃത്തിയാലും, ഞങ്ങൾ അറിഞ്ഞും അറിയാതെയും അങ്ങയെയും ഞങ്ങളുടെ സഹോദരങ്ങളെയും വേദനിപ്പിച്ചതിനെ ഓർത്ത്

ഞങ്ങൾ പശ്ചാത്തപിക്കുന്നു. ഞങ്ങളുടെ പാപങ്ങൾ പൊറുത്ത്, അങ്ങേ തൃക്കരം നീട്ടി, അങ്ങേ മക്കളായ ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ.

ഗാനം : ദൈവത്തിനു സ്തോത്രം പാടിടുവിൻ............

**ജനുവരി 1**

## വർഷാരംഭം

ഗാനം : പരിശുദ്ധാത്മാവേ ശക്തിപകർന്നിടണേ..............

കാർമ്മി : പിതാവിന്റെയും പുത്രന്റെയും ................

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....................

(എല്ലാരും കൂടി ചൊല്ലുന്നു)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. പരമകാരുണികനായ ദൈവമേ, പ്രപഞ്ചം മുഴുവൻ നിറഞ്ഞു നില്ക്കുന്ന അങ്ങയുടെ അവാച്യമായ മഹത്വത്തെ സർവ്വജീവജാലങ്ങളോടും ഒത്തുചേർന്ന് ഞങ്ങൾ സ്തുതിക്കുന്നു. അങ്ങ് കനിവോടെ ഞങ്ങൾക്കു നൽകിയിരിക്കുന്ന ഈ പുതുവൽസരത്തിൽ അങ്ങയെ ആരാധിക്കുന്നതിനും അവിടുത്തെ അനുഗ്രഹങ്ങൾ യാചിക്കുന്നതിനുമായി ഒരുമിച്ചു കൂടിയിരിക്കുന്ന ഈ കുടുംബത്തെ കരുണയോടെ തൃക്കൺപാർക്കണമേ. അങ്ങേ തിരുവചനത്തിൽനിന്നു ശക്തിയാർജ്ജിച്ച് ജീവന്റെ പാതയിലൂടെ ഈ വർഷം മുഴുവൻ ചരിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : ജീവനേകും ദൈവവചനം..........

ഒന്നാം വായന : ഏശയ്യാ 43 : 1-7

*ഭയപ്പെടേണ്ട, ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു; നീ എന്റേതാണ്*

സങ്കീർത്തനം : 91 : 1-16

പ്രതിവചനം : കർത്താവ് എന്റെ സങ്കേതവും കോട്ടയുമാകുന്നു.

ഗാനം : സുവിശേഷ വെളിച്ചത്താൽ.....................

രണ്ടാം വായന : ലൂക്കാ 12 : 22-34

*ചെറിയ അജഗണമേ ഭയപ്പെടേണ്ടാ നിങ്ങൾക്ക് രാജ്യം നൽകാൻ നിങ്ങളുടെ പിതാവ് പ്രസാദിച്ചിരിക്കുന്നു.*

(വായിച്ചുകേട്ട ദൈവവചനത്തെക്കുറിച്ച് അല്പനേരം മൗനമായി ധ്യാനിക്കുന്നു.)

സമൂഹപ്രാർത്ഥന:

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : അങ്ങു ഞങ്ങൾക്കു കനിഞ്ഞു നൽകിയിരിക്കുന്ന ഈ വർഷത്തിന്റെ ഓരോ ദിവസവും അങ്ങയുടെ വചനം ശ്രവിക്കാനും അതനുസരിച്ച് ജീവിക്കാനും ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ആത്മീയവും ശാരീരികവുമായ എല്ലാ ആപത്തുകളിലും നിന്ന് ഞങ്ങളെ കാത്തു പാലിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങൾക്കുണ്ടാകുന്ന ക്ലേശങ്ങളിൽ നിരാശരാകാതെയും ഐശ്വര്യത്തിൽ അഹങ്കരിക്കാതെയും എല്ലായ്പ്പോഴും അങ്ങിൽ ആശ്രയിച്ചുജീവിക്കാൻ ഞങ്ങളെ പഠിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : പരസ്പരം ക്ഷമിച്ചും സഹായിച്ചും സന്തോഷത്തിലും സമാധാനത്തിലും വളരുവാൻ ഈ കുടുംബാംഗങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ത്യാഗം സഹിച്ചും സത്യത്തിനും നീതിക്കുംവേണ്ടി എപ്പോഴും നിലകൊള്ളാൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അവശതയനുഭവിക്കുന്ന സഹോദരങ്ങളോടു കരുണ തോന്നാനും ഞങ്ങൾക്കുള്ളത് അവരുമായി പങ്കുവയ്ക്കാനും ഞങ്ങളെ സന്നദ്ധരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങളുടെ മാതൃരാജ്യത്തെ ജാതീയചിന്തയിൽനിന്നും വർഗ്ഗവിദ്വേഷത്തിൽനിന്നും മോചിപ്പിച്ച് അങ്ങയുടെ പ്രകാശത്തിലേക്കു നയിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : നീതിയുടെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും മാർഗ്ഗത്തിലൂടെ ലോകജനതകളെ നയിക്കാൻ രാഷ്ട്രത്തലവന്മാരെ അങ്ങയുടെ ചൈതന്യത്താൽ ഉത്തേജിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ക്രിസ്തീയസഭകൾ തമ്മിൽ ഐക്യവും കൂട്ടായ്മയും വളർത്തി അങ്ങയുടെ പ്രകാശം ലോകജനതകൾക്കു മുമ്പിൽ പ്രസരിപ്പിക്കുവാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അങ്ങയുടെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ നയിക്കാനായി നിയുക്തരായിരിക്കുന്ന അജപാലകന്മാരെ ആധ്യാത്മിക ചൈതന്യത്താൽ നിറയ്ക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ദ്രവ്യാഗ്രഹം, മദ്യപാനാസക്തി, അസൂയ, അധികാരമോഹം മുതലായവയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : നമുക്ക് പ്രാർത്ഥിക്കാം. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവമേ, അങ്ങയുടെ കാരുണ്യത്താൽ ഞങ്ങൾ ആരംഭിച്ചിരിക്കുന്ന ഈ പുതുവത്സരത്തിൽ അങ്ങയുടെ കൃപാകടാക്ഷം ഞങ്ങളുടെമേൽ ഉണ്ടായിരിക്കട്ടെ. നൈമിഷികസുഖങ്ങളുടെ പ്രലോഭനത്തിൽപ്പെട്ട് നിത്യജീവൻ നഷ്ടമാക്കാൻ ഞങ്ങൾക്കിടയാകാതിരിക്കട്ടെ. അങ്ങ് ഞങ്ങൾക്ക് നൽകുന്ന സന്തോഷങ്ങളും ദുഃഖങ്ങളും സമചിത്തത കൈവെടിയാതെ നന്ദിയോടെ സ്വീകരിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. ത്രിയേക ദൈവമായ അങ്ങിൽ വിശ്വാസമർപ്പിച്ച്, നിത്യജീവനിലുള്ള പ്രത്യാശയോടെ, സഹോദരസ്നേഹത്തിൽ വളരാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അങ്ങയുടെ വഴിയിലൂടെ നടന്ന് ഞങ്ങളെല്ലാവരും ഒരിക്കൽ സ്വർഗ്ഗീയ ഭവനത്തിൽ എത്തിച്ചേർന്ന് അങ്ങേയ്ക്ക് അനവരതം സ്തുതിപാടാൻ ഇടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : ദൈവത്തിനു സ്തോത്രം പാടിടുവിൻ..........

**ജനുവരി 2**

(പ്രാർത്ഥനകൾ പിറവിത്തിരുനാളിന്റേത്. പേജ് 29)

ഒന്നാം വായന : ഏശയ്യാ 49 : 1-7

*എന്റെ രക്ഷ ലോകാതിർത്തിവരെ എത്തിക്കുന്നതിനു ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നല്കും.*

സങ്കീർത്തനം : 84 : 1-12

പ്രതിവചനം : സൈന്യങ്ങളുടെ കർത്താവേ,
അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം!

രണ്ടാം വായന : ലൂക്കാ 2 : 25-35

*സർവ്വജനതകൾക്കുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടു കഴിഞ്ഞു.*

**ജനുവരി 3**

ഒന്നാം വായന : ഏശയ്യാ 54 : 1–17

*അനന്തമായ സ്നേഹത്തോടെ നിന്നോടു ഞാൻ കരുണ കാണിക്കും.*

സങ്കീർത്തനം : 85 : 1–13

പ്രതിവചനം : കർത്താവിനെ ഭയപ്പെടുന്നവർക്ക് രക്ഷ സമീപസ്ഥമാണ്

രണ്ടാം വായന : ലൂക്കാ 2 : 36–40

*രക്ഷപ്രതീക്ഷിച്ചിരുന്ന എല്ലാവരോടും അവൾ ശിശുവിനെക്കുറിച്ചു സംസാരിച്ചു.*

**ജനുവരി 4**

ഒന്നാം വായന : നിയമാവർത്തനം 16 : 1–8

*ആണ്ടുതോറും ജറുസലെമിൽചെന്ന് പെസഹാ ആഘോഷിക്കണം.*

സങ്കീർത്തനം : 122 : 1–9

പ്രതിവചനം : കർത്താവിന്റെ ആലയത്തിലേക്കു നമുക്കുപോകാം എന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു

രണ്ടാം വായന : ലൂക്കാ 2 : 41–52

*ഞാൻ എന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ?*

**ജനുവരി 5**

ഒന്നാം വായന : ഏശയ്യാ 40 : 1–11

*മരുഭൂമിയിൽ കർത്താവിനു വഴിയൊരുക്കുവിൻ*

സങ്കീർത്തനം : 112 : 1–10

പ്രതിവചനം : നീതിയോടെ വ്യാപരിക്കുന്നവന് നന്മ കൈവരും.

രണ്ടാം വായന : ലൂക്കാ 3 : 1–20

*മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ.*

## ദനഹാക്കാലം

"ദനഹാ" എന്ന സുറിയാനിവാക്കിന്റെ അർത്ഥം പ്രത്യക്ഷീകരണം എന്നാണ്. "എപ്പിഫനേയാ" എന്ന ഗ്രീക്കുപദത്തിൽ നിന്നുത്ഭവിച്ച 'എപ്പിഫനി' എന്ന വാക്കിന്റെ അർത്ഥവും ഇതുതന്നെ, യേശു ദൈവപുത്രനായി ജനതകൾക്കു വെളിപ്പെടുത്തപ്പെട്ടതിന്റെ ഓർമ്മ ആചരിക്കുന്ന ദിവസമാണിത്. ഈ തിരുനാളിൽ ജ്ഞാനികളുടെ സന്ദർശനത്തെ പാശ്ചാത്യ സഭയും യേശുവിന്റെ മാമ്മോദീസായെ പൗരസ്ത്യ സഭയും അനുസ്മരിക്കുന്നു.

യേശുനാഥനെ ജനതകൾക്കു പ്രകാശമായി ഏറ്റു പറയുന്നതിനുവേണ്ടി അന്നേദിവസം വാഴപ്പിണ്ടിയിൽ പന്തം കൊളുത്തി പ്രദക്ഷിണം വച്ചുകൊണ്ട് "ഏൽപ്പയ്യ" (ദൈവം പ്രകാശമാകുന്നു) എന്ന് സുറിയാനിയിൽ ആർത്തുവിളിക്കുന്ന ഒരു പതിവ് കേരളത്തിന്റെ ചില ഭാഗങ്ങളിൽ നിലവിലിരുന്നു. അതിൽ നിന്നാണ് "പിണ്ടികുത്തിപ്പെരുന്നാൾ" അഥവാ "പിണ്ടിപ്പെരുന്നാൾ" എന്ന പേരുണ്ടായത്.

ജോർദ്ദാൻ നദിയിൽവച്ച് യേശു മാമ്മോദീസാ സ്വീകരിച്ചതിനെ ഓർമ്മിച്ചുകൊണ്ട് ജനുവരി 5-ാം തീയതി രാത്രിയിൽ അടുത്തുള്ള കുളത്തിലോ നദിയിലോ പോയി കുളിക്കുന്ന പതിവ് ചില പ്രദേശങ്ങളിലുണ്ടായിരുന്നു. അതിൽ നിന്നാണ് ദനഹാപ്പെരുന്നാളിന് "രാക്കുളിപ്പെരുന്നാൾ" എന്ന പേരുകിട്ടിയത്. ഈ രണ്ടു പേരുകളും ആചാരങ്ങളുടെ അവശിഷ്ടങ്ങളും കേരളത്തിൽ പലേടത്തും ഇപ്പോഴും നിലവിലുണ്ട്.

ലോകത്തിന്റെ പ്രകാശവും നാഥനുമായി യേശുവിനെ ഏറ്റുപറയുന്ന ഈ തിരുനാളിന്റെ ചൈതന്യം നിലനിർത്തുന്നതാവണം ദനഹാകാലത്തെ ജീവിതരീതി.

## അനുദിനപ്രാർത്ഥനകൾ

(ജനുവരി 6 മുതൽ വലിയനോമ്പ് ആരംഭിക്കുന്നതുവരെയുള്ള ദിവസങ്ങളിലേക്കുള്ള വായനകളും പ്രാർത്ഥനകളും ആണ് താഴെ കൊടുക്കുന്നത്)

ഗാനം : അനുബന്ധംകാണുക

ആമുഖപ്രാർത്ഥന :

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. സർവ്വശക്തനും നിത്യനുമായ ദൈവമേ, ജോർദ്ദാൻ നദിയിൽവച്ച് മാമ്മോദീസാ സ്വീകരിച്ച യേശുവിന്റെമേൽ അവിടുത്തെ ആത്മാവിനെ അയയ്ക്കുകയും അവിടുത്തെ തിരുക്കുമാരനായി അവനെ വെളിപ്പെടുത്തുകയും ചെയ്ത അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ആത്മാവിനാലും ജലത്താലും വീണ്ടുംജനിച്ച ഞങ്ങളെ ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന വിളിക്കനുയോജ്യമായ വിധം ജീവിക്കാൻ ശക്തിപ്പെടുത്തണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

അല്ലെങ്കിൽ

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. പ്രകാശത്തിന്റെ പിതാവും ജീവന്റെ ഉറവിടവുമായ ദൈവമേ, ജനതകൾക്കു വെളിപാടിന്റെ പ്രകാശമായി അവിടുത്തെ തിരുക്കുമാരനെ ലോകത്തിലേക്കയച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. വഴിയും സത്യവും ജീവനുമായ അവിടുത്തെ വത്സലസുതന്റെ സ്വരം ശ്രവിച്ച് അസത്യത്തിൽ നിന്നു സത്യത്തിലേക്കും അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്കും എത്തിച്ചേരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന - പ്രതിവചന സങ്കീർത്തനം - രണ്ടാംവായന- ദിവസത്തിന്റേതു കാണുക.

സമൂഹ പ്രാർത്ഥന :

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : അങ്ങേപുത്രനായ യേശുക്രിസ്തുവിനെ ഞങ്ങളുടെ രക്ഷകനും ദൈവവുമായി എപ്പോഴും ഏറ്റുപറയാൻ ഞങ്ങളെ

അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : മാമ്മോദീസായിൽ ഞങ്ങൾ ചെയ്ത പ്രതിജ്ഞജീവിതകാലം മുഴുവൻ വിശ്വസ്തതയോടെ പാലിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : രോഗികൾക്കു സൗഖ്യവും പാപികൾക്കു മോചനവും നല്കുന്ന കർത്താവായ യേശുവേ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിച്ച്, ആത്മീയവും ശാരീരികവുമായ സൗഖ്യം ഞങ്ങൾക്കു പ്രദാനം ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : കൊടുങ്കാറ്റിനെ ശാന്തമാക്കി ശിഷ്യന്മാർക്കു സമാധാനം നല്കിയ യേശുനാഥാ, ഞങ്ങളുടെ ഭയവും അസ്വസ്ഥതകളും നീക്കി, അങ്ങേ സമാധാനത്തിൽ ഞങ്ങളെ കാത്തുപാലിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ലോകത്തിന്റെ പ്രകാശമായി അവതരിച്ച യേശുനാഥാ, ഞങ്ങളുടെ അനുദിനജീവിതത്തിൽ അങ്ങേയ്ക്കു സാക്ഷ്യം വഹിക്കുന്നതിനും അങ്ങനെ ഞങ്ങളുമായി ഇടപെടുന്നവരെ അങ്ങയുടെ പ്രകാശത്തിലേക്കു നയിക്കുന്നതിനുംവേണ്ട അനുഗ്രഹം നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : വിശന്നുവലഞ്ഞ ജനക്കൂട്ടത്തിന്മേൽ കരുണതോന്നി, അവർക്കുവേണ്ടി അപ്പം വർദ്ധിപ്പിച്ച യേശുനാഥാ, അന്നന്നുവേണ്ട ആഹാരം ഞങ്ങൾക്ക് എന്നും നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അങ്ങേയ്ക്കു വഴിയൊരുക്കാൻ വന്ന സ്നാപകനെപ്പോലെ സത്യത്തിനും നീതിക്കുംവേണ്ടി എപ്പോഴും നിലകൊള്ളാൻ

വേണ്ട ശക്തി ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : വിധവയുടെ കണ്ണീരുകണ്ട് കരളലിഞ്ഞ യേശുവേ, കരുണയുള്ള ഒരു ഹൃദയം ഞങ്ങൾക്കു പ്രദാനം ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അങ്ങയുടെ സുവിശേഷം ജനതകളോടു പ്രഘോഷിക്കാനായി നാടുംവീടുംവിട്ട് അന്യദേശങ്ങളിൽ വേല ചെയ്യുന്ന മിഷനറിമാരെ പരിപാലിക്കുകയും അനേകംപേരെ മിഷൻവേലയ്ക്കായി അയയ്ക്കുകയും ചെയ്യണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : സത്യത്തിന്റെ പാതയിലൂടെ ഞങ്ങളെ നയിക്കാനായി നിയോഗിക്കപ്പെട്ടിരിക്കുന്ന സഭാധികാരികളെ സമൃദ്ധമായി അനുഗ്രഹിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : "സത്യം നിങ്ങളെ സ്വതന്ത്രരാക്കും" എന്നരുളിച്ചെയ്ത യേശുനാഥാ, സത്യം ഗ്രഹിക്കാനും സത്യം പ്രവർത്തിക്കാനും ഞങ്ങളെ ഒരുക്കമുള്ളവരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

സമാപന പ്രാർത്ഥന :

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. കർത്താവായ ദൈവമേ, ലോകത്തിന്റെ പ്രകാശമായി നിന്റെ തിരുക്കുമാരനെ യാത്രയാക്കിയതിനു ഞങ്ങൾ നന്ദിപറയുന്നു. വിശ്വാസത്തിന്റെ കൂദാശയായ മാമ്മോദീസായുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. നിന്റെ വത്സലസുതനും ഞങ്ങളുടെ രക്ഷകനുമായ മിശിഹായ്ക്കു സജീവസാക്ഷ്യം വഹിച്ചുകൊണ്ട് നിന്റെ ആത്മീയപ്രകാശം

എങ്ങും പ്രസരിപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ.

അല്ലെങ്കിൽ

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. ദാഹിക്കുന്നവർക്കു ജീവജലത്തിന്റെ ഉറവയിൽനിന്ന് കുടിക്കാൻ കൊടുക്കുന്ന ദൈവമേ, അങ്ങേയ്ക്കുവേണ്ടിയുള്ള ദാഹം ഞങ്ങളിൽ ഉണർത്തണമേ. ഈ ലോകവും അതിന്റെ സമ്പത്തും അതു നല്കുന്ന സുഖങ്ങളും കടന്നു പോകുന്നവയാണെന്നും ശാശ്വതമായ സന്തോഷവും സമാധാനവും അങ്ങിൽ മാത്രമാണെന്നും ഓർത്തുകൊണ്ട്, ലൗകിക വസ്തുക്കളോട് ഒട്ടിച്ചേരാതെ, അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കാൻ ഞങ്ങളെ ശക്തരാക്കണമേ. ഞങ്ങളുടെ വാക്കും പ്രവൃത്തിയും അവിടുത്തേക്കു സാക്ഷ്യം വഹിക്കുന്നതായിരിക്കട്ടെ. വത്സലപിതാവായ അങ്ങേ തൃക്കരങ്ങളിൽ ഈ കുടുംബത്തെ മുഴുവൻ ഞങ്ങൾ സമർപ്പിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ.

ഗാനം : എന്നേശുവേ, നീ എത്ര നല്ലവൻ............

**ജനുവരി 6**

ഒന്നാം വായന : ഏശയ്യാ 42 : 1-9

*ഞാൻ നിന്നെ ജനതകൾക്കു പ്രകാശമായി നല്കിയിരിക്കുന്നു.*

സങ്കീർത്തനം : 2 : 1-12

പ്രതിവചനം : കർത്താവിൽ ശരണം വയ്ക്കുന്നവർ ഭാഗ്യവാന്മാർ

രണ്ടാം വായന : മത്തായി 3 : 1-17

*ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു.*

**ജനുവരി 7**

ഒന്നാം വായന : ലേവ്യർ 16 : 1-28

*പാപപരിഹാരബലിക്കുള്ള ആട്ടിൻകുട്ടി*

സങ്കീർത്തനം : 3 : 1–8

പ്രതിവചനം : ഞാൻ ശാന്തമായി കിടന്നുറങ്ങും,
എന്തെന്നാൽ ഞാൻ കർത്താവിന്റെ കരങ്ങളിലാണ്.

രണ്ടാം വായന : യോഹന്നാൻ 1 : 19–34

*ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്.*

### ജനുവരി 8

ഒന്നാം വായന : ഉത്പത്തി 28 : 10–22

*ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്, നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തുരക്ഷിക്കും.*

സങ്കീർത്തനം : 4 : 1–8

പ്രതിവചനം : ഞാൻ പ്രശാന്തമായി ഉറങ്ങും.
എന്തെന്നാൽ കർത്താവാണ് എന്റെ രക്ഷകൻ

രണ്ടാം വായന : യോഹന്നാൻ 1 : 35–51

*"വന്നുകാണുക"*

### ജനുവരി 9

ഒന്നാം വായന : ഉത്പത്തി 1 : 1–31

*ദൈവം തന്റെ സൃഷ്ടിയിലൂടെ സ്വയം വെളിപ്പെടുത്തുന്നു.*

സങ്കീർത്തനം : 19 : 1–14

പ്രതിവചനം : ആകാശം ദൈവമഹത്വം പ്രഘോഷിക്കുന്നു.

രണ്ടാം വായന : യോഹന്നാൻ 2 : 1–12

*യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാള ങ്ങളുടെ ആരംഭം.*

### ജനുവരി 10

ഒന്നാം വായന : പുറപ്പാട് 3 : 1–22

*നീ എന്റെ ജനമായ ഇസ്രായേൽമക്കളെ ഈജിപ്തിൽനിന്നു പുറത്തുകൊ ണ്ടുവരണം.*

സങ്കീർത്തനം : 5 : 1–12

പ്രതിവചനം : കർത്താവേ, എന്റെ പ്രാർത്ഥന

ചൊവിക്കൊള്ളണമേ.

രണ്ടാം വായന : മർക്കോസ് 1 : 21–39

*അധികാരമുള്ളവനെപ്പോലെ അവൻ പഠിപ്പിച്ചു.*

**ജനുവരി 11**

ഒന്നാം വായന : പുറപ്പാട് 6 : 1–13

*ഈജിപ്തുകാരുടെ ദാസ്യത്തിൽനിന്നു നിങ്ങളെ മോചിപ്പിച്ച ഞാനാണ് നിങ്ങ ളുടെ ദൈവമായ കർത്താവ്*

സങ്കീർത്തനം : 7 : 1–17

പ്രതിവചനം : എന്റെ ദൈവമായ കർത്താവേ, അങ്ങിൽ ഞാൻ അഭയം തേടുന്നു.

രണ്ടാം വായന : മർക്കോസ് 1 : 40–45

*അവൻ കരുണതോന്നി കൈനീട്ടി അവനെ സ്പർശിച്ചു.*

**ജനുവരി 12**

ഒന്നാം വായന : സംഖ്യ 14 : 11–25

*അങ്ങയുടെ കാരുണ്യാതിരേകത്തിനു യോജിച്ചവിധം ഇവരുടെ അപരാധം പൊറുക്കണമേ*

സങ്കീർത്തനം : 6 : 1–10

പ്രതിവചനം : കർത്താവേ, എന്റെ പാപങ്ങൾ ക്ഷമിക്കണമേ

രണ്ടാം വായന : മർക്കോസ് 2 : 1–12

*മനുഷ്യപുത്രനു ഭൂമിയിൽ പാപം മോചിക്കാൻ അധികാരമുണ്ട്.*

**ജനുവരി 13**

ഒന്നാം വായന : റോമ 6 : 1–14

*നാം ക്രിസ്തുവിനോടുകൂടി മരിച്ചുവെങ്കിൽ അവനോടുകൂടി ജീവിക്കും.*

സങ്കീർത്തനം : 51 : 1–19

പ്രതിവചനം : കർത്താവേ, എന്നെ കഴുകണമേ, ഞാൻ നിർമ്മല നാകും

രണ്ടാം വായന : യോഹന്നാൻ 3 : 1–21

*അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ*

*പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻമാത്രം ദൈവം നമ്മെ അത്രയേറെ സ്നേഹിച്ചു.*

**ജനുവരി 14**

ഒന്നാം വായന : 2 രാജാക്കന്മാർ 5 : 1–14

*ഇസ്രായേലിൽ ഒരു പ്രവാചകൻ ഉണ്ടെന്ന് അവൻ അറിയട്ടെ.*

സങ്കീർത്തനം : 11 : 1–7

പ്രതിവചനം : ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും.

രണ്ടാം വായന : ലൂക്കാ 7 : 1–10

*അങ്ങൊരു വാക്കുച്ചരിച്ചാൽ മാത്രം മതി, എന്റെ ഭൃത്യൻ സുഖപ്പെട്ടു കൊള്ളും.*

**ജനുവരി 15**

ഒന്നാം വായന : 1 രാജാക്കന്മാർ 17 : 8–24

*അങ്ങയുടെ വാക്ക് സത്യമായും ദൈവവചനമാണ്.*

സങ്കീർത്തനം : 13 : 1–6

പ്രതിവചനം : കർത്താവേ, അവിടുത്തെ കരുണയിൽ ഞങ്ങൾ ആശ്രയിക്കുന്നു.

രണ്ടാം വായന : ലൂക്കാ 7 : 11–17

*ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ ഉദയം ചെയ്തിരിക്കുന്നു; ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു.*

**ജനുവരി 16**

ഒന്നാം വായന : എസെക്കിയേൽ 47 : 1–12

*ദൈവാലയത്തിൽ നിന്നൊഴുകിയ ജലം എത്തിയിടത്തെല്ലാം ജീവൻ സമൃദ്ധമായുണ്ടായി.*

സങ്കീർത്തനം : 15 : 1–5

പ്രതിവചനം : കർത്താവേ, അങ്ങയുടെ ഭവനത്തിൽ ഞങ്ങളെ സ്വീകരിക്കണമേ

രണ്ടാം വായന : യോഹന്നാൻ 5 : 1–18

*സുഖംപ്രാപിക്കാൻ നിനക്ക് ആഗ്രഹമുണ്ടോ?*

## ജനുവരി 17

ഒന്നാം വായന : പുറപ്പാട് 14 : 5-31

*നിങ്ങൾക്കുവേണ്ടി കർത്താവു ചെയ്യുന്ന വലിയകാര്യം നിങ്ങൾ കാണും.*

സങ്കീർത്തനം : 18 : 1-19

പ്രതിവചനം : കർത്താവ് എന്റെ നിലവിളികേട്ട് എന്നെ രക്ഷിച്ചു.

രണ്ടാം വായന : മർക്കോസ് 4 : 35-41

*ഇവൻ ആരാണ്? കാറ്റും കടലുംപോലും ഇവനെ അനുസരിക്കുന്നല്ലോ.*

## ജനുവരി 18

ഒന്നാം വായന : നിയമാവർത്തനം 4 : 1-14

*നിങ്ങളുടെ കണ്ണുകൾ കണ്ട കാര്യങ്ങൾ മറക്കാതിരിക്കാൻ ശ്രദ്ധിക്കുവിൻ.*

സങ്കീർത്തനം : 17 : 1-15

പ്രതിവചനം : അങ്ങയുടെ ചിറകിൻകീഴിൽ എന്നെ മറച്ചുകൊള്ളണമേ.

രണ്ടാം വായന : മർക്കോസ് 5 : 1-20

*കർത്താവ് നിന്നോട് എങ്ങനെ കരുണ കാണിച്ചുവെന്ന് എല്ലാവരേയും അറിയിക്കുക.*

## ജനുവരി 19

ഒന്നാം വായന : 2 രാജാക്കന്മാർ 4 : 8-37

*നിന്റെ പുത്രനെ എടുത്തുകൊള്ളുക.*

സങ്കീർത്തനം : 21 : 1-13

പ്രതിവചനം : അങ്ങയുടെ സഹായത്തിൽ ഞങ്ങൾ ആഹ്ളാദിക്കുന്നു.

രണ്ടാം വായന : മത്തായി 9 : 18-26

*മകളേ, ധൈര്യമായിരിക്കുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു.*

## ജനുവരി 20

ഒന്നാം വായന : ഏശയ്യാ 29 : 17-24

*ദരിദ്രർ ഇസ്രായേലിന്റെ പരിശുദ്ധനിൽ ആഹ്ളാദിക്കും.*

സങ്കീർത്തനം : 27 : 1-14

പ്രതിവചനം : കർത്താവേ, അങ്ങയുടെ വഴി
എനിക്കു കാണിച്ചു തരണമേ.

രണ്ടാം വായന : മത്തായി 9 : 27-34

*എനിക്കിതു ചെയ്യാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?*

**ജനുവരി 21**

ഒന്നാം വായന : ഫിലിപ്പിയർ 1 : 12-26

*എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്.*

സങ്കീർത്തനം : 28 : 1-9

പ്രതിവചനം : കർത്താവ് എന്റെ ശക്തിയും പരിചയുമാണ്.

രണ്ടാം വായന : യോഹന്നാൻ 3 : 22-36

*അവൻ വളരുകയും ഞാൻ കുറയുകയും വേണം.*

**ജനുവരി 22**

ഒന്നാം വായന : പുറപ്പാട് 17 : 1-7

*നീ പാറയിൽ അടിക്കുക, അപ്പോൾ അതിൽനിന്നു ജനത്തിനു കുടിക്കാൻ ജലം പുറപ്പെടും.*

സങ്കീർത്തനം : 29 : 1-11

പ്രതിവചനം : കർത്താവിന്റെ സ്വരം ശക്തി നിറഞ്ഞതാണ്.

രണ്ടാം വായന : യോഹന്നാൻ 4 : 1-26

*ഞാൻ നല്കുന്ന ജലം നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയാകും.*

**ജനുവരി 23**

ഒന്നാം വായന : നിയമാവർത്തനം 8 : 1-10

*അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വചനംകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്.*

സങ്കീർത്തനം : 119 : 1-17

പ്രതിവചനം : കർത്താവേ, പൂർണ്ണഹൃദയത്തോടെ
ഞാൻ അങ്ങയെ തേടുന്നു.

രണ്ടാം വായന : യോഹന്നാൻ 4 : 27-42

*എന്നെ അയച്ചവന്റെ ഇഷ്ടം പ്രവർത്തിക്കുകയാണ് എന്റെ ഭക്ഷണം.*

**ജനുവരി 24**

ഒന്നാം വായന : പുറപ്പാട് 16 : 1-21

*നിങ്ങൾക്കു ഭക്ഷിക്കാൻ വൈകുന്നേരം മാംസവും രാവിലെ വേണ്ടുവോളം അപ്പവും കർത്താവു തരും.*

സങ്കീർത്തനം : 111 : 1-10

പ്രതിവചനം : കർത്താവിന്റെ പ്രവൃത്തികൾ മഹനീയങ്ങളാണ്.

രണ്ടാം വായന : യോഹന്നാൻ 6 : 1-15

*അവർ ഭക്ഷിച്ചു തൃപ്തരായി.*

**ജനുവരി 25**

ഒന്നാം വായന : ജോഷ്വാ 3 : 1-17

*ജീവിക്കുന്ന ദൈവം നിങ്ങളുടെ ഇടയിൽ ഉണ്ടെന്നു നിങ്ങൾ അറിയണം.*

സങ്കീർത്തനം : 107 : 1-30

പ്രതിവചനം : കർത്താവിനു നന്ദി പറയുവിൻ,
അവിടുന്ന് നല്ലവനാണ്.

രണ്ടാം വായന : യോഹന്നാൻ 6 : 16-24

*ഞാനാണ്, ഭയപ്പെടേണ്ടാ.*

**ജനുവരി 26**

ഒന്നാം വായന : സംഖ്യ 11 : 1-15

*ഇവിടെ ഞങ്ങളുടെ പ്രാണൻ പോകുന്നു. ഈ മന്നയല്ലാതെ ഒന്നും കാണാനില്ല.*

സങ്കീർത്തനം : 106 : 1-15

പ്രതിവചനം : എന്റെ ആത്മാവേ, കർത്താവു നല്കിയ
അനുഗ്രഹങ്ങൾ മറക്കരുത്.

രണ്ടാം വായന : യോഹന്നാൻ 6 : 25-40

*ഞാനാണ് ജീവന്റെയപ്പം. എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല.*

## ജനുവരി 27

ഒന്നാം വായന : പുറപ്പാട് 13 : 3–10

*ശക്തമായ കരത്താലാണ് കർത്താവു നിങ്ങളെ ഈജിപ്തിൽനിന്നു മോചിപ്പിച്ചത്.*

സങ്കീർത്തനം : 78 : 1–29

പ്രതിവചനം : കർത്താവ് സ്വർഗ്ഗം തുറന്ന് ആഹാരം നല്കുന്നു.

രണ്ടാം വായന : യോഹന്നാൻ 6 : 41–59

*ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം എന്റെ ശരീരമാണ്.*

## ജനുവരി 28

ഒന്നാം വായന : നിയമാവർത്തനം 30 : 15–20

*കർത്താവിനെ സ്നേഹിച്ച്, അവിടുത്തെ വാക്കുകേട്ട്, അവിടുത്തോടു ചേർന്നു നില്ക്കുക; നിനക്ക് ജീവൻ ലഭിക്കും.*

സങ്കീർത്തനം : 119 : 97–107

പ്രതിവചനം : അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്.

രണ്ടാം വായന : യോഹന്നാൻ 6 : 60–71

*നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്.*

## ജനുവരി 29

ഒന്നാം വായന : ഏശയ്യാ 61 : 1–11

*ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ കർത്താവ് എന്നെ അയച്ചിരിക്കുന്നു.*

സങ്കീർത്തനം : 41 : 1–13

പ്രതിവചനം : ദരിദ്രരോടു ദയ കാണിക്കുന്നവർ ഭാഗ്യവാന്മാർ.

രണ്ടാം വായന : മത്തായി 11 : 1–6

## ജനുവരി 30

ഒന്നാം വായന : ജറെമിയ 2 : 1–13

*അവർ ജീവജലത്തിന്റെ ഉറവ ഉപേക്ഷിച്ച് പൊട്ടക്കിണറുകൾ കുഴിച്ചു.*

സങ്കീർത്തനം : 40 : 1–17

പ്രതിവചനം : ദൈവമേ, അവിടുത്തെ ഹിതം നിറവേറ്റുകയാണ് എന്റെ സന്തോഷം.

രണ്ടാം വായന : മർക്കോസ് 3 : 1-12

*അവൻ അവരുടെ ഹൃദയകാഠിന്യത്തിൽ ദുഃഖിച്ചു.*

**ജനുവരി 31**

ഒന്നാം വായന : ഹോസിയ 2 : 14-23

*ദൈവം തന്റെ ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കും.*

സങ്കീർത്തനം : 43 : 1-5

പ്രതിവചനം : ദൈവമേ, അങ്ങിൽ ഞാൻ അഭയം തേടുന്നു.

രണ്ടാം വായന : ലൂക്കാ 7 : 36-50

*പാപങ്ങൾ ക്ഷമിക്കുകപോലും ചെയ്യുന്ന ഇവൻ ആരാണ്?*

**ഫെബ്രുവരി 1**

ഒന്നാം വായന : അപ്പസ്തോലപ്രവർത്തനങ്ങൾ 9 : 10-19

*നിനക്കു കാഴ്ച ലഭിക്കാനും നീ പരിശുദ്ധാത്മാവിനാൽ നിറയാനുംവേണ്ടി യേശു എന്നെ അയച്ചിരിക്കുന്നു.*

സങ്കീർത്തനം : 49 : 1-20

പ്രതിവചനം : മനുഷ്യൻ മരിക്കുമ്പോൾ ഒന്നുംകൂടെ കൊണ്ടുപോകുന്നില്ല.

രണ്ടാം വായന : മർക്കോസ് 8 : 11-26

*അവൻ എല്ലാ വസ്തുക്കളും വ്യക്തമായി കണ്ടു.*

**ഫെബ്രുവരി 2**

ഒന്നാം വായന : പുറപ്പാട് 19 : 1-15

*കർത്താവു കല്പിച്ചതെല്ലാം ഞങ്ങൾ ചെയ്തുകൊള്ളാം.*

സങ്കീർത്തനം : 99 : 1-9

പ്രതിവചനം : നമ്മുടെ ദൈവമായ കർത്താവ് പരിശുദ്ധനാണ്.

രണ്ടാം വായന : മത്തായി 16 : 13-20

*നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്.*

## ഫെബ്രുവരി 3

ഒന്നാം വായന : പുറപ്പാട് 19 : 16-25

*ദൈവം ഇടിമുഴക്കത്താൽ ഉത്തരം നല്കി.*

സങ്കീർത്തനം : 47 : 1-9

പ്രതിവചനം : ദൈവം ഭൂമി മുഴുവന്റെയും രാജാവാണ്.

രണ്ടാം വായന : ലൂക്കാ 9 : 28-36

*ഇവൻ എന്റെ പ്രിയപുത്രനാകുന്നു, ഇവന്റെ വാക്കുകേൾക്കുവിൻ.*

## ഫെബ്രുവരി 4

ഒന്നാം വായന : പുറപ്പാട് 32 : 1-29

*അവർ ഒരു കാളക്കുട്ടിയെ വാർത്തെടുത്ത് അതിനെ ആരാധിച്ചു.*

സങ്കീർത്തനം : 50 : 1-14

പ്രതിവചനം : കൃതജ്ഞതയാണ്
കർത്താവിനു സ്വീകാര്യമായ ബലി.

രണ്ടാം വായന : ലൂക്കാ 9 : 37-43

*വിശ്വാസമില്ലാത്ത തലമുറയേ, ഞാൻ എത്രനാൾ നിങ്ങളോടു ക്ഷമിക്കും?*

## ഫെബ്രുവരി 5

ഒന്നാം വായന : നിയമാവർത്തനം 10 : 12-22

*കർത്താവ് അനാഥർക്കും വിധവകൾക്കും നീതി നടത്തിക്കൊടുക്കുന്നു.*

സങ്കീർത്തനം : 68 : 1-10

പ്രതിവചനം : ദൈവം അനാഥർക്കു പിതാവും
അഗതികൾക്കു രക്ഷകനുമാണ്.

രണ്ടാം വായന : ലൂക്കാ 10 : 17-24

*ജ്ഞാനികളിലും ബുദ്ധിമാൻമാരിലുംനിന്നു മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തി.*

## ഫെബ്രുവരി 6

ഒന്നാം വായന : അപ്പസ്തോലപ്രവർത്തനങ്ങൾ 7 : 1-16

*ഗോത്രപിതാക്കന്മാർ അസൂയകൊണ്ട് ജോസഫിനെ ഈജിപ്തുകാർക്കു വിറ്റു.*

സങ്കീർത്തനം : 59 : 1-9

പ്രതിവചനം : ദൈവമേ, അങ്ങെനിക്കു കോട്ടയാണ്.

രണ്ടാം വായന : യോഹന്നാൻ 7 : 1-13

*അവന്റെ സഹോദരന്മാർപോലും അവനിൽ വിശ്വസിച്ചിരുന്നില്ല.*

### ഫെബ്രുവരി 7

ഒന്നാം വായന : അപ്പസ്തോലപ്രവർത്തനങ്ങൾ 7 : 17-29

*ഞങ്ങളുടെമേൽ അധികാരിയും വിധികർത്താവുമായി നിന്നെ ആരു നിയമിച്ചു?*

സങ്കീർത്തനം : 56 : 1-13

പ്രതിവചനം : ഭയമുണ്ടാകുമ്പോൾ ഞാൻ<br>ദൈവത്തിൽ ആശ്രയിക്കും.

രണ്ടാം വായന : യോഹന്നാൻ 7 : 14-24

*എന്റെ പ്രബോധനം എന്റെ സ്വന്തമല്ല, എന്നെ അയച്ചവന്റേതത്രെ.*

### ഫെബ്രുവരി 8

ഒന്നാം വായന : അപ്പസ്തോലപ്രവർത്തനങ്ങൾ 7 : 30-52

*നിങ്ങൾ എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനോടു മല്ലടിക്കുന്നു.*

സങ്കീർത്തനം : 57 : 1-11

പ്രതിവചനം : ദൈവമേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും.

രണ്ടാം വായന : യോഹന്നാൻ 7 : 25-36

*അവനെ അവർ ബന്ധിക്കാൻ ശ്രമിച്ചു. എന്നാൽ ആർക്കും അവനെ പിടിക്കാൻ കഴിഞ്ഞില്ല.*

### ഫെബ്രുവരി 9

ഒന്നാം വായന : ഏശയ്യാ 55 : 1-13

*ദാഹാർത്തരേ, വരുവിൻ, എന്റെ വാക്കുകേൾക്കുവിൻ, നിങ്ങൾ ജീവിക്കും.*

സങ്കീർത്തനം : 63 : 1-11

പ്രതിവചനം : ദൈവമേ, ഞാൻ അങ്ങയെ തേടുന്നു.<br>എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു.

രണ്ടാം വായന : യോഹന്നാൻ 7 : 37-53

*എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും.*

### ഫെബ്രുവരി 10

ഒന്നാം വായന : പുറപ്പാട് 13 : 17–22

*കർത്താവ് അഗ്നിസ്തംഭത്തിൽ അവർക്കുമുമ്പേ പോയിരുന്നു.*

സങ്കീർത്തനം : 34 : 1–22

പ്രതിവചനം : കർത്താവ് എത്ര നല്ലവനാണെന്ന് രുചിച്ചറിയുവിൻ.

രണ്ടാം വായന : യോഹന്നാൻ 8 : 12–20

*ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല.*

### ഫെബ്രുവരി 11

ഒന്നാം വായന : സംഖ്യ 21 : 1–9

*സർപ്പദംശനമേറ്റവർ പിത്തളസർപ്പത്തെ നോക്കി, അവർ ജീവിച്ചു.*

സങ്കീർത്തനം : 66 : 1–20

പ്രതിവചനം : ഭൂവാസികൾ മുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

രണ്ടാം വായന : യോഹന്നാൻ 3 : 1–15

*തന്നിൽ വിശ്വസിക്കുന്നവർക്കു നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.*

### ഫെബ്രുവരി 12

ഒന്നാം വായന : ഗലാത്തിയാ 5 : 1–15

*ക്രിസ്തു സ്വാതന്ത്ര്യത്തിലേക്കു നമ്മെ മോചിപ്പിച്ചു.*

സങ്കീർത്തനം : 75 : 1–10

പ്രതിവചനം : ദൈവമേ ഞങ്ങൾ അങ്ങേക്കു നന്ദി പറയുന്നു.

രണ്ടാം വായന : യോഹന്നാൻ 8 : 31–47

*സത്യം നിങ്ങളെ സ്വതന്ത്രരാക്കും.*

### ഫെബ്രുവരി 13

ഒന്നാം വായന : ഫിലിപ്പിയർ 2 : 1–11

*ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി.*

സങ്കീർത്തനം : 71 : 1-9

പ്രതിവചനം : ദൈവമേ, എപ്പോഴും
ഞാൻ അങ്ങയെ സ്തുതിക്കുന്നു.

രണ്ടാം വായന : യോഹന്നാൻ 8 : 48-59

*എന്റെ പിതാവാണ് എന്നെ മഹത്വപ്പെടുത്തുന്നത്.*

### ഫെബ്രുവരി 14

ഒന്നാം വായന : സംഖ്യ 16 : 1-35

*അവർ മോശയ്ക്കും അഹറോനും എതിരേ ഒരുമിച്ചുകൂടി.*

സങ്കീർത്തനം : 71 : 14-24

പ്രതിവചനം : എന്റെ അധരങ്ങൾ
കർത്താവിനെ പാടിപ്പുകഴ്ത്തും.

രണ്ടാം വായന : മർക്കോസ് 6 : 1-6

*അവർ അവനിൽ ഇടറി.*

### ഫെബ്രുവരി 15

ഒന്നാം വായന : എസെക്കിയേൽ 34 : 1-10

*ഇടയനില്ലാത്തതിനാൽ എന്റെ ആടുകൾ ചിതറിപ്പോയി.*

സങ്കീർത്തനം : 23 : 1-6

പ്രതിവചനം : കർത്താവ് എന്റെ ഇടയനാകുന്നു:
എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.

രണ്ടാം വായന : യോഹന്നാൻ 10 : 1-21

*ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു.*

### ഫെബ്രുവരി 16

ഒന്നാം വായന : എസെക്കിയേൽ 34 : 11-16

*ഞാൻ തന്നെ എന്റെ ആടുകളെ അന്വേഷിച്ചു കണ്ടുപിടിക്കും.*

സങ്കീർത്തനം : 76 : 1-12

പ്രതിവചനം : ദൈവമേ, ഭൂമിയിൽ നീതി സ്ഥാപിക്കണമേ.

രണ്ടാം വായന : യോഹന്നാൻ 10 : 22-42

*ഞാനും പിതാവും ഒന്നാകുന്നു.*

**ഫെബ്രുവരി 17**

ഒന്നാം വായന : രാജാക്കന്മാർ 21 : 1–25

*അവർ അവനെ പട്ടണത്തിനു പുറത്തുകൊണ്ടുപോയി കല്ലെറിഞ്ഞു കൊന്നു.*

സങ്കീർത്തനം : 82 : 1–8

പ്രതിവചനം : ദുർബ്ബലർക്കും അനാഥർക്കും
നീതി പാലിച്ചുകൊടുക്കുവിൻ

രണ്ടാം വായന : മത്തായി 14 : 1–12

*അവൻ കാരാഗൃഹത്തിൽ ആളയച്ച് യോഹന്നാന്റെ തലവെട്ടിയെടുത്തു.*

**ഫെബ്രുവരി 18**

ഒന്നാം വായന : ഏശയ്യാ 29 : 9–16

*ഈ ജനം അധരംകൊണ്ട് മാത്രം എന്നെ സ്തുതിക്കുന്നു. അവരുടെ ഹൃദയം എന്നിൽ നിന്നകന്നിരിക്കുന്നു.*

സങ്കീർത്തനം : 50 : 1–14

പ്രതിവചനം : കൃതജ്ഞതയാണ് കർത്താവിന്
സ്വീകാര്യമായ ബലി.

രണ്ടാം വായന : മത്തായി 15 : 1–20

*നിങ്ങളുടെ പാരമ്പര്യത്തിനുവേണ്ടി ദൈവവചനത്തെ നിങ്ങൾ വ്യർത്ഥമാക്കിയിരിക്കുന്നു.*

**ഫെബ്രുവരി 19**

ഒന്നാം വായന : യോനാ 4 : 1–11

*അവിടുന്ന് ദയാലുവും ക്ഷമാശീലനും ശിക്ഷിക്കുന്നതിൽ വിമുഖനുമാണ്.*

സങ്കീർത്തനം : 90 : 1–17

പ്രതിവചനം : കർത്താവേ, അങ്ങയുടെ കാരുണ്യംകൊണ്ട്
ഞങ്ങളെ സംതൃപ്തരാക്കണമേ.

രണ്ടാം വായന : മത്തായി 15 : 21–31

*നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്ക് സംഭവിക്കട്ടെ.*

### ഫെബ്രുവരി 20

ഒന്നാം വായന : ഫിലിപ്പിയർ 3 : 12-21

*യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു.*

സങ്കീർത്തനം : 84 : 1-12

പ്രതിവചനം : കർത്താവായ ദൈവമേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം!

രണ്ടാം വായന : മർക്കോസ് 10 : 35-45

*മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു മോചനദ്രവ്യമായി നല്കാനുമായിട്ടാണ്.*

### ഫെബ്രുവരി 21

ഒന്നാം വായന : എഫേസിയർ 3 : 1-21

*അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം നിങ്ങൾ ഗ്രഹിക്കാൻ ഇടയാകട്ടെ.*

സങ്കീർത്തനം : 92 : 1-15

പ്രതിവചനം : കർത്താവേ, അങ്ങേ പ്രവൃത്തികൾ എത്ര മഹനീയം

രണ്ടാം വായന : മർക്കോസ് 10 : 46-52

*അവനു കാഴ്ച ലഭിച്ചു. അവൻ യേശുവിനെ അനുഗമിച്ചു.*

### ഫെബ്രുവരി 22

ഒന്നാം വായന : രാജാക്കന്മാർ 1 : 38-48

*സോളമനെ ദാവീദു രാജാവിന്റെ കോവർ കഴുതയുടെ പുറത്തിരുത്തി എഴുന്നള്ളിച്ചു.*

സങ്കീർത്തനം : 94 : 1-23

പ്രതിവചനം : ഭൂമിയെ വിധിക്കുന്നവനേ, എഴുന്നേല്ക്കണമേ.

രണ്ടാം വായന : മർക്കോസ് 11 : 1-11

*കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ.*

### ഫെബ്രുവരി 23

ഒന്നാം വായന : വെളിപാട് 5 : 1-14

*സിംഹാസനസ്ഥനും കുഞ്ഞാടിനും എന്നേക്കും സ്തുതിയും മഹത്വവും ആധിപത്യവും.*

സങ്കീർത്തനം : 93 : 1-5

പ്രതിവചനം : കർത്താവ് എന്നേക്കും രാജാവായി വാഴുന്നു.

രണ്ടാം വായന : മത്തായി 21 : 23-32

*നിനക്ക് ഈ അധികാരം നല്കിയത് ആരാണ്?*

### ഫെബ്രുവരി 24

ഒന്നാം വായന : ഗലാത്തിയാ 2: 15-21

*ഞാൻ ക്രിസ്തുവിനോടു കൂടി ക്രൂശിതനായിരിക്കുന്നു.*

സങ്കീർത്തനം : 121 : 1-8

പ്രതിവചനം : എനിക്കു സഹായം കർത്താവിൽ നിന്നുവരുന്നു.

രണ്ടാം വായന : യോഹന്നാൻ 12 : 20-36

*ഗോതമ്പുമണി നിലത്തുവീണഴിയുമ്പോൾ അതു ധാരാളം ഫലം പുറപ്പെടുവിക്കുന്നു.*

### ഫെബ്രുവരി 25

ഒന്നാം വായന : 1 യോഹന്നാൻ 2 : 8-29

*പുത്രനെ നിഷേധിക്കുന്നവനു പിതാവുമില്ല; പുത്രനെ ഏറ്റുപറയുന്നവനു പിതാവുമുണ്ടായിരിക്കും.*

സങ്കീർത്തനം : 146 : 1-10

പ്രതിവചനം : എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക.

രണ്ടാം വായന : യോഹന്നാൻ 12 : 37-50

*എന്നെ കാണുന്നവൻ എന്നെ അയച്ചവനെ കാണുന്നു.*

### ഫെബ്രുവരി 26

ഒന്നാം വായന : ദാനിയേൽ 7 : 9-14

*ഇതാ വാനമേഘങ്ങളോടുകൂടെ മനുഷ്യപുത്രനെപ്പോലെ ഒരുവൻ വരുന്നു.*

സങ്കീർത്തനം : 98 : 1-9

പ്രതിവചനം : ഭൂമി മുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

രണ്ടാം വായന : മർക്കോസ് 14 : 53-65

*മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണും.*

**ഫെബ്രുവരി 27**

ഒന്നാം വായന : ഏശയ്യാ 9 : 1-7

*സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും.*

സങ്കീർത്തനം : 80 : 1-19

പ്രതിവചനം : കർത്താവേ, ഞങ്ങൾക്കു ജീവൻ നല്കണമേ.

രണ്ടാം വായന : യോഹന്നാൻ 18 : 28-38

*എന്റെ രാജ്യം ഐഹികമല്ല.*

**ഫെബ്രുവരി 28**

ഒന്നാം വായന : റോമാ 10 : 5-13

*യേശുവിനെ ഏറ്റുപറയുന്നവർ രക്ഷപ്രാപിക്കും.*

സങ്കീർത്തനം : 10 : 1-5

പ്രതിവചനം : കർത്താവ് നല്ലവനാണ്
അവിടുത്തെ കാരുണ്യം ശാശ്വതമാണ്

രണ്ടാം വായന : മർക്കോസ് 15 : 33-41

*സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു.*

**അനുബന്ധം**

# ഗാനങ്ങൾ

**ആമുഖഗാനങ്ങൾ**

**1**

വെളിച്ചം പകരണമേ വെളിവു നിറയ്ക്കണമേ
വിവേകമേകണമേ വിജ്ഞാനദായകനേ

1. നിന്നെ പൂർണ്ണമായറിയാൻ
ഈയറിവാലെ നിറയാൻ
നിറഞ്ഞ അറിവിൽ വളരാൻ
ഈശ്വര കൃപയാൽ നിറയാൻ - നിന്നെ

2 എന്നെ പൂർണ്ണമായ് കാണാൻ

എൻ പരിമിതികൾ അറിയാൻ
എന്റെ ദൗർബ്ബല്യമകറ്റാൻ
വരങ്ങളെന്നും തരണേ

3 എൻ സോദരരെ കാണാൻ
സോദര സ്നേഹത്തിൽ വളരാൻ
നിൻമുഖമവരിൽ കാണാൻ
അവർക്കായി അർപ്പിതനാകാൻ-വെളിച്ചം

**2**

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീയറിയുന്നു.

1. ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നിടുവാൻ
ആദിയിലെന്നപോൽ ആത്മാവേ
അധികബലം തരണേ.

2. ലോകത്തിൽ മോഹം വിട്ടോടിടുവാൻ
സാത്താന്റെ ശക്തിയെ ജയിച്ചിടുവാൻ
ധീരതയോടെ നിൻസേവ ചെയ്യാൻ
അഭിഷേകം ചെയ്തിടണേ

3 കൃപകളും വരങ്ങളും ജ്വലിച്ചിടുവാൻ
വചനത്തിൽ വേരൂന്നി വളർന്നിടുവാൻ
വിൺമഴയെ വീണ്ടുമയ്ക്കണമേ
നിൻജനമുണർന്നിടുവാൻ

**3**

പരിശുദ്ധാത്മാവേ, നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ
ദിവ്യദാനങ്ങൾ ചിന്തിയെന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ

1. സ്വർഗ്ഗവാതിൽ തുറന്നുഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ-സ്വർഗ്ഗ
അന്ധകാരവിരിപ്പുമാറ്റിടും
ചന്തമേറുന്ന ദീപമേ
കേഴുമാത്മാവിലാശ വീശുന്ന
മോഹനദിവ്യഗാനമേ

2 വിണ്ടുണങ്ങി വരണ്ട മാനസം
കണ്ടവിണ്ണിൻ തടാകമേ-വീണ്ടു
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ
രക്തസാക്ഷികളാഞ്ഞുപുല്കിയ
പുണ്യജീവിതപാത നീ

**4**

ഒന്നാം വായനയ്ക്ക് മുമ്പ്

ജീവനേകും ദൈവവചനം സ്വീകരിച്ചിടുവാൻ
ദൈവമേ, ഹൃദയവയലുകളൊരുക്കേണമേ
സാദരം ഞങ്ങളിന്നതു കേട്ടുനാഥാ
ജീവിതത്തിൽ പകർത്താൻ നീ വരം നല്കണേ

**5**

രണ്ടാം വായനയ്ക്ക് മുമ്പ്

കർത്താവാകും ദൈവമേ,
ജീവൻ നല്കും സുവിശേഷം
ശ്രവിച്ചു ഞങ്ങൾ, ഗ്രഹിച്ചു ഞങ്ങൾ
ജീവിതത്തിൽ പകർത്തിടാൻ
ദാസരാകും ഞങ്ങൾ തൻ
ബുദ്ധിമാനസ ശക്തികളെ
ദീപ്തമാക്കീടേണമേ, യോഗ്യമാക്കീടേണമേ.

**6**

സുവിശേഷവെളിച്ചത്താൽ
ഇരുളെല്ലാം നീക്കിടുവാൻ
അവതാരം ചെയ്തവനെ
കൈകൂപ്പി വണങ്ങീടാം
കർത്താവേ, ധരണിയിൽ നിൻ
സാക്ഷികളായിത്തീർന്നിടുവാൻ
ഞങ്ങളിൽ നിൻ സുവിശേഷം
പൂങ്കിരണം ചൊരിയട്ടെ.

## 7



എന്നേശുവേ നീ എത്ര നല്ലവൻ
നീ എത്ര കാരുണ്യവാൻ
നിൻസ്നേഹമോർത്താൽ എന്തൊരത്ഭുതം
ഓ നിത്യമാം സ്നേഹമേ

1 സ്നേഹിതർക്കുവേണ്ടി സ്വന്ത ജീവനെ
ഏകിടുന്നതിൽപരം സ്നേഹമോ,
പാപിയായ മർത്യനായിപ്പോലുമാ-
ജീവനേകിടും മഹത്സ്നേഹമേ.

2 വിൺമഹത്വമാകെ മാറ്റിവച്ചു നീ
മന്നിതന്റെ മാലുകൾ ഏറ്റു നീ
മർത്ത്യരൂപമാർന്നു ദാസനായി നീ
മൃത്യുകൈവരിച്ചൊരാ സ്നേഹമേ...

## 8

1 ദൈവത്തിനു സ്തോത്രം പാടിടുവിൻ
അവൻ വല്ലഭനല്ലോ ദയയെന്നുമുള്ളവൻ
ഏകനായ് മഹാത്ഭുതങ്ങൾ
ചെയ്തീടുന്നോനെ
ഏകമായി വണങ്ങിപ്പാടീടാമെന്നും
പരിപാലകനല്ലോ സർവ്വശക്തനല്ലയോ
നിത്യസ്നേഹമല്ലയോ
സ്തുതിയെന്നുമവന്
താനുന്നതനല്ലോ കൃപചെയ്തിടുമല്ലോ
തൻ സന്നിധിയിലെന്നും പ്രമോദമുണ്ടല്ലോ

2 ജ്ഞാനത്താലാകാശത്തെ വാർത്തെടുത്തവൻ
ഭൂതലത്തെ വെള്ളത്തിന്മേലുറപ്പിച്ചവൻ
ദീപ്തിനല്കും സൂര്യചന്ദ്രതാരവൃന്ദത്തെ
മോടിയായ് വാനിടത്തിൽ സ്ഥാപിച്ചവൻ

3 മേഘങ്ങളെ വാഹനങ്ങളാക്കിയവൻ
കാറ്റിന്റെ പക്ഷങ്ങളിൽ സഞ്ചരിപ്പവൻ
വെള്ളത്തിന്മേൽ മാളികയെ നിർമ്മിച്ചവൻ
അഗ്നിയെത്തൻ സേവകനായ് നിയമിപ്പവൻ

## 9

എത്രയും ദയയുള്ള മാതാവേ, നിൻ
സങ്കേതം തേടിവരുന്നു ഞങ്ങൾ
നിൻചാരത്തോടിയണഞ്ഞവരെ നീ
ഒരുനാളും കൈവിടില്ലല്ലോ തായെ (2)

1 ശരണം ഗമിപ്പുനിൻ തൃപ്പാദത്തിൽ
കരുണതൻ നിറകുടമാകുമമ്മേ-ശരണം
കനിവോടെ ഇവരെനീ കാക്കണമേ
കന്യകമാരുടെ റാണിനീയെ

2 നെടുവീർപ്പും കണ്ണീരും കൈമുതലായ്
അലയുമീ പാപികൾ തനയരല്ലോ-നെടു...
അതിരില്ലാ നിൻദയാവായ്പിലിതാ
അഭയത്തിനണയുന്നു സാധുശീലർ

3 അവതാരം ചെയ്തൊരു വചനത്തിന്റെ
അമലയാം അംബികേ നന്മപൂർണ്ണേ-അവ
അവനിയിൽ സുതരൂടെ യാചനകൾ
അലിവോടെ കേട്ടു നിന്നഭയമേകു

## 10

സ്വസ്തി സ്വർലോകറാണീ,
മാലാഖമാരുടെ റാണീ,
നിന്നിൽ നിന്നാഗതമായി,
മന്നിൻ രക്ഷകദീപം (2)

1 കന്യേ, മഹത്വം നിറഞ്ഞ
ധന്യേ മനോഹരീ തായേ
ആമോദമാർന്നു നീ വെല്ക,
രക്ഷ സുതർക്കിന്നുളവായ്

2 ഞങ്ങളും നിൻ മക്കളല്ലോ,
നിൻദിവ്യ സുനുവോടെന്നും
കനിവാർന്നു പ്രാർത്ഥിക്കതായേ,
സ്നേഹം നിറഞ്ഞവൾ നീയേ.

# ആശ്വസിക്കൂ

"മകനേ മരിച്ചവരെ ഓർത്തു കരയുക. കഠിനവേദനകൊണ്ട് എന്ന പോലെ വിലപിക്കുക. അവന്റെ മൃതദേഹം സമർഹമായി സംസ്ക്കരിക്കുക... നിന്റെ കരച്ചിൽ വേദനാപൂർണ്ണവും വിലാപം തീക്ഷ്ണതയുള്ളതും ആയിരിക്കട്ടെ... നിന്റെ ഹൃദയം ദുഃഖത്തിനധീനമാകരുത്. ജീവിതാന്തമോർത്ത് അതിനെ അകറ്റിക്കളയുക".

(പ്രഭാഷകൻ 38: 16-20)

ദുഃഖപൂരിതമായ നാളുകളിൽ ദൈവവചനമാണ് നമുക്ക് ആശ്വാസവും പ്രത്യാശയും പ്രദാനം ചെയ്യുന്നത്. രോഗം, മരണം എന്നീ ദുഃഖകരമായ യാഥാർത്ഥ്യങ്ങളെ പ്രതീക്ഷയോടെ നേരിടാൻ സഹായകമാകുന്ന ബൈബിൾ ഭാഗങ്ങളും പ്രാർത്ഥനകളുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം.

# പ്രകാശത്തിലേക്ക്

# പ്രകാശത്തിലേക്ക്

## ആമുഖം

മനുഷ്യജീവിതത്തിൽ ദുഃഖത്തിന്റെയും ഭീതിയുടെയും നിഴൽ പരത്തുന്ന യാഥാർത്ഥ്യങ്ങളാണ് രോഗവും മരണവും. നാം സ്നേഹിക്കുന്നവർ രോഗത്തിനധീനരായി വേദനിക്കുന്നതു കാണുമ്പോൾ നിസ്സഹായരായി നോക്കിനില്ക്കാനേ പലപ്പോഴും നമുക്കു കഴിയുകയുള്ളൂ. ഉറ്റവരുടെ വേർപാടിൽ ദുഃഖം ചിറപൊട്ടിയൊഴുകും. അത്യാഹിതങ്ങൾക്കു മുമ്പിൽ കരയാൻപോലും കഴിയാതെ വിറങ്ങലിച്ചുപോകുന്ന അനുഭവങ്ങളും നമുക്കുണ്ടാകാറുണ്ട്. ദൈവത്തിന്റെ നീതിയും കരുണയും അസ്തിത്വം തന്നെയും ചോദ്യംചെയ്യപ്പെടുന്ന സാഹചര്യങ്ങളായി പലരും ഇങ്ങനെയുള്ള സംഭവങ്ങളെ പരിഗണിച്ചെന്നു വരാം. സ്നേഹനിധിയായ പിതാവാണ് ദൈവമെങ്കിൽ എന്തേ ഇപ്രകാരമുള്ള കഠിനവേദനകൾ തന്റെ മക്കൾക്ക് അനുവദിക്കുന്നു എന്ന ചോദ്യം മനസ്സിൽ ഉയർന്നുവരും. മരണംകൊണ്ട് എല്ലാം അവസാനിക്കുന്നെങ്കിൽ പിന്നെ മനുഷ്യപ്രയത്നങ്ങൾക്കും മനുഷ്യജീവിതത്തിനു തന്നെയും എന്തർത്ഥം? ദുഃഖത്തിന്റെയും ശൂന്യതാബോധത്തിന്റെയും ഇരുളിൽ അലയുമ്പോൾ വിശ്വാസമാണ് നമ്മെ കൈപിടിച്ചു നടത്തുന്നത്; ദൈവവചനമാണ് നമുക്ക് പ്രകാശം നല്കുന്നത്. ഈ പ്രകാശത്തിലേക്കുള്ള ഒരു കൈചൂണ്ടി ആയിട്ടാണ് ഈ ലഘുഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്.

രോഗവും മരണവുമായി ബന്ധപ്പെടുത്തി, ജീവിതത്തിന്റെ അർത്ഥവും ലക്ഷ്യവും വ്യക്തമാക്കിത്തരുന്ന വിശുദ്ധഗ്രന്ഥ ഭാഗങ്ങളുടെ ഒരു സമാഹാരമാണിത്. രോഗീസന്ദർശനം, ചരമവാർഷികം എന്നിവയ്ക്ക് ഉപയോഗിക്കാവുന്ന ബൈബിൾ വായനകളും പ്രാർത്ഥനകളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മരിച്ചയാളിന്റെ വീട്ടിൽ മണിക്കൂറുകൾ ചിലവഴിക്കുന്നവർക്ക് വായിക്കാൻ ഉതകുന്ന ബൈബിൾ ഭാഗങ്ങൾ പ്രത്യേകം തിരഞ്ഞെടുത്ത് ചേർത്തിരിക്കുന്നു.

നവംബർ മാസം പൊതുവേ മരിച്ചവരുടെ ഓർമ്മ ആചരിക്കുകയും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന അവസരമാണല്ലോ. ആരാധനക്രമവൽസരത്തിന്റെ അവസാന ഭാഗവുമാണത്.

ദൈവപുത്രന്റെ മനുഷ്യാവതാരവും കുരിശുമരണവും ഉത്ഥാനവും വഴി മനുഷ്യവർഗ്ഗത്തിനു കൈവന്ന രക്ഷയുടെ സദ്വാർത്ത അപ്പസ്തോല ന്മാർ ലോകമെങ്ങും പ്രസംഗിച്ച് സഭ സ്ഥാപിച്ചു. വിശ്വാസത്തിൽ അടി യുറച്ചും പെസഹാ രഹസ്യങ്ങളിൽ പങ്കുചേർന്നു പുഷ്ടിപ്പെട്ടും വള രുന്ന സഭ അതിന്റെ പൂർണ്ണതയിലെത്തുന്നത് മരിച്ചവരുടെ പുനരു ത്ഥാനത്തോടെയാണ്. ക്രിസ്തുനാഥൻ സഭയെ കഴുകിശുദ്ധീകരിച്ച് കളങ്കമില്ലാത്തവധുവാക്കി സ്വീകരിക്കുന്ന വിവാഹമായിട്ടാണ് വിശു ദ്ധഗ്രന്ഥം സഭയുടെ പരിസമാപ്തിയെ കാണുന്നത്. കുഞ്ഞാടിന്റെ വിവാഹവിരുന്നായി ചിത്രീകരിക്കുന്ന സ്വർഗ്ഗഭാഗ്യത്തോടെ മാനവച രിത്രത്തിന്റെ അവസാനമാകുന്നു. അതിനുശേഷം വ്യാധിയും വേദന യുമില്ലാത്ത, മരണവും കണ്ണീരുമില്ലാത്ത നിത്യഭാഗ്യമാണ്. മരിച്ചവരുടെ ഓർമ്മ ആചരിക്കുകയും മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യു മ്പോൾ നിത്യഭാഗ്യത്തിലുള്ള പ്രതീക്ഷയാണ് നമ്മുടെ മനസ്സിൽമുറ്റി നില്ക്കേണ്ടത്. അതിനു സഹായകമാകുന്ന ബൈബിൾ ഭാഗങ്ങൾ നവം ബർ മാസത്തിലെ ഓരോ ദിവസവും വായിക്കുന്നതിനുവേണ്ടി പ്രത്യേകം തിരഞ്ഞെടുത്തിട്ടുണ്ട്.

## ഉപയോഗക്രമം

### 1. ബൈബിൾ ശുശ്രൂഷകൾ

രോഗീസന്ദർശനം, ചരമവാർഷികം എന്നീ സാഹചര്യ ങ്ങൾക്കായി പ്രത്യേകം പ്രത്യേകം ബൈബിൾ ശുശ്രൂഷകൾ കൊടു ത്തിട്ടുണ്ട്. വിശുദ്ധഗ്രന്ഥ വായനകൾ ബൈബിൾനിന്നു തന്നെ എടു ക്കേണ്ടതാണ്. അവയ്ക്കുള്ള സൂചനകൾ മാത്രമേ ഇവിടെ കൊടുത്തി ട്ടുള്ളൂ.

**പ്രതിവചനസങ്കീർത്തനം:-** സങ്കീർത്തനത്തിന്റെ ഓരോ പാദം ഒരാൾ വായിക്കുകയും സമൂഹം ഒരുമിച്ച് പ്രതിവചനം ആവർത്തിക്കുകയും ചെയ്യുന്നു. **സമൂഹപ്രാർത്ഥന:** ഇവിടെ കൊടുത്തിരിക്കുന്ന യാചന കൾക്കു പുറമേ (പകരം) അവസരോചിതമായി പ്രാർത്ഥനകൾ കൂട്ടി ച്ചേർക്കാവുന്നതാണ്. പ്രാർത്ഥനയ്ക്ക് ഒരു മാതൃകയും സഹായിയും എന്ന നിലയിൽ ഈ പുസ്തകത്തിന്റെ പ്രാർത്ഥനകളെ കരുതിയാൽ മതി.

### 2. മരിച്ചയാളിന്റെ വീട്ടിൽ

മൃതശരീരത്തിന്റെയടുക്കൽ ദീർഘനേരം ചിലവഴിക്കുന്നവരുണ്ട്; കുറച്ചുസമയം പ്രാർത്ഥിച്ചിട്ടു പോകുന്നവരുമുണ്ട്. ഇരുകൂട്ടർക്കും ഉപ

യോഗപ്രദമായ വിധത്തിലാണ് വായനകൾ സംവിധാനം ചെയ്തിരിക്കുന്നത്. വായനകളെ റോമൻ അക്കമിട്ട് പത്തുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മരണംമൂലമുണ്ടാകുന്ന ദുഃഖം, മരണ കാരണമായ പാപം, പാപത്തിൽനിന്ന് യേശുക്രിസ്തുവഴി ലഭിക്കുന്ന മോചനം, മരണാനന്തര ജീവിതം, പുനരുത്ഥാനം, വിധി, നിത്യഭാഗ്യം എന്നിങ്ങനെ മരണവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഓരോ ഭാഗത്തിലുള്ള വായനകളിൽ പരാമർശിക്കപ്പെടും. ഒരു മണിക്കൂർ സമയം കൊണ്ട് നടത്താവുന്ന ഒരു ബൈബിൾ പ്രാർത്ഥനാ ശുശ്രൂഷയായിട്ടാണ് ഈ ഭാഗങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. ആമുഖ പ്രാർത്ഥനയ്ക്കുശേഷം ആറു വായനകളും മൂന്നു പ്രതിവചനസങ്കീർത്തനങ്ങളും കഴിഞ്ഞിട്ടാണ് സമൂഹപ്രാർത്ഥന. കുറച്ചുസമയം മാത്രം മരിച്ചയാളിന്റെ വീട്ടിൽ ചിലവഴിക്കുന്നവർ ഈ ഭാഗങ്ങളിലൊന്നിലെങ്കിലും മുഴുവനായി സംബന്ധിക്കുന്നത് നന്നായിരിക്കും ഓരോ രണ്ടാം വായനയ്ക്കുംശേഷം ഉചിതമായ ഏതെങ്കിലും ഒരു ഗാനം ആലപിക്കുന്നതും അഭിലഷണീയമാണ്.

**3. ബൈബിൾ ശുശ്രൂഷകൾ**

"അനുദിന പ്രാർത്ഥനകൾ" എന്ന ശീർഷകത്തിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകൾ നവംബർ മാസത്തിലെ എല്ലാ ദിവസവും കുടുംബപ്രാർത്ഥനയുടെ ഭാഗമായി ഉപയോഗിക്കാനുള്ളതാണ്. പ്രാർത്ഥനകൾ എല്ലാ ദിവസവും ഒന്നുതന്നെ ആയിരിക്കും. വായനകളും പ്രതിവചനസങ്കീർത്തനങ്ങളും ഓരോ ദിവസത്തേക്കും പ്രത്യേകമായി അറബിക് അക്കമിട്ട് കൊടുത്തിരിക്കുന്നു. കുടുംബപ്രാർത്ഥനയ്ക്കുപയോഗിക്കുമ്പോൾ റോമൻ അക്കങ്ങൾ പരിഗണിക്കേണ്ടതില്ല. സമാപന പ്രാർത്ഥനയ്ക്കുശേഷം ഉചിതമായ ഏതെങ്കിലും ഒരു ഗാനം ആലപിക്കുന്നതു നന്നായിരിക്കും.

# രോഗികൾക്കുവേണ്ടിയുള്ള ബൈബിൾ ശുശ്രൂഷ

കാർമ്മി : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....................
(എല്ലാരും ഒരുമിച്ച് ചൊല്ലുന്നു)

കാർമ്മി : കാരുണ്യവാനായ ദൈവമേ, അങ്ങിൽ പ്രത്യാശയർപ്പിക്കുന്നവർക്ക് രക്ഷ പ്രദാനം ചെയ്യുന്ന അങ്ങയുടെ പൈതൃകമായ പരിപാലനയെ ഞങ്ങൾ വാഴ്ത്തുന്നു. രോഗിയായിരിക്കുന്ന ഈ സഹോദരനു (സഹോദരിക്കു) വേണ്ടി ഞങ്ങളർപ്പിക്കുന്ന ഈ പ്രാർത്ഥന കനിവോടെ കൈക്കൊള്ളണമേ. ജീവദായകമായ അങ്ങയുടെ വചനത്താൽ ഇയാൾക്കു ശാരീരികവും ആത്മീയവുമായ ആശ്വാസവും സൗഖ്യവും പ്രദാനം ചെയ്യണമേ. അങ്ങയുടെ വചനം സ്വീകരിച്ച് നൂറുമേനി ഫലം പുറപ്പെടുവിക്കുന്നതിനായി അങ്ങയുടെ ആത്മാവിനെ അയച്ച് ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും ഹൃദയത്തെ ശക്തിപ്പെടുത്തുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 53 : 1-12

*അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു.*

സങ്കീർത്തനം : 6 : 1-9

പ്രതിവചനം : കർത്താവേ ഞാൻ തളർന്നിരിക്കുന്നു.
എന്നോടു കരുണ തോന്നണമേ.

വി. മത്തായി എഴുതിയ സുവിശേഷം 5 : 1-12

*വിലപിക്കുന്നവർ ഭാഗ്യവാന്മാർ, അവർ ആശ്വസിപ്പിക്കപ്പെടും.*

(സുവിശേഷവായനയ്ക്കുശേഷം അല്പസമയം മൗനമായി ധ്യാനിക്കുന്നു)

സമൂഹപ്രാർത്ഥന:

കാർമ്മി : നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെ നിന്ന് കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെ ആവശ്യം എന്നരുളിച്ചെയ്ത യേശുവേ, രോഗിയായിരിക്കുന്ന ഈ സഹോദരനെ (സഹോദരിയെ) കനിവോടെ കടാക്ഷിക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : എനിക്കു മനസ്സുണ്ട്, നിനക്കു ശുദ്ധിയുണ്ടാകട്ടെ എന്നരുളി ച്ചെയ്തുകൊണ്ട് കുഷ്ഠരോഗിയെ തൊട്ടുസുഖപ്പെടുത്തിയ കർത്താവേ, ഇയാളെ കരുണയോടെ കൈനീട്ടി സുഖപ്പെ ടുത്തണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങളുടെ ബലഹീനതകൾ ഏറ്റെടുക്കുകയും രോഗങ്ങൾ വഹിക്കുകയും ചെയ്ത കർത്താവേ, വേദനകളും ദുഃഖ ങ്ങളും ക്ഷമയോടെ സഹിക്കാൻ ഇയാൾക്കു ശക്തി നല്ക ണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ബലഹീനതയിലാണ് എന്റെ ശക്തി പ്രകടമാകുന്നത് എന്ന രുളിച്ചെയ്ത കർത്താവേ, രോഗത്താലും വേദനയാലും നിരാ ശനാകാതെ അങ്ങിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് ശക്തി യാർജ്ജിക്കാൻ ഇയാളെ അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ........................

കാർമ്മി : ഞങ്ങൾക്കു സൗഖ്യം നല്കുന്നതിനായി മുറിവേല്ക്കുകയും ജീവൻ നല്കുന്നതിനായി കുരിശിൽ മരിക്കുകയും ചെയ്ത യേശുനാഥാ, അങ്ങയുടെ പീഡാസഹനത്തോടെ ചേർത്തു കൊണ്ട് ഞങ്ങളുടെ സഹനത്തെ രക്ഷാകരമാക്കി മാറ്റുവാൻ ഞങ്ങളെല്ലാവരെയും അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : പിതാവേ, എന്റെ ഇഷ്ടമല്ല അവിടുത്തെ ഇഷ്ടം നിറവേ റട്ടെ എന്നു പ്രാർത്ഥിച്ച യേശുനാഥാ, സന്തോഷത്തിലും ആരോഗ്യത്തിലും മാത്രമല്ല രോഗത്തിലും ദുഃഖത്തിലും പിതാവിന്റെ തിരുവിഷ്ടത്തിന് പൂർണ്ണമനസ്സോടെ കീഴ്വഴ ങ്ങുവാൻ ഞങ്ങളെ ഓരോരുത്തരേയും ശക്തിപ്പെടുത്ത ണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : നമുക്ക് പ്രാർത്ഥിക്കാം: രോഗികളെ സുഖപ്പെടുത്തുന്നവനും ബലഹീനരെ ശക്തിപ്പെടുത്തുന്നവനുമായ കർത്താവേ, ഞങ്ങളുടെ ഈ സഹോദരനെ കൃപയോടെ കടാക്ഷിക്കണമേ. സഭയാകുന്ന തന്റെ ശരീരത്തിനുവേണ്ടി ക്രിസ്തുനാഥൻ സഹിച്ച പീഡകളോടു ചേർത്ത് ഈ സഹോദരന്റെ വേദനകളും ക്ലേശങ്ങളും ഇയാളുടെയും ലോകംമുഴുവന്റെയും വിശുദ്ധീകരണത്തിനായി കരുണാപൂർവ്വം സ്വീകരിക്കണമേ. കരയുന്നവരുടെ കണ്ണീരൊപ്പുന്ന കരുണയുള്ള കർത്താവേ, അങ്ങയുടെ ആത്മാവിനെ അയച്ച് ഇയാളെ ആശ്വസിപ്പിക്കണമേ. പൈതൃകമായ വാത്സല്യത്തോടെ അങ്ങുനല്കുന്ന നിത്യജീവനിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് വേദനകളും ദുഃഖങ്ങളും ക്ഷമയോടെ സഹിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. ജീവദായകമായ അങ്ങയുടെ കരസ്പർശത്താൽ ഇയാൾക്ക് ആത്മീയവും ശാരീരികവുമായ സൗഖ്യം പ്രദാനം ചെയ്യണമേ. അങ്ങയുടെ തിരുവിഷ്ടം പൂർണ്ണമായി നിറവേറ്റിയ പരിശുദ്ധ കന്യകാമറിയത്തിന്റെയും സകല വിശുദ്ധരുടെയും മാതൃകയും പ്രാർത്ഥനയും ഞങ്ങൾക്കു സഹായകമാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ.

ഗാനം : യേശു വിളിക്കുന്നു.

(രോഗമോ വാർദ്ധക്യമോ മൂലം കിടപ്പിലാകുന്നവർക്കും മനഃക്ലേശമനുഭവിക്കുന്നവർക്കും പ്രത്യാശ നല്കുന്ന ചില ബൈബിൾ ഭാഗങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

നിയമാവർത്തനം 7 : 6-11; 10 : 12-22; 2 രാജാക്കന്മാർ 20 : 1-6; ഏശയ്യാ 38 : 1-22; 40 മുതൽ 55 വരെ അധ്യായങ്ങൾ. ജറെമിയാ 10 : 19-25; ഹോസിയാ 6 : 1-6; യോനാ 2 : 1-10; മിക്കാ 7 : 8-20; ഹബക്കുക്ക് 3 : 1-19; സങ്കീർത്തനം 6 : 13; 22; 23; 25; 28;31; 38; 51; 63; 69; 71; 77; 86; 102; 103; 130; 142; മത്തായി 8 : 14-17; 11 : 25-30; 25 : 1-46; മർക്കോസ് 1 : 40-45; 5 : 21-43; 8 : 1-10; ലൂക്കാ 7 : 1-17; 12 : 22-48; 15 : 1-32; 22 : 39-44; 24 : 13-35; യോഹന്നാൻ 14 മുതൽ 17 വരെ അധ്യായങ്ങൾ. അപ്പസ്തോലപ്രവർത്തനങ്ങൾ 10 : 34-43; 28 : 7-10; റോമാ 8 : 1-39; 2 കോറിന്തോസ് 4 : 7-18; 5 : 1-10; 12 : 7-10; ഗലാത്തിയർ 2 : 15-21; ഫിലിപ്പിയർ 3 : 7-21; 4 : 4-9; 4 : 13-20; യാക്കോബ് 5 : 13-18; 1 പത്രോസ് 4 : 12-19; 1 യോഹന്നാൻ 3 : 1-3; 4 : 7-21; 5 : 13-15; വെളിപാട് 7 : 9-17; 21 : 1-22; 13.)

# ചരമവാർഷികം

(കുടുംബാംഗങ്ങളെല്ലാം വിശുദ്ധ കുർബാനയിൽ സംബന്ധിച്ച്, ശവകുടീരം സന്ദർശിച്ചും പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നത് അഭികാമ്യമാണ്. കഴിവനുസരിച്ച് അന്നേ ദിവസം പാവപ്പെട്ടവർക്ക് ദാനധർമ്മം നല്കുന്നതും നന്നായിരിക്കും. "ചാത്തം" നടത്തുന്നെങ്കിൽ ഭക്ഷണത്തിനുമുമ്പോ, ഇല്ലെങ്കിൽ സന്ധ്യാപ്രാർത്ഥനയക്കുശേഷമോ, ഈ ബൈബിൾ ശുശ്രൂഷ നടത്താവുന്നതാണ്)

ഗാനം : ആഴങ്ങൾ തേടുന്ന ദൈവം ....................

കാർമ്മി : പിതാവിന്റെയും ......................

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ....................... (എല്ലാരും ഒരുമിച്ച് ചൊല്ലുന്നു)

കാർമ്മി : സ്രഷ്ടാവും ജീവദായകനുമായ ദൈവമേ, അപരിമേയമായ അങ്ങയുടെ പരിപാലനയെ ഞങ്ങൾ സ്തുതിക്കുന്നു. അലംഘനീയമായ അവിടുത്തെ കല്പനയനുസരിച്ച് മരണംവഴി ഞങ്ങളിൽനിന്നു വേർപെട്ടുപോയ സഹോദരന്റെ (സഹോദരിയുടെ) ഓർമ്മയാചരിക്കാനായി അങ്ങേ സന്നിധിയിൽ സമ്മേളിച്ചിരിക്കുന്ന ഈ കുടുംബത്തെ കരുണയോടെ കടാക്ഷിക്കണമേ. അവിടുത്തെ വചനം സ്വീകരിക്കാൻ ഞങ്ങളുടെ ഹൃദയത്തെ ഒരുക്കമുള്ളതാക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

വി. പൗലോസ്ശ്ലീഹാ തെസലോണിക്കാക്കാർക്കെഴുതിയ ഒന്നാം ലേഖനം 4 : 13-18

*നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും.*

സങ്കീർത്തനം : 51 : 1-12

പ്രതിവചനം : അങ്ങയുടെ സന്തോഷം ഞങ്ങൾക്കു തരണമേ.

വി. മത്തായി എഴുതിയ സുവിശേഷം 25 : 31-45

*എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ വരുവിൻ.*

കാർമ്മി : നമുക്കെല്ലാവർക്കും പുനരുത്ഥാനത്തിലുള്ള പ്രതീക്ഷയോടെ, കർത്താവേ അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്ന എന്ന

പേക്ഷിക്കാം.

സമൂഹം : കർത്താവേ, അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

കാർമ്മി : മാമ്മോദീസാവഴി മിശിഹായുടെ മൗതികശരീരത്തിലെ അംഗമാവുകയും ക്രിസ്തുനാഥന്റെ തിരുശരീരരക്തങ്ങൾവഴി പരിപോഷിപ്പിക്കപ്പെടുകയും ചെയ്ത ഇയാളെ നിത്യജീവൻ നൽകി അനുഗ്രഹിക്കണമെന്ന്.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങളുടെ ഈ സഹോദരന്റെ (സഹോദരിയുടെ) പാപങ്ങൾ പരിഗണിക്കാതെ അങ്ങേ തിരുക്കുമാരന്റെ യോഗ്യതകളെയും ഇയാൾ ചെയ്തിട്ടുള്ള കാരുണ്യപ്രവൃത്തികളെയും പ്രതി ഇയാളെ നിത്യ സൗഭാഗ്യത്തിൽ ചേർക്കണമെന്ന്.

സമൂഹം : കർത്താവേ.........................

കാർമ്മി : അങ്ങയുടെ നാമത്തിൽ ഒരുമിച്ചു കൂടിയിരിക്കുന്ന ഈ കുടുംബാംഗങ്ങളെ അവിടുത്തെ സ്നേഹത്തിന്റെ ഐക്യത്തിൽ വളർത്തണമെന്ന്.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന ദാനങ്ങൾ ആവശ്യമനുഭവിക്കുന്ന സഹോദരങ്ങളുമായി പങ്കുവയ്ക്കുന്നതിനും അങ്ങനെ അന്തിമദിനത്തിൽ നീതിമാന്മാരോടൊപ്പം അവിടുത്തെ വലതുഭാഗത്തു നില്ക്കുന്നതിനും ഞങ്ങളേവരെയും അനുഗ്രഹിക്കണമെന്ന്.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങളുടെ സഹോദരൻ(സഹോദരി)വഴി അങ്ങ് ഞങ്ങൾക്ക് നൽകിയിട്ടുള്ള നിരവധിയായ ദാനങ്ങളെ ഓർത്ത്.

സമൂഹം : കർത്താവേ, അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു.

(ഓരോരുത്തരും പരേതൻവഴി തങ്ങൾക്കു ലഭിച്ച നന്മകൾ മൗനമായോ പരസ്യമായോ ഏറ്റുപറഞ്ഞ് കർത്താവിന് കൃതജ്ഞതയർപ്പിക്കുന്നു)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം: കർത്താവായ ദൈവമേ, ഈ ജീവിതത്തിന്റെ അഴകും സമ്പത്തുമെല്ലാം താല്ക്കാലികമാണെന്ന്

ഞങ്ങൾ അറിയുന്നു. അങ്ങുമാത്രം മാറ്റമില്ലാത്തവനായി നിത്യപ്രഭയിൽ എന്നും വിരാജിക്കുന്നു. അങ്ങേ വചനവും പരിപാലനയും ശാശ്വതമാകുന്നു. അങ്ങിൽ വിശ്വസിച്ചു കൊണ്ട് ഈ ലോകത്തോടു വിടപറഞ്ഞ ഞങ്ങളുടെ സഹോദരനെ (സഹോദരിയെ) കരുണയോടെ കടാക്ഷിക്കണമേ. അചഞ്ചലമായ അങ്ങയുടെ സ്നേഹത്തിൽ ആശ്രയിച്ചു കൊണ്ട് അവിടുത്തെ വചനം അനുസരിച്ചു ജീവിക്കുന്നതിനും ഞങ്ങളുടെ ചുറ്റുമുള്ള പാവപ്പെട്ടവരിൽ അങ്ങയെ കണ്ട് അവർക്കു സേവനമനുഷ്ഠിക്കുന്നതിനും അനശ്വരമായ സ്വർഗ്ഗഭാഗ്യത്തിൽ എത്തിച്ചേർന്ന് അങ്ങയെ സ്തുതിക്കുന്നതിനും ഞങ്ങളെ എല്ലാവരെയും അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

(ഉചിതമായ ഏതെങ്കിലും ഒരു ഗാനത്തോടെ പ്രാർത്ഥന സമാപിക്കുന്നു).

## മരിച്ചയാളിന്റെ വീട്ടിൽ

കാർമ്മി : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ....................... (എല്ലാരുംകൂടി ചൊല്ലുന്നു)

കാർമ്മി : നമുക്കുപ്രാർത്ഥിക്കാം: കാരുണ്യവാനായ കർത്താവേ, കരയുന്നവരെ ആശ്വസിപ്പിക്കുന്ന ദയാനിധിയായ ദൈവമേ, മണ്ണിൽനിന്നു മനുഷ്യനെ സൃഷ്ടിക്കുകയും മണ്ണിലേക്കു തന്നെ മടക്കി അയക്കുകയും പുതുജീവൻ നല്കി ഉയിർപ്പിക്കുകയും ചെയ്യുന്ന അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. മനുഷ്യബുദ്ധിക്കഗ്രാഹ്യമായ അങ്ങയുടെ പരിപാലനയെ ഞങ്ങൾ വാഴ്ത്തുന്നു. അലംഘനീയമായ അങ്ങയുടെ ആജ്ഞയനുസരിച്ച് ഞങ്ങളിൽനിന്നു വേർപെട്ടുപോയ ഈ ആൾക്കുവേണ്ടി ഞങ്ങൾ നടത്തുന്ന പ്രാർത്ഥനാ ശുശ്രൂഷയിൽ അവിടുന്നു സംപ്രീതനാകണമേ. അവിടുത്തെ തിരുവചനത്തിൽനിന്നു ശക്തിയും പ്രത്യാശയും ഉൾക്കൊള്ളാൻ

ഞങ്ങളുടെ ഹൃദയങ്ങളെ ഒരുക്കണമേ. അങ്ങയെ സ്നേഹിക്കുന്നവർക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്ന നിത്യഭാഗ്യത്തിലേക്ക് ഞങ്ങളുടെ കണ്ണുകളെയും കാതുകളെയും തുറന്നുതരണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

വായനകൾ-പ്രതിവചന സങ്കീർത്തനങ്ങൾ (പേജ് .......... കാണുക)

മധ്യസ്ഥ പ്രാർത്ഥന:

കാർമ്മി : നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടുംകൂടെ നിന്ന് കർത്താവേ, ഈ ആത്മാവിനോടു കരുണതോന്നണമേ എന്നു പ്രാർത്ഥിക്കാം.

സമൂഹം : കർത്താവേ, ഈ ആത്മാവിനോടു കരുണതോന്നണമേ.

കാർമ്മി : അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കുകയും അതുല്യമായ കൃപയാൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്ത കാരുണ്യവാനായ ദൈവമേ, ഈ ലോകം വിട്ടുപുറപ്പെടുന്ന ഈ ആത്മാവിനെ നിത്യാനന്ദത്തിന്റെ തുറമുഖത്ത് സുരക്ഷിതമായി എത്തിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ഗാഗുൽത്തായിൽ അമൂല്യമായ രക്തം ചിന്തി ഞങ്ങളെ രക്ഷിച്ച കർത്താവായ യേശുവേ, പാപങ്ങൾ ക്ഷമിച്ച് ഇയാളെ ശുദ്ധീകരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ഇന്ന് നീ എന്നോടുകൂടി പറുദീസായിലായിരിക്കുമെന്ന് അനുതപിച്ച കള്ളനോട് അരുളിച്ചെയ്ത കർത്താവേ, മാനുഷിക ബലഹീനതകൾമൂലം ഇയാൾ ചെയ്തുപോയ പാപങ്ങൾ പരിഗണിക്കാതെ കരുണാപൂർവ്വം ഇയാളെ കടാക്ഷിച്ച് നിത്യഭാഗ്യത്തിൽ ചേർക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : തിരുവുത്ഥാനംവഴി മനുഷ്യവർഗ്ഗത്തിനു പ്രത്യാശ പ്രദാനം ചെയ്ത മിശിഹായേ, വിധി ദിവസത്തിൽ നീതിമാന്മാരോ

ടൊപ്പം ഇയാളെ നിന്റെ വലതുഭാഗത്തുനിർത്തുകയും നിന്റെ മഹത്വത്തിന്റെ പ്രഭയാൽ പ്രകാശിപ്പിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ദുഃഖിതരെ ആശ്വസിപ്പിക്കുന്ന കർത്താവേ, ഈയാളിന്റെ വേർപാടിൽ വിലപിക്കുന്ന ബന്ധുമിത്രാദികളുടെ കണ്ണീർ തുടയ്ക്കുകയും പുനരുത്ഥാനത്തിന്റെ പ്രത്യാശയിൽ അവരെ ആശ്വസിപ്പിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

സമാപനപ്രാർത്ഥന

കാർമ്മി : താഴ്മയുള്ളവരുടെ ദൈവവും ഞെരുക്കമനുഭവിക്കുന്നവരുടെ സഹായകനും നിരാശരുടെ പ്രത്യാശയുമായ ദൈവമേ, അങ്ങേ സ്വന്തജനമായ ഞങ്ങളിൽനിന്നു മുഖം തിരിക്കരുതേ. വിശുദ്ധ കുരിശാൽ രക്ഷിക്കപ്പെടുകയും മിശിഹായുടെ തിരുശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുകയും ചെയ്ത ഇയാളെ കരുണയോടെ കടാക്ഷിക്കണമേ. അങ്ങിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് ഈ ലോകം വിട്ട് യാത്രയായിരിക്കുന്ന ഇയാളെ നിത്യഭാഗ്യത്തിന്റെ വസതിയിലേക്കു പ്രവേശിപ്പിക്കണമേ. അവിടെ ഇയാൾ പരിശുദ്ധകന്യകാമറിയത്തോടും സകല വിശുദ്ധരോടുമൊപ്പം അങ്ങേയ്ക്ക് അനവരതം സ്തുതി പാടുവാൻ ഇടയാകട്ടെ. ഒരിക്കൽ ഞങ്ങളും ഇയാളോടൊപ്പം സ്വർഗ്ഗീയ വസതിയിൽ അങ്ങേ തിരുമുഖം ദർശിക്കാൻ കൃപചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ.

## അനുദിന പ്രാർത്ഥനകൾ

(ജപമാലയ്ക്കുശേഷം ഉചിതമായ ഏതെങ്കിലും ഒരു ഗാനത്തോടെ ആരംഭിക്കുന്നു)

കാർമ്മി : സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കുകയും നീതിയാൽ മര

ണവിധേയരാക്കുകയും ദയാധിക്യത്താൽ ഉയിർപ്പിക്കുകയും ചെയ്യുന്ന ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നു. മരണംവഴി ഞങ്ങളിൽനിന്നു വേർപെട്ടുപോയ ഞങ്ങളുടെ ബന്ധുമിത്രാദികൾക്കുവേണ്ടി ഞങ്ങളർപ്പിക്കുന്ന ഈ പ്രാർത്ഥന കനിവോടെ കൈക്കൊള്ളണമേ. മരണത്തെയും നിത്യജീവിതത്തെയും മുന്നിൽ കണ്ടുകൊണ്ട് ഞങ്ങളുടെ അനുദിനജീവിതത്തെ ക്രമപ്പെടുത്താൻ അവിടുന്നു ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ തിരുവചനത്താൽ നീതിയുടെ മാർഗ്ഗം ഞങ്ങളെ പഠിപ്പിക്കുകയും സ്വർഗ്ഗഭാഗ്യത്തിലുള്ള പ്രത്യാശ ഞങ്ങളിൽ ഉറപ്പിക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന, പ്രതിവചന സങ്കീർത്തനം, രണ്ടാം വായന, ദിവസത്തിന്റേതു കാണുക.

മധ്യസ്ഥ പ്രാർത്ഥന:

കാർമ്മി : നമുക്കെല്ലാവർക്കും പുനരുത്ഥാനത്തിലുള്ള പ്രതീക്ഷയോടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : കാരുണ്യവാനായ ദൈവമേ, ഞങ്ങളുടെ പരേതരായ സഹോദരങ്ങളെ, മാനുഷിക ബലഹീനതകൾമൂലം അവർ ചെയ്തുപോയ പാപങ്ങളിൽനിന്നു ശുദ്ധീകരിച്ച് നിത്യസൗഭാഗ്യത്തിൽ ചേർക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ഇന്നു നീ എന്നോടുകൂടി പറുദീസായിൽ ആയിരിക്കുമെന്ന് അങ്ങ് നല്ല കള്ളനോട് അരുളിച്ചെയ്തവാക്കുകൾ കേൾക്കാൻ ഞങ്ങൾക്കും ഇടയാക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : എളിയ സഹോദരങ്ങൾക്കുവേണ്ടി ചെയ്യുന്ന പ്രവൃത്തികൾ

അങ്ങേയ്ക്കു ചെയ്തതായി സ്വീകരിക്കുന്ന കർത്താവേ, ഞങ്ങളുടെ ചുറ്റുമുള്ള അവശതയനുഭവിക്കുന്ന സഹോദര ങ്ങളിൽ അങ്ങയെകണ്ട് അവർക്കു സേവനമനുഷ്ഠിച്ചുകൊണ്ട് അന്തിമ വിധിയിൽ അങ്ങയുടെ വലതുഭാഗത്ത് നില്ക്കാൻ വരം തരണമേയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : മാമ്മോദീസാവഴി അങ്ങയുടെ മരണത്തിലും ഉത്ഥാന ത്തിലും ഞങ്ങളെ പങ്കുകാരാക്കിയ കർത്താവേ, അങ്ങേ പ്രമാണങ്ങളനുസരിച്ച് ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്ക ണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ലാസറിന്റെ കബറിടത്തിൽ കണ്ണീർ ചിന്തിയ കർത്താവേ, കരയുന്നവരുടെ കണ്ണീർ തുടച്ച് അവരെ ആശ്വസിപ്പിക്കണ മെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങളുടെ അനുദിനജീവിതത്തിലെ രോഗങ്ങളും ക്ലേശ ങ്ങളും നിത്യജീവനിലുള്ള പ്രത്യാശയോടെ സഹിക്കാൻ ഞങ്ങൾക്കുശക്തി നൽകണമേയെന്ന് ഞങ്ങൾ പ്രാർത്ഥി ക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : സഭയേയും രാഷ്ട്രത്തേയും നയിക്കാൻ നിയുക്തരായിരി ക്കുന്ന അധികാരികളെ അങ്ങയുടെ ചൈതന്യത്താൽ നിറ യ്ക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ധനമോഹം, സുഖലോലുപത, മദ്യാസക്തി മുതലായവയാൽ മനസ്സു ദുർബ്ബലമാകാതെ, അങ്ങയുടെ മുമ്പിൽ പ്രത്യക്ഷ പ്പെടാൻ സദാ ഒരുങ്ങിയിരിക്കുന്നതിനുവേണ്ട അനുഗ്രഹം നൽകണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.........................

സമാപനപ്രാർത്ഥന

കാർമ്മി : അങ്ങേ തിരുക്കുമാരന്റെ കുരിശുമരണത്തിലൂടെ ഞങ്ങളുടെ പാപങ്ങൾ മോചിക്കുകയും അവന്റെ ഉത്ഥാനത്തിലൂടെ ഞങ്ങൾക്ക് ദൈവികജീവൻ നല്കുകയും ചെയ്ത കാരുണ്യവാനായ ദൈവമേ, മരിച്ചവരെ ദയാപൂർവ്വം ഉയിർപ്പിക്കണമേ. ഞങ്ങൾ ലോകത്തിനു മരിച്ചവരാണെന്നും ഞങ്ങളുടെ ജീവൻ മിശിഹായിലാണെന്നുമുള്ള ഓർമ്മ ഞങ്ങളിൽ നിലനിർത്തണമേ. ഈ ലോകത്തിലെ ക്ലേശങ്ങളെ അതിശയിക്കുന്ന സ്വർഗ്ഗഭാഗ്യത്തിലെത്തിച്ചേരുന്നതിന് ഈ ജീവിതം നേരായ മാർഗ്ഗത്തിലൂടെ നയിക്കാൻ ഞങ്ങൾക്ക് കൃപചെയ്യണമേ. പരിശുദ്ധ കന്യകാമറിയത്തിന്റെയും സകല വിശുദ്ധരുടെയും മാതൃകയും മാധ്യസ്ഥതയും ഞങ്ങൾക്കു സഹായകമാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ.

(ഉചിതമായ ഒരു ഗാനത്തോടെ പ്രാർത്ഥന സമാപിക്കുന്നു)

# വായനകൾ

## I

1. പ്രഭാഷകന്റെ പുസ്തകത്തിൽനിന്നുള്ള വായന. അധ്യായം 38: 16 മുതൽ 23 വരെയുള്ള തിരുവചനങ്ങൾ.

*മരിച്ചവരെ ഓർത്ത് വിലപിക്കുക; എന്നാൽ, നിന്റെ ഹൃദയം ദുഃഖത്തിനധീനമാകരുത്.*

സങ്കീർത്തനം : 6 : 1–10

(സമൂഹം രണ്ടുഗണമായി സങ്കീർത്തനത്തിന്റെ ഓരോ പാദങ്ങൾ മാറി മാറി ചൊല്ലുന്നു. അല്ലെങ്കിൽ ഒരാൾ സങ്കീർത്തനത്തിന്റെ ഓരോ വാക്യം വായിച്ചു കഴിയുമ്പോൾ സമൂഹം മുഴുവൻ പ്രതിവചനം ഏറ്റു ചൊല്ലുന്നു).

പ്രതിവചനം : കർത്താവേ, എന്നോടു കരുണതോന്നണമേ.

വി. മർക്കോസ് എഴുതിയ സുവിശേഷം അധ്യായം 5, 35 മുതൽ 42 വരെയുള്ള തിരുവചനങ്ങൾ

*കരയേണ്ട, അവൾ ഉറങ്ങുകയാണ്.*

2. ഉൽപത്തി പുസ്തകത്തിൽനിന്നുള്ള വായന 3 : 1–9

*നീ പൊടിയാണ്, പൊടിയിലേക്കു മടങ്ങുകയും ചെയ്യും.*

സങ്കീർത്തനം : 51 : 1–19

പ്രതിവചനം : കർത്താവേ, എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ.

വി. ലൂക്കാ എഴുതിയ സുവിശേഷം 7 : 36–50.

*നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു.*
*സമാധാനത്തോടെ പോവുക.*

3. ജോബിന്റെ പുസ്തകത്തിൽനിന്നുള്ള വായന 19 : 23–27

*എന്റെ ചർമ്മം അഴുകി ഇല്ലാതായാലും ഞാൻ ദൈവത്തെ കാണും.*

സങ്കീർത്തനം : 116 : 1–9

പ്രതിവചനം : ജീവിക്കുന്നവരുടെ നാട്ടിൽ ഞാൻ കർത്താവിന്റെ മുമ്പിൽ വ്യാപരിക്കും.

വി. യോഹന്നാൻ എഴുതിയ സുവിശേഷം 6 : 34–59.

*വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്.*

II

4. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 38 : 9–22

*ഹെസെക്കിയായുടെ വിലാപം. ജീവനുള്ളവരുടെ നാട്ടിൽ ഞാൻ ഇനി കർത്താവിനെ ദർശിക്കുകയില്ല.*

സങ്കീർത്തനം : 27 : 1–4

പ്രതിവചനം : കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്.

വി. ലൂക്കാ എഴുതിയ സുവിശേഷം 7 : 11–17.

*മനസ്സലിഞ്ഞ് കർത്താവ് അവളോടു പറഞ്ഞു: കരയേണ്ട.*

5. വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതീയ ലേഖനം 5 : 12–21

*ആദംമൂലം പാപവും മരണവും, യേശുക്രിസ്തുവിലൂടെ നീതീകരണവും നിത്യജീവനും*

സങ്കീർത്തനം : 39 : 1–13

പ്രതിവചനം : മനുഷ്യജീവിതം നിഴൽപോലെ കടന്നുപോകുന്നു.

വി. മർക്കോസ് എഴുതിയ സുവിശേഷം 2 : 1–12.

*പാപങ്ങൾ ക്ഷമിക്കാൻ മനുഷ്യപുത്രന് അധികാരമുണ്ട്.*

6. മക്കബായരുടെ രണ്ടാം പുസ്തകത്തിൽനിന്നുള്ള വായന 7 : 7–29

*പ്രപഞ്ചത്തിന്റെ അധിപൻ ഞങ്ങളെ നിത്യജീവനിലേക്ക് ഉയിർപ്പിക്കും.*

സങ്കീർത്തനം : 85 : 1–13

പ്രതിവചനം : രക്ഷകനായ ദൈവമേ ഞങ്ങളെ പുനരുദ്ധരിക്കണമേ.

വി. യോഹന്നാൻ എഴുതിയ സുവിശേഷം 5 : 19–29.

*എന്നിൽ വിശ്വസിക്കുന്നവൻ മരണത്തിൽനിന്ന് നിത്യജീവനിലേക്ക് കടന്നിരിക്കുന്നു.*

III

7. ജോബിന്റെ പുസ്തകത്തിൽനിന്നുള്ള വായന 14 : 7–22

*മരിച്ച മനുഷ്യൻ വീണ്ടും ജീവിക്കുമോ?*

സങ്കീർത്തനം : 6 : 1–10

പ്രതിവചനം : കർത്താവേ എന്റെ ജീവൻ രക്ഷിക്കാൻ വരണമേ.

വി. യോഹന്നാൻ എഴുതിയ സുവിശേഷം 11 : 17–44.

*വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും.*

8. എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 36: 22–28

*നിങ്ങളുടെ എല്ലാ മാലിന്യങ്ങളിൽനിന്നും നിങ്ങൾ ശുദ്ധീകരിക്കപ്പെടും.*

സങ്കീർത്തനം : 32 : 1–11

പ്രതിവചനം : എന്റെ പാപങ്ങൾ കർത്താവിനോട് ഞാൻ ഏറ്റുപറയുന്നു.

വി. യോഹന്നാൻ എഴുതിയ സുവിശേഷം 8 : 1–11.

*ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊള്ളുക, മേലിൽ പാപം ചെയ്യരുത്.*

9. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 26 : 12–19

*അങ്ങയുടെ മരിച്ചവർ ജീവിക്കും, അവരുടെ ശരീരം ഉയിർത്തെഴുന്നേൽക്കും.*

സങ്കീർത്തനം : 9 : 9–20

പ്രതിവചനം : മരണത്തിൽനിന്നു രക്ഷിക്കുന്നവനേ, എന്നോടു കരുണ കാട്ടണമേ.

വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം

15 : 12-28.

*ആദത്തിൽ എല്ലാവരും മരണാധീനരാകുന്നതുപോലെ, ക്രിസ്തുവിൽ എല്ലാവരും പുനർജ്ജീവിക്കും.*

### IV

10. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 49 : 8-21

*ഇതാ നിന്നെ ഞാൻ എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു.*

സങ്കീർത്തനം : 91 : 1-16

പ്രതിവചനം : കർത്താവ് തന്റെ ചിറകുകളുടെ കീഴിൽ നിന്നെ കാത്തു കൊള്ളും.

വി. മത്തായി എഴുതിയ സുവിശേഷം 11 : 25-30.

*എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.*

11. മക്കബായരുടെ രണ്ടാം പുസ്തകത്തിൽനിന്നുള്ള വായന 12 : 38-45

*മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിനായി അവർക്കുവേണ്ടി പ്രാർത്ഥിക്കുക.*

സങ്കീർത്തനം : 86 : 1-17

പ്രതിവചനം : കർത്താവേ, അങ്ങിൽ ആശ്രയിക്കുന്നവരെ രക്ഷിക്കണമേ.

വി. മത്തായി എഴുതിയ സുവിശേഷം 9 : 18-26.

*നീ അവളുടെമേൽ കൈവയ്ക്കുക, അവൾ ജീവിക്കും.*

12. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 35 : 1-10

*ധൈര്യമായിരിക്കുവിൻ; ഇതാ നിങ്ങളുടെ ദൈവം വരുന്നു.*

സങ്കീർത്തനം : 65 : 1-13

പ്രതിവചനം : കർത്താവിന്റെ നന്മകൊണ്ട് ഞങ്ങൾ സംതൃപ്തരാകും

വി. ലൂക്കാ എഴുതിയ സുവിശേഷം 13 : 22-30.

*ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുന്നവർ ദൈവരാജ്യത്തിൽ വിരുന്നിനിരിക്കും.*

### V

13. ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 7: 9-14

*വാനമേഘങ്ങളിൽ വരുന്ന മനുഷ്യപുത്രൻ*

സങ്കീർത്തനം : 16 : 1–11

പ്രതിവചനം : കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും.

വി. പൗലോസ് ശ്ലീഹാ തിമോത്തേയോസിനെഴുതിയ രണ്ടാം ലേഖനം 4 : 1–8.

*എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു.*

14. വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം 8 : 12–25

*വെളിപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണ്.*

സങ്കീർത്തനം : 25 : 1–22

പ്രതിവചനം : കർത്താവേ, എന്റെ പാപങ്ങൾ പൊറുക്കണമേ.

വി. ലൂക്കാ എഴുതിയ സുവിശേഷം 23 : 32–43.

*നീ ഇന്ന് എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും.*

15. എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 37 : 1–14

*ഞാൻ കല്ലറകൾ തുറന്ന് നിങ്ങളെ ഉയർത്തും.*

സങ്കീർത്തനം : 42 : 1–11

പ്രതിവചനം : കർത്താവേ, എന്റെ ഹൃദയം അങ്ങേക്കായി ദാഹിക്കുന്നു.

വെളിപാട് പുസ്തകത്തിൽനിന്നുള്ള വായന 4 : 1–11.

*അതാ, സ്വർഗത്തിൽ ഒരു സിംഹാസനം ഒരുക്കിയിരിക്കുന്നു.*

16. യോനാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 2 : 1–10

*അങ്ങ് എന്റെ ജീവനെ പാതാളത്തിൽനിന്നു പൊക്കിയെടുത്തു.*

സങ്കീർത്തനം : 142 : 1–7

പ്രതിവചനം : കർത്താവേ, മരണത്തിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനം 4 : 7–5, 10.

*ഞങ്ങളുടെ ക്ലേശങ്ങൾ ക്ഷണികവും നിസ്സാരവുമാണ്. അവയുടെ*

*ഫലമോ അനുപമമായ മഹത്വവും.*

17. ജ്ഞാനത്തിന്റെ പുസ്തകത്തിൽനിന്നുള്ള വായന 3 : 1-9

*ഉലയിൽ സ്വർണ്ണമെന്നപോലെ അവിടുന്ന് അവരെ ശോധനചെയ്തു; ദഹന ബലിയായി സ്വീകരിച്ചു.*

സങ്കീർത്തനം : 46 : 1-10

പ്രതിവചനം : ശാന്തമാവുക, ഞാൻ ദൈവമാണെന്നറിയുക.

വി. യോഹന്നാൻ എഴുതിയ സുവിശേഷം 14 : 1-14.

*ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും.*

18. മിക്കാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 7 : 8-20

*അവിടുന്ന് എന്നെ വെളിച്ചത്തിലേക്കു നയിക്കും; ഞാൻ അവിടുത്തെ രക്ഷ ദർശിക്കും.*

സങ്കീർത്തനം : 130 : 1-8

പ്രതിവചനം : എന്റെ ആത്മാവ് കർത്താവിനെ കാത്തിരിക്കുന്നു.

വെളിപാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന 7 : 9-17.

*ഇനി ഒരിക്കലും അവർക്ക് വിശക്കുകയോ ദാഹിക്കുകയോ ഇല്ല.*

**VII**

19. ജ്ഞാനത്തിന്റെ പുസ്തകത്തിൽനിന്നുള്ള വായന 4 : 7-14

*കറയറ്റ ജീവിതമാണ് പക്വതയാർന്ന വാർദ്ധക്യം*

സങ്കീർത്തനം : 103 : 1-16

പ്രതിവചനം : മനുഷ്യജീവിതം പുല്ക്കൊടിക്കു തുല്യമാകുന്നു.

വി. ലൂക്കാ എഴുതിയ സുവിശേഷം 12 : 13-21.

*മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്.*

20. ഹോസിയാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 14 : 1-9

*ഞാൻ അവരുടെ മുറിവുണക്കും; അവരുടെമേൽ സ്നേഹം ചൊരിയും*

സങ്കീർത്തനം : 31 : 1-16

പ്രതിവചനം : അങ്ങയുടെ അചഞ്ചലമായ സ്നേഹത്തിൽ ഞാൻ ആനന്ദിക്കും.

വി. പൗലോസ് ശ്ലീഹാ റോമാക്കാർക്കെഴുതിയ ലേഖനം 8 : 31-39.

*ദൈവത്തിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താൻ ഒന്നിനും കഴിയുകയില്ല.*

21. ഹബക്കുക്ക് പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 3: 7-19

*എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും.*

സങ്കീർത്തനം : 91 : 1-16

പ്രതിവചനം : കർത്താവ് എന്റെ സങ്കേതവും കോട്ടയുമാകുന്നു.

വി. ലൂക്കാ എഴുതിയ സുവിശേഷം 15 : 11-32.

*ഈ സഹോദരൻ മരിച്ചുപോയിരുന്നു, അവനിപ്പോൾ ജീവിക്കുന്നു.*

**VIII**

22. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 43 : 1-7

*ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു, നീ എന്റേതാണ്.*

സങ്കീർത്തനം : 61 : 1-8

പ്രതിവചനം : ഞാൻ അങ്ങയുടെ കൂടാരത്തിൽ എന്നേക്കും വസിക്കട്ടെ.

വി. മത്തായി എഴുതിയ സുവിശേഷം 14 : 22-33.

*ധൈര്യമായിരിക്കുവിൻ; ഞാനാണ്, ഭയപ്പെടേണ്ട.*

23. വി. പൗലോസ് ശ്ലീഹാ തെസലോണിക്കാക്കാർക്കെഴുതിയ ഒന്നാം ലേഖനം 4 : 13-18

*നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും.*

സങ്കീർത്തനം : 96 : 1-13

പ്രതിവചനം : കർത്താവ് എല്ലാവരെയും നീതിയോടെ വിധിക്കും.

വി. ലൂക്കാ എഴുതിയ സുവിശേഷം 21 : 25-36.

*സദാ പ്രാർത്ഥിച്ചുകൊണ്ട് ജാഗരൂകരായിരിക്കുവിൻ.*

24. ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 65: 17-25

*ഞാൻ സൃഷ്ടിക്കുന്നവയിൽ നിങ്ങൾ നിത്യം സന്തോഷിക്കുവിൻ.*

സങ്കീർത്തനം : 100 : 1-5

പ്രതിവചനം : കർത്താവു നല്ലവനാണ്; അവിടുത്തെ കാരുണ്യം അനന്തമാണ്.

വി. മത്തായി എഴുതിയ സുവിശേഷം 5 : 1-12.

*സന്തോഷിക്കുവിൻ, സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായി രിക്കും.*

## IX

25. ഹോസിയാ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 2 : 14–23

*എന്നേക്കുമായി ഞാൻ നിന്നെ പരിഗ്രഹിക്കും.*

സങ്കീർത്തനം : 77 : 1–20

പ്രതിവചനം : ഞാൻ കർത്താവിന്റെ പ്രവൃത്തികൾ ഓർമ്മിക്കും.

വെളിപാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന 19 : 5–10.

*കുഞ്ഞാടിന്റെ വിരുന്നിനുക്ഷണിക്കപ്പെട്ടവർ ഭാഗ്യവാൻമാർ*

26. എസെക്കിയേൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായന 34 : 11–16

*ഞാൻ തന്നെ എന്റെ ആടുകളെ അന്വേഷിച്ചു കണ്ടുപിടിക്കും.*

സങ്കീർത്തനം : 23 : 1–6

പ്രതിവചനം : കർത്താവ് എന്റെ ഇടയനാകുന്നു, എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.

വി. ലൂക്കാ എഴുതിയ സുവിശേഷം 15 : 1–7.

*കാണാതായ ആടിനെ കണ്ടുകിട്ടുമ്പോൾ അവൻ സന്തോഷിച്ച് അതിനെ തോളിലേറ്റുന്നു.*

27. വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 2 : 6–10

*ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി ഒരുക്കിയിരിക്കുന്നവ കണ്ണുക ണ്ടിട്ടില്ല.*

സങ്കീർത്തനം : 63 : 1–8

പ്രതിവചനം : കർത്താവേ, എന്റെ ഹൃദയം അങ്ങേക്കായി ദാഹി ക്കുന്നു.

വി. യോഹന്നാൻ എഴുതിയ സുവിശേഷം 17 : 20–26.

*ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ അവരും ആയിരിക്കണ മെന്ന് ഞാൻ ആഗ്രഹിക്കുന്നു.*

28. വെളിപാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന 20 : 11–16

*മരിച്ചവർ തങ്ങളുടെ പ്രവൃത്തികൾക്കൊത്തു വിധിക്കപ്പെടും.*

സങ്കീർത്തനം : 98 : 1–9

പ്രതിവചനം : കർത്താവേ, വിധിയുടെ ദിവസത്തിൽ ഞങ്ങളോടു കരുണ തോന്നണമേ.

വി. ലൂക്കാ എഴുതിയ സുവിശേഷം 12 : 35–48.

*ഒരുങ്ങിയിരിക്കുക.*

29. വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 15 : 35–58

*മരിച്ചവർ അക്ഷയരായി ഉയിർക്കും.*

സങ്കീർത്തനം : 30 : 1–12

പ്രതിവചനം : കർത്താവിന്റെ കാരുണ്യം എന്നേക്കും നിലനില്ക്കുന്നു.

വി. ലൂക്കാ എഴുതിയ സുവിശേഷം 24 : 13–35.

*കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു.*

30. വെളിപാടിന്റെ പുസ്തകത്തിൽനിന്നുള്ള വായന 21 : 1–4, 22 : 6–13

*ഇനി മരണം ഉണ്ടായിരിക്കുകയില്ല.*

സങ്കീർത്തനം : 122 : 1–9

പ്രതിവചനം : കർത്താവിന്റെ ആലയത്തിലേക്കു പോകാം എന്ന് അവർ പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

വി. മത്തായി എഴുതിയ സുവിശേഷം 25 : 31–47.

*എന്റെ പിതാവിനാൽ അനുഗൃഹീതരേ വരുവിൻ.*

## ചെറിയ ഒപ്പീസ്

സഹായി: മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി. നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടു കൂടെ.

കാർമ്മി : കരുണയുള്ള കർത്താവേ, കരയുന്നവർ നിന്നെ വിളിക്കുകയും സങ്കടപ്പെടുന്നവർ നിന്നെ ആശ്രയിക്കുകയും ചെയ്യു

ന്നു. നിന്റെ വാഗ്ദാനങ്ങളുടെ പ്രതീക്ഷയാൽ നിന്റെ ദാസരെ ആശ്വസിപ്പിക്കണമേ ജീവന്റേയും മരണത്തിന്റേയും നാഥനും നിത്യപിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേ ശ്വരാ.

സമൂ : ആമ്മേൻ.

1 "എന്റെ കർത്താവേ, നിന്നെ ഞാൻ പ്രകീർത്തിക്കും"

മഹിമയൊടന്തിമ വിധിനാളിൽ
കർത്താവേ, നീയണയുമ്പോൾ
കരുണയൊടെന്നെ നിറുത്തണമേ
നല്ലവരൊത്തു വലംഭാഗേ.

2 "കർത്താവേ, നിന്നെ ഞാൻ ആശ്രയിച്ചു"

കർത്താവേ, നിൻ കുരിശിനെ ഞാ-
നാരാധിച്ചു വണങ്ങുന്നു
അതുതാൻ ഞങ്ങൾക്കുത്ഥാനം
രക്ഷയുമുയിരും നല്കുന്നു.

3 "ആകാശവും ഭൂമിയും നിന്റേതാകുന്നു"

ആകാശവുമീ ഭൂതലവും
താവകമല്ലോ കർത്താവേ,
ജീവിക്കുന്നവനഭയം നീ
നല്കണമേ മൃതനായുസ്സും

4 "അവരാനന്ദകീർത്തനങ്ങൾ പാടും"

മൃതരാം നരരുടെ പാപങ്ങൾ
മായ്ക്കണമേ നിൻ കൃപയാലേ
മാമ്മോദീസാവഴിയങ്ങേ
സുതരാണവരെന്നോർക്കണമേ.

5 "അവന്റെ സന്തോഷത്തിൽ അവരാനന്ദിക്കും"

കർത്താവേ, നിൻ ശോണിതവും
ദിവ്യശരീരവുമറിവോടെ
ഉൾക്കൊണ്ടവരാം നിൻസുതരെ
നിത്യവിരുന്നിൽച്ചേർക്കണമേ.

6 "അവരിലാരും അവശേഷിച്ചില്ല"

മഴപെയ്യുമ്പോൾ വയലുകളിൽ
വിത്തുകൾ പൊട്ടിമുളയ്ക്കുന്നു
കാഹളനാദം കേൾക്കുമ്പോൾ
മൃതരിൽ ജീവനുദിക്കുന്നു.

7 "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി"

ബാവാ പുത്രൻ റൂഹായേ,
മൃതനാമെന്നിൽക്കനിയേണം
ജീവൻനല്കി മഹോന്നതമാം
പ്രഭയുടെ നാട്ടിൽച്ചേർക്കേണം.

8 "ആദിമുതൽ എന്നേയ്ക്കും ആമ്മേൻ"

തെളിവായെന്നുടെ നാഥാ, നിൻ
തിരുമിഴിയെല്ലാം കാണുന്നു
നിരവധിയാമെൻ പാപങ്ങൾ
നിരയായെണ്ണി വിധിക്കല്ലേ.

സഹായി: നമുക്കു പ്രാർത്ഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി : കർത്താവേ, നിന്റെ കരുണ ഞങ്ങളെ അനുഗമിക്കുകയും നിന്റെ ദയാധിക്യം ഞങ്ങൾ പാപങ്ങൾ മായിച്ചുകളയുകയും ചെയ്യുമാറാകട്ടെ. മഹനീയമായ നിന്റെ ത്രിത്വത്തിന്റെ അനുഗ്രഹം ഞങ്ങളെ സഹായിക്കുമാറാകട്ടെ. ജീവന്റെയും മരണത്തിന്റെയും നാഥനും, നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി : കർത്താവേ, നീ ആകാശത്തിലും ഭൂമിയിലും സ്തുത്യർഹനാകുന്നു. ഞങ്ങളുടെ ജീവന്റെ കാരണവും ആത്മാവിന്റെ പ്രത്യാശയും നീയാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ : ആമ്മേൻ

ഉന്നതനൃപനാം മിശിഹാനാഥാ, മൃതരെല്ലാരും

മിന്നിവിളങ്ങും വദനമൊടുണരാൻ വരമരുളേണം
ഉന്നതനൃപനാം...
വിധിയുടെ നാളിൽ വിജയപ്രഭയിൽ വിണ്ടലമെങ്ങും
പൊങ്ങിമുഴങ്ങും കാഹളനാദം പൂജിതമല്ലോ.
ഉന്നതനൃപനാം...
അന്ത്യമെഴാത്തോരവികലമോദം നുകരാൻ മൃതരെ
മഹിമാവൊഴുകും മണവറയിങ്കൽ ചേർക്കണമീശോ.
ഉന്നതനൃപനാം...

സങ്കീർത്തനം 130 (സമൂഹം രണ്ടുഗണമായി ചൊല്ലുന്നു)

കർത്താവേ, അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി
കർത്താവേ, അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.
കർത്താവേ, എന്റെ ശബ്ദം കേൾക്കണമേ.
എന്റെ പ്രാർത്ഥന ചെവിക്കൊള്ളണമേ.
കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരിക്കുമെങ്കിൽ ആർക്കു രക്ഷയുണ്ടാകും?
എന്തുകൊണ്ടെന്നാൽ പാപമോചനം നിന്റെ പക്കൽനിന്നാകുന്നുവല്ലോ.
കർത്താവിൽ ഞാൻ ശരണപ്പെടുന്നു.
എന്റെ പ്രതീക്ഷ അവന്റെ വാഗ്ദാനത്തിലാകുന്നു.
പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ കർത്താവേ, നിന്നെ ഞാൻ കാത്തിരിക്കുന്നു.
പുലരിയാവാൻ കാത്തിരിക്കുന്ന കാവൽക്കാരെപ്പോലെ ഇസ്രായേലും കർത്താവിനെ കാത്തിരിക്കുന്നു.
എന്തുകൊണ്ടെന്നാൽ അവൻ കരുണയുള്ളവനാകുന്നു.
പൂർണ്ണമായ രക്ഷയും അവന്റെ പക്കലാകുന്നു.
ഇസ്രായേലിനെ അതിന്റെ പാപങ്ങളിൽനിന്നെല്ലാം അവൻ രക്ഷിക്കും.
പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി
ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.
കർത്താവേ, അഗാധത്തിൽനിന്നു നിന്നെ ഞാൻ വിളിക്കുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ, നിന്റെ തിരുനാമത്തിനു സ്തുതി.
നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ

കാർമ്മി : സജീവവും ജീവദായകവുമായ ശബ്ദത്താൽ ലാസറിനെ ഉയിർപ്പിച്ച കർത്താവേ, ആ ശബ്ദം മഹനീയമായ നീതിവിധിയുടെ ദിവസത്തിൽ നിന്റെ ദാസനെ (ദാസിയെ) വിളിക്കുകയും നിന്റെ വലത്തു ഭാഗത്തു നിർത്തുകയും ചെയ്യട്ടെ. പാപങ്ങൾ പൊറുക്കുന്നവനും കരുണനിറഞ്ഞവനും നീതിമാനുമായ വിധി കർത്താവേ, ജീവന്റെയും മരണത്തിന്റെയും നാഥനും നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി : കർത്താവേ, മരിച്ചവരെ നീ കരുണാപൂർവ്വം ജീവിപ്പിക്കണമേ. ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ നീ മഹിമയോടുകൂടെ ഉയിർപ്പിക്കണമേ. ജീവന്റെയും മരണത്തിന്റെയും നാഥനും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ : ആമ്മേൻ. കർത്താവേ, അനുഗ്രഹിക്കണമേ.

കാർമ്മി : സകലത്തിന്റെയും നാഥനും ദൈവവുമായ മിശിഹായേ, നിന്റെ കുരിശിന്റെ അടയാളത്തോടും ദൈവദൂതന്മാരുടെ അകമ്പടിയോടുംകൂടെ വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാവുകയും, സ്വർഗ്ഗരാജ്യത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും, മരിച്ചവർ അക്ഷയരായി കബറിടങ്ങളിൽ നിന്നുയിർക്കുകയും, ദുഷ്ടജനങ്ങൾ നീതിമാന്മാരിൽനിന്നു വേർതിരിക്കപ്പെടുകയും ചെയ്യുന്ന ഭയാനകമായ വിധി ദിവസത്തിൽ, നിന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്കായി ലോകാരംഭം മുതൽ സജ്ജമാക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യത്തിലേയ്ക്കു ഞങ്ങളുടെ ഈ സഹോദരനെ (സഹോദരിയെ) നീ സ്വീകരിക്കണമേ. ഞങ്ങളിലും ഞങ്ങളുടെ സമൂഹത്തിലും നിന്റെ കൃപയും അനുഗ്രഹവും നിരന്തരം വസിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

സമൂ : ആമ്മേൻ.

# ഗാനങ്ങൾ

**1**

1 "ലോകസൃഷ്ടിക്കു മുമ്പുതന്നെയുള്ളവൻ"

ദൃശ്യാദൃശ്യങ്ങൾ സകലം തീർത്തോനേ,
നാഥാ, സകലേശാ,
നിൻ സാദൃശ്യത്തിൽ തീർത്തോരെന്നുടെമേൽ
കൃപ നീ ചിന്തണമേ.

2 "ആദിമുതലന്ത്യംവരെയുള്ളവയെല്ലാം"

എല്ലാമറിയുന്നു ദൈവം മനുജന്റെ
ഗൂഢവിചാരങ്ങൾ
വാക്കും ചെയ്തികളും നിഖിലംമറയെന്യേ
തെളിവായ്ക്കാണുന്നു.

3 "ഹൃദയങ്ങൾ നീ പരിശോധിക്കുന്നു"

സ്ഫുടമായ് നിന്മുമ്പിൽക്കണ്ടു ഭൂവനത്തിൻ
തിന്മകളെല്ലാം നീ
പെരുകീ പാപങ്ങൾ, ഫലമായ് പീഡകളും
തിങ്ങിനിറഞ്ഞല്ലോ.

4 "കോപത്തിൽ ഞങ്ങളെ ശിക്ഷിക്കരുതേ"

ജനനം മുതലെന്നും മനുജൻ പാപത്തിൻ
വഴിയിൽച്ചായുന്നു
കോപംകലരാതെ നാഥാ, കനിവോടെ
തൃക്കൺപാർക്കണമേ.

5 "കണ്ണുനീരുകൊണ്ട് എന്റെ കിടക്ക ഞാൻ നനച്ചു"

നാഥാ, പാപിനിയാം മറിയം മിഴിനീരിൽ
പാദം കഴുകുമ്പോൾ
ഹൃദയം തരളിതമായ് സഹതാപാകുലമായ്
പൊറുതിയവൾക്കരുളി.

6 "കർത്താവേ കാരുണ്യം വർഷിക്കണമേ"

പശ്ചാത്താപത്താലൊഴുകുന്നെൻ കണ്ണീർ

കണ്ടുകനിഞ്ഞാലും
ദൈവാനുഗ്രഹവും കൃപയും ചിരമെന്നിൽ
ചൊരിയണമഖിലേശാ.

7 "നീ എന്നെ സൃഷ്ടിച്ച് എന്റെമേൽ കൈകൾവച്ചു"

തീർത്തുപൊടിയിൽനിന്നാദാമിനെ ദൈവം
ചേർത്തു ജീവനതിൽ;
സ്തുതിതൻ ഗീതങ്ങൾ നിയതം പാടിടുവാൻ
നാവുമവന്നേകി.

8 "വലിയവരും ചെറിയവരും"

അനുതാപാകുലരായണയും പാപികളെ
കൈക്കൊൾവൂ ദൈവം
പശ്ചാത്താപത്തിൻ കണ്ണീർ ചിന്തുകനാം
ദൈവം കൃപചെയ്യും.

9 "രക്ഷകനായ ദൈവമേ ഞങ്ങളെ സഹായിക്കണമേ"

നരനീലോകത്തിൽ ദൈവം തുണയാകാ-
തൊന്നും കഴിവില്ല
നാഥാ, ദുർബലരാം ഞങ്ങൾക്കവശതകൾ
തീർക്കണമനുനിമിഷം.

10 "നിനക്കു ഞാനഭിവാദനമർപ്പിക്കും"

"സ്വസ്തി, ദാവീദിൻപുത്രി" മാലാഖാ
മറിയത്തോടരുളി
കന്യാമാതാവേ, സെഹിയോൻ പുത്രീനിൻ
ധന്യതനിസ്തുലമാം.

11 "കർത്താവിനെ പ്രാർത്ഥിച്ചു ശക്തരാകുവിൻ"

നിറയും മോദമൊടെ വാനിൽ വാണരുളും
പരിശുദ്ധന്മാരേ,
കൃപയും മോചനവും ഞങ്ങൾ നേടിടുവാൻ
നിതരാം പ്രാർത്ഥിപ്പിൻ

## 2

1 വയലിൽപ്പുലരും പുൽക്കൊടിപോലെ
ജീവിതമിളയിൽ
ഓർത്തോർത്തിനിയും നൈരാശ്യമോടെ
വിലപിക്കരുതേ.

2 സ്ഫുടമായ്ക്കേൾക്കാം പുനരുത്ഥാനം
നവജീവിതവും
അറിയിച്ചുയരും സുവിശേഷത്തിൻ
തിരുസന്ദേശം.

3 വാഗ്ദാനങ്ങൾ തിങ്ങിമുഴങ്ങും
കാഹളനാദം
ആകാശത്തിൻ സീമകളെല്ലാം
മുഖരിതമാകും.

4 തിരുലിഖിതങ്ങൾ വായിച്ചവതൻ
വ്യാഖ്യാനങ്ങൾ
ശരിയായ് നല്കാൻ നിങ്ങൾക്കിനിയും
കഴിവില്ലേതും.

5 "സ്ത്രീപുരുഷന്മാരന്തരമിയലാ-
തുത്ഥാനത്തിൽ
സ്വർഗ്ഗം തന്നിൽ ദൂതർകണക്കെ
രാജിക്കുന്നു".

6 മൃതനായ് മിശിഹാ മൂന്നാം ദിവസം
ജീവൻനേടി
ഭീകരമൃതിതൻ ചങ്ങലയേവം
പൊട്ടിനുറുങ്ങി.

7 മൃതിയുടെ കൊടുതാം കോട്ടകളെല്ലാം
തട്ടിനിരത്തി
നാഥൻ നവമായുത്ഥാനത്തിൻ
പാത തുറന്നു.

8 സ്വർഗ്ഗമണഞ്ഞോരജസുതനിനിയും
ജയലാളിതനായ്

വരുമീധരയിൽ കുരിശിൻ പ്രഭയാൽ
പരിവേഷ്ടിതനായ്.

9 ആകാശത്തിൽ ദൂതന്മാരും
ധരമേൽ നരരും
അക്ഷമരായ്നിൻ ആഗമദിവസം
പാർത്തു കഴിപ്പൂ.

10 വീട്ടെജമാനൻ പ്രതിഫലമേകാ
നെത്തും ദിവസം
വേഗം പുലരാൻ ദൃത്യഗണങ്ങൾ
നോക്കിയിരിപ്പൂ.

11 മണവാളൻ വന്നെത്തുന്നേരം
മണവറചേരാൻ
തിരികൾ തെളിച്ചാക്കന്യാമണികൾ
കാത്തു കഴിപ്പൂ.

12 നിശ്ചഞ്ചലരായ് ദൂതന്മാരും
തിരുസന്നിധിയിൽ
ആദരപൂർവ്വം കാഹളമൂതാ-
നണിനില്ക്കുന്നു.

13 'ഓശാന'കളാലെതിരേല്പതിനായ്
പരിശുദ്ധന്മാർ
ആകാശത്തിൻ മണിവാതില്ക്കൽ
നിലകൊള്ളുന്നൂ.

14 മരണത്താലെ വിജയമണിഞ്ഞോ-
രുന്നത നൃപനായ്
പരിമളമുതിരും പുഷ്പകിരീടം
നിർമ്മിക്കുന്നു.

15 സുകൃതസുമങ്ങൾ ചാർത്തിയൊരുങ്ങി
സമലംകൃതരായ്
വരുവിൻ, വരുവിൻ നൃപനേ മുറപോ-
ലെതിരേല്പതിനായ്.

## 3

1 "എന്റെ സഹോദരരേ, ഞാനിപ്പോൾ നിങ്ങളോടു യാത്ര പറയുന്നു; എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ".

വിടവാങ്ങുന്നേൻ നശ്വരമുലകിൽ
വിടുതിയെനിക്കായ് നല്കിയ വസതീ,
പരിശുദ്ധന്മാർ പരമാനന്ദം
നുകരുമിടത്തിൽപ്പോകുന്നൂ ഞാൻ.

2 "അവയെല്ലാം കടന്നുപോകുന്നു"

ശാശ്വതഭാഗ്യം നരനരുളീടാൻ
കഴിവില്ലാത്തോരെൻ പാർപ്പിടമേ,
പ്രഭയുടെ നാട്ടിൽ നിത്യവിരുന്നി-
ന്നണയട്ടെ ഞാൻ - അന്തിമയാത്ര.

3 "എന്നും എന്നേയ്ക്കും"

സഹജന്മാരേ, സ്നേഹിതഗണമേ,
യാത്രയിതാ ഞാൻ ചോദിക്കുന്നു;
നിങ്ങളെനിക്കായ് ചെയ്തതിനെല്ലാം
മിശിഹാനാഥൻ പ്രതിഫലമേകും.

4 "എന്റെ പ്രാർത്ഥന നിന്റെ പക്കലെത്തട്ടെ"

പ്രാർത്ഥിപ്പതിനായ് പരിപാവനമാം
ദൈവികഭവനം പൂകുന്നേരം
സ്നേഹാർദ്രതയാർന്നെൻ പ്രിയജനമേ,
അനുദിനമലിവോടോർക്കണമെന്നെ.

5 "ഭൂമിയിൽ അവർ വിലപിക്കുന്നു"

ആഡംബരവും പ്രൗഢിയുമെല്ലാം
നാശോന്മുഖമായ് നിഷ്പ്രഭമാകും,
പോകുന്നൂ ഞാൻ ലയമിയലാത്തോ-
രുന്നതമോർശ്ലം പ്രാപിപ്പതിനായ്

6 "നീ എന്നും നിലനില്ക്കുന്നു"

പോയ്മറയുന്നീ ക്ഷണഭംഗുരമാം

ലോകവുമതിലെ ജഡികാശകളും
അക്ഷയരാജ്യം നേടാനുതകും
നിക്ഷേപങ്ങൾ കരുതുക നമ്മൾ.

7 "അവനെ തേടി; കണ്ടെത്തിയില്ല"

ദുഷ്ടതകുടിവാണഴുകി നശിക്കും
ലോകമിതെന്നിൽ ഭീതിയുണർത്തി,
ഓടിപ്പോയ് ഞാൻ ജീവൻ പകരും
കുരിശിനെ വിരവോടാശ്ളേഷിച്ചു.

8 "നിന്റെ കരുണ എന്നെ അറിയിക്കണമേ"

"ശാന്തിയിൽ മകളേ, പൊയ്ക്കൊള്ളുക, നിൻ
പാപത്തിനു ഞാൻ മാപ്പേകുന്നു"
പാപിനിയോടായ്ക്കല്പിച്ചതുപോ-
ലെന്നൊടുമിപ്പോൾ കൽപിക്കണമേ.

9 "കാഹളമൂതി അവനെ പുകഴ്ത്തുവിൻ"

ദൂതർ വിളിക്കും കാഹളനാദം
വിധിനാളുയരും മോഹനഗാനം
അതുകേട്ടുണരും മൃതരെല്ലാരും
ത്രിത്വത്തിന്നായ്ക്കീർത്തനമോതും.

10 "സ്വർഗ്ഗം ഭൂമിയിലിറങ്ങി"

ആദത്തിന്നും സന്തതികൾക്കും
പറുദീസായിൽ പുനരധിവാസം
നൽകുന്നതിനായ് സ്വർഗ്ഗം തന്നെ
ഭൂവിലിറങ്ങീ-മഹിതാത്ഭുതമേ!

11 "വിശുദ്ധർക്ക് അന്ധകാരത്തിൽ പ്രകാശമുദിച്ചു"

വിധിയുടെ ദിവസം മിശിഹാരാജൻ
വിണ്ണിൽ വരുമ്പോൾ മൃതരെഴുന്നേല്ക്കും,
ജീവിപ്പവരോ വിസ്മയകരമായ്
രൂപാന്തരവും പ്രാപിച്ചീടും.

12 "നിന്റെ കരുണ ഞങ്ങളെ അനുഗമിക്കട്ടെ"

പരിശുദ്ധന്മാരെതിരേല്പിനുവ-

ന്നംബരമദ്ധ്യേ നിരചേരുന്നു,
സ്നേഹിതരേ, ഞാനവരുടെയണിയിൽ
ചേരുന്നതിനായ് പ്രാർത്ഥിക്കണമേ.

13 "നിന്റെ അരൂപിയെ അയയ്ക്കുക; അവ സൃഷ്ടിക്കപ്പെടും"

മിശിഹാനാഥാ, പാപികളെല്ലാം
നിൻകല്പനയാലുത്ഥിതരായി,
ഇരുളുനിറഞ്ഞോരവനിയിലെങ്ങും
തിരുവുത്ഥാനം ദീപ്തിപരത്തി.

14 "ധനികരും ദരിദ്രരും"

മൃതിയുടെ പൊതുവാം പാതയിലല്ലോ
നീങ്ങുന്നുലകിൽ മാനവരെല്ലാം
ധനികന്മാരും നിസ്സ്വരുമൊപ്പം
പ്രതിഫലമതിനായ് പായുന്നനിശം.

15 "അവൻ ചിറകുവരിച്ചു പറന്നുവന്നു"

ദൈവികദൂതൻ ധരയിലിറങ്ങി
കന്യാംബികതൻ സവിധമണഞ്ഞു
മനുജനുശരണം ശാന്തിയുമരുളും
തിരുസന്ദേശം മേരിക്കേകി.

16 "നീയവർക്കു പാനീയം കൊടുത്തു"

പൈദാഹത്താൽ വലയും ധരതൻ
നീരുറവകളേ, ശ്ലീഹന്മാരേ,
നിങ്ങളണയ്ക്കും പ്രാർത്ഥനയെന്നും
നൽകണമഭയം ഞങ്ങൾക്കുലകിൽ.

**4**

ആഴങ്ങൾ തേടുന്ന ദൈവം,
ആത്മാവെ തേടുന്ന ദൈവം,
ആഴത്തിൽ അനന്തമാം ദൂരത്തിൽ നിന്നെന്റെ
അന്തരംഗം കാണും ദൈവം.

1 കരതെറ്റി കടലാകെ ഇളകുമ്പോൾ ഉഴലുമ്പോൾ
മറപറ്റി അണയുമെൻ ചാരെ,

തകരുന്ന തോണിയും ആഴത്തിൽ താഴാതെ
കരപറ്റാൻ കരം നൽകും ദൈവം.

2 മനംനൊന്തു കണ്ണുനീർ ധാരയായ് തൂകുമ്പോൾ
ഘനമുള്ളെൻ പാപങ്ങൾ മായ്ക്കും,
മനം മാറ്റും ശുദ്ധമായ് ഹിമംപോലെ വെണ്മയായ്
കനിവുള്ളെൻ നിത്യനാം ദൈവം.

3 പതിർമാറ്റി വിളവേല്ക്കാൻ യജമാനനെത്തുമ്പോൾ
കതിർകൂട്ടി വിധിയോതും നേരം
അവനവൻ വിതറുന്ന വിത്തിൻ പ്രതിഫലം
അവനായളന്നീടും ദൈവം.

---

Prepared, printed and published by The Department of Bible Appostolate of the Diocese of Tellicherry. Printed at: IS Press, Cochin-18. Available from: Director, Bible Apostolate, Sandesa Bhavan, Tellicherry - 670 101. Price : Rs. 2.50

# അനുരഞ്ജനം

"അവന്റെ മരണത്തിനു സദൃശമായ
ഒരു മരണത്തിൽ നാം
അവനോട് ഐക്യപ്പെട്ടവരായെങ്കിൽ
അവന്റെ പുനരുത്ഥാനത്തിനു സദൃശമായ
ഒരു പുനരുത്ഥാനത്തിലും നാം
അവനോട് ഐക്യപ്പെട്ടവരായിരിക്കും".

(റോമാ 6: 5)

അനുതാപത്തിലൂടെ അനുരഞ്ജനത്തിലേക്കും
പാപമോചനത്തിലൂടെ നിത്യ ജീവനിലേക്കും
നമ്മെ നയിക്കുന്ന യേശുവിന്റെ പെസഹാരഹസ്യത്തിൽ
സജീവമായി പങ്കുചേരുന്നതിന് ഒരുത്തമ സഹായി

നോമ്പുകാലത്തിന്റെയും ഉയിർപ്പുകാലത്തിന്റെയും
ചൈതന്യം ഉൾക്കൊണ്ട് പ്രാർത്ഥിക്കുന്നതിനും
ജീവിതത്തെ നവീകരിക്കുന്നതിനും സഹായകമായ
ബൈബിൾ വായനകളും പ്രാർത്ഥനകളും

---

ഒരു സന്ദേശം പ്രസിദ്ധീകരണം

# അനുരഞ്ജനം

**ANURANJANAM**
(Malayalam, Prayer Book)

| | | |
|---|---|---|
| Nihil Obstat | : | Fr. Mathew Chalil<br>Censor of Books, Diocese of Tellicherry |
| Imprimatur | : | Mar Sebastian Velloppilly<br>Bishop of Tellicherry |

Prepared, Printed and Published by :
The Department of Bible Apostolate,
Sandesa Bhaven, Tellicherry - 670 101

| | | |
|---|---|---|
| Printed At | : | |
| Type Setting | : | Sc. / St. Co-Operative Press, Tellicherry |
| Offset Printing | : | I. S. Press, Cochin-18 |
| Cover | : | Coronation Arts Crafts, Sivakasi |
| First Published | : | January, 1989 |
| Price | : | Rs. 5.00 |

# ഉള്ളടക്കം


**പേജ്**

**നോമ്പുകാലം**

ഉപയോഗക്രമം

അനുതാപശുശ്രൂഷ

ബൈബിൾ പ്രതിഷ്ഠ

അനുദിനപ്രാർത്ഥനകൾ

വായനകൾ

ഓശാന ഞായർ

പെസഹാത്തിരുനാൾ

ദുഃഖവെള്ളി

ദുഃഖശനി

**ഉയിർപ്പുകാലം**

അനുദിനപ്രാർത്ഥനകൾ

വായനകൾ

**സ്വർഗ്ഗാരോഹണത്തിരുനാൾ**

വായനകൾ

# അനുരഞ്ജനം

സന്ധ്യാപ്രാർത്ഥനയോടനുബന്ധിച്ച് വീടുകളിൽ വിശുദ്ധ ഗ്രന്ഥം വായിച്ചു ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സഹായകമായ വിധത്തിൽ തയ്യാറാക്കുന്ന ലഘുഗ്രന്ഥ പരമ്പരയിൽ രണ്ടാമത്തേതാണ് ഈ പുസ്തകം. നോമ്പ്-ഉയിർപ്പ് കാലങ്ങളിലെ 14 ആഴ്ചകളിലേക്കുള്ള ബൈബിൾ വായനകളും പ്രാർത്ഥനകളുമാണ് ഇതിൽ കൊടുത്തിരിക്കുന്നത്.

### നോമ്പുകാലം

ഉയിർപ്പു തിരുനാളിനൊരുക്കമായുള്ള ഏഴാഴ്ചകളാണ് "നോമ്പുകാലം". തന്റെ പരസ്യജീവിതത്തിനൊരുക്കമായി യേശുനാഥൻ നാല്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ചതിനെ ഓർമ്മിച്ചുകൊണ്ടാണ് നാം ഈ നോമ്പാചരിക്കുന്നത്. ഞായറാഴ്ചകൾ നോമ്പില്ലാത്ത ദിവസങ്ങളാണ്. നോമ്പുകാലത്തെ ആദ്യത്തെ തിങ്കളും ചൊവ്വയും കൂടി ഒഴിവാക്കുമ്പോൾ നാല്പത് ദിവസമാകും. അതുകൊണ്ടാണ് നോമ്പുകാലത്തെ ആദ്യ ബുധനാഴ്ച നോമ്പാരംഭിക്കുന്നത്. ചാരം പൂശിക്കൊണ്ട് നോമ്പു തുടങ്ങുന്നതിനാൽ വിഭൂതി (ചാരം) ബുധൻ എന്നപേരുവന്നു.

മാർത്തോമാ ക്രിസ്ത്യാനികൾ മൂന്നുനോമ്പ്, എട്ടുനോമ്പ്, ഇരുപത്തഞ്ചുനോമ്പ് എന്നിങ്ങനെ പലനോമ്പുകൾ ആചരിച്ചിരുന്നതിനാൽ ഉയിർപ്പു തിരുനാളിനൊരുക്കമായ നോമ്പിനെ 'വലിയനോമ്പെന്നും', ആദ്യ ഞായറാഴ്ച മുതൽ ഒരു ദിവസവും വിടാതെ ഏഴാഴ്ചകളും നോമ്പനുഷ്ഠിച്ചിരുന്നതിനാൽ 'അമ്പതുനോമ്പ്' എന്നും വിളിക്കുന്നു.

'തിരിഞ്ഞുനോക്കൽ' 'അനുരഞ്ജനം' എന്നർത്ഥമുള്ള "പേത്തുർത്ത" എന്ന സുറിയാനി പദത്തിൽ നിന്നുദ്ഭവിച്ച "പേത്തർത്ത" എന്നാണല്ലോ നോമ്പിന്റെ ആദ്യ ഞായറാഴ്ച അറിയപ്പെടുന്നത്. നമ്മുടെ പാപങ്ങളെക്കുറിച്ചനുതപിച്ച് പൂർണ്ണഹൃദയത്തോടെ കർത്താവിലേക്കു തിരിയുകയും സഹോദരങ്ങളുമായി രമ്യപ്പെടുകയും ചെയ്തുകൊണ്ട് യേശുനാഥന്റെ പെസഹാ രഹസ്യത്തിൽ പങ്കുചേരാൻ ഒരുങ്ങുകയാണ് നാം നോമ്പുകാലത്തു ചെയ്യുക.

ഇതിനു സഹായകമായ വിധത്തിൽ ഓരോ ആഴ്ചയ്ക്കും ഓരോ പ്രത്യേക വിഷയം സ്വീകരിച്ചുകൊണ്ടാണ് വായനകൾ തിരഞ്ഞെടു ത്തിരിക്കുന്നത്. മാനസാന്തരത്തിനും പ്രായശ്ചിത്ത പ്രവൃത്തികൾക്കും ഉള്ള ആഹ്വാനത്തോടെയാണ് നോമ്പുകാലം ആരംഭിക്കുന്നത്. പാപ ബോധമുണ്ടായെങ്കിലേ മാനസാന്തരം സാദ്ധ്യമാകൂ. ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്നറിയുമ്പോഴാണ് പാപത്തിന്റെ കാഠിന്യം നമുക്കു മനസ്സിലാകുന്നത്. അതിനാൽ ആദ്യ ആഴ്ചയിലെ വായനകളെല്ലാം ദൈവസ്നേഹത്തെക്കുറിച്ചുള്ളതാണ്. രണ്ടാമത്തെ ആഴ്ചയിൽ പാപത്തെക്കുറിച്ചു നമ്മൾ കേൾക്കും. മൂന്നാം വാരത്തിൽ അനുതാപത്തിനുള്ള ആഹ്വാനവും നാലാം ആഴ്ചയിൽ യഥാർത്ഥ മാനസാന്തരം ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള പഠ നവുമാണ് നമ്മൾ വായിക്കുന്നത്. അനുതപിക്കുന്ന പാപികൾക്കു കർത്താവ് നൽകുന്ന മോചനവും പാപമോചനത്തിനുപാധിയായി നില്ക്കുന്ന ഉടമ്പടിയും അഞ്ചാം ആഴ്ചയിൽ ധ്യാനവിഷയമാകുന്നു. യേശുവിന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും വഴിയാണ് നമുക്ക് പാപമോചനം ലഭിക്കുന്നത്. തന്മൂലം ആറാം ആഴ്ചയിൽ പീഡാനുഭ വത്തെക്കുറിച്ചുള്ള പ്രവചനങ്ങളും യേശുവിന്റെതന്നെ മുന്നറിയിപ്പു കളും തിരഞ്ഞെടുത്തു വായിക്കുന്നു. വലിയ ആഴ്ചയിൽ പീഡാനു ഭവ ചരിത്രവും പെസഹാ സ്ഥാപനവും മറ്റുമായിരിക്കും ധ്യാന വിഷ യമാക്കുക. ഉത്ഥാനത്തോടുകൂടി പുതിയൊരു കാലം ആരംഭിക്കുക യാണല്ലോ.

**ഉപയോഗക്രമം**

പ്രാർത്ഥനകൾ എല്ലാ ദിവസവും ഒന്നു തന്നെ ആയിരിക്കും. പ്രതി വചനസങ്കീർത്തനങ്ങളായി ഏഴ് അനുതാപസങ്കീർത്തനങ്ങളാണ് എടു ത്തിരിക്കുന്നത്. പ്രാർത്ഥന നയിക്കുന്ന ആളെയാണ് "കാർമ്മികൻ" എന്നു ദ്ദേശിക്കുന്നത്. എല്ലാവരും ചൊല്ലേണ്ടതിന് "സമൂഹം" എന്നും കൊടു ത്തിരിക്കുന്നു.

നോമ്പിന്റെ ആരംഭത്തിലെ ഞായറാഴ്ച ബൈബിൾ പ്രതിഷ്ഠ നടത്തുന്നു. അതിനായുള്ള പ്രത്യേക പ്രാർത്ഥനകളും വായനകളും ആരം ഭത്തിൽ കൊടുത്തിട്ടുണ്ട്. പെസഹാ വ്യാഴാഴ്ച അപ്പം മുറിക്കൽ ശുശ്രൂ ഷക്കുള്ള കർമ്മവിധികളും, ഓശാനഞായർ, ദുഃഖവെള്ളി, ദുഃഖശനി എന്നീ ദിവസങ്ങളിലേക്കു പ്രത്യേക പ്രാർത്ഥനകളും കൊടുത്തിട്ടുണ്ട്. ബാക്കി ദിവസങ്ങൾക്കുള്ള വായനകളും പ്രതിവചന സങ്കീർത്തനങ്ങളും ദിവസ

ത്തിന്റെ ക്രമത്തിൽ കൊടുത്തിരിക്കുന്നു. വായനകളും സങ്കീർത്തനങ്ങളും ബൈബിളിൽനിന്ന് എടുക്കേണ്ടതാണ്. ബൈബിൾ വായിക്കുന്ന ആൾ ഓരോ ദിവസവും പ്രാർത്ഥന തുടങ്ങുന്നതിനു മുൻപ് വായിക്കേണ്ട ഭാഗങ്ങൾ കണ്ടുപിടിച്ചുവയ്ക്കേണ്ടതാണ്.

ദൈവവും സഹോദരങ്ങളുമായി അനുരഞ്ജനപ്പെടുന്നതിനുവേണ്ടി പ്രത്യേകം മാറ്റിവെച്ചിരിക്കുന്ന നോമ്പുകാലത്ത് അനുരഞ്ജനത്തിന്റെ കൂദാശ സ്വീകരിക്കുന്നത് ഏറ്റം ഉചിതമാണ്. “കുമ്പസാരം” അവസാനത്തെ ആഴ്ചയിലേക്കുമാറ്റി വയ്ക്കാതെ നോമ്പിന്റെ തുടക്കത്തിൽത്തന്നെ നടത്തുന്നതാണ് നല്ലത്. കുമ്പസാരത്തിന് ഒരുങ്ങാൻ സഹായിക്കുന്നതിന് “അനുതാപശുശ്രൂഷ” ആരംഭത്തിൽ ചേർത്തിരിക്കുന്നു. നോമ്പുകാലത്ത് ഒന്നിലധികം തവണ ഈ “അനുതാപശുശ്രൂഷ” ഉപയോഗിച്ച് സന്ധ്യാപ്രാർത്ഥന നടത്തുന്നതും ആത്മശോധന ചെയ്തു കർത്താവിനോടു മാപ്പിരക്കുന്നതും നോമ്പിന്റെ ചൈതന്യം ഹൃദയത്തിലും കുടുംബത്തിലും നിലനിർത്തുന്നതിന് ഉപകരിക്കും.

## അനുതാപശുശ്രൂഷ

നോമ്പിന്റെ ആദ്യ ആഴ്ചയിലെ ഏതെങ്കിലും ഒരു ദിവസം സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ഈ അനുതാപശുശ്രൂഷ നടത്തുന്നത് നോമ്പാചരണം ഫലപ്രദമാകുന്നതിന് ഉപകരിക്കും. കുടുംബയോഗങ്ങളിലും വല്ലപ്പോഴുമൊക്കെ ഈ അനുതാപശുശ്രൂഷ നടത്താവുന്നതാണ്. ആരോടെങ്കിലും പിണക്കമോ പ്രയാസങ്ങളോ ഉണ്ടെങ്കിൽ പ്രാർത്ഥനയുടെ അവസാനം അതു നേരിട്ട് പറഞ്ഞ് പരസ്പരം മാപ്പു ചോദിക്കുകയും ഹൃദയ ഐക്യത്തിൽ എത്തിച്ചേരുകയും ചെയ്യുന്നതും അഭിലഷണീയമാണ്.

ഗാനം : ആഴങ്ങൾ തേടുന്ന ദൈവം ....................

കാർമ്മി : പിതാവിന്റെയും ......................

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ....................... (എല്ലാരും ഒരുമിച്ച് ചൊല്ലുന്നു)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം

അനന്തമായ സ്നേഹത്താൽ ഞങ്ങളെ സൃഷ്ടിക്കുകയും അളവില്ലാത്ത കാരുണ്യത്താൽ ഞങ്ങളെ പരിപാലിക്കുകയും

ചെയ്യുന്ന സ്നേഹസ്വരൂപനായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളെ വീണ്ടെടുക്കുന്നതിനുവേണ്ടി അവിടുത്തെ തിരുക്കുമാരനെ ഈ ലോകത്തിലേക്കയച്ച അങ്ങയുടെ സ്നേഹത്തെ ഞങ്ങൾ പുകഴ്ത്തുന്നു. പാപികളുടെ നാശം ആഗ്രഹിക്കാതെ അവരുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്ന അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അങ്ങയുടെ സ്നേഹവാത്സല്യത്തെ അവഗണിച്ച് ഞങ്ങൾ ചെയ്തുപോയ പാപങ്ങളെക്കുറിച്ച് യഥാർത്ഥമായ അനുതാപം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. ഞങ്ങളുടെ പാപത്തിന്റെ കാഠിന്യം മനസ്സിലാക്കുന്നതിനും യഥാർത്ഥമായ അനുതാപത്തോടെ അവയെ ഏറ്റുപറഞ്ഞു മോചനം നേടുന്നതിനും അങ്ങേയ്ക്ക് പ്രീതികരമായ ഒരു പുതിയ ജീവിതം നയിക്കുന്നതിനും ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ ....................

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 1 : 16–20

*വരുവിൻ നമുക്കു രമ്യതപ്പെടാം*

സങ്കീർത്തനം : 51 : 1–19

പ്രതിവചനം : ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോടു ദയ തോന്നണമേ.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 13 : 1–9

*പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിച്ചുപോകും.*

വായനയ്ക്കുശേഷം മൗനമായി സ്വന്തം പാപങ്ങളെക്കുറിച്ച് അനുതാപത്തോടെ ഓർമ്മിക്കുന്നു. ദൈവം എന്നെ വ്യക്തിപരമായി സ്നേഹിക്കുന്നു എന്നും അനന്തമായ കാരുണ്യത്തോടെ എന്നെ പരിപാലിക്കുന്നു എന്നും ഉള്ള ആഴമായ അവബോധത്തിൽനിന്നാണ് പാപബോധവും പാപത്തെക്കുറിച്ചുള്ള അനുതാപവും ജനിക്കുന്നത്. അതിനാൽ പാപങ്ങളെക്കുറിച്ചു ചിന്തി

ക്കുന്നതിനുമുമ്പേ ദൈവം ഓരോരുത്തർക്കുംവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങളെക്കുറിച്ച് ഓർമ്മിക്കുന്നതു നന്നായിരിക്കും. ഇത്രമാത്രം എന്നെ സ്നേഹിക്കുന്ന ദൈവത്തിനു ഞാൻ എന്തു പ്രത്യുത്തരമാണ് കൊടുക്കുന്നത്? “നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ കല്പനകൾ പാലിക്കും” (യോഹ.14:15) എന്ന തിരുവചനം ഓർമ്മിച്ചുകൊണ്ട് ഓരോരുത്തരും ആത്മശോധന ചെയ്യുന്നു.

കാർമ്മി : നമുക്കെല്ലാവർക്കും അനുതാപത്തോടും ഭക്തിയോടും കൂടെ കർത്താവേ ഞങ്ങളോടു ക്ഷമിക്കണമേ എന്നു പ്രാർത്ഥിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളോടു ക്ഷമിക്കണമേ.

കാർമ്മി : അങ്ങയുടെ സ്നേഹത്തെ മനസ്സിലാക്കാതെയും അങ്ങയെക്കുറിച്ചു ചിന്തിക്കാതെയും നന്ദിഹീനരായി ജീവിച്ചതിന് ഞങ്ങൾ മാപ്പപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യുന്നതിൽ ഉദാസീനത കാട്ടിയതിന് ഞങ്ങൾ മാപ്പപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : പ്രാർത്ഥനയിലും മറ്റു മതാനുഷ്ഠാനങ്ങളിലും കപടഭക്തരെപ്പോലെ പെരുമാറിയതിന് ഞങ്ങൾ മാപ്പപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : സ്നേഹനിധിയായ അങ്ങയുടെ പൈതൃക പരിപാലനയിൽ വിശ്വസിക്കാതെ, ഭാവിയെക്കുറിച്ച് വൃഥാ ആകുലരാവുകയും നിരാശപ്പെടുകയും ചെയ്തതിന് ഞങ്ങൾ മാപ്പപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : സ്നേഹമില്ലാത്ത പെരുമാറ്റത്താലും മുറിപ്പെടുത്തുന്ന വാക്കുകളാലും ഞങ്ങൾ പരസ്പരം വേദനപ്പിച്ചതിന് ഞങ്ങൾ മാപ്പപേക്ഷിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : മറ്റുള്ളവരോടു വെറുപ്പും വിദ്വേഷവും ഹൃദയത്തിൽവച്ചു പുലർത്തുകയും ശത്രുതയോടെ പെരുമാറുകയും ചെയ്തതിനെ ഓർത്ത് ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : സ്വാർത്ഥ ലാഭത്തിനുവേണ്ടി അനീതിപരമായി പെരുമാറിയതിനെയും അന്യരെ ചൂഷണം ചെയ്തതിനെയും ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : മാതാപിതാക്കളെയും മേലധികാരികളെയും അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യാതെ അവരെ വേദനിപ്പിച്ചതിനെ ഓർത്ത് ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : മക്കളോടും സഹോദരങ്ങളോടും കരുണയില്ലാതെ കർശനമായി പെരുമാറുകയും അവരുടെ ശരിയായ ശിക്ഷണത്തിൽ ശ്രദ്ധിക്കാതിരിക്കുകയും ചെയ്തതിനെ ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അങ്ങു ഞങ്ങൾക്കു ദാനമായി തന്ന കഴിവുകൾ സ്വന്തമാണെന്നു കരുതി അഹങ്കരിക്കുകയും മറ്റുള്ളവരെ പുച്ഛത്തോടെ വീക്ഷിക്കുകയും ചെയ്തതിനെക്കുറിച്ച് ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അയല്ക്കാരുടെ ഉയർച്ചയിൽ അസൂയപ്പെടുകയും അവർക്കെതിരേ മോശമായി സംസാരിക്കുകയും ചെയ്തതിനെ ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അന്യരോടു ക്ഷമയില്ലാതെ പെരുമാറുകയും അന്യായമായി അവരെ വിധിക്കുകയും ചെയ്തതിനെ ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : സമ്പത്തു വർദ്ധിപ്പിക്കുന്നതിനും അധികാരം പിടിച്ചടക്കുന്നതിനുമായി അന്യരെ വഞ്ചിച്ചതിനെ ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അങ്ങു ഞങ്ങൾക്കു നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ അവരശതയനുഭവിക്കുന്നവരുമായി പങ്കുവയ്ക്കാതെ സ്വാർത്ഥമതികളും കരുണയില്ലാത്തവരുമായി പെരുമാറിയതിനെ ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ലഹരി പദാർത്ഥങ്ങളും മയക്കുമരുന്നുകളും ഉപയോഗിച്ച് ആരോഗ്യവും സമ്പത്തും സമാധാനവും നഷ്ടപ്പെടുത്തിയതിനെ ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങളുടെ മോശമായ പെരുമാറ്റവും ചീത്തയായ സംസാരവും വഴി മറ്റുള്ളവർക്ക്, പ്രത്യേകിച്ച് കുഞ്ഞുങ്ങൾക്ക്, ഉതപ്പിനു കാരണമായതിനെക്കുറിച്ച് ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അങ്ങയുടെ മക്കളും ഞങ്ങളുടെ സഹോദരങ്ങളുമായ അയല്ക്കാർ ദാരിദ്ര്യത്താലും രോഗത്താലും വലയുമ്പോൾ അവരെ സഹായിക്കാതെ വിരുന്നുകളും ആഘോഷങ്ങളും നടത്തി ധനവും സമയവും പാഴാക്കിയതിനെ ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : അങ്ങു ഞങ്ങൾക്കു നല്കിയിരിക്കുന്ന ആത്മീയവും ശാരീരികവുമായ കഴിവുകളെ പരമാവധി വികസിപ്പിക്കുകയും അവ സഹോദരങ്ങളുടെ നന്മയ്ക്കായി പ്രയോജനപ്പെടുത്തുകയും ചെയ്യാതെ അലസരും സ്വാർത്ഥമതികളുമായി ജീവിച്ചതിനെ ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

കാർമ്മി : ഞങ്ങളുടെ ദുർമ്മാതൃകാപരമായ ജീവിതം വഴി അങ്ങയെയും അങ്ങയുടെ സഭയെയും മറ്റുള്ളവരേയും ദുഷിക്കുന്നതിനു കാരണമാക്കിയതിനെ ഓർത്തു ഞങ്ങൾ പശ്ചാത്തപിക്കുന്നു.

സമൂഹം : കർത്താവേ.........................

(അല്പസമയം മൗനമായി ഓരോരുത്തരും തങ്ങളുടെ പാപങ്ങൾ കർത്താവിനോട് ഏറ്റുപറയുന്നു)

ഗാനം : എൻ പിതാവിൻ ഭവനത്തിൽ ....................

സമാപന പ്രാർത്ഥന

കാർമ്മി : ധൂർത്തപുത്രന്റെ മടങ്ങിവരവിൽ സന്തോഷിക്കുന്ന ദയാനിധിയായ ദൈവമേ, തെറ്റുകൾ ഏറ്റുപറഞ്ഞ് പൂർണ്ണഹൃദയത്തോടെ അങ്ങേ പക്കലേക്കു മടങ്ങിവരാൻ ആഗ്രഹിക്കുന്ന ഈ മക്കളെ കടാക്ഷിക്കണമേ. സ്വാർത്ഥതയാലും തഴക്കദോഷങ്ങളാലും ബലഹീനരായിത്തീർന്ന ഞങ്ങളെ അവിടുത്തെ ആത്മാവിനെ അയച്ചു ശക്തിപ്പെടുത്തണമേ. അങ്ങേ പുത്രനായ യേശുനാഥൻ ഞങ്ങൾക്കുവേണ്ടി കാൽവരിയിൽ ചിന്തിയ തിരുരക്തത്താൽ ഞങ്ങളെ കഴുകി ശുദ്ധീകരിക്കണമേ. തെറ്റായ ജീവിതരീതികളാലും ദുർവ്വാസനകളാലും കറ പുരണ്ട പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് അങ്ങയുടെ ചൈതന്യത്താൽ നയിക്കപ്പെടുന്ന പുതിയ മനുഷ്യനെ ധരിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പൂർണ്ണ ഹൃദയത്തോടെ അങ്ങയെ സ്നേഹിക്കുന്നതിനും ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും അങ്ങയുടെ ഹിതം അനുവർത്തിക്കുന്നതിനും ഞങ്ങളെ പഠിപ്പിക്കണമേ യഥാർത്ഥമായ അനു

താപം ഞങ്ങളിൽ ജനിപ്പിക്കുകയും ഞങ്ങളെപ്പോലെ തന്നെ സഹോദരങ്ങളെയും സ്നേഹിച്ചുകൊണ്ട് അങ്ങേയ്ക്കു പ്രീതികരമായ ഒരു ജീവിതം നയിക്കാനും അങ്ങനെ ഉത്ഥാനത്തിന്റെ മഹത്വത്തിൽ പങ്കുചേരാനും ഞങ്ങൾക്കിടയാക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

## ബൈബിൾ പ്രതിഷ്ഠ

(വിരിയിട്ട് അലങ്കരിച്ച ഒരു മേശയിൽ കുരിശുരൂപത്തിനു മുമ്പിലായി വിശുദ്ധ ഗ്രന്ഥവും ഇരുവശത്തും ഓരോ തിരിയും വച്ചിരിക്കുന്നു. കുടുംബാംഗങ്ങളെല്ലാം വിശുദ്ധ ഗ്രന്ഥത്തിനു മുമ്പിൽ ഒരുമിച്ചു കൂടുന്നു.) കുടുംബനാഥൻ തിരികത്തിച്ചുകൊണ്ട്:

"ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല" എന്നരുളിച്ചെയ്ത യേശുനാഥൻ ഈ കുടുംബത്തിന്റെ ജീവനും പ്രകാശവുമായിരിക്കട്ടെ.

ഗാനം : പരിശുദ്ധാത്മാവേ....................

കാർമ്മി : പിതാവിന്റെയും ......................

സമൂഹം : ആമ്മേൻ

കാർമ്മി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം : ആമ്മേൻ

കാർമ്മി : ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ....................... (എല്ലാരുംകൂടി ചൊല്ലുന്നു)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം

കാരുണ്യവാനായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ അനന്തമായ സ്നേഹത്തിനും പരിപാലനയ്ക്കും ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ ജീവിത

ത്തിനു സന്തോഷവും പ്രത്യാശയും പ്രദാനം ചെയ്യുന്ന അങ്ങേ വചനം ഞങ്ങൾക്കു നൽകിയതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ കലങ്ങിയ ഹൃദയങ്ങൾക്ക് അവിടുത്തെ വചനമാണ് ശാന്തിയും സമാധാനവും നൽകുന്നത്. അങ്ങേക്കുവേണ്ടിയുള്ള ദാഹം ഞങ്ങളിൽ ഉണർത്തുന്നതും അങ്ങയുടെ വചനമാണ്. ആകയാൽ അങ്ങയുടെ വചനം അടങ്ങുന്ന വിശുദ്ധ ഗ്രന്ഥം ഇപ്പോൾ ഞങ്ങളുടെ കുടുംബത്തിന്റെ കേന്ദ്രമായി ഞങ്ങൾ പ്രതിഷ്ഠിക്കുന്നു. അവിടുത്തെ വചനം വായിച്ചു ധ്യാനിക്കുന്ന ഓരോ അവസരത്തിലും അങ്ങേ അരൂപിയുടെ സഹായം ഞങ്ങൾക്കു നൽകി തിരുവചനത്തിൽ അധിഷ്ഠിതമായ ഒരു പുതിയ ജീവിതം നയിക്കാൻ ഞങ്ങളെ സഹായിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : ജീവനേകും ദൈവവചനം സ്വീകരിച്ചിടുവാൻ ....................

ഒന്നാം വായന : നിയമാവർത്തന പുസ്തകത്തിൽനിന്നുള്ള വായന അധ്യായം 30, 15 മുതൽ 20 വരെയുള്ള തിരുവചനങ്ങൾ.

*ജീവനോ മരണമോ തിരഞ്ഞെടുക്കുക.*

സങ്കീർത്തനം : 119

പ്രതിവചനം : കർത്താവിന്റെ കല്പനകൾ
പാലിക്കുന്നവർ ഭാഗ്യവാന്മാർ.

കാർമ്മി : കുറ്റമറ്റ മാർഗ്ഗത്തിൽ ചരിക്കുന്നവർ, കർത്താവിന്റെ നിയമം അനുസരിക്കുന്നവർ ഭാഗ്യവാൻമാർ

സമൂഹം : കർത്താവിന്റെ കല്പനകൾ................

കാർമ്മി : അവിടുത്തെ കല്പനകൾ പാലിക്കുന്നവർ, പൂർണ്ണഹൃദയത്തോടെ അവിടുത്തെ തേടുന്നവർ, ഭാഗ്യവാന്മാർ

സമൂഹം : കർത്താവിന്റെ കല്പനകൾ................

കാർമ്മി : അവർ തെറ്റു ചെയ്യുന്നില്ല.
അവർ അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുന്നു.

സമൂഹം : കർത്താവിന്റെ കല്പനകൾ................

കാർമ്മി : അങ്ങയുടെ പ്രമാണം ശ്രദ്ധാപൂർവ്വം പാലിക്കണമെന്ന് അങ്ങ് കല്പിച്ചിരിക്കുന്നു.

സമൂഹം : കർത്താവിന്റെ കല്പനകൾ................

കാർമ്മി : അങ്ങയുടെ ചട്ടങ്ങൾ പാലിക്കുന്നതിൽ ഞാൻ ശ്രദ്ധയുള്ളവനായിരുന്നെങ്കിൽ!

സമൂഹം : കർത്താവിന്റെ കല്പനകൾ................

കാർമ്മി : അങ്ങയുടെ കല്പനകളിൽ ഞാൻ ദൃഷ്ടിയുറപ്പിച്ചിരിക്കുന്നു; എനിക്ക് ലജ്ജിക്കേണ്ടിവരില്ല.

സമൂഹം : കർത്താവിന്റെ കല്പനകൾ................

കാർമ്മി : അങ്ങയുടെ ചട്ടങ്ങൾ ഞാൻ അനുസരിക്കും, എന്നെ പൂർണ്ണമായി പരിത്യജിക്കരുതേ.

സമൂഹം : കർത്താവിന്റെ കല്പനകൾ................

രണ്ടാം വായന : വി. പൗലോസ് തിമോത്തേയോസിനെഴുതിയ രണ്ടാം ലേഖനം 3 : 10–17

*വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അതുവഴി മനുഷ്യൻ പൂർണ്ണത കൈവരിക്കുന്നു.*

ഗാനം : സുവിശേഷ വെളിച്ചത്താൽ........

മൂന്നാം വായന : വി. മത്തായി എഴുതിയ സുവിശേഷം 7 : 21–27

*എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക.*

(വായിച്ചുകേട്ട ബൈബിൾ ഭാഗങ്ങളെക്കുറിച്ച് അല്പസമയം മൗനമായി ധ്യാനിക്കുന്നു)

സമൂഹ പ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ..............

കാർമ്മി : വചനത്തിലൂടെ സർവ്വവും സൃഷ്ടിച്ച സച്ചിദാനന്ദസ്വരൂപനായ ദൈവമേ, അങ്ങേ വചനത്തിന്റെ ശക്തിയാൽ ഞങ്ങളെ നവീകരിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.............

കാർമ്മി : മാംസം ധരിച്ചു ഞങ്ങളുടെ ഇടയിലേക്കു വന്ന വചനമായ യേശുവേ, അങ്ങേ ദിവ്യവചനങ്ങൾ ശ്രവിക്കുവാൻ മാത്രമല്ല, അവ ഞങ്ങളുടെ അനുദിന ജീവിതത്തിൽ പകർത്തുവാൻകൂടി ഞങ്ങളെ സഹായിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.............

കാർമ്മി : സകലത്തേയും വിശുദ്ധീകരിക്കുന്ന പരിശുദ്ധാതമാവായ ദൈവമേ, ഞങ്ങൾ ആരംഭിക്കുന്ന ഈ നോമ്പുകാലത്ത് യഥാർത്ഥമായ അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അരൂപി ഞങ്ങളിൽ നിലനിർത്തണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.............

കാർമ്മി : ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ച് അവയെക്കുറിച്ചു നിരന്തരം ധ്യാനിച്ചിരുന്ന പരിശുദ്ധ കന്യാമറിയത്തിന്റെ മാതൃകയും മധ്യസ്ഥതയുംവഴി ഈ നോമ്പുകാലം ഫലദായകമാക്കിത്തീർക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.............

സമാപന പ്രാർത്ഥന

(കുടുംബനാഥൻ ചൊല്ലിക്കൊടുക്കുന്നു. എല്ലാവരും ഏറ്റുചൊല്ലുന്നു.)

ഞങ്ങളുടെ സ്രഷ്ടാവും/പരിപാലകനുമായ ദൈവമേ, അങ്ങേ വചനം/ഞങ്ങൾക്കു നൽകിയതിന്/അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു./ഓരോ ദിവസവും/അവിടുത്തെ വചനം വായിക്കുകയും/അവയെക്കുറിച്ചു ധ്യാനിക്കുകയും/ചെയ്തുകൊള്ളാമെന്നും/അതനുസരിച്ചു ജീവിച്ചുകൊള്ളാമെന്നും/ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു./ഈ വാഗ്ദാനം/വിശ്വസ്തതയോടെ പാലിക്കാൻ/ഞങ്ങളെ സഹായിക്കണമെന്ന്/അങ്ങേ പുത്രനായ/യേശുക്രിസ്തുവഴി/അങ്ങയോടു ഞങ്ങൾ

പ്രാർത്ഥിക്കുന്നു./ ആമ്മേൻ.

(കുടുംബനാഥൻ വിശുദ്ധ ഗ്രന്ഥം കയ്യിൽപിടിച്ചുനില്ക്കുന്നു. കുടുംബാംഗങ്ങൾ ഓരോരുത്തരായി വിശുദ്ധ ഗ്രന്ഥം ചുംബിക്കുന്നു.)

## അനുദിനപ്രാർത്ഥനകൾ

(ജപമാലയ്ക്കുശേഷം ഉചിതമായ ഏതെങ്കിലും ഒരു ഗാനത്തോടെ ആരംഭിക്കുന്നു)

കാർമ്മി : കാരുണ്യവാനായ ദൈവമേ, അവിടുത്തെ തിരുക്കുമാരൻ പരസ്യജീവിതത്തിനൊരുക്കമായി നാല്പതുദിവസം ഉപവസിച്ചതിനെ ഓർമ്മിച്ചുകൊണ്ട് ഞങ്ങൾ നടത്തുന്ന ഈ നോമ്പാചരണത്തെ കരുണയോടെ കടാക്ഷിക്കണമേ. അപ്പം കൊണ്ടുമാത്രമല്ല. അങ്ങയുടെ അധരത്തിൽനിന്നു പുറപ്പെടുന്ന വചനം കൊണ്ടുമാണ് ഞങ്ങൾ ജീവിക്കുന്നതെന്നു മനസ്സിലാക്കി അങ്ങയുടെ വചനത്തിൽ അധിഷ്ഠിതമായ ഒരു ജീവിതം നയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു ആത്മപരിത്യാഗം വഴി ശരീരത്തിന്റെ ദുരാശകളെ കീഴടക്കാൻ ശ്രമിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങയുടെ അരൂപിയാൽ നിറച്ച് നന്മ ചെയ്യാൻ ഞങ്ങളെ കഴിവുള്ളവരാക്കണമേ.

ഗാനം : ജീവനേകും ദൈവവചനം..............

ഒന്നാം വായന : സങ്കീർത്തനം-രണ്ടാംവായന-ദിവസത്തിന്റേതു കാണുക.

സമൂഹപ്രാർത്ഥന:

കാർമ്മി : നമുക്കെല്ലാവർക്കും അനുതാപത്തോടും പ്രതീക്ഷയോടും കൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : അങ്ങയുടെ ഏകജാതനെ ഞങ്ങൾക്കായി നല്കാൻ മാത്രം അത്രയേറെ ഞങ്ങളെ സ്നേഹിച്ച ദൈവമേ, അവിടുത്തെ സ്നേഹത്തിന്റെ പാരമ്യം ഗ്രഹിക്കാൻ ഞങ്ങളെ ശക്തരാക്കണമേയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.......................

കാർമ്മി : ഈ നോമ്പുകാലത്ത് യഥാർത്ഥമായ അനുതാപത്തിലൂടെ അങ്ങയിലേക്കു മടങ്ങിവരാൻ ഞങ്ങളെ സഹായിക്കണമേ യെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.......................

കാർമ്മി : ശരീരത്തിനും ആത്മാവിനും സൗഖ്യം നൽകുന്ന കർത്താവേ, ഞങ്ങളുടെ തകർന്ന ഹൃദയങ്ങളെ സുഖപ്പെടുത്തണമേയെന്നും ഞങ്ങളുടെ കുടുംബത്തിൽ യഥാർത്ഥ ശാന്തിയും സമാധാനവും വളർത്തണമേയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.......................

കാർമ്മി : ഒരുക്കമുള്ള ഹൃദയത്തോടെ അവിടുത്തെ വചനം സ്വീകരിച്ച് നൂറുമേനി ഫലം പുറപ്പെടുവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.......................

കാർമ്മി : സമ്പത്തിനോടുള്ള അമിതമായ ആഗ്രഹത്തിൽനിന്നു ഞങ്ങളെ മോചിപ്പിച്ച് സഹോദരങ്ങളുടെ ക്ലേശങ്ങൾ കാണാൻ ഞങ്ങളുടെ കണ്ണുകൾ തുറന്നു തരണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.......................

കാർമ്മി : ഞങ്ങളുടെ അനുദിന ജീവിതത്തിലെ ക്ലേശങ്ങളാകുന്ന കുരിശുകൾ സന്തോഷത്തോടെ വഹിച്ചുകൊണ്ട് അങ്ങയെ അനുഗമിക്കാൻ ഞങ്ങൾക്ക് ശക്തി നൽകണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.......................

കാർമ്മി : സഭയേയും രാഷ്ട്രത്തേയും നയിക്കാൻ നിയുക്തരായിരിക്കുന്ന അധികാരികളെ അങ്ങയുടെ ചൈതന്യത്താൽ നിറയ്ക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.......................

കാർമ്മി : അങ്ങിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് മരണമടഞ്ഞ ഞങ്ങ

ളുടെ പ്രിയപ്പെട്ടവരെ നിത്യജീവൻ നൽകി അനുഗ്രഹിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ.......................

സമാപന പ്രാർത്ഥന

കാർമ്മി : പാപികളുടെ നാശം ആഗ്രഹിക്കാതെ അവരുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്ന സ്നേഹസമ്പന്നനായ ദൈവമേ, ഞങ്ങൾ ചോദിക്കുന്നതിനുമുമ്പേ ഞങ്ങളുടെ ആവശ്യങ്ങളെല്ലാം അങ്ങ് അറിയുന്നുവല്ലോ. ഞങ്ങളുടെ അയോഗ്യതകളും ഈ പ്രാർത്ഥനയിൽ വന്നുപോയ വീഴ്ചകളും പരിഗണിക്കാതെ ഞങ്ങൾ ഓരോരുത്തരിലും ഈ കുടുംബത്തിലും അവിടുന്നു പ്രസാദിക്കണമേ. അങ്ങയുടെ പുത്രന്റെ പെസഹാരഹസ്യത്തിൽ പങ്കുചേരാൻ ഒരുങ്ങുന്ന ഞങ്ങളെ അങ്ങയുടെ ആത്മാവിനെ അയച്ചു നവീകരിക്കുകയും അങ്ങയുടെ രാജ്യത്തിന് അർഹരാക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : ദൈവത്തിനു സ്തോത്രം പാടിടുവിൻ.......................

ഒന്നാം വാരം തിങ്കൾ

ഒന്നാം വായന : ജോയേൽ പ്രവാചകന്റെ പുസ്തകം 2 : 12-17

*ദൈവമായ കർത്താവിങ്കലേക്കു മടങ്ങുവിൻ. അവിടുന്ന് കാരുണ്യവാനും സ്നേഹസമ്പന്നനുമാണ്.*

സങ്കീർത്തനം : 6 : 1-10

പ്രതിവചനം : കർത്താവേ, എന്നോടു കരുണതോന്നണമേ.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 4 : 1-11

*യേശു നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചു.*

ഒന്നാം വാരം ചൊവ്വ

ഒന്നാം വായന : ഉല്പത്തി പുസ്തകം 2 : 4-25

*ദൈവമായ കർത്താവ് പൂഴികൊണ്ടു മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്കു നിശ്വസിക്കുകയും ചെയ്തു.*

സങ്കീർത്തനം : 32 : 1–11

പ്രതിവചനം : എന്റെ പാപം കർത്താവിനോടു ഞാൻ ഏറ്റു പറഞ്ഞു, അപ്പോൾ അവിടുന്നു ക്ഷമിച്ചു.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 12 : 22–34

*ഇതെല്ലാം നിങ്ങൾക്കാവശ്യമാണെന്ന് നിങ്ങളുടെ പിതാവിനറിയാം.*

ഒന്നാം വാരം ബുധൻ

ഒന്നാം വായന : നിയമാവർത്തന പുസ്തകം 7 : 6–11

*കർത്താവ് നിങ്ങളെ സ്നേഹിക്കുകയും തന്റെ സ്വന്തം ജനമാകേണ്ടതിനു നിങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.*

സങ്കീർത്തനം : 38 : 1–22

പ്രതിവചനം : ദൈവമേ, എന്നെ കൈവിടരുതേ.

രണ്ടാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 8 : 31–39

*ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു ആരു നമ്മെ വേർപെടുത്തും?*

ഒന്നാം വാരം വ്യാഴം

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 41 : 8–20

*ഭയപ്പെടേണ്ടാ ഞാൻ നിന്നെ സഹായിക്കും*

സങ്കീർത്തനം : 51 : 1–19

പ്രതിവചനം : ദൈവമേ, എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 15 : 1–17

*പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിച്ചു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ.*

ഒന്നാം വാരം വെള്ളി

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 49 : 8–21

*ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു.*

സങ്കീർത്തനം : 102 : 1–12

പ്രതിവചനം : കർത്താവേ, എന്റെ നിലവിളി അങ്ങേ സന്നിധിയിൽ എത്തട്ടെ

രണ്ടാം വായന : വി. മർക്കോസ് എഴുതിയ സുവിശേഷം 6 : 30–44

*അവന് അവരോട് അനുകമ്പ തോന്നി.*

ഒന്നാം വാരം ശനി

ഒന്നാം വായന : എസെക്കിയേൽ പ്രവാചകന്റെ പുസ്തകം 34 : 11–16

*ഞാൻ തന്നെ എന്റെ ആടുകളെ അന്വേഷിച്ചുകണ്ടുപിടിക്കും.*

സങ്കീർത്തനം : 130 : 1–8

പ്രതിവചനം : കർത്താവേ, അഗാധത്തിൽനിന്ന്
അങ്ങയെ ഞാൻ വിളിച്ചപേക്ഷിക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 10 : 1–18

*ആടുകൾക്കുവേണ്ടി ഞാൻ ജീവൻ അർപ്പിക്കുന്നു.*

രണ്ടാം വാരം ഞായർ

ഒന്നാം വായന : ഉൽപത്തി പുസ്തകം 3 : 1–13

*തിന്നരുതെന്ന് ഞാൻ കല്പിച്ച വൃക്ഷത്തിന്റെ പഴം നീ തിന്നോ?*

സങ്കീർത്തനം : 6 : 1–10

പ്രതിവചനം : കർത്താവേ, എന്നോടു കരുണ തോന്നണമേ.

രണ്ടാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം
1 : 18–32

*അവർ ദൈവത്തെ അറിഞ്ഞിരുന്നെങ്കിലും അവിടുത്തേക്കു നന്ദി പ്രകടിപ്പിച്ചില്ല.*

രണ്ടാം വാരം തിങ്കൾ

ഒന്നാം വായന : ഉൽപത്തി പുസ്തകം 4 : 1–16

*നിന്റെ സഹോദരൻ ആബേൽ എവിടെ?*

സങ്കീർത്തനം : 32 : 1–11

പ്രതിവചനം : എന്റെ പാപം കർത്താവിനോട് ഞാൻ ഏറ്റുപറഞ്ഞു.
അപ്പോൾ അവിടുന്നു ക്ഷമിച്ചു.

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 18 : 21–35

*ഞാൻ നിന്നോടു കരുണ കാണിച്ചതുപോലെ നീയും കരുണ കാണിക്കേണ്ടതായിരുന്നില്ലേ?*

### രണ്ടാം വാരം ചൊവ്വ

ഒന്നാം വായന : ഉൽപത്തി പുസ്തകം 6 : 5–12

*മനുഷ്യന്റെ ദുഷ്ടത കർത്താവിന്റെ ഹൃദയത്തെ വേദനിപ്പിച്ചു.*

സങ്കീർത്തനം : 38 : 1–22

പ്രതിവചനം : കർത്താവേ, എന്നെ കൈവിടരുതേ

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 16 : 19–31

*അവന്റെ പടിവാതില്ക്കൽ ലാസർ എന്നൊരു ദരിദ്രൻ കിടന്നിരുന്നു.*

### രണ്ടാം വാരം ബുധൻ

ഒന്നാം വായന : സംഖ്യാ പുസ്തകം 11 : 1–9

*കർത്താവിന് അനിഷ്ടമാകത്തക്കവിധം ജനം പിറുപിറുത്തു.*

സങ്കീർത്തനം : 51 : 1–19

പ്രതിവചനം : ദൈവമേ എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 23 : 13–26

*ഗൗരവമേറിയ കാര്യങ്ങളായ നീതി, കാരുണ്യം, വിശ്വസ്തത എന്നിവ നിങ്ങൾ അവഗണിക്കുന്നു.*

### രണ്ടാം വാരം വ്യാഴം

ഒന്നാം വായന : ആമോസ് പ്രവാചകന്റെ പുസ്തകം 5 : 10–17

*നിങ്ങൾ കോഴ വാങ്ങുകയും നിരാലംബർക്ക് നീതി നിഷേധിക്കുകയും ചെയ്യുന്നു.*

സങ്കീർത്തനം : 102 : 1–12

പ്രതിവചനം : കർത്താവേ, എന്റെ നിലവിളികേൾക്കണമേ

രണ്ടാം വായന : വി. പൗലോസ് തിമോത്തേയോസിനെഴുതിയ ഒന്നാം ലേഖനം 6 : 3–21

*ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണം.*

### രണ്ടാം വാരം വെള്ളി

ഒന്നാം വായന : എസെക്കിയേൽ പ്രവാചകന്റെ പുസ്തകം 22 : 6–31

*നീ പലിശ വാങ്ങി ലാഭമുണ്ടാക്കുകയും അയല്ക്കാരനെ ഞെരുക്കി സമ്പത്തുണ്ടാക്കുകയും ചെയ്യുന്നു. എന്നെ നീ വിസ്മരിച്ചിരിക്കുന്നു.*

സങ്കീർത്തനം : 130 : 1-8

പ്രതിവചനം : കർത്താവേ, അഗാധത്തിൽനിന്ന് അങ്ങയെ ഞാൻ വിളിച്ചപേക്ഷിക്കുന്നു.

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 12 : 22-37

*പരിശുദ്ധാത്മാവിനെതിരായ പാപം ഒരിക്കലും ക്ഷമിക്കപ്പെടുകയില്ല.*

രണ്ടാം വാരം ശനി

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 5 : 1-25

*മറ്റാർക്കും വസിക്കാൻ ഇടംകിട്ടാത്തവിധം വീടോടു വീടു ചേർത്ത്, വയലോടു വയൽ ചേർത്ത് അതിനു മധ്യേ തനിച്ചു വസിക്കുന്നവർക്കു ദുരിതം.*

സങ്കീർത്തനം : 143 : 1-12

പ്രതിവചനം : കർത്താവേ ഞാൻ നടക്കേണ്ട വഴി
എന്നെ പഠിപ്പിക്കണമേ.

രണ്ടാം വായന : വി. മർക്കോസ് എഴുതിയ സുവിശേഷം 12 : 1-12

*അവൻ വന്ന് ആ കൃഷിക്കാരെ നശിപ്പിച്ച് മുന്തിരിത്തോട്ടം വേറെ ആളുകളെ ഏല്പിക്കും.*

മൂന്നാം വാരം ഞായർ

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 1 : 1-20

*നിങ്ങളെത്തന്നെ കഴുകി വൃത്തിയാക്കുവിൻ, നന്മ പ്രവർത്തിക്കാൻ ശീലിക്കുവിൻ*

സങ്കീർത്തനം : 6 : 1-10

പ്രതിവചനം : കർത്താവേ എന്നോടു കരുണ തോന്നണമേ

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 3 : 1-14

*അനുതാപത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ*

മൂന്നാം വാരം തിങ്കൾ

ഒന്നാം വായന : ജറെമിയാ പ്രവാചകന്റെ പുസ്തകം 4 : 1-4

*നീ തിരിച്ചുവരാൻ ആഗ്രഹിക്കുന്നെങ്കിൽ എന്റെ അടുത്തേക്കു വരുക.*

സങ്കീർത്തനം : 32 : 1-11

പ്രതിവചനം : എന്റെ പാപം കർത്താവിനോടു ഞാൻ ഏറ്റുപറഞ്ഞു, അപ്പോൾ അവിടുന്നു ക്ഷമിച്ചു.

രണ്ടാം വായന : വെളിപാടു പുസ്തകം 3 : 14–22

*അനുതപിക്കുക ഇതാ ഞാൻ വാതിലിൽ മുട്ടുന്നു.*

മൂന്നാം വാരം ചൊവ്വ

ഒന്നാം വായന : മിക്കാ പ്രവാചകന്റെ പുസ്തകം 6 : 1–16

*നീതി പ്രവർത്തിക്കുക, കരുണകാണിക്കുക, കർത്താവിന്റെ മുമ്പിൽ വിനീതനായി വ്യാപരിക്കുക.*

സങ്കീർത്തനം : 38 : 1–22

പ്രതിവചനം : ................

രണ്ടാം വായന : വി. പൗലോസ് തെസലോനിക്കാക്കാർക്കെഴുതിയ ഒന്നാം ലേഖനം 4 : 1–12

*അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.*

മൂന്നാം വാരം ബുധൻ

ഒന്നാം വായന : സഖറിയാ പ്രവാചകന്റെ പുസ്തകം 1 : 1–6

*എന്റെ സന്നിധിയിലേക്കു മടങ്ങിവരുവിൻ, അപ്പോൾ ഞാനും നിങ്ങളുടെ അടുത്തേക്കു മടങ്ങിവരും.*

സങ്കീർത്തനം : 51 : 1–19

പ്രതിവചനം : ദൈവമേ, എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ

രണ്ടാം വായന : വി. പൗലോസ് എഫേസോസുകാർക്കെഴുതിയ ലേഖനം 4 : 17–24

*പഴയ മനുഷ്യനെ ദൂരെയെറിയുവിൻ.*

മൂന്നാം വാരം വ്യാഴം

ഒന്നാം വായന : ഹോസിയാ പ്രവാചകന്റെ പുസ്തകം 6 : 1–6

*ബലിയല്ല, സ്നേഹമാണ് ഞാൻ ആഗ്രഹിക്കുന്നത്.*

സങ്കീർത്തനം : 102 : 1–12

പ്രതിവചനം : കർത്താവേ, എന്റെ നിലവിളി കേൾക്കണമേ

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 13 : 1–9

*പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളും നശിക്കും.*

### മൂന്നാം വാരം വെള്ളി

ഒന്നാം വായന : സെഫനിയാ പ്രവാചകന്റെ പുസ്തകം 2 : 1-3

*വിനീതരേ, കർത്താവിനെ അന്വേഷിക്കുവിൻ*

സങ്കീർത്തനം : 130 : 1-8

പ്രതിവചനം : കർത്താവേ, അഗാധത്തിൽനിന്ന് ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു.

രണ്ടാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 13 : 8-14

*നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം.*

### മൂന്നാം വാരം ശനി

ഒന്നാം വായന : യോനാ പ്രവാചകന്റെ പുസ്തകം 3 : 1-10

*ഓരോരുത്തരും തങ്ങളുടെ ദുർമ്മാർഗ്ഗത്തിൽനിന്നു പിന്തിരിയട്ടെ.*

സങ്കീർത്തനം : 143 : 1-12

പ്രതിവചനം : കർത്താവേ, ഞാൻ നടക്കേണ്ട വഴി എന്നെ പഠിപ്പിക്കണമേ

രണ്ടാം വായന : വി. യാക്കോബ് എഴുതിയ ലേഖനം 5 : 1-6

*വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവെച്ച കൂലി നിലവിളിക്കുന്നു.*

### നാലാം വാരം ഞായർ

ഒന്നാം വായന : നെഹെമിയായുടെ പുസ്തകം 9 : 6-37

*ക്ഷമാശീലനും അളവറ്റ സ്നേഹമുള്ളവനുമായ ദൈവം അവരെ കൈ വെടിഞ്ഞില്ല.*

സങ്കീർത്തനം : 6 : 1-10

പ്രതിവചനം : കർത്താവേ എന്നോടു കരുണ തോന്നണമേ

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 18 : 9-14

*ചുങ്കക്കാരൻ ഫരിസേയനേക്കാൾ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കുപോയി.*

### നാലാം വാരം ഞായർ

ഒന്നാം വായന : നെഹെമിയായുടെ പുസ്തകം 9 : 6-37

*ക്ഷമാശീലനും അളവറ്റ സ്നേഹമുള്ളവനുമായ ദൈവം അവരെ കൈ വെടിഞ്ഞില്ല.*

സങ്കീർത്തനം : 6 : 1–10

പ്രതിവചനം : കർത്താവേ എന്നോടു കരുണ തോന്നണമേ

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 18 : 9–14

*ചുങ്കക്കാരൻ ഫരിസേയനേക്കാൾ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കുപോയി.*

### നാലാം വാരം തിങ്കൾ

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 58 : 1–14

*ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം?*

സങ്കീർത്തനം : 32 : 1–11

പ്രതിവചനം : എന്റെ പാപം കർത്താവിനോട് ഞാൻ ഏറ്റുപറഞ്ഞു. അപ്പോൾ അവിടുന്നു ക്ഷമിച്ചു.

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 5 : 13–26

*നിങ്ങളുടെ നീതി ഫരിസേയരുടെ നീതിയെ അതിലംഘിക്കുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല.*

### നാലാം വാരം ചൊവ്വ

ഒന്നാം വായന : സഖറിയാ പ്രവാചകന്റെ പുസ്തകം 7 : 1–14

*സത്യസന്ധമായി വിധിക്കുക, കരുണയും അലിവും കാണിക്കുക.*

സങ്കീർത്തനം : 38 : 1–22

പ്രതിവചനം : കർത്താവേ എന്നെ കൈവിടരുതേ

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 19 : 1–10

*ഇന്ന് ഈ ഭവനത്തിനു രക്ഷ കൈവന്നിരിക്കുന്നു.*

### നാലാം വാരം ബുധൻ

ഒന്നാം വായന : എസെക്കിയേൽ പ്രവാചകന്റെ പുസ്തകം 33 : 10–20

*ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ ദുഷ്ടമാർഗ്ഗത്തിൽനിന്നു പിന്തിരിഞ്ഞു ജീവിക്കുന്നതിലാണ് എനിക്ക് സന്തോഷം.*

സങ്കീർത്തനം : 51 : 1–19

പ്രതിവചനം : ദൈവമേ എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 15 : 1–10

*അനുതപിക്കുന്ന പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകും.*

### നാലാം വാരം വ്യാഴം

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 57 : 14–21

*അനുതാപികളുടെ ഹൃദയത്തെയും വിനീതരുടെ ആത്മാവിനെയും നവീകരിക്കാൻ ഞാൻ അവരോടുകൂടെ വസിക്കുന്നു.*

സങ്കീർത്തനം : 102 : 1–12

പ്രതിവചനം : കർത്താവേ എന്റെ നിലവിളി കേൾക്കണമേ

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 25 : 31–46

*എനിക്കു വിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കാൻ തന്നു.*

### നാലാം വാരം വെള്ളി

ഒന്നാം വായന : ഹോസിയാ പ്രവാചകന്റെ പുസ്തകം 14 : 1–9

*കുറ്റം ഏറ്റു പറഞ്ഞു കർത്താവിന്റെ അടുക്കലേക്കു തിരിച്ചുവരിക.*

സങ്കീർത്തനം : 130 : 1–8

പ്രതിവചനം : കർത്താവേ അഗാധത്തിൽനിന്ന് അങ്ങയെ ഞാൻ വിളിച്ചപേക്ഷിക്കുന്നു

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 15 : 11–................

*ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും.*

### നാലാം വാരം ശനി

ഒന്നാം വായന : ആമോസ് പ്രവാചകന്റെ പുസ്തകം 5 : 18–27

*നീതി ജലംപോലെ ഒഴുകട്ടെ! സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും*

സങ്കീർത്തനം : 143 : 1–12

പ്രതിവചനം : കർത്താവേ, ഞാൻ നടക്കേണ്ട വഴി എന്നെ പഠിപ്പിക്കണമെ.

രണ്ടാം വായന : വി. പൗലോസ് എഫേസോസ്കാർക്കെഴുതിയ ലേഖനം 5 : 1–21

*ഉറങ്ങുന്നവനേ, ഉണരുക, മരിച്ചവരിൽനിന്നു എഴുന്നേൽക്കുക.*

അഞ്ചാം വാരം ഞായർ

ഒന്നാം വായന : ഉൽപത്തി പുസ്തകം 17 : 1-14

*എന്റെ മുമ്പിൽ വ്യാപരിക്കുക, കുറ്റമറ്റവനായിരിക്കുക.*

സങ്കീർത്തനം : 6 : 1-10

പ്രതിവചനം : കർത്താവേ, എന്നോടു കരുണതോന്നണമേ

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 8 : 1-11

*ഞാനും നിന്നെ വിധിക്കുന്നില്ല. മേലിൽ പാപം ചെയ്യരുത്.*

അഞ്ചാം വാരം തിങ്കൾ

ഒന്നാം വായന : പുറപ്പാടു പുസ്തകം 24 : 1-11

*കർത്താവു നിങ്ങളോടു ചെയ്ത ഉടമ്പടിയുടെ രക്തമാണിത്.*

സങ്കീർത്തനം : 32 : 1-11

പ്രതിവചനം : എന്റെ പാപം ഞാൻ കർത്താവിനോട് ഏറ്റുപറഞ്ഞു, അപ്പോൾ അവിടുന്ന് ക്ഷമിച്ചു.

രണ്ടാം വായന : ഹെബ്രായർക്കുള്ള ലേഖനം 10 : 1-18

*ദൈവമേ, അവിടുത്തെ ഇഷ്ടം നിറവേറ്റാൻ ഇതാ ഞാൻ വന്നിരിക്കുന്നു.*

അഞ്ചാം വാരം ചൊവ്വ

ഒന്നാം വായന : ജറെമിയാ പ്രവാചകന്റെ പുസ്തകം 31 : 23-27

*ഞാൻ എന്റെ നിയമം അവരുടെ ഹൃദയത്തിൽ എഴുതും.*

സങ്കീർത്തനം : 38 : 1-22

പ്രതിവചനം : കർത്താവേ എന്നെ കൈവിടരുതേ

രണ്ടാം വായന : വി. മർക്കോസ് എഴുതിയ സുവിശേഷം 10 : 35-45

*മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്കു മോചനദ്രവ്യമായി നൽകാനുമത്രെ.*

അഞ്ചാം വാരം ബുധൻ

ഒന്നാം വായന : എസെക്കിയേൽ പ്രവാചകന്റെ പുസ്തകം 34 : 11-31

*ഞാൻ ഒരു സമാധാന ഉടമ്പടി സ്ഥാപിക്കും.*

സങ്കീർത്തനം : 51 : 1–19

പ്രതിവചനം : ദൈവമേ, എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 7 : 36–50

*ഇവളുടെനിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്തെന്നാൽ, ഇവൾ അധികം സ്നേഹിച്ചു.*

അഞ്ചാം വാരം വ്യാഴം

ഒന്നാം വായന : എസെക്കിയേൽ പ്രവാചകന്റെ പുസ്തകം 36 : 22–32

*ഒരു പുതിയ ഹൃദയം നിങ്ങൾക്കു ഞാൻ നല്കും.*

സങ്കീർത്തനം : 102 : 1–12

പ്രതിവചനം : കർത്താവേ, എന്റെ നിലവിളി കേൾക്കണമേ.

രണ്ടാം വായന : ഹെബ്രായർക്കുള്ള ലേഖനം 8 : 1–13

*സ്വർഗ്ഗത്തിൽ ഒരു പ്രധാന പുരോഹിതൻ നമുക്കുണ്ട്.*

അഞ്ചാം വാരം വെള്ളി

ഒന്നാം വായന : ഹോസിയാ പ്രവാചകന്റെ പുസ്തകം 2 : 14–23

*എന്നേക്കുമായി നിന്നെ ഞാൻ പരിഗ്രഹിക്കും.*

സങ്കീർത്തനം : 130 : 1–8

പ്രതിവചനം : കർത്താവേ, അഗാധത്തിൽനിന്ന് അങ്ങയെ ഞാൻ വിളിച്ചപേക്ഷിക്കുന്നു.

രണ്ടാം വായന : വി. പൗലോസ് എഫേസോസ്കാർക്കെഴുതിയ ലേഖനം 5 : 22–33

*ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തു.*

അഞ്ചാം വാരം ശനി

ഒന്നാം വായന : ഹോസിയാ പ്രവാചകന്റെ പുസ്തകം 11 : 1–12

*ഞാൻ നിങ്ങളെ നശിപ്പിക്കുകയില്ല. എന്തെന്നാൽ ഞാൻ മനുഷ്യനല്ല ദൈവമാണ്.*

സങ്കീർത്തനം : 143 : 1–12

പ്രതിവചനം : കർത്താവേ ഞാൻ നടക്കേണ്ട വഴി എന്നെ പഠിപ്പിക്ക

ണമേ.

രണ്ടാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 5 : 1–11

*നാം പാപികളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു.*

### ആറാം വാരം ഞായർ

ഒന്നാം വായന : ഉൽപത്തി പുസ്തകം 22 : 1–19

*നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെ എനിക്ക് ഒരു ദഹന ബലിയായി അർപ്പിക്കണം.*

സങ്കീർത്തനം : 6 : 1–10

പ്രതിവചനം : കർത്താവേ, എന്നോടു കരുണ തോന്നണമേ

രണ്ടാം വായന : വി. മർക്കോസ് എഴുതിയ സുവിശേഷം 6 : 14–29

*സ്നാപക യോഹന്നാൻ ജീവിതത്തിലും മരണത്തിലും യേശുവിന്റെ മുന്നോടി.*

### ആറാം വാരം തിങ്കൾ

ഒന്നാം വായന : ഉൽപത്തി പുസ്തകം 37 : 1–36

*വരുവിൻ നമുക്ക് അവനെ കൊന്ന് കുഴിയിലെറിയാം.*

സങ്കീർത്തനം : 32 : 1–11

പ്രതിവചനം : എന്റെ പാപം ഞാൻ കർത്താവിനോട് ഏറ്റുപറഞ്ഞു അപ്പോൾ അവിടുന്നു ക്ഷമിച്ചു.

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 16 : 21–28

*എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ച് തന്റെ കുരിശുമെടുത്തു എന്നെ അനുഗമിക്കട്ടെ.*

### ആറാം വാരം ചൊവ്വ

ഒന്നാം വായന : ജറെമിയാ പ്രവാചകന്റെ പുസ്തകം 11 : 18–23

*കൊലയ്ക്ക് കൊണ്ടുപോകുന്ന ശാന്തനായ കുഞ്ഞാടിനെപ്പോലെ ആയിരുന്നു ഞാൻ.*

സങ്കീർത്തനം : 38 : 1–22

പ്രതിവചനം : കർത്താവേ, എന്നെ കൈവിടരുതേ

രണ്ടാം വായന : വി. മർക്കോസ് എഴുതിയ സുവിശേഷം 9 : 30–37

*മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടും.*

### ആറാം വാരം ബുധൻ

ഒന്നാം വായന : ജറെമിയാ പ്രവാചകന്റെ പുസ്തകം 15 : 10-...................

*അങ്ങേയ്ക്കുവേണ്ടിയാണ് ഞാൻ അപമാനിതനാകുന്നത്.*

സങ്കീർത്തനം : 51 : 1-19

പ്രതിവചനം : ദൈവമേ, എന്റെ പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിക്കണമേ.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 18 : 31-34

*അവൻ വിജാതിയർക്ക് ഏൽപ്പിക്കപ്പെടും.*

### ആറാം വാരം വ്യാഴം

ഒന്നാം വായന : ജറെമിയാ പ്രവാചകന്റെ പുസ്തകം 20 : 7-18

*ദിവസം മുഴുവൻ ഞാൻ പരിഹാസപാത്രമായി.*

സങ്കീർത്തനം : 102 : 1-12

പ്രതിവചനം : കർത്താവേ, എന്റെ നിലവിളി കേൾക്കണമേ

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 11 : 45-.......

*അവർ അവനെ വധിക്കാൻ ആലോചിച്ചു കൊണ്ടിരുന്നു.*

### ആറാം വാരം വെള്ളി

ഒന്നാം വായന : ജറെമിയാ പ്രവാചകന്റെ പുസ്തകം 8 : 18-9....................

*എന്റെ ജനത്തിന്റെ മുറിവ് എന്റെ ഹൃദയത്തെ മുറിപ്പെടുത്തുന്നു.*

സങ്കീർത്തനം : 130 : 1-8

പ്രതിവചനം : കർത്താവേ, അഗാധത്തിൽനിന്ന് ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 12 : 20-.........

*ഗോതമ്പുമണി നിലത്തുവീണഴിയുമ്പോൾ അതു ധാരാളം ഫലം പുറപ്പെടുവിക്കും.*

### ആറാം വാരം ശനി

ഒന്നാം വായന : ജ്ഞാനത്തിന്റെ പുസ്തകം 2 : 10-24

*ദുഷ്ടൻമാർ പറയുന്നു; നീതിമാനെ നമുക്കു പതിയിരുന്നു ആക്രമിക്കാം.*

സങ്കീർത്തനം : 143 : 1-12

പ്രതിവചനം : കർത്താവേ, ഞാൻ നടക്കേണ്ട വഴി എന്നെ പഠിപ്പിക്കണമേ

രണ്ടാം വായന : ഹെബ്രായർക്കുള്ള ലേഖനം 5 : 1-10

*അവൻ കണ്ണീരോടും വലിയ വിലാപത്തോടുംകൂടെ പ്രാർത്ഥനകളും യാചനകളും സമർപ്പിച്ചു.*

## ഏഴാം വാരം - ഓശാന ഞായർ

നോമ്പുകാലത്തിന്റെ അവസാനത്തെ ആഴ്ച ആരംഭിക്കുകയാണിന്ന്. ഓശാന വിളികൾക്കു മദ്ധ്യേ കഴുതപ്പുറത്ത് ആഘോഷമായി യേശുനാഥൻ ജറുസലെമിലേക്കു പ്രവേശിച്ചത് മരണവും ഉത്ഥാനവും വഴിയുള്ള തന്റെ മഹത്വീകരണത്തിന്റെ തുടക്കം കുറിക്കുന്നു. കുരിശുമരണത്തിലൂടെ സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുകയും നിത്യജീവനിലേക്കുള്ള വഴി നമുക്കായി തുറന്നു തരുകയും ചെയ്ത ക്രിസ്തു നാഥനെ നമുക്ക് വിശ്വാസത്തോടും ഭക്തിയോടും കൂടെ അനുഗമിക്കാം.

(പെസഹാ വ്യാഴാഴ്ചവരെ എല്ലാ ദിവസവും ഈ പ്രാർത്ഥന ചൊല്ലുന്നു.)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. സർവ്വശക്തനും നിത്യനുമായ ദൈവമേ, ഞങ്ങളോടുള്ള സ്നേഹത്തെപ്രതി അവിടുത്തെ തിരുക്കുമാരൻ മനുഷ്യനായി അവതരിക്കുകയും കുരിശുമരണം വരെ സ്വയം എളിമപ്പെടുത്തുകയും ചെയ്യുന്നതിന് അവിടുന്ന് തിരുമനസ്സായല്ലോ യേശുനാഥന്റെ പീഡാസഹനത്തെയും കുരിശുമരണത്തെയും കുറിച്ച് സദാ ധ്യാനിച്ചുകൊണ്ട് അവന്റെ ഉത്ഥാനത്തിന്റെ മഹത്വത്തിൽ പങ്കുചേരാൻ യോഗ്യരാകത്തക്കവിധം ജീവിക്കുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന : സഖറിയാ പ്രവാചകന്റെ പുസ്തകം 9 : 8-..........

*ഇതാ, നിന്റെ രാജാവ് വിനയാന്വിതനായി കഴുതപ്പുറത്തു കയറിവരുന്നു.*

സങ്കീർത്തനം : 24 : 1-10

പ്രതിവചനം : മഹത്വത്തിന്റെ രാജാവായ മിശിഹായേ,

അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 19 : 28-................

*കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീൻ.*

സമൂഹപ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും അനുതാപത്തോടും പ്രതീക്ഷയോടും കൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ

കാർമ്മി : കഴുതപ്പുറത്തെഴുന്നള്ളി വിനയത്തിന്റെ മാതൃക ഞങ്ങൾക്കു നല്കിയ കർത്താവേ, അഹങ്കാരം വെടിഞ്ഞ് എളിമയുള്ള വരായി ജീവിക്കാൻ ഞങ്ങളെ പഠിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ...............

കാർമ്മി : പീഡാനുഭവവും കുരിശുമരണവും വഴി മഹത്വത്തിലേക്കു പ്രവേശിച്ച യേശുനാഥാ, അനുദിനം ഞങ്ങളുടെ കുരിശു മെടുത്ത് അങ്ങയെ അനുഗമിക്കാനും അങ്ങനെ സ്വർഗ്ഗീയ മഹത്വത്തിൽ എത്തിച്ചേരാനും ഞങ്ങളെ അനുഗ്രഹിക്കണ മെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ...............

കാർമ്മി : ഞങ്ങളുടെ പാപങ്ങൾ ഏറ്റെടുക്കുകയും ഞങ്ങൾക്കുവേണ്ടി മുറിവേല്പിക്കപ്പെടുകയും ചെയ്ത മിശിഹായേ, യഥാർത്ഥ മായ അനുതാപവും പ്രാശ്ചിത്താരൂപിയും ഞങ്ങൾക്കു നൽകണമെ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ...............

കാർമ്മി : പാപികളായ ഞങ്ങളോടുള്ള സ്നേഹത്തെ പ്രതി കുരിശു മരണം വരെ സ്വയം എളിമപ്പെടുത്തിയ കർത്താവേ, പൂർണ്ണ ഹൃദയത്തോടെ അങ്ങയെ സ്നേഹിക്കുന്നതിനും അങ്ങ യുടെ സേവനത്തിനായി ഞങ്ങളെത്തന്നെ മുഴുവനായി സമർപ്പിക്കുന്നതിനും ഞങ്ങളെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ...............

കാർമ്മി : അതികഠിനമായ പീഡകളും ഹീനമായ നിന്ദനങ്ങളും ഞങ്ങൾക്കുവേണ്ടി ക്ഷമയോടെ സഹിച്ച യേശുനാഥാ, ഞങ്ങൾക്കുണ്ടാകുന്ന ദുഃഖങ്ങളും അപമാനങ്ങളും അങ്ങയോടുള്ള സ്നേഹത്തെപ്രതി സന്തോഷത്തോടെ സഹിക്കാൻ ഞങ്ങൾക്കു ശക്തിതരണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ...............

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. അങ്ങേ തിരുക്കുമാരന്റെ പീഡാനുഭവവും കുരിശുമരണവും വഴി അങ്ങേയ്ക്കു ഞങ്ങളോടുള്ള സ്നേഹത്തിന്റെ പാരമ്യം വെളിപ്പെടുത്തിയ ദയാനിധിയായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. ഞങ്ങളുടെ പാപങ്ങളെപ്രതി മുറിവേൽപ്പിക്കപ്പെട്ട യേശുനാഥാ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. ഞങ്ങളെ വിശുദ്ധീകരിക്കുകയും മഹത്വത്തിലേക്കു നയിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവായ ദൈവമേ, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു യേശുനാഥന്റെ പീഡാനുഭവത്തിന്റെ സ്മരണ ഞങ്ങളുടെ ഹൃദയങ്ങളിൽ സജീവമായി നിലനിർത്തണമേ. ഉത്ഥാനത്തിലുള്ള പ്രതീക്ഷയോടെ യേശുവിന്റെ പീഡാനുഭവത്തിൽ പങ്കുചേരാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

### ഏഴാം വാരം തിങ്കൾ

ആമുഖ പ്രാർത്ഥന - സമൂഹപ്രാർത്ഥന-ഓശാനഞായറിന്റേത്

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 42 : 1–9

*ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസൻ, എന്റെ പ്രീതിപാത്രം.*

സങ്കീർത്തനം : 79 : 1–13

പ്രതിവചനം : ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ സഹായിക്കണമേ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 12 : ........

*എന്റെ ശവസംസ്കാരത്തിനായി അവൾ ഇതു ചെയ്തിരിക്കുന്നു.*

ഏഴാം വാരം ചൊവ്വ

ആമുഖ പ്രാർത്ഥന - സമൂഹപ്രാർത്ഥന-ഓശാനഞായറിന്റേത്

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 49 : 1-7

*എന്റെ ദൈവം എനിക്കു ശക്തി ആയിരിക്കും.*

സങ്കീർത്തനം : 69 : 1-17

പ്രതിവചനം : കർത്താവേ, അങ്ങയുടെ ദാസനിൽനിന്ന് മുഖം മറയ്ക്ക രുതേ.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 22 : 1-6

*യൂദാസ് യേശുവിനെ ഒറ്റിക്കൊടുക്കാൻ ആലോചിച്ചു.*

ഏഴാം വാരം ബുധൻ

ആമുഖ പ്രാർത്ഥന - സമൂഹപ്രാർത്ഥന-ഓശാനഞായറിന്റേത്

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 50 : 4-.......................

*ദൈവമായ കർത്താവ് എന്നെ സഹായിക്കുന്നതിനാൽ ഞാൻ പതറുകയില്ല.*

സങ്കീർത്തനം : 86 : 1-17

പ്രതിവചനം : കർത്താവേ, ദിവസം മുഴുവൻ ഞാൻ അങ്ങയെ വിളിച്ച പേക്ഷിക്കുന്നു.

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 26 : 17-..........

*മനുഷ്യപുത്രൻ തന്നെക്കുറിച്ച് എഴുതപ്പെട്ടിരിക്കുന്നതുപോലെ പോകുന്നു.*

പെസഹാവ്യാഴം

(നമ്മുടെ വീടുകളിൽ പരമ്പരാഗതമായി അനുഷ്ഠിച്ചുപോരുന്ന അപ്പം മുറിക്കൽ താഴെ പറയുന്ന വിധം നടത്താവുന്നതാണ്. അത്താഴത്തിനുശേഷം കുടുംബാംഗങ്ങൾ പ്രാർത്ഥനാമുറിയിൽ ഒരുമിച്ചുകൂടുന്നു. കുരിശപ്പവും പാലും അപ്പം മുറിക്കാനുള്ള കത്തിയും മേശപ്പുറത്തുവച്ചിരിക്കുന്നു. കുടുംബനാഥനാണ് ഈ ശുശ്രൂഷ നയിക്കുന്നത്.)

കാർമ്മി : പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

സമൂഹം : ആമ്മേൻ

കാർമ്മി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ.......................
(എല്ലാവരും ചേർന്ന് തുടർന്നു ചൊല്ലുന്നു)

കാർമ്മി : ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേ തിരുക്കുമാരന്റെ പീഡാനുഭവത്തെയും കുരിശുമരണത്തെയും അനുസ്മരിക്കുന്നതിനും അന്ത്യത്താഴവിരുന്നിൽ പ്രതീകാത്മകമായി പങ്കുചേരുന്നതിനുംവേണ്ടി ഞങ്ങൾ നടത്തുന്ന ഈ ശുശ്രൂഷയിൽ അവിടുന്നു സംപ്രീതനാകണമേ.

സമൂഹം : ആമ്മേൻ

ഒന്നാം വായന : വിജ്ഞാപനം

ഈജിപ്തിൽ അടിമകളായി കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത്തെ കർത്താവ് അത്ഭുതകരമായി മോചിപ്പിച്ചു. ഈ വിമോചനത്തിന്റെ ഓർമ്മ അവർ ആണ്ടുതോറും പെസഹാ തിരുനാളിലൂടെ ആഘോഷിച്ചുപോന്നു. കുഞ്ഞാടിന്റെ മാംസവും പുളിപ്പില്ലാത്ത അപ്പവും ഭക്ഷിച്ചുകൊണ്ടാണ് അവർ പെസഹാ ആഘോഷിച്ചിരുന്നത്. പെസഹാക്കുഞ്ഞാടിന്റെ രക്തം ഇസ്രായേൽക്കാർക്കു രക്ഷാകരമായിത്തീർന്ന സംഭവമാണ് നാമിപ്പോൾ വായിച്ചുകേൾക്കുന്നത്.

പുറപ്പാടിന്റെ പുസ്തകം 12 : 21-28

സങ്കീർത്തനം : 135 : 1-9

പ്രതിവചനം : കർത്താവിനെ സ്തുതിക്കുവിൻ.
അവിടുത്തെ കാരുണ്യം അനന്തമാണ്.

രണ്ടാം വായന : വിജ്ഞാപനം

ഇസ്രായേൽക്കാർ അർദ്ധരാത്രിയിൽ ഈജിപ്തിൽനിന്ന് തിടുക്കത്തിൽ പുറപ്പെട്ടുപോന്നതിനാൽ കുഴച്ചുവച്ചിരുന്നമാവ് പുളിക്കാൻ സമയം കിട്ടിയില്ല. അങ്ങനെ ആദ്യത്തെ പെസഹാ ദിവസം പുളിപ്പില്ലാത്ത അപ്പമാണ് അവർ ഭക്ഷിച്ചത്. ആണ്ടുതോറും പെസഹാതിരുനാളിൽ പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ചുകൊണ്ട് കർത്താവു നൽകിയ രക്ഷയിൽ അവർ സന്തോഷിച്ചിരുന്നു.

പുറപ്പാടിന്റെ പുസ്തകം 13 : 3-10

സങ്കീർത്തനം : 146 : 1-10

പ്രതിവചനം : കർത്താവിനെ സ്തുതിക്കുവിൻ.
എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക.

ഗാനം : സുവിശേഷ വെളിച്ചത്താൽ..................

മൂന്നാം വായന : വിജ്ഞാപനം

ശിഷ്യന്മാരോടൊത്ത് അവസാനമായി ആഘോഷിച്ച പെസഹായ്ക്ക് യേശു പുതിയ അർത്ഥം നൽകി. പാപത്തിന്റെ ദാസ്യത്തിൽനിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നതാണ് ഈ പുതിയ പെസഹാ. ശിഷ്യന്മാരുടെ കാലുകൾ കഴുകിക്കൊണ്ട് വിനീതമായ സേവനത്തിന്റെ മാതൃക നൽകിയശേഷം സ്വന്തം ശരീരവും രക്തവും അവർക്ക് ഭക്ഷണമായി നൽകിയതിന്റെ വിവരണമാണ് ഇപ്പോൾ വായിക്കുന്നത്.

വി. മർക്കോസ് എഴുതിയ സുവിശേഷം 14 : 22-26

ഗാനം : എന്നേശുവേ നീ എത്ര നല്ലവൻ................

സമൂഹപ്രാർത്ഥന :

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : ഈജിപ്തിലെ അടിമത്തത്തിൽനിന്ന് ഇസ്രായേൽക്കാരെ രക്ഷിച്ച ദൈവമേ, ഞങ്ങളുടെ ആപത്തുകളിലും സങ്കടങ്ങളിലും അങ്ങേ ശക്തമായ കരം നീട്ടി ഞങ്ങളെ രക്ഷിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ................

കാർമ്മി : കുഞ്ഞാടിന്റെ രക്തം മൂലം ഇസ്രായേൽ ഭവനങ്ങളെ രക്ഷിച്ച ദൈവമേ, യഥാർത്ഥ പെസഹാക്കുഞ്ഞാടായ യേശുവിന്റെ രക്തത്താൽ ഞങ്ങളെയും ഞങ്ങളുടെ ഭവനങ്ങളെയും തിന്മയുടെ ശക്തികളിൽനിന്നു രക്ഷിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ................

കാർമ്മി : അന്ത്യഅത്താഴത്തിൽവച്ച് സ്നേഹത്തിന്റെയും ശുശ്രൂഷയുടെയും മാതൃക ഞങ്ങൾക്കു തന്ന യേശുവേ, മറ്റുള്ളവരെ സ്നേഹിക്കാനും അവർക്കു ശുശ്രൂഷ ചെയ്യാനും ഞങ്ങളെ ശക്തരാക്കണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ...............

കാർമ്മി : ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുകയും ഒരേ പാത്രത്തിൽനിന്ന് കുടിക്കുകയും ചെയ്യുന്ന ഞങ്ങളെ പരസ്പര സ്നേഹത്തിലും ഐക്യത്തിലും വളരാൻ സഹായിക്കണമേയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ...............

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം.

അങ്ങേ പുത്രനായ യേശുക്രിസ്തുവിന്റെ പെസഹാരഹസ്യത്തിലൂടെ ഞങ്ങൾക്കു പുതിയ ഉടമ്പടി നല്കിയ കാരുണ്യവാനായ ദൈവമേ, അങ്ങയുടെ അനന്തമായ സ്നേഹത്തെ ഞങ്ങൾ വാഴ്ത്തുന്നു. ഞങ്ങൾക്കു ഭക്ഷണമായി മുറിച്ചു വിഭജിക്കപ്പെട്ട അവിടുത്തെ പുത്രന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും പ്രതീകങ്ങളായ ഈ ഭക്ഷണപാനീയങ്ങളെ അവിടുന്ന് ആശീർവദിക്കണമേ. ഇവ ഭക്ഷിക്കുന്ന ഞങ്ങൾ സഹോദരങ്ങൾക്കുവേണ്ടി ഞങ്ങളെയും ഞങ്ങൾക്കുള്ളവയേയും പങ്കുവയ്ക്കാൻ ശക്തരാകട്ടെ. ഈ പെസഹാവിരുന്നിൽ പങ്കുചേരുന്ന ഞങ്ങളെ അങ്ങയോടൊപ്പം നിത്യജീവിതത്തിൽ പങ്കുകാരാക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

തുടർന്ന് അപ്പം മുറിക്കുന്നു. അപ്പവും പാലും കുടുംബനാഥൻ എല്ലാവർക്കും നൽകുന്നു. ഓരോരുത്തരും ഇരുകൈകളും നീട്ടി സ്വീകരിക്കുന്നു.

ഗാനം : ദൈവത്തിനു സ്തോത്രം പാടിടുവിൻ (അല്ലെങ്കിൽ നവ്യമായൊരു കല്പന.....)

തുടർന്നു പെസഹാരാത്രിയിലെ സംഭവങ്ങൾ സുവിശേഷത്തിൽനിന്നു വായിക്കുന്നത് യേശുവിന്റെ പീഡാനുഭവത്തിൽ പങ്കുചേരുന്നതിനു സഹായകമായിരിക്കും.

മർക്കോസ് 14 : 27-72

## ദുഃഖവെള്ളി

സാധാരണ ചൊല്ലാറുള്ള സന്ധ്യാപ്രാർത്ഥനകൾക്കുപകരം "കുരിശിന്റെ വഴി" നടത്തുന്നു. അതിനുശേഷം താഴെ കൊടുത്തിരിക്കുന്ന ബൈബിൾ പ്രാർത്ഥന നടത്താവുന്നതാണ്.

(കർത്താവിന്റെ പീഡാനുഭവത്തെക്കുറിച്ച് അല്പസമയം ധ്യാനിക്കുന്നു)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. കാരുണ്യവാനും സ്നേഹനിധിയുമായ ദൈവമേ, അങ്ങേ തിരുക്കുമാരന്റെ പീഡാസഹനവും കുരിശുമരണവും വഴി പാപത്തിൽനിന്നും നിത്യമരണത്തിൽനിന്നും അങ്ങ് വീണ്ടെടുത്ത ഈ കുടുംബത്തെ കരുണയോടെ കടാക്ഷിക്കണമേ. യേശുനാഥന്റെ മരണത്തിനു കാരണമായ ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ചുകൊണ്ട് ഞങ്ങൾ നടത്തുന്ന ഈ പ്രാർത്ഥന അങ്ങേയ്ക്കു പ്രീതികരമാകട്ടെ സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

## ദുഃഖശനി

(സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ഉചിതമായ ഒരു ഗാനത്തോടെ ആരംഭിക്കുന്നു.)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. സർവ്വശക്തനും നിത്യനുമായ ദൈവമേ, അങ്ങയുടെ ഛായയിലും സാദൃശ്യത്തിലും ഞങ്ങളെ സൃഷ്ടിക്കുകയും അവിടുത്തെ തിരുക്കുമാരന്റെ കുരിശുമരണത്തിലൂടെ ഞങ്ങളെ രക്ഷിക്കുകയും ചെയ്ത അനന്തമായ സ്നേഹത്തെപ്രതി അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. യേശുനാഥന്റെ പെസഹാരഹസ്യത്തിലൂടെ ഞങ്ങൾക്കു കൈവന്നിരിക്കുന്ന നിത്യരക്ഷയെ ഗ്രഹിക്കാനും ഞങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗഭാഗ്യത്തിൽ പങ്കുചേരാനും ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ

സമൂഹം : ആമ്മേൻ

ഒന്നാം വായന : യോനാ പ്രവാചകന്റെ പുസ്തകം 2 : 1-10

*അവിടുന്ന് ആഴത്തിലേക്ക് എന്നെ വലിച്ചെറിഞ്ഞു.*

സങ്കീർത്തനം : 30 : 1-12

പ്രതിവചനം : കർത്താവേ, ഞാനങ്ങയെ പാടിപ്പുകഴ്ത്തും. എന്തെന്നാൽ അവിടുന്നു എന്നെ രക്ഷിച്ചു.

ഗാനം : സുവിശേഷ വെളിച്ചത്താൽ..............

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 27 : 62-66

*അവർ പോയി കല്ലിനു മുദ്രവച്ച് കാവല്ക്കാരെ നിർത്തി കല്ലറ ഭദ്രമാക്കി.*

സമൂഹപ്രാർത്ഥന :

കാർമ്മി : നമുക്കെല്ലാവർക്കും അനുതാപത്തോടും പ്രതീക്ഷയോടും കൂടെ കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : ഞങ്ങൾക്കുവേണ്ടി മരിച്ച് അടക്കപ്പെട്ട യേശുവിനോടു ചേർന്ന് പാപകരമായ ജീവിതത്തെ പൂർണ്ണമായി ഉപേക്ഷിക്കുന്നതിന് ഞങ്ങളെ ശക്തരാക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ................

കാർമ്മി : ഞങ്ങളെ സ്നേഹിക്കുകയും ഞങ്ങൾക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത യേശുനാഥനിൽ വിശ്വസിച്ചുകൊണ്ടു ജീവിക്കാൻ ഞങ്ങൾക്കു വരം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ................

കാർമ്മി : യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ ഞങ്ങൾക്കിടയാക്കരുതേയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ...............

കാർമ്മി : ദാസന്റെ രൂപം സ്വീകരിച്ച് കുരിശുമരണത്തോളം സ്വയം താഴ്ത്തിയ യേശുവിന്റെ മനോഭാവം ഞങ്ങൾക്കും നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ................

കാർമ്മി : മാമ്മോദീസാവഴി ക്രിസ്തുവിന്റെ മരണത്തിൽ പങ്കുചേർന്ന ഞങ്ങൾക്ക് പുനരുത്ഥാനത്തിലുള്ള പ്രതീക്ഷയോടെ ജീവിക്കാൻവേണ്ട വരം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ...............

കാർമ്മി : ഞങ്ങൾക്കുണ്ടാകുന്ന ദുഃഖങ്ങളിലും പരാജയങ്ങളിലും നിരാശരാകാതെ യേശുനാഥന്റെ കുരിശിൽനിന്ന് ശക്തി സംഭരിച്ച് പ്രത്യാശയോടെ ജീവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ...............

സമാപനപ്രാർത്ഥന :

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം.

സ്നേഹനിധിയായ ദൈവമേ, അങ്ങേ തിരുക്കുമാരൻ ഞങ്ങളുടെ മനുഷ്യപ്രകൃതിയിൽ പൂർണ്ണമായി പങ്കുചേർന്നുകൊണ്ട് മരിച്ച് അടക്കപ്പെടുവാൻ അവിടുന്ന് തിരുമനസ്സായല്ലോ. യേശുനാഥന്റെ പീഡാനുഭവത്തിന്റെ ഓർമ്മ ഞങ്ങളിൽ എന്നും സജീവമായി നിലനിർത്തണമേ. നിസ്വാർത്ഥമായ സഹോദരസ്നേഹവും വിനീതമായ സേവനവും വഴി ഞങ്ങളുടെ ജീവിതം ഫലദായകമാക്കുവാൻ അവിടുന്ന് ഞങ്ങളെ ശക്തിപ്പെടുത്തണമേ. യേശുനാഥനെ മരണത്തിൽനിന്നുയിർപ്പിച്ച് അവിടുത്തേ ആത്മാവിനെ ഞങ്ങൾക്കു സമൃദ്ധമായി നല്കി പുതുജീവനിലേക്കു ഞങ്ങളെ ഉയിർപ്പിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

## ഉയിർപ്പുകാലം

യേശുനാഥന്റെ ഉയിർപ്പുതിരുനാൾ മുതൽ പരിശുദ്ധാത്മാവിന്റെ ആഗമനത്തിരുനാളായ 'പെന്തക്കുസ്ത' വരെയുള്ള ഏഴാഴ്ചകളാണ് ഉയിർപ്പുകാലം. നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് യേശുവിന്റെ ഉത്ഥാനം. പാപത്തിൻമേലും മരണത്തിൻമേലും മനുഷ്യവർഗ്ഗത്തിനു വിജയം ലഭിക്കുമെന്നും പാപോൻമുഖവും നശ്വരവുമായ മനുഷ്യപ്രകൃതി അനശ്വരമായി രൂപാന്തരപ്പെടുമെന്നും നമുക്ക് ഉറപ്പുനൽകുന്നതും യേശുവിന്റെ ഉത്ഥാനം തന്നെ. ദൈവപുത്രൻ പാപത്തിനധീന

മായ മനുഷ്യസ്വഭാവം ഏറ്റെടുക്കുകയും ദൈവഹിതത്തിനു പൂർണ്ണമായി വഴങ്ങി കുരിശുമരണം സ്വീകരിക്കുകയും ചെയ്തുകൊണ്ട് ആദത്തിന്റെ പാപത്തിൽനിന്ന് മനുഷ്യവർഗ്ഗത്തിനുമോചനം നൽകി. യേശുവിനെ മരണത്തിൽനിന്നുയിർപ്പിച്ചുകൊണ്ട് ദൈവം മനുഷ്യസ്വഭാവത്തെത്തന്നെ നിത്യജീവനിലേക്ക് ഉയർത്തി. ഇപ്രകാരം നവീകരിക്കപ്പെട്ട മനുഷ്യസ്വഭാവത്തിൽ നാം പങ്കുകാരാകുന്നത് യേശുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേർന്നു കൊണ്ടാണ്.

യേശുവിന്റെ പുനരുത്ഥാനം. പുനരുത്ഥാനത്തെ കുറിച്ച് പഴയ നിയമത്തിലുള്ള സൂചനകൾ. പുനരുത്ഥാനം വഴി നമുക്കു ലഭിക്കുന്ന പാപമോചനവും ദൈവികജീവനും, ദൈവികജീവനിൽ പങ്കുകാരാവുന്നതിനു നമ്മൾ സ്വീകരിക്കേണ്ട ജീവിതരീതി മുതലായവയായിരിക്കും ഈ കാലത്തെ ധ്യാനവിഷയങ്ങൾ. ഇതിനുതകുന്ന വായനകൾ പ്രത്യേകം തിരഞ്ഞെടുത്തിരിക്കുന്നു. ഉത്ഥാനം നൽകുന്ന പ്രതീക്ഷയെ മുൻനിർത്തിക്കൊണ്ടാണ് അനുദിന പ്രാർത്ഥനകൾ തയ്യാറാക്കിയിരിക്കുന്നത്.

സ്വർഗ്ഗാരോഹണത്തിരുനാൾ മുതൽ പെന്തക്കുസ്തവരെയുള്ള പത്തുദിവസങ്ങൾ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുള്ള ഒരുക്കത്തിന്റെ ദിവസങ്ങളാണ്. പരിശുദ്ധാത്മാവിനെ ദാനമായി നൽകുന്നതിനെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ, പരിശുദ്ധാത്മാവിന്റെ നമ്മിലുള്ള പ്രവർത്തനങ്ങൾ, പരി. ആത്മാവിനെ സ്വീകരിക്കാൻ നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ മുതലായവയായിരിക്കും ഈ പത്തു ദിവസങ്ങളിലെയും വായനകളുടെ ഉള്ളടക്കം. ഈ ദിവസങ്ങളിലേക്ക് അനുദിന പ്രാർത്ഥനകൾ പ്രത്യേകം കൊടുത്തിട്ടുണ്ട്. പെന്തക്കുസ്ത തിരുനാൾ മുതൽ ആരാധനാ വർഷത്തിൽ പുതിയൊരു കാലം ആരംഭിക്കുകയാണ്. അതിനുവേണ്ട വായനകളും പ്രാർത്ഥനകളും അടുത്ത പുസ്തകത്തിൽ കൊടുക്കുന്നതാണ്.

**അനുദിനപ്രാർത്ഥനകൾ**

കാർമ്മി : സർവ്വശക്തനും നിത്യനുമായ ദൈവമേ, അങ്ങേ തിരുക്കുമാരനെ മരണത്തിൽ നിന്നുയിർപ്പിച്ചുകൊണ്ട് ഞങ്ങൾക്കു നിത്യജീവന്റെ പാത തുറന്നുതന്ന അവിടുത്തെ കാരുണ്യാതിരേകത്തെ ഞങ്ങൾ പുകഴ്ത്തുന്നു. യേശുനാഥന്റെ തിരുവുത്ഥാനത്തിന്റെ ഓർമ്മ ആചരിക്കുന്ന ഞങ്ങളെ അവി

ടുത്തെ ആത്മാവിനാൽ നവീകരിക്കണമേ. ജീവദായകമായ അവിടുത്തെ തിരുവചനം ഗ്രഹിക്കുന്നതിനു ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും ഹൃദയത്തെ ഒരുക്കമുള്ള താക്കുകയും ചെയ്യണമേ. ഉത്ഥാനത്തിന്റെ സദ്വാർത്ത ശ്രവിക്കുന്ന ഞങ്ങളെ ഉത്ഥിതനായ നാഥന് അനുയോജ്യമായ ജീവിതം നയിക്കാൻ ശക്തിപ്പെടുത്തണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന-സങ്കീർത്തനം-രണ്ടാംവായന : ദിവസത്തിന്റേതു കാണുക.

*അവർ പോയി കല്ലിനു മുദ്രവച്ച് കാവല്ക്കാരെ നിർത്തി കല്ലറ ഭദ്രമാക്കി.*

സമൂഹപ്രാർത്ഥന :

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : ഉത്ഥാനത്താൽ മരണത്തെ ജയിച്ചടക്കിയ മിശിഹായേ, പുനരുത്ഥാനത്തിലുള്ള പ്രത്യാശയോടെ ജീവിക്കാൻ ഞങ്ങളെ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ..........................

കാർമ്മി : ലോകത്തിനു തരാൻ കഴിയാത്ത സമാധാനം ശിഷ്യന്മാർക്കു നല്കിയ യേശുനാഥാ, ഞങ്ങളുടെ ഹൃദയങ്ങളിലും കുടുംബത്തിലും സമൂഹത്തിലും അവിടുത്തെ സമാധാനം സമൃദ്ധമായി നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ..........................

കാർമ്മി : തിരുവുത്ഥാനംവഴി ലോകത്തെ നവീകരിക്കുന്ന കർത്താവേ, ദാരിദ്ര്യത്താലും രോഗത്താലും വലയുന്നവരെയും നീതിക്കുവേണ്ടി പീഡനമേല്ക്കുന്നവരെയും പ്രത്യാശ നല്കി ശക്തിപ്പെടുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ..........................

കാർമ്മി : ഞാൻ നിങ്ങളെ അനാഥരായി വിട്ടുകളയുകയില്ല എന്നരുളിചെയ്ത യേശുനാഥാ, പരിത്യക്തതയാലും തീരാവ്യാധികളാലും നിരാശരാവുകയും മാനസികക്ലേശങ്ങളാൽ ജീവിതത്തോടു തന്നെ മടുപ്പുതോന്നുകയും ചെയ്യുന്നവർക്കു കൂട്ടായിരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ..........................

കാർമ്മി : വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കുവാനായി ശിഷ്യന്മാരുടെ മനസ്സുകളെ തുറന്നുകൊടുത്ത കർത്താവേ, വിശുദ്ധ ഗ്രന്ഥത്തോട് ആദരവും തിരുവചനങ്ങൾ ഗ്രഹിക്കാനുള്ള ശക്തിയും ഞങ്ങൾക്ക് പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ..........................

കാർമ്മി : അങ്ങയുടെ അജഗണത്തെ മേയ്ക്കുവാനായി അപ്പസ്തോലന്മാരെ നിയോഗിച്ച കർത്താവേ, കുടുംബങ്ങളിലും സഭയിലും രാഷ്ട്രീയ സമൂഹത്തിലും അധികാരമുള്ളവർ സ്വാർത്ഥമതികളാകാതെ സേവനത്തിന്റെ മാതൃകകളായിരിക്കുവാൻ സഹായിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ..........................

കാർമ്മി : ഉത്ഥാനത്തിന്റെ സദ്വാർത്ത ലോകം മുഴുവൻ അറിയിക്കുവാൻ ശിഷ്യന്മാരെ നിയോഗിച്ച കർത്താവേ, സുവിശേഷ പ്രഘോഷണത്തിൽ ഞങ്ങളെ താൽപര്യമുള്ളവരാക്കണമെന്നും പ്രേഷിത വേലയ്ക്കായി ധാരാളം യുവതിയുവാക്കളെ തിരഞ്ഞെടുത്ത് അയയ്ക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ..........................

കാർമ്മി : എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർക്ക് അപ്പം മുറിച്ചു കൊടുത്തുകൊണ്ട് സ്വയം വെളിപ്പെടുത്തിയ കർത്താവേ, അന്നന്നുവേണ്ട ആഹാരത്തിന് ഞങ്ങൾക്കു ഒരിക്കലും കുറവു വരുത്തരുതെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ..........................

കാർമ്മി : പുനരുത്ഥാനവും ജീവനും ഞാനാകുന്നു എന്നരുളിച്ചെയ്ത യേശുനാഥാ, മരണം വഴി ഞങ്ങളിൽനിന്നു വേർപെട്ടു പോയ ഞങ്ങളുടെ ബന്ധുമിത്രാദികളെയും ഉപകാരികളെയും നിത്യഭാഗ്യം നൽകി അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ, ..........................

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം.

കാരുണ്യവാനും സ്നേഹസമ്പന്നനുമായ ദൈവമേ അങ്ങേ തിരുക്കുമാരനായ യേശുവിലൂടെ ഞങ്ങളെ മക്കളായി സ്വീകരിക്കുന്ന അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അവിടുത്തെ മക്കൾക്ക് അനുയോജ്യമായ വിധം ജീവിക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. കക്ഷിമാൽസര്യങ്ങളും വർഗ്ഗവിദ്വേഷവും വെടിഞ്ഞ് ഐക്യത്തിലും സമാധാനത്തിലും ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഉത്ഥാനത്തിലുള്ള പ്രതീക്ഷയോടെ ജീവിതക്ലേശങ്ങളെ സന്തോഷപൂർവ്വം സ്വീകരിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. അങ്ങേ സമാധാനവും ശാന്തിയും ഞങ്ങളുടെ ഹൃദയങ്ങളിലും കുടുംബത്തിലും മനുഷ്യവർഗ്ഗം മുഴുവനിലും നിരന്തരം വസിയ്ക്കാൻ ഇടയാകട്ടെ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

### ഉയിർപ്പു തിരുനാൾ

ഒന്നാം വായന : ഹോസിയാ പ്രവാചകന്റെ പുസ്തകം 6 : 1-6

*മൂന്നാം ദിവസം അവിടുന്ന് നമ്മെ ഉയിർപ്പിക്കും.*

സങ്കീർത്തനം : 118 : 1-29

പ്രതിവചനം : കർത്താവിന്റെ കാരുണ്യം എന്നേക്കും നിലനില്ക്കുന്നു.

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 28 : 1-10

*അവൻ അരുളിചെയ്തതുപോലെ ഉയിർപ്പിക്കപ്പെട്ടു.*

### ഒന്നാം വാരം തിങ്കൾ

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 60 : 1-14

*ഉണർന്നു പ്രശോഭിക്കുക, നിന്റെ മഹത്വം വന്നുചേർന്നിരിക്കുന്നു.*

സങ്കീർത്തനം : 16 : 1-11

പ്രതിവചനം : കർത്താവ് എന്നെ പാതാളത്തിൽ തള്ളുകയില്ല.

രണ്ടാം വായന : വി. മർക്കോസ് എഴുതിയ സുവിശേഷം 16 : 1-8

*കുരിശിൽ തറയ്ക്കപ്പെട്ട നസ്രായനായ യേശു ഉയിർപ്പിക്കപ്പെട്ടിരിക്കുന്നു.*

ഒന്നാം വാരം ചൊവ്വ

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 60 : 15-22

*കർത്താവായിരിക്കും നിന്റെ നിത്യമായ പ്രകാശം.*

സങ്കീർത്തനം : 113 : 1-9

പ്രതിവചനം : കർത്താവു ദരിദ്രനെ പൊടിയിൽനിന്നുയർത്തുന്നു.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 24 : 1-12

*ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്തിന്?*

ഒന്നാം വാരം ബുധൻ

ഒന്നാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 5 : 1-11

*നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു.*

സങ്കീർത്തനം : 115 : 1-18

പ്രതിവചനം : കർത്താവിന്റെ ഭക്തരേ,<br>കർത്താവിൽ ആശ്രയിക്കുവിൻ

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 24 : 13-35

*അപ്പോൾ അവരുടെ കണ്ണുകൾ തുറന്നു, അവർ അവനെ തിരിച്ചറിഞ്ഞു.*

ഒന്നാം വാരം വ്യാഴം

ഒന്നാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 5 : 12-21

*യേശുക്രിസ്തുവിന്റെ നീതിപൂർവ്വകമായ പ്രവൃത്തി എല്ലാവർക്കും ജീവദായകമായ നീതീകരണത്തിനു കാരണമായി.*

സങ്കീർത്തനം : 95 : 1-11

പ്രതിവചനം : വരുവിൻ നമുക്കു കർത്താവിനെ പാടിപുകഴ്ത്താം

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 24 : 36-49

*ക്രിസ്തു സഹിക്കുകയും മൂന്നാംദിവസം ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യണമെന്ന് എഴുതപ്പെട്ടിരിക്കുന്നു.*

ഒന്നാം വാരം വെള്ളി

ഒന്നാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 6 : 1-14

*മരിച്ചവരിൽനിന്നുത്ഥാനം ചെയ്ത ക്രിസ്തു ഇനി ഒരിക്കലും മരിക്കുകയില്ല*

സങ്കീർത്തനം : 30 : 1-12

പ്രതിവചനം : കർത്താവേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും എന്തെന്നാൽ അവിടുന്ന് എന്നെ രക്ഷിച്ചു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 20 : 1-10

*അവൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു.*

ഒന്നാം വാരം ശനി

ഒന്നാം വായന : അപ്പസ്തോലപ്രവർത്തനങ്ങൾ 2 : 22-36

*യേശുവിനെ ദൈവം കർത്താവും ക്രിസ്തുവുമായി ഉയർത്തി.*

സങ്കീർത്തനം : 2 : 1-12

പ്രതിവചനം : കർത്താവിൽ ശരണം വയ്ക്കുന്നവർ ഭാഗ്യവാന്മാർ

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 20 : 11-18

*ഞാൻ നിങ്ങളുടെ പിതാവിന്റെയും എന്റെ പിതാവിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു.*

രണ്ടാം വാരം ഞായർ

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 48 : 12-22

*കർത്താവു തന്റെ ദാസനായ യാക്കോബിനെ രക്ഷിച്ചു എന്ന് വിളിച്ചറിയിക്കുക.*

സങ്കീർത്തനം : 81 : 1-16

പ്രതിവചനം : കഷ്ടകാലത്ത് നീ വിളിച്ചപേക്ഷിച്ചു ഞാൻ നിന്നെ മോചിപ്പിച്ചു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 20 : 24-31

*അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.*

### രണ്ടാം വാരം തിങ്കൾ

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 51 : 1-8

*ഞാൻ നൽകുന്ന രക്ഷ നിത്യമാണ്.*

സങ്കീർത്തനം : 149 : 1-9

പ്രതിവചനം : കർത്താവ് എളിയവരെ വിജയമണിയിക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 21 : 1-14

*അതു കർത്താവാണ്.*

### രണ്ടാം വാരം ചൊവ്വ

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 51 : 9-23

*എന്റെ കരത്തിന്റെ തണലിൽ നിന്നെ ഞാൻ മറച്ചിരിക്കുന്നു.*

സങ്കീർത്തനം : 91 : 1-16

പ്രതിവചനം : കർത്താവ് തന്റെ ചിറകുകളുടെ കീഴിൽ നിനക്ക് അഭയം നൽകും.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 21 : 15-23

*എന്റെ കുഞ്ഞാടുകളെ മേയ്ക്കുക.*

### രണ്ടാം വാരം ബുധൻ

ഒന്നാം വായന : അപ്പസ്തോലപ്രവർത്തനങ്ങൾ 3 : 11-26

*ജീവന്റെ നാഥനെ നിങ്ങൾ വധിച്ചു; എന്നാൽ ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു.*

സങ്കീർത്തനം : 8 : 1-9

പ്രതിവചനം : ആകാശം ദൈവമഹത്വം പ്രകീർത്തിക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 3 : 1-15

*തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു.*

### രണ്ടാം വാരം വ്യാഴം

ഒന്നാം വായന : അപ്പസ്തോലപ്രവർത്തനങ്ങൾ 4 : 1-22

*യേശുക്രിസ്തുവിലല്ലാതെ മറ്റാരിലും രക്ഷയില്ല.*

സങ്കീർത്തനം : 4 : 1-8

പ്രതിവചനം : ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ
കർത്താവു കേൾക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 3 : 16-21

*ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് അവൻ വഴി ലോകം രക്ഷ പ്രാപിക്കാനാണ്.*

രണ്ടാം വാരം വെള്ളി

ഒന്നാം വായന : വി. പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനം 3 : 1-11

*നിങ്ങൾ കർത്താവിൽ സന്തോഷിക്കുവിൻ.*

സങ്കീർത്തനം : 116 : 1-19

പ്രതിവചനം : ഞാൻ നിലംപറ്റിയപ്പോൾ കർത്താവ് എന്നെ രക്ഷിച്ചു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 16 : 16-24

*നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തുകളയുകയില്ല*

രണ്ടാം വാരം ശനി

ഒന്നാം വായന : വി. പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനം 3 : 12-21

*യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു.*

സങ്കീർത്തനം : 69 : 1-13

പ്രതിവചനം : ഞങ്ങളെ കാത്തു പരിപാലിക്കുന്ന ദൈവമേ, അങ്ങയെ
ഞങ്ങൾ സ്തുതിക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 16 : 22-33

*ധൈര്യമായിരിക്കുവിൻ ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു.*

മൂന്നാം വാരം വ്യാഴം

ഒന്നാം വായന : വെളിപാടു പുസ്തകം 1 : 9-20

*ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ ഞാൻ എന്നേക്കും ജീവിക്കുന്നു.*

സങ്കീർത്തനം : 62 : 1-12

പ്രതിവചനം : ദൈവത്തിൽ മാത്രമാണ് എനിക്കാശ്വാസം

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 10 : 25-30

*ഞാനും പിതാവും ഒന്നാണ്.*

മൂന്നാം വാരം തിങ്കൾ

ഒന്നാം വായന : വി. പത്രോസ് എഴുതിയ ഒന്നാം ലേഖനം 1 : 3-12

*യേശുക്രിസ്തുവിന്റെ ഉത്ഥാനംവഴി ദൈവം സജീവമായ പ്രത്യാശയിലേക്കു നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു.*

സങ്കീർത്തനം : 63 : 1-11

പ്രതിവചനം : ദൈവമേ, എന്റെ ആത്മാവ്
അങ്ങേക്കായി ദാഹിക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 17 : 1-5

*നിത്യജീവൻ നൽകാൻ എല്ലാവരുടേയുംമേൽ അവന് അധികാരം നൽകിയിരിക്കുന്നു.*

മൂന്നാം വാരം ചൊവ്വ

ഒന്നാം വായന : വി. പൗലോസ് കൊളോസോസുകാർക്കെഴുതിയ
ലേഖനം 2 : 1-15

*നിങ്ങൾ അവനോടുകൂടി ഉയിർപ്പിക്കപ്പെട്ടിരിക്കുന്ന.*

സങ്കീർത്തനം : 67 : 1-7

പ്രതിവചനം : ദൈവം നമ്മോടു കൃപ കാണിക്കുകയും
നമ്മെ അനുഗ്രഹിക്കുകയും ചെയ്യുമാറാകട്ടെ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 17 : 6-19

*ഞാൻ ലോകത്തിന്റേതല്ലാത്തതുപോലെ അവരും ലോകത്തിന്റേതല്ല.*

മൂന്നാം വാരം ബുധൻ

ഒന്നാം വായന : വി. പൗലോസ് കൊളോസോസുകാർക്കെഴുതിയ
ലേഖനം 2 : 20-3, 4

*ക്രിസ്തു വസിക്കുന്ന ഉന്നതത്തിലുള്ളവയെ അന്വേഷിക്കുവിൻ.*

സങ്കീർത്തനം : 33 : 1-22

പ്രതിവചനം : നാം കർത്താവിനുവേണ്ടി കാത്തിരിക്കുന്നു,
അവിടുന്നാണ് നമ്മുടെ സഹായം.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 17 : 20-26

*ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടെ അവരും ആയിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു.*

### മൂന്നാം വാരം വ്യാഴം

ഒന്നാം വായന : വി. പൗലോസ് കോറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനം 4 : 1–18

*കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ യേശുവിനോടുകൂടെ നമ്മളെയും ഉയിർപ്പിക്കും.*

സങ്കീർത്തനം : 146 : 1–10

പ്രതിവചനം : ജീവിതകാലം മുഴുവൻ ഞാൻ
ദൈവത്തിനു കീർത്തനം പാടും.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 15 : 1–10

*നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നില നില്ക്കും.*

### മൂന്നാം വാരം വെള്ളി

ഒന്നാം വായന : വി. പൗലോസ് കോറിന്തോസുകാർക്കെഴുതിയ രണ്ടാം ലേഖനം 5 : 1–10

*കർത്താവിനോട് അടുത്തിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.*

സങ്കീർത്തനം : 34 : 1–22

പ്രതിവചനം : കർത്താവിനെ ഞാൻ എന്നും പുകഴ്ത്തും.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 15 : 11–17

*ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹി ക്കണം.*

### മൂന്നാം വാരം ശനി

ഒന്നാം വായന : വി. പൗലോസ് ഗലാത്തിയാക്കാർക്കെഴുതിയ ലേഖനം 6 : 11–17

*പുതിയ സൃഷ്ടിയാവുക എന്നതാണ് പരമപ്രധാനം.*

സങ്കീർത്തനം : 27 : 1–14

പ്രതിവചനം : കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 13 : 31–35

*നിങ്ങക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാ രാണെന്ന് അതുമൂലം എല്ലാവരും അറിയും.*

## നാലാം വാരം ഞായർ

ഒന്നാം വായന : വെളിപാടു പുസ്തകം 5 : 1-10

*കൊല്ലപ്പെട്ടതായി തോന്നുന്ന ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു.*

സങ്കീർത്തനം : 42 : 1-11

പ്രതിവചനം : ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 14 : 25-31

*എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നൽകുന്നു.*

## നാലാം വാരം തിങ്കൾ

ഒന്നാം വായന : ഹെബ്രായർക്കുള്ള ലേഖനം 10 : 19-39

*യേശു നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു.*

സങ്കീർത്തനം : 84 : 1-12

പ്രതിവചനം : സൈന്യങ്ങളുടെ കർത്താവേ,
അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 14 : 1-14

*ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നു.*

## നാലാം വാരം ചൊവ്വ

ഒന്നാം വായന : വി. പൗലോസ് കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 15 : 1-11

*ക്രിസ്തു എഴുതപ്പെട്ടിരുന്നതുപോലെ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു.*

സങ്കീർത്തനം : 49 : 1-20

പ്രതിവചനം : കർത്താവ് എന്റെ പ്രാണനെ
പാതാളത്തിൽനിന്നു വീണ്ടെടുക്കും.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 5 : 19-29

*മരിച്ചവർ ദൈവപുത്രന്റെ സ്വരം ശ്രവിക്കുന്ന സമയം വന്നുകഴിഞ്ഞു.*

## നാലാം വാരം ബുധൻ

ഒന്നാം വായന : വി. പൗലോസ് കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 15 : 12-28

*ആദത്തിൽ എല്ലാവരും മരണാധീനരാകുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജ്ജീവിക്കും.*

സങ്കീർത്തനം : 93 : 1-5

പ്രതിവചനം : കർത്താവ് വാഴുന്നു
അവിടുന്ന് മഹത്വമണിഞ്ഞിരിക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 6 : 25-33

*നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ.*

നാലാം വാരം വ്യാഴം

ഒന്നാം വായന : വി. പൗലോസ് കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 15 : 35-49

*അവസാനത്തെ ആദം ജീവദാതാവായ ആത്മാവായിത്തീർന്നു.*

സങ്കീർത്തനം : 96 : 1-13

പ്രതിവചനം : കർത്താവിന് ഒരു പുതിയ കീർത്തനം ആലപിക്കുവിൻ

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 6 : 34-40

*എന്റെ അടുത്തുവരുന്നവന് ഒരിക്കലും വിശക്കുകയില്ല.*

നാലാം വാരം വെള്ളി

ഒന്നാം വായന : വി. പൗലോസ് കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 15 : 50-58

*നശ്വരമായത് അനശ്വരതയും മർത്യമായത് അമർത്യതയും ധരിക്കേണ്ടിയിരിക്കുന്നു.*

സങ്കീർത്തനം : 57 : 1-11

പ്രതിവചനം : കർത്താവു വാഴുന്നു. ഭൂമി സന്തോഷിക്കട്ടെ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 6 : 41-59

*എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും.*

നാലാം വാരം ശനി

ഒന്നാം വായന : വി. പൗലോസ് തീത്തോസിനെഴുതിയ ലേഖനം 3 : 1-7

*ദൈവം നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിലൂടെയാണ് നമ്മുടെമേൽ പരിശുദ്ധാത്മാവിനെ സമൃദ്ധമായി വർഷിച്ചത്.*

സങ്കീർത്തനം : 90 : 1–17

പ്രതിവചനം : കർത്താവേ, അങ്ങയുടെ കാരുണ്യംകൊണ്ട് ഞങ്ങളെ സംതൃപ്തരാക്കണമേ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 6 : 60–71

*നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്.*

### അഞ്ചാം വാരം ഞായർ

ഒന്നാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 10 : 5–13

*യേശു കർത്താവാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷപ്രാപിക്കും.*

സങ്കീർത്തനം : 98 : 1–9

പ്രതിവചനം : ഭൂമി മുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 8 : 12–20

*ഞാൻ ലോകത്തിന്റെ പ്രകാശമാണ്.*

### അഞ്ചാം വാരം തിങ്കൾ

ഒന്നാം വായന : വി. പൗലോസ് എഫേസോസുകാർക്കെഴുതിയ ലേഖനം 1 : 1–14

*നമുക്ക് ക്രിസ്തുവിൽ പാപമോചനവും അവന്റെ രക്തംവഴി രക്ഷയും കൈവന്നിരിക്കുന്നു.*

സങ്കീർത്തനം : 99 : 1–9

പ്രതിവചനം : ദൈവമായ കർത്താവിനെ മഹത്വപ്പെടുത്തുവിൻ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 8 : 21–30

*എന്നിൽ വിശ്വസിക്കുന്നില്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും.*

### അഞ്ചാം വാരം ചൊവ്വ

ഒന്നാം വായന : വി. പൗലോസ് എഫേസോസുകാർക്കെഴുതിയ ലേഖനം 1 : 15–23

*തന്നെക്കുറിച്ചുള്ള പൂർണ്ണമായ അറിവിലേക്ക് ദൈവം നിങ്ങളെ നയിക്കട്ടെ.*

സങ്കീർത്തനം : 100 : 1-5

പ്രതിവചനം : ഭൂമി മുഴുവൻ കർത്താവിന്റെ മുമ്പിൽ
ആനന്ദഗീതമാലപിക്കട്ടെ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 8 : 31-38

*സത്യം നിങ്ങളെ സ്വതന്ത്രരാക്കും.*

### അഞ്ചാം വാരം ബുധൻ

ഒന്നാം വായന : വി. പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനം
1 : 12-26

*എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്.*

സങ്കീർത്തനം : 121 : 1-8

പ്രതിവചനം : എനിക്കു സഹായം കർത്താവിൽ നിന്നുവരുന്നു.

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 10 : 34-39

*എന്നെപ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും.*

### അഞ്ചാം വാരം വ്യാഴം

ഒന്നാം വായന : വി. പൗലോസ് കൊളോസോസുകാർക്കെഴുതിയ
ലേഖനം 3 : 1-17

*ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ.*

സങ്കീർത്തനം : 131 : 1-3

പ്രതിവചനം : കർത്താവേ, അങ്ങേ സമാധാനം
ഞങ്ങൾക്കു നല്കണമേ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 14 : 25-31

*എന്റെ സമാധാനം നിങ്ങൾക്കു ഞാൻ നല്കുന്നു.*

### അഞ്ചാം വാരം വെള്ളി

ഒന്നാം വായന : വി. പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനം
2 : 1-11

*യേശുക്രിസ്തുവിനുണ്ടായിരുന്ന മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ.*

സങ്കീർത്തനം : 46 : 1-19

പ്രതിവചനം : ശാന്തമാവുക, ഞാൻ ദൈവമാണെന്നറിയുക.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 10 : 1-18

*നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.*

അഞ്ചാം വാരം ശനി

ഒന്നാം വായന : വി. പൗലോസ് ഫിലിപ്പിയർക്കെഴുതിയ ലേഖനം 2 : 12-18

*എന്റെ ജീവൻ നൈവേദ്യമായി ചൊരിയേണ്ടി വന്നാൽ തന്നെയും ഞാൻ അതിൽ സന്തോഷിക്കും.*

സങ്കീർത്തനം : 66 : 1-20

പ്രതിവചനം : കർത്താവു കാരുണ്യവാനും വാൽസല്യനിധിയുമാണ്.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 12 : 20-26

*ഈ ലോകത്തിൽ തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനിലേക്ക് അതിനെ കാത്തു സൂക്ഷിക്കും.*

ആറാം വാരം ഞായർ

ഒന്നാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 8 : 1-17

*ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നീ ഹനിക്കുന്നെങ്കിൽ നിങ്ങൾ ജീവിക്കും.*

സങ്കീർത്തനം : 112 : 1-10

പ്രതിവചനം : നീതിമാന്റെ സ്മരണ എന്നേക്കും നിലനിൽക്കും.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 12 : 27-36

*ഞാൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടുമ്പോൾ എല്ലാമനുഷ്യരേയും എന്നിലേക്ക് ആകർഷിക്കും.*

ആറാം വാരം തിങ്കൾ

ഒന്നാം വായന : വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനം 8 : 18-30

*നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു.*

സങ്കീർത്തനം : 148 : 1-14

പ്രതിവചനം : സർവ്വ ജീവജാലങ്ങളും കർത്താവിനെ സ്തുതിക്കട്ടെ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 20 : 19-23

*പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ.*

### ആറാം വാരം ചൊവ്വ

ഒന്നാം വായന : സംഖ്യാ പുസ്തകം 20 : 1-13

*പാറയിൽനിന്ന് ജലം പുറപ്പെടുവിച്ച് ജനത്തിനു കൊടുക്കുക.*

സങ്കീർത്തനം : 42 : 1-11

പ്രതിവചനം : എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 4 : 1-26

*ഞാൻ നല്കുന്ന ജലം നിത്യജീവനിലേക്കു നിർഗ്ഗളിക്കുന്ന അരുവിയാകും.*

### ആറാം വാരം ബുധൻ

ഒന്നാം വായന : എസെക്കിയേൽ പ്രവാചകന്റെ പുസ്തകം 47 : 1-12

*ദൈവാലയ പൂമുഖത്തിന്റെ അടിയിൽ നിന്നു വെള്ളം കിഴക്കോട്ട് ഒഴുകുന്നു.*

സങ്കീർത്തനം : 63 : 1-11

പ്രതിവചനം : ദൈവമേ, എന്റെ ആത്മാവ്
അങ്ങേക്കായി ദാഹിക്കുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 7 : 32-39

*എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും.*

## സ്വർഗ്ഗാരോഹണത്തിരുനാൾ

കാർമ്മി : സ്വർഗ്ഗാരോപിതനായ യേശുക്രിസ്തുവിലൂടെ ഞങ്ങളുടെ മനുഷ്യപ്രകൃതിയെ മഹത്വമണിയിച്ച പിതാവായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങൾക്കുവേണ്ടി പിതാവിന്റെ പക്കൽ മാദ്ധ്യസ്ഥ്യം വഹിക്കുന്ന നിത്യപുരോഹിതനായ യേശുനാഥാ, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. പിതാവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മാവേ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. പരിശുദ്ധാത്മാവിന്റെ ആഗമനത്തിനുവേണ്ടി കാത്തിരിക്കുന്ന ഈ കുടുംബത്തെ കരുണയോടെ കടാക്ഷിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന : അപ്പസ്തോലപ്രവർത്തനങ്ങൾ 1 : 1–14

*അവർ നോക്കി നില്ക്കേ അവൻ ഉന്നതങ്ങളിലേക്ക് സംവഹിക്കപ്പെട്ടു.*

സങ്കീർത്തനം : 47 : 1–9

പ്രതിവചനം : ദൈവമായ കർത്താവ്
ജയഘോഷത്തോടെ ആരോഹണം ചെയ്തു.

രണ്ടാം വായന : വി. മർക്കോസ് എഴുതിയ സുവിശേഷം 16 : 14–20

*യേശു സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെട്ടു.*

സമൂഹപ്രാർത്ഥന :

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ പരിശുദ്ധാത്മാവായ ദൈവമേ, എഴുന്നള്ള വരണമേ എന്നു പ്രാർത്ഥിക്കാം.

സമൂഹം : പരിശുദ്ധാത്മാവായ ദൈവമേ, എഴുന്നള്ളിവരണമേ.

കാർമ്മി : സത്യത്തിന്റെ പൂർണ്ണതയിലേക്കു ഞങ്ങളെ നയിക്കുന്ന പരിശുദ്ധാത്മാവേ, ദൈവവചനത്തോടു ഭക്തിയും വചനം ഗ്രഹിക്കാനുള്ള പ്രകാശവും ഞങ്ങൾക്കു പ്രദാനം ചെയ്യാൻ

സമൂഹം : പരിശുദ്ധാത്മാവായ ..........................

കാർമ്മി : ഞങ്ങൾ അവിടുത്തെ ആലയങ്ങളാണെന്ന് മനസ്സിലാക്കിക്കൊണ്ട് പാപവും പാപസാഹചര്യങ്ങളും വിട്ടകന്നു ജീവിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്താനായി

സമൂഹം : പരിശുദ്ധാത്മാവായ ..........................

കാർമ്മി : വരങ്ങളാലും ദാനങ്ങളാലും നിറഞ്ഞ് ഞങ്ങളുടെ ജീവിതം സമൃദ്ധമായ ഫലം പുറപ്പെടുവിക്കുന്നതിനായി

സമൂഹം : പരിശുദ്ധാത്മാവായ ..........................

കാർമ്മി : ക്ലേശങ്ങളിലും ദുഃഖങ്ങളിലും നിരാശരാകാതെ നിത്യമഹത്വത്തിലുള്ള പ്രത്യാശയോടെ ജീവിക്കാൻ ഞങ്ങളെ പഠിപ്പിക്കുന്നതിനായി

സമൂഹം : പരിശുദ്ധാത്മാവായ ..........................

കാർമ്മി : ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം പ്രഘോ

ഷിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തുന്നതിനായി

സമൂഹം : പരിശുദ്ധാത്മാവായ ..........................

കാർമ്മി : ഞങ്ങളുടെ ഹൃദയങ്ങളിലും കുടുംബത്തിലും ലോകംമുഴുവനിലും അവിടുത്തെ ശാന്തിയും സന്തോഷവും നിറയ്ക്കുന്നതിനായി

സമൂഹം : പരിശുദ്ധാത്മാവായ ..........................

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. നിത്യജീവനിലേക്കു ഞങ്ങളെ ജനിപ്പിക്കുകയും നിത്യമഹത്വം ഞങ്ങൾക്കായി ഒരുക്കുകയും ചെയ്തിരിക്കുന്ന കാരുണ്യവാനായ ദൈവമേ, അങ്ങയുടെ അനന്തമായ സ്നേഹത്തെ ഞങ്ങൾ പുകഴ്ത്തുന്നു. അങ്ങയുടെ ആത്മാവിനെ സ്വീകരിക്കാനായി, സെഹിയോൻ ഊട്ടുശാലയിൽ പ്രാർത്ഥനാനിരതരായിക്കഴിഞ്ഞ പരിശുദ്ധ അമ്മയേയും ശ്ലീഹന്മാരേയുംപോലെ ഞങ്ങളെയും ഒരുക്കമുള്ളവരാക്കണമേ. അങ്ങയുടെ വലത്തുഭാഗത്തു ഉപവിഷ്ഠനായിരിക്കുന്ന യേശുനാഥന്റെ മഹത്വത്തിൽ പങ്കുചേരാൻ യോഗ്യരാകത്തക്കവിധം പരിശുദ്ധാത്മാവിന്റെ പ്രചോദനമനുസരിച്ച് ജീവിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിത്യം പിതാവും പുത്രനും ..................

സമൂഹം : ആമ്മേൻ

## ആറാം വാരം വെള്ളി

ഒന്നാം വായന : രാജാക്കന്മാരുടെ രണ്ടാം പുസ്തകം 2 : 1-12

*അങ്ങയുടെ ആത്മാവിന്റെ ഇരട്ടിപ്പങ്ക് എനിക്കു ലഭിക്കട്ടെ.*

സങ്കീർത്തനം : 104 : 1-18

പ്രതിവചനം : കർത്താവേ, അങ്ങേ ആത്മാവിനെ അയയ്ക്കണമേ, അപ്പോൾ ഭൂമുഖം നവീകരിക്കപ്പെടും.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 24 : 36-53

*ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ.*

### ആറാം വാരം ശനി

ഒന്നാം വായന : സംഖ്യാ പുസ്തകം 11 : 16–30

*കർത്താവു തന്റെ ആത്മാവിനെ എല്ലാവർക്കും നൽകിയിരുന്നെങ്കിൽ!*

സങ്കീർത്തനം : 104 : 19–35

പ്രതിവചനം : കർത്താവേ, അങ്ങേ ആത്മാവിനെ അയക്കണമേ
അപ്പോൾ ഭൂമുഖം നവീകരിക്കപ്പെടും.

രണ്ടാം വായന : വി. മത്തായി എഴുതിയ സുവിശേഷം 28 : 11–20

*എല്ലാ അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു.*

### ഏഴാം വാരം ഞായർ

ഒന്നാം വായന : ഉൽപത്തി 41 : 37–57

*ദൈവത്തിന്റെ ആത്മാവു കുടികൊള്ളുന്ന ഇവനെപ്പോലെ മറ്റൊരു മനുഷ്യനെ കണ്ടെത്താൻ നമുക്കു കഴിയുമോ?*

സങ്കീർത്തനം : 149 : 1–9

പ്രതിവചനം : കർത്താവിനു പുതിയകീർത്തനം ആലപിക്കുവിൻ.

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 11 : 5–13

*സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നല്കുകയില്ല!*

### ഏഴാം വാരം തിങ്കൾ

ഒന്നാം വായന : മിക്കാ പ്രവാചകന്റെ പുസ്തകം 3 : 1–12

*ഞാൻ കർത്താവിന്റെ ആത്മാവിനാൽ നിറഞ്ഞിരിക്കുന്നു.*

സങ്കീർത്തനം : 145 : 1–21

പ്രതിവചനം : കർത്താവ് കൈതുറന്നു കൊടുക്കുന്നു,
എല്ലാവരും സംതൃപ്തരാകുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 14 : 15–24

*എന്നേക്കും നിങ്ങളോടുകൂടെ ആയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരും.*

### ഏഴാം വാരം ചൊവ്വ

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 42 : 1–9

*ഞാൻ എന്റെ ആത്മാവിനെ അവനു നൽകി.*

സങ്കീർത്തനം : 138 : 1-8

പ്രതിവചനം : കർത്താവേ, പൂർണ്ണഹൃദയത്തോടെ
ഞാൻ അങ്ങേയ്ക്കു നന്ദി പറയുന്നു.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 14 : 25-31

*പരിശുദ്ധാത്മാവ് നിങ്ങളെ പഠിപ്പിക്കും.*

### ഏഴാം വാരം ബുധൻ

ഒന്നാം വായന : ഏശയ്യാ പ്രവാചകന്റെ പുസ്തകം 63 : 7-19

*അവരുടെ മദ്ധ്യത്തിലേക്കു തന്റെ പരിശുദ്ധാത്മാവിനെ അയച്ചവൻ എവിടെ?*

സങ്കീർത്തനം : 95 : 1-11

പ്രതിവചനം : കർത്താവിന്റെ സ്വരം ശ്രവിക്കാനായി
ഹൃദയം കഠിനമാക്കാതിരിക്കുവിൻ.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 7 : 32-39

*എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും.*

### ഏഴാം വാരം വ്യാഴം

ഒന്നാം വായന : എസെക്കിയേൽ 36 : 22-32

*എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും.*

സങ്കീർത്തനം : 43 : 1-5

പ്രതിവചനം : കർത്താവേ, അങ്ങേ പ്രകാശവും സത്യവും
അയക്കണമേ, അവ എന്നെ നയിക്കട്ടെ

രണ്ടാം വായന : വി. ലൂക്കാ എഴുതിയ സുവിശേഷം 10 : 17-24

*നിങ്ങൾ കാണുന്നവ കാണുന്ന കണ്ണുകൾ ഭാഗ്യമുള്ളവ.*

### ഏഴാം വാരം വെള്ളി

ഒന്നാം വായന : ജോയേൽ പ്രവാചകന്റെ പുസ്തകം 2 : 18-32

*എല്ലാവരുടേയും മേൽ എന്റെ ആത്മാവിനെ ഞാൻ വർഷിക്കും.*

സങ്കീർത്തനം : 104 : 1-18

പ്രതിവചനം : കർത്താവേ, അങ്ങേ ആത്മാവിനെ അയക്കണമേ,

അപ്പോൾ ഭൂമുഖം നവീകരിക്കപ്പെടും.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 16 : 1-15

*സത്യാത്മാവു വരുമ്പോൾ നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും.*

ഏഴാം വാരം ശനി

ഒന്നാം വായന : കോറിന്തോസ് 12 : 1-11

*യേശു കർത്താവാണെന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും കഴിയുകയില്ല.*

സങ്കീർത്തനം : 104 : 19-35

പ്രതിവചനം : കർത്താവേ, അങ്ങേ ആത്മാവിനെ അയയ്ക്കണമേ
അപ്പോൾ ഭൂമുഖം നവീകരിക്കപ്പെടും.

രണ്ടാം വായന : വി. യോഹന്നാൻ എഴുതിയ സുവിശേഷം 14 : 15-24

*മറ്റൊരു സഹായകനെ അവിടുന്നു നിങ്ങൾക്കു തരും.*

# സഹനത്തിന്റെ പാതയിൽ

"എന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവൻ
തന്നെത്തന്നെ പരിത്യജിച്ച്
അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട്
എന്നെ അനുഗമിക്കട്ടെ".

ലൂക്കാ 8 : 23

ജൂൺ-ഒക്ടോബർ മാസങ്ങളിലേക്കുള്ള
(ശ്ലീഹാ, കൈത്താ, ഏലിയാ, മോശെ കാലങ്ങൾ)
ബൈബിൾ വായനകളും അനുദിന പ്രാർത്ഥനകളും.

പെന്തെകോസ്തോ, തോമ്മാശ്ലീഹായുടെ ഓർമ്മ,
മാതാവിന്റെ സ്വർഗ്ഗാരോപണം, മിഷൻഞായർ
തുടങ്ങിയ പ്രത്യേക ദിവസങ്ങളിലേക്കുള്ള
ബൈബിൾ ശുശ്രൂഷകൾ.

പരിശുദ്ധാത്മാവിന്റെ പ്രകാശത്തിൽ
സഹനത്തിന്റെ പാതയിലൂടെ
മഹത്വത്തിലേക്കുള്ള പ്രയാണത്തിൽ
കുടുംബപ്രാർത്ഥനയ്ക്ക് ഒരുത്തമ സഹായി.

ഒരു സന്ദേശം പ്രസിദ്ധീകരണം
Bible Apostolate, Tellicherry - 670 101

# സഹനത്തിന്റെ പാതയിൽ

**SAHANATHINTE PATHAYIL**
(Malayalam, Prayer Book)

| | | |
|---|---|---|
| Nihil Obstat | : | Fr. Mathew Chalil<br>Censor of Books, Diocese of Tellicherry |
| Imprimatur | : | Mar Sebastian Velloppilly<br>Bishop of Tellicherry |

Prepared, Printed and Published by :
The Department of Bible Apostolate,
Sandesa Bhaven, Tellicherry - 670 101

| | | |
|---|---|---|
| Printed At | : | |
| Type Setting | : | De Paul Press, Pachalam |
| Offset Printing | : | I. S. Press, Cochin-18 |
| Cover | : | Coronation Arts Crafts, Sivakasi |
| First Published | : | July, 1990 |
| For copies | : | Director, Bible Apostolate, P.B. 70, Tellicherry, 670 101 |
| Price | : | Rs. 5.00 |

# ഉള്ളടക്കം


പേജ്

ആമുഖം

ഉപയോഗക്രമം

അനുദിനപ്രാർത്ഥനകൾ

വായനകൾ

വചനശുശ്രൂഷകൾ

1. പെന്തെക്കോസ്താ
2. വിശുദ്ധ കുർബാനയുടെ തിരുനാൾ
3. തിരുഹൃദയത്തിരുനാൾ
4. വി. തോമ്മാശ്ലീഹായുടെ ഓർമ്മ
5. മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ
6. വിശുദ്ധ കുരിശിന്റെ പുകഴ്ച
7. മിഷൻ ഞായർ

അനുബന്ധം - ധ്യാനവിഷയങ്ങൾ

# സഹനത്തിന്റെ പാതയിൽ

## ആമുഖം

കുടുംബങ്ങളിലും പ്രാർത്ഥനായോഗങ്ങളിലും ബൈബിൾ വായിച്ചു ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും സഹായകമായി തയ്യാറാക്കുന്ന പരമ്പരയിലെ മൂന്നാമത്തെ പുസ്തകമാണിത്. മംഗല വാർത്ത - ദനഹാക്കാലങ്ങൾക്ക് “ജനതകൾക്കു പ്രകാശം” എന്ന പുസ്തകവും, നോമ്പ് - ഉയിർപ്പുകാലങ്ങൾക്ക് “അനുരഞ്ജനം” എന്ന രണ്ടാം പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആരാധനാവത്സരത്തിലെ അവസാനത്തെ മാസമായ നവംബർ (സീറോ-മലബാർ സഭയിൽ പള്ളി ക്കൂദാശാക്കാലം) മാസത്തേക്കുള്ള വായനകളും പ്രാർത്ഥനകളും “പ്രകാശത്തിലേക്ക്” എന്ന നാലാം പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. ശേഷിച്ചിരിക്കുന്ന അഞ്ചുമാസങ്ങളിലേക്ക് - (ജൂൺ - ഒക്ടോബർ) ഉപയോഗിക്കാനുള്ള പ്രാർത്ഥനകളും ബൈബിൾ വായനകളും പ്രത്യേക അവസരങ്ങൾക്കുവേണ്ടിയുള്ള ബൈബിൾ ശുശ്രൂഷകളു മാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

പെന്തെക്കോസ്താ മുതൽ മംഗലവാർത്ത വരെയുള്ള കാലയള വിനെ സീറോമലബാർസഭ ശ്ലീഹാ, കൈത്താ, ഏലീയാ-സ്ലീവാ, മൂശെ, പള്ളിക്കൂദാശ എന്നിങ്ങനെ അഞ്ചുകാലങ്ങളായി തിരിച്ചിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആഗമനത്തോടെ ഉന്നതങ്ങളിൽനിന്നു ശക്തി പ്രാപിച്ച അപ്പസ്തോലന്മാരുടെ സാക്ഷ്യവും പ്രഘോഷണവുംവഴി ലോകമെങ്ങും സുവിശേഷം പ്രചരിക്കുകയും പ്രാദേശികസഭകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. ക്രൂശിതനിൽനിന്നു ശക്തി യാർജ്ജിച്ചും കുരിശിന്റെ വഴിയിലൂടെ സഞ്ചരിച്ചും സഭ ഉത്ഥിതന്റെ മഹത്വത്തിൽ പങ്കുചേരും. നാഥൻ തന്റെ മണവാട്ടിയായ സഭയെ കഴുകി വിശുദ്ധീകരിച്ച് എന്നേക്കും തന്റെ വധുവായി സ്വീകരിക്കും. ആ നിത്യ വിരുന്നിനുവേണ്ടിയുള്ള ഒരുക്കമാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്ന ത്. ഈ യാഥാർത്ഥ്യങ്ങളെയെല്ലാം ക്രമാനുഗതമായി നമ്മെ അനുസ്മ രിപ്പിക്കുകയും നിത്യഭാഗ്യത്തിലുള്ള പ്രത്യാശയോടെ, കുരിശിന്റെ വഴി യിലൂടെ സഞ്ചരിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നതാണ് മേല്പ റഞ്ഞ അഞ്ചുകാലങ്ങളുടെയും മുഖ്യമായ ലക്ഷ്യം. സെപ്റ്റംബർ 14 -ാം തീയതി ആഘോഷിക്കുന്ന കുരിശിന്റെ പുകഴ്ചയുടെ തിരുനാ ളാണ് ഈ കാലഘട്ടത്തിന്റെ കേന്ദ്രം. “എന്നെ അനുഗമിക്കാൻ ആഗ്ര

ഹിക്കുന്നവൻ സ്വയംപരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരട്ടെ" എന്ന നാഥന്റെ ആഹ്വാനം ഈ കാലത്തെ പ്രാർത്ഥനകളിൽ നിറഞ്ഞു നില്ക്കുന്നു.

സീറോ മലബാർ സഭ അഞ്ചുകാലങ്ങളായി തിരിച്ചിരിക്കുന്ന ഈ കാലയളവ് ലത്തീൻ സഭയിൽ ആണ്ടുവട്ടത്തിലെ സാധാരണയാഴ്ചകൾ എന്ന പേരിൽ അറിയപ്പെടുന്നു. ക്രിസ്തുരഹസ്യത്തിന്റെ വിവിധ വശങ്ങൾ തുടർച്ചയായുള്ള ബൈബിൾ വായനകളിലൂടെ ധ്യാനവിഷയമാക്കുകയാണ് സഭ ഇതുവഴി ചെയ്യുന്നത്. ലോകത്തിന്റെ പ്രകാശമായി ലോകത്തിലേക്കു വന്ന നാഥൻ ലോകാവസാനത്തിൽ വിധിയാളനായി വീണ്ടും വന്ന് ദൈവരാജ്യം സ്ഥാപിക്കുകയും ലോകചരിത്രത്തെ അതിന്റെ പരിസമാപ്തിയിലെത്തിക്കുകയും ചെയ്യുന്നതുവരെയുള്ള ദീർഘമായ കാലമാണ് സഭയുടെ കാലം. സുവിശേഷപ്രഘോഷണമാണ് സഭയുടെ ദൗത്യം. കുരിശിന്റെ പാതയിലൂടെയാണ് അവൾ ചരിക്കേണ്ടത്. വിശ്വാസം കാത്തുസൂക്ഷിക്കാനും സുവിശേഷം പ്രഘോഷിക്കാനും സഹനത്തിന്റെ പാതയിലൂടെ സഞ്ചരിച്ചേ മതിയാവൂ.

ആരാധനാവത്സരത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് സഭയോടൊത്തു ക്രിസ്തുരഹസ്യത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും നാഥന്റെ പൂർണ്ണതയിലേക്കു വളരാനും ഉതകുന്ന വിധത്തിലാണ് വായനകളും പ്രാർത്ഥനകളും ക്രമീകരിച്ചിരിക്കുന്നത്. സന്ധ്യാപ്രാർത്ഥനയോടനുബന്ധിച്ച് കുടുംബങ്ങളിൽ ബൈബിൾ വായിക്കാൻ സഹായിക്കുക എന്നതാണ് ഈ പുസ്തകത്തിന്റെ മുഖ്യലക്ഷ്യം. ബൈബിളിന്റെ എല്ലാ പുസ്തകങ്ങളിൽനിന്നും വായനകൾ തിരഞ്ഞെടുക്കാൻ കഴിയുന്നത്ര ശ്രമിച്ചിട്ടുണ്ട്. വിശുദ്ധഗ്രന്ഥവുമായി കൂടുതൽ അടുത്തിടപഴകുന്നതിനും ദൈവവചനത്തിലധിഷ്ഠിതമായ ഒരു ജീവിതം കെട്ടിപ്പടുക്കുന്നതിനും ഈ ലഘുഗ്രന്ഥം സഹായകമാകുമെന്ന് പ്രതീക്ഷിക്കട്ടെ.

### ഉപയോഗക്രമം

എഴുതപ്പെട്ട ദൈവവചനമായ ബൈബിളിലൂടെ ദൈവം നമ്മോടുസംസാരിക്കുന്നു. പ്രാർത്ഥനാപുരസ്സരം, ജീവിതനവീകരണത്തിനുള്ള ആഗ്രഹത്തോടെ ശ്രവിച്ചാൽ മാത്രമേ നമുക്ക് അവിടുത്തെ വചനം ഗ്രഹിക്കാൻ കഴിയൂ. ഗ്രഹിച്ചവ ജീവിതത്തിൽ പകർത്തുമ്പോഴാണ് ദൈവവചനം ജീവദായമാകുന്നത്. അതിനാൽ ബൈബിൾ വായനയ്ക്കു മുമ്പും പിമ്പും പ്രാർത്ഥിക്കാൻ സഹായകമായ മാതൃക എന്ന നിലയിലാണ് ഈ പുസ്തകത്തിൽ പ്രാർത്ഥനകൾ ചേർത്തിരിക്കുന്നത്.

*1. അനുദിനപ്രാർത്ഥന:* എല്ലാ ദിവസവും ഒരേ പ്രാർത്ഥനതന്നെയാണ് നല്കിയിരിക്കുന്നത്. ആമുഖപ്രാർത്ഥനയ്ക്കുശേഷം അതതു ദിവസത്തേയ്ക്കു നിർദ്ദേശിച്ചിരിക്കുന്ന ബൈബിൾ ഭാഗങ്ങൾ വായിക്കുന്നു. വായനകൾക്കുശേഷം സമൂഹപ്രാർത്ഥനയും സമാപന പ്രാർത്ഥനയും ചൊല്ലുന്നു. വായിച്ചുകേട്ട വചനത്തിന്റെ വെളിച്ചത്തിൽ സ്വയംപ്രേരിതമായ പ്രാർത്ഥനകൾ ചൊല്ലുന്നത് കൂടുതൽ അഭികാമ്യമാണ്. പ്രാർത്ഥന നയിക്കുന്ന ആളെയാണ് കാർമ്മികൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

*2. വായനകൾ:* എല്ലാ ദിവസത്തേക്കും പഴയനിയമത്തിൽനിന്നും പുതിയനാമത്തിൽനിന്നും ഓരോ വായന നിർദ്ദേശിച്ചിരിക്കുന്നു. വായിക്കുന്നയാൾ പുസ്തകത്തിന്റെ പേര്, അധ്യായം, വാക്യം ഇവ അറിയിച്ചതിനുശേഷം വായനയുടെ പ്രധാന ആശയം ഉൾക്കൊള്ളുന്ന സംഗ്രഹവാക്യവും അതിനുശേഷം ബൈബിൾ ഭാഗവും വായിക്കുന്നു. വായനകൾ പ്രാർത്ഥനയ്ക്കുമുമ്പേ നോക്കി വയ്ക്കേണ്ടതാണ്. ഓരോ വായനയ്ക്കുംശേഷം കേട്ട ദൈവവചനത്തെക്കുറിച്ച് അലപ്സമയം മൗനമായി ധ്യാനിക്കുന്നത് അഭിലഷണീയമായിരിക്കും.

*3. പ്രതിവചന സങ്കീർത്തനം:* ഒന്നാം വായനയ്ക്കുശേഷം കാർമ്മികൻ സങ്കീർത്തനത്തിന്റെ ഓരോ വാക്യം വായിക്കുമ്പോൾ സമൂഹം ഒരുമിച്ച് പ്രതിവചനം ആവർത്തിക്കുന്നു. സങ്കീർത്തനം ഏറെ ദീർഘമാണെന്നു തോന്നുമ്പോൾ ആവശ്യാനുസരണം വാക്യങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്.

*4. വചനശുശ്രൂഷകൾ:* ചിലപ്രധാന അവസരങ്ങൾക്കായി പ്രത്യേകം വചനശുശ്രൂഷകൾ കൊടുത്തിട്ടുണ്ട്. മുഖ്യമായും പ്രാർത്ഥനായോഗങ്ങളെ മുന്നിൽകണ്ടുകൊണ്ടാണ് ഇവ രചിച്ചിരിക്കുന്നത്. ഇവ ഉപയോഗിക്കാൻ താല്പര്യമില്ലാത്തവർക്ക് അനുദിനപ്രാർത്ഥനയും അതതു ദിവസത്തെ വായനകളും ഉപയോഗിക്കാവുന്നതാണ്.

## അനുദിനപ്രാർത്ഥനകൾ

(കുടുംബപ്രാർത്ഥനയുടെ ഭാഗമായിട്ടാണ് ഇതുപയോഗിക്കുന്നതെങ്കിൽ "നമുക്കു പ്രാർത്ഥിക്കാം" എന്നു തുടങ്ങുന്നതുവരെയുള്ളവ ഒഴിവാക്കാവുന്നതാണ്.)

ഗാനം : പരിശുദ്ധാത്മാവേ....................

കാർമ്മി : പിതാവിന്റെയും പുത്രന്റെയും ......................

സമൂഹം : ആമ്മേൻ

കാർമ്മി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം : ആമ്മേൻ

കാർമ്മി : ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ....................... (സമൂഹവും കൂടെ ചൊല്ലുന്നു)

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. സഹനത്തിന്റെ പാതയിലൂടെ ഉത്ഥാനത്തിന്റെ മഹത്വത്തിലേക്കു ഞങ്ങളെ നയിക്കുന്നതിനായി അവിടുത്തെ ജീവദായകമായ വചനം ഞങ്ങൾക്കു നല്കിയ കാരുണ്യവാനായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. സ്വയം പരിത്യജിച്ച്, കുരിശുമെടുത്ത് അങ്ങയെ അനുഗമിക്കാൻ ഞങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് കുരിശിന്റെ വഴിയിലൂടെ ഞങ്ങൾക്കു മുമ്പേ പോകുന്ന യേശുനാഥാ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. സുവിശേഷാനുസൃതം ജീവിക്കുന്നതിനും, വാക്കുംപ്രവൃത്തിയും വഴി സുവിശേഷം പ്രഘോഷിക്കുന്നതിനും ഞങ്ങളെ ശക്തിപ്പെടുത്തുന്ന പരിശുദ്ധാത്മാവേ, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. നിത്യജീവന്റെ വചനങ്ങൾ ഗ്രഹിക്കുവാൻ ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അങ്ങയുടെ വചനമനുസരിച്ചു ജീവിക്കുന്നതിനും അങ്ങനെ ഉത്തരോത്തരം ക്രിസ്തുവിനോട് അനുരൂപരാകുന്നതിനും ഞങ്ങളെ സഹായിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

(വായനകൾ ദിവസത്തിന്റേത്)

സമൂഹപ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ, കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : ദൈവവചനത്തോടുള്ള ഭക്തിയും സ്നേഹവും ഞങ്ങളിൽ വളർത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : അങ്ങയുടെ വചനമാകുന്ന ഉറച്ച പാറമേൽ ഞങ്ങളുടെ ജീവിതം പണിതുയർത്തുവാൻ ഞങ്ങളെ സഹായിക്കണ മെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ജീവനിലേക്കു നയിക്കുന്ന വഴി ഇടുങ്ങിയതാണെന്നു മന സ്സിലാക്കിക്കൊണ്ട് നിത്യഭാഗ്യത്തിലുള്ള പ്രത്യാശയോടെ ജീവിതക്ലേശങ്ങൾ സന്തോഷപൂർവ്വം സ്വീകരിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ദൈവവചനം അനുസരിച്ചു ജീവിക്കുമ്പോൾ നേരിടേണ്ടി വരുന്ന ക്ലേശങ്ങളും അവഹേളനങ്ങളും മൂലം മനം തകരാ തെ, അങ്ങയുടെ വാഗ്ദാനത്തിൽ പ്രത്യാശയർപ്പിച്ചുകൊണ്ട് ജീവിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ദ്രവ്യാഗ്രഹം, ആഡംബരഭ്രമം, മദ്യപാനാസക്തി മുതലായ വയിൽനിന്നു ഞങ്ങളെ കാത്തുസൂക്ഷിക്കുകയും ഞങ്ങളുടെ സമ്പത്തും സമയവും ആവശ്യമനുഭവിക്കുന്നവരുമായി പങ്കു വയ്ക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : സമ്പത്തിലും ദാരിദ്ര്യത്തിലും ആരോഗ്യത്തിലും രോഗ ത്തിലും അങ്ങയെ സ്തുതിച്ചുകൊണ്ട് എപ്പോഴും നന്ദി യോടെ വിനീതരായി ജീവിക്കുവാൻ ഞങ്ങളെ പഠിപ്പിക്ക ണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : അങ്ങയുടെ പരിശുദ്ധാത്മാവിനെ അയച്ച് ഞങ്ങളുടെ ഹൃദ യങ്ങളിൽ സന്തോഷവും കുടുംബങ്ങളിൽ ഐക്യവും സമൂ

ഹങ്ങളിൽ സമാധാനവും പുലർത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ക്രിസ്തുവിന്റെ മണവാട്ടിയും ഞങ്ങളുടെ മാതാവുമായ സഭയെ ആന്തരികവും ബാഹ്യവുമായ വിപത്തുകളിൽനിന്നു കാത്തുപരിപാലിക്കണമെന്നും ലോകത്തെല്ലായിടത്തും അങ്ങയുടെ സ്നേഹത്തിനു സാക്ഷ്യം വഹിക്കാൻ സഭയെ ശക്തിപ്പെടുത്തണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

(അന്നന്നത്തെ വായനകളിൽനിന്നു പ്രചോദനം ഉൾക്കൊണ്ട് സ്വയം പ്രേരിതപ്രാർത്ഥനകൾ കൂട്ടിച്ചേർക്കാവുന്നതാണ്.)

കാർമ്മി : അനുഗ്രഹസമ്പന്നനും കരുണാവാരിധിയുമായ ദൈവമേ, അങ്ങയുടെ വചനം ഞങ്ങളുടെ ജീവിതപാതയിൽ എപ്പോഴും പ്രകാശം ചൊരിയാൻ ഇടയാക്കണമേ. നഷ്ടം സഹിച്ചും അങ്ങേയ്ക്കു സാക്ഷികളായി ജീവിക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. സമ്പത്തും പ്രതാപവും അന്വേഷിച്ച് ജീവന്റെ മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കാൻ ഞങ്ങളെ അനുവദിക്കരുതേ. ആത്മീയവും ശാരിരികവുമായ എല്ലാ വിപത്തുകളിലും നിന്ന് അവിടുത്തെ ശക്തമായ കരത്താൽ ഞങ്ങളെ കാത്തുകൊള്ളണമേ. കുരിശിന്റെ മാർഗ്ഗത്തിലൂടെ യാത്രചെയ്ത് നിത്യമഹത്വത്തിൽ വന്നെത്തുവാൻ ഞങ്ങളെല്ലാവരെയും അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ. (ഉചിതമായ ഒരു ഗാനത്തോടെ പ്രാർത്ഥന സമാപിക്കുന്നു.)

ജൂൺ 1–5

# വായനകൾ

**ജൂൺ**

### *വിളിയും ദൗത്യവും*

1. ഉൽപ. 12 : 1–9 *നിന്നിലൂടെ സകല ജനതകളും അനുഗൃഹീതമാകും.*

സങ്കീ. 96 : 1–13 പ്രതിവചനം: ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ

മർക്കോ. 1 : 14–20 *ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും.*

2. പുറ. 3 : 1–12 *നീ എന്റെ ജനത്തെ മോചിപ്പിക്കണം.*

   സങ്കീ. 136 : 1–26 പ്രതിവചനം: അവിടുത്തെ കാരുണ്യം അനന്തമാണ്.

   മർക്കോ. 1 : 35–39 *സുവിശേഷം പ്രസംഗിക്കാൻ വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്.*

3. ഏശ. 6 : 1–13 *ഇതാ ഞാൻ, എന്നെ അയച്ചാലും.*

   സങ്കീ. 27 : 1–14 പ്രതിവചനം: കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്.

   മർക്കോ. 2 : 13–17 *എന്നെ അനുഗമിക്കുക.*

4. ജറെ. 1 : 4–19 *ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു.*

   സങ്കീ. 82 : 1–8 പ്രതിവചനം: എല്ലാ ജനതകളും അങ്ങയുടേതാണ്.

   മത്താ. 10 : 1–15 *സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിക്കുവിൻ.*

5. ഏശ. 42 : 1–9 *ഞാൻ നിന്നെ നീതി സ്ഥാപിക്കാൻ വിളിച്ചു.*

   സങ്കീ. 7 : 1–17 പ്രതിവചനം: കർത്താവേ, ഞാൻ അങ്ങയിൽ അഭയം തേടുന്നു.

   ലൂക്കാ 10 : 1–12 *കൊയ്ത്തുവളരെ, വേലക്കാരോ ചുരുക്കം.*

**ജൂൺ 6–11**

6. ഏശ. 61 : 1–4 *ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ.*

   സങ്കീ. 62 : 1–12 പ്രതിവചനം: ദൈവത്തിൽ മാത്രമാണ് എനിക്കാശ്വാസം.

   മത്താ. 28 : 16–20 *പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ.*

### *സുവിശേഷപ്രഘോഷണം-സഭയുടെ വളർച്ച*

7. ഉൽപ. 28 : 10–22 *നീ പോകുന്നിടത്തെല്ലാം ഞാൻ നിന്നെ കാത്തു രക്ഷിക്കും.*

   സങ്കീ. 4 : 1–8 പ്രതിവചനം: കരുണയോടെ എന്റെ പ്രാർത്ഥന കേൾക്കണമേ.

   അപ്പ. 3 : 1–10 *എനിക്കുള്ളത് ഞാൻ നിനക്കു തരുന്നു.*

8\. നിയ. 18 : 14–22 *മോശയെപ്പോലെ ഒരു പ്രവാചകൻ.*

സങ്കീ. 91 : 1–16 പ്രതിവചനം: കർത്താവ് എന്റെ സങ്കേതമാകുന്നു.

അപ്പ. 3 : 11–26 *പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ.*

9\. ജറെ. 26 : 1–15 *നീ മരിച്ചേ മതിയാകൂ.*

സങ്കീ. 82 : 1–8 പ്രതിവചനം: കർത്താവേ, അനാഥരെ സംരക്ഷിക്കണമേ.

അപ്പ. 4 : 1–12 *യേശുവിലല്ലാതെ മറ്റാരിലും രക്ഷയില്ല.*

10\. ജറെ. 26 : 16–24 *കർത്താവിന്റെ നാമത്തിലാണ് ഞാൻ സംസാരിച്ചത്.*

സങ്കീ. 9 : 1–20 പ്രതിവചനം: പീഡിതരുടെ നിലവിളി കർത്താവു കേൾക്കുന്നു.

അപ്പ. 4 : 13–22 *ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത, കാര്യങ്ങളെക്കുറിച്ചു സംസാരിക്കാതിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല.*

11\. വി. ബർണബാസ്

അപ്പ. 13 : 1–3 *എനിക്കുവേണ്ടി മാറ്റിനിർത്തുക.*

സങ്കീ. 98 : 1–9 പ്രതിവചനം: കർത്താവിന് പുതിയ കീർത്തനം അലപിക്കുവിൻ.

മത്താ. 10 : 16–25 *വിജാതിയരുടെ മുമ്പാകെ നിങ്ങൾ എനിക്കു സാക്ഷ്യം നൽകും.*

**ജൂൺ 12–17**

12\. ജറെ. 20 : 7–13 *കർത്താവിന്റെ വചനം എനിക്കു നിന്ദനത്തിനു ഹേതുവായിരിക്കുന്നു.*

സങ്കീ. 102 : 1–18 പ്രതിവചനം: കർത്താവേ, എന്റെ പ്രാർത്ഥന കേൾക്കണമേ.

അപ്പ. 4 : ................–35 *പരിശുദ്ധാത്മാവിനാൽ പൂരിതരായി അവർ ദൈവവചനം പ്രസംഗിച്ചു.*

13\. പാദുവായിലെ വി. അന്തോനീസ് (+ 1231)

നിയ. 15 : 1–11 *ദരിദ്രനായ സഹോദരന് ഉദാരമായി ദാനം ചെയ്യുക.*

സങ്കീ. 27 : 1–14 പ്രതിവചനം: കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്.

അപ്പ. 4 : 32-37 *എല്ലാം പൊതുസ്വത്തായിരുന്നു.*

14. 2 രാജ. 5 : 20-27 *ദ്രവ്യാഗ്രഹത്തിനു ശിക്ഷ.*

സങ്കീ. 16 : 1-11 പ്രതിവചനം: എന്റെ അവകാശം കർത്താവാകുന്നു.

അപ്പ. 5 : 1-11 *നീ വ്യാജം പറഞ്ഞതു മനുഷ്യനോടല്ല, ദൈവത്തോടാണ്.*

15. ജറെ. 38 : 1-13 *അവൻ അവിടെ കിടന്നു വിശന്നു മരിക്കും.*

സങ്കീ. 40 : 1-17 പ്രതിവചനം: കർത്താവേ എന്നെ സഹായിക്കാൻ വേഗം വരണമേ.

അപ്പ. 5 : 12-20 *കർത്താവിന്റെ ദൂതൻ കാരാഗൃഹവാതിലുകൾ തുറന്നു.*

16. സംഖ്യ 22 : 1-20 *കർത്താവു കല്പിക്കുന്നതിൽ കൂടുതലോ കുറവോ ചെയ്യുക എനിക്കു സാധ്യമല്ല.*

സങ്കീ. 56 : 1-13 പ്രതിവചനം: നിർഭയനായി ഞാൻ കർത്താവിൽ ആശ്രയിക്കും.

അപ്പ. 5 : 21-32 *മനുഷ്യരേക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്.*

17. ദാനി. 3 : 24-30 *ദൈവം തന്റെ ദാസരെ സംരക്ഷിക്കുന്നു.*

സങ്കീ. 57 : 1-11 പ്രതിവചനം: ഞാൻ കർത്താവിനെ പാടിപ്പുകഴ്ത്തും.

അപ്പ. 5 : 33-42 *ദൈവത്തിൽ നിന്നുള്ളവരെ നശിപ്പിക്കാൻ സാധിക്കുകയില്ല.*

**ജൂൺ 18-23**

18. നിയ. 24 : 5-18 *പരദേശിക്കും അനാഥനും നീതി നിഷേധിക്കരുത്.*

സങ്കീ. 72 : 1-20 പ്രതിവചനം: ദരിദ്രർക്കു നീതി പാലിച്ചു കൊടുക്കുവിൻ.

അപ്പ. 6 : 1-7 *വചനവും അപ്പവും ആവശ്യം.*

19. 1 മക്ക. 1 : 41-53 *വിശ്വാസത്തിന്റെ പേരിൽ പീഡനം.*

സങ്കീ. 108 : 1-13 പ്രതിവചനം: കർത്താവേ, ശത്രുക്കളിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ.

അപ്പ. 8 : 1-13 *സഹനത്തിലൂടെ വളർച്ച.*

20. എസെ. 37 : .......... *കർത്താവിന്റെ ആത്മാവ് അവരിൽ പ്രവേശിച്ച് ജീവൻ നല്കി.*

സങ്കീ. 104 : 1-5, 25-35 പ്രതിവചനം: കർത്താവേ, അങ്ങയുടെ ആത്മാവിനെ അയയ്ക്കണമേ.

അപ്പ. 8 : 14-25 *അപ്പസ്തോലന്മാരുടെ കൈവയ്പ്പുവഴി പരിശുദ്ധാത്മാവു നല്കപ്പെട്ടു.*

21. ഏശ. 18 : 1-7 *ജനതകൾ കാഴ്ചകളുമായി സീയോനിലേക്കു വരും.*

സങ്കീ. 47 : 1-9 പ്രതിവചനം: ജനതകളേ, കർത്താവിനെ സ്തുതിക്കുവിൻ.

അപ്പ. 8 : 26-40 *എന്നെ ജ്ഞാനസ്നാനപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?*

22. വി. തോമസ് മൂർ (+ 1538)

1 സാമു. 3 : 1-18 *കർത്താവേ, അരുളിച്ചെയ്താലും; ദാസനിതാ ശ്രവിക്കുന്നു.*

സങ്കീ. 40 : 1-17 പ്രതിവചനം: ദൈവമേ, അങ്ങയുടെ ഹിതം നിറവേറ്റുകയാണ് എന്റെ സന്തോഷം.

അപ്പ. 9 : 1-9 *നീ പീഡിപ്പിക്കുന്ന യേശുവാണ് ഞാൻ.*

23. ഏശ. 49 : 1-7 *എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിനു പ്രകാശമായി നല്കും.*

സങ്കീ. 146 : 1-10 പ്രതിവചനം: എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക.

അപ്പ. 9 : 10-25 *വിജാതീയരുടെ ഇടയിൽ കർത്താവിന്റെ നാമം വഹിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പാത്രം.*

**ജൂൺ 24-29**

24. 1 രാജാ. 17 : 8-24 *വിധവയ്ക്കും അനാഥനും സംരക്ഷണം.*

സങ്കീ. 71 : 1-24 പ്രതിവചനം: കർത്താവ് നമുക്കു ജീവൻ നല്കും.

അപ്പ. 9 : 32-43 *അത്ഭുതങ്ങൾവഴി സുവിശേഷം സ്ഥിരീകരിക്കപ്പെടുന്നു.*

25. തോബിത് 12 : 1-15 *മാലാഖാമാരുടെ മാധ്യസ്ഥ്യം.*

സങ്കീ. 141 : 1-10 പ്രതിവചനം: കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന അങ്ങയുടെ പക്കലെത്തട്ടെ.

അപ്പ. 10 : 1-8 *നിന്റെ പ്രാർത്ഥനയും ദാനധർമ്മവും കർത്താവു സ്മരിച്ചിരിക്കുന്നു.*

26\. ഏശ. 40 : 21-31 *പ്രപഞ്ചസ്രഷ്ടാവായ ദൈവം ദുർബലനു ശക്തി നല്കുന്നു.*

സങ്കീ. 144 : 1-15 പ്രതിവചനം: ദൈവമേ, അങ്ങേയ്ക്കു ഞാൻ പുതിയ കീർത്തനം ആലപിക്കും.

അപ്പ. 10 : 9-33 *എല്ലാ ജനതകളും ദൈവത്തിന്റേതാണ്.*

27\. അലക്സാണ്ട്റിയായിലെ വി. സിറിൽ (+444)

ഏശ. 56 : 1-8 *എല്ലാവർക്കും രക്ഷ.*

സങ്കീ. 147 : 1-20 പ്രതിവചനം: എല്ലാ ജനതകളും കർത്താവിനെ സ്തുതിക്കട്ടെ.

അപ്പ. 10 : 34-48 *ദൈവത്തിനു പക്ഷപാതമില്ല.*

28\. വി. ഇരനേയൂസ് (+202)

ഉൽപ. 41 : 37-57 *ദൈവത്തിന്റെ ആത്മാവു കുടികൊള്ളുന്ന വിവേകിയും ബുദ്ധിമാനുമായ മനുഷ്യൻ.*

സങ്കീ. 148 : 1-14 പ്രതിവചനം: ആകാശവും ഭൂമിയും കർത്താവിനെ സ്തുതിക്കട്ടെ.

അപ്പ. 11 : 19-30 *സഭ അന്തിയോക്കിയായിൽ.*

29\. വി. പത്രോസ് പൗലോസ് ശ്ലീഹന്മാർ

ഗലാ. 1 : 11-24 *കേപ്പായെ കാണാൻ ഞാൻ ജറുസലെമിലേക്കു പോയി.*

സങ്കീ. 19 : 1-14 പ്രതിവചനം: അവരുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തിവരെ എത്തുന്നു.

യോഹ. 21 : 15-19 *എന്റെ ആടുകളെ മേയ്ക്കുക.*

**ജൂൺ 30 - ജൂലൈ 4**

30\. ഏശ. 43 : 1-7 *ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്.*

സങ്കീ. 150 : 1-6 പ്രതിവചനം: സർവ്വ ജീവജാലങ്ങളും കർത്താവിനെ സ്തുതിക്കട്ടെ.

അപ്പ. 12 : 1-19 *കർത്താവ് സ്വാതന്ത്ര്യം നല്കുന്നു.*

**ജൂലൈ**

1. ആമോസ് 7 : 10-17 *വചനത്തിനു മുടക്കു കല്പിക്കുന്നവർ*

   സങ്കീ. 11 : 1-7 പ്രതിവചനം: പരമാർത്ഥ ഹൃദയർ കർത്താവിന്റെ മുഖം ദർശിക്കും.

   അപ്പ. 13 : 1-12 *സുവിശേഷത്തിനു പ്രതിബന്ധം.*

2. നിയ. 4 : 32-40 *കർത്താവുചെയ്ത വലിയ കാര്യങ്ങൾ ഓർമ്മിക്കുക.*

   സങ്കീ. 135 : 1-21 പ്രതിവചനം: കർത്താവിന്റെ ദാസരേ, കർത്താവിനെ സ്തുതിക്കുവിൻ.

   അപ്പ. 13 : 13-25 *യേശു വാഗ്ദാനത്തിന്റെ പൂർത്തീകരണം.*

3. വി. തോമാശ്ലീഹാ (വചനശുശ്രൂഷ പേജ് .............. കാണുക)

   ഉൽപ. 35 : 9-15 *നീ "ഇസ്രായേൽ" എന്നു വിളിക്കപ്പെടും.*

   സങ്കീ. 75 : 1-10 പ്രതിവചനം: ദൈവമേ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു.

   അപ്പ. 13 : 26-43 *വിശ്വസിക്കുന്നവർക്ക് അവൻവഴി നീതീകരണം ലഭിക്കും.*

4. ഏശ. 59 : 4-14 *നിന്റെ അകൃത്യങ്ങൾ നിന്നെയും ദൈവത്തെയും തമ്മിൽ അകറ്റിയിരിക്കുന്നു.*

   സങ്കീ. 77 : 1-20 പ്രതിവചനം: ദൈവത്തോടു ഞാൻ ഉച്ചത്തിൽ നിലവിളിക്കും.

   അപ്പ. 13 : 44-51 *ഇതാ ഞങ്ങൾ വിജാതീയരുടെ അടുക്കലേക്കു തിരിയുന്നു.*

**ജൂലൈ 5-10**

5. ഉൽപ. 37 : 12-28 *സ്വന്തം സഹോദരന്മാരാൽ തിരസ്കൃതനായവനെ ദൈവം ഉയർത്തി.*

   സങ്കീ. 105 : 1-22 പ്രതിവചനം: കർത്താവിന്റെ സാന്നിധ്യം തേടുവിൻ.

   അപ്പ. 14 : 1-7 *മതപീഡനങ്ങൾ സഭയുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നു.*

6. വി. മരിയ ഗൊരേത്തി (+1902)

   ഏശ. 44 : 1-8 *ഭയപ്പെടേണ്ടാ, ധൈര്യമവലംബിക്കുക.*

സങ്കീ. 10 : 1–18 പ്രതിവചനം: ദൈവമേ, പീഡിതരെ മറക്കരുതേ.

അപ്പ. 14 : 8–20 *വ്യർത്ഥമായ ജീവിതരീതികളിൽനിന്ന് ജീവിക്കുന്ന ദൈവത്തിലേക്കു തിരിയണം.*

7. പുറ. 18 : 13–27 *അധികാരവും ഉത്തരവാദിത്വവും പങ്കുവയ്ക്കുക.*

സങ്കീ. 72 : 1–20 പ്രതിവചനം: കർത്താവേ, അധികാരികൾക്കു നീതി ബോധം നല്കണമേ.

അപ്പ. 14 : 21–28 *അവർ സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിച്ചു.*

8. റൂത്ത് 1 : 1–18 *വിജാതീയരുടെ വിശ്വസ്തത*

സങ്കീ. 84 : 1–12 പ്രതിവചനം: കർത്താവേ, അങ്ങയുടെ വാസസ്ഥലം എത്ര മനോഹരം!

അപ്പ. 16 : 1–10 *വിജാതീയർ സുവിശേഷപ്രഘോഷണത്തിലും സഭാധികാരത്തിലും പങ്കുചേരുന്നു.*

9. 1 രാജാ. 22 : 13–28 *സത്യാത്മാവും ദുഷ്ടാത്മാവും*

സങ്കീ. 26 : 1–12 പ്രതിവചനം: ഞാൻ എന്നേക്കും കർത്താവിൽ ആശ്രയിക്കുന്നു.

അപ്പ. 16 : 11–24 *പരാജയപ്പെട്ട ദുരാത്മാവ് ശിഷ്യരെ പീഡിപ്പിക്കുന്നു.*

10. പുറ. 6 : 1–13 *ഞാൻ കർത്താവാണേ, നിങ്ങളെ ഞാൻ മോചിപ്പിക്കും*

സങ്കീ. 34 : 1–22 പ്രതിവചനം: ഈ എളിയവന്റെ നിലവിളി കർത്താവു കേട്ടു.

അപ്പ. 16 : 25–40 *കർത്താവ് കാരഗൃഹവാതിലുകൾ തുറന്നു.*

**ജൂലൈ 11–16**

11. വി. ബെനെഡിക്റ്റ് (+547)

1 സാമു. 12 : 1–5 *വിശ്വസ്തദാസൻ വിടവാങ്ങുന്നു.*

സങ്കീ. 46 : 1–10 പ്രതിവചനം: ശാന്തമാവുക, ഞാൻ ദൈവമാണെന്നറിയുക.

അപ്പ. 20 : 17–24 *നിങ്ങളുടെ നന്മയ്ക്കുതകുന്ന കാര്യങ്ങൾ ഞാൻ നിങ്ങളെ പഠിപ്പിച്ചു.*

12. സംഖ്യ 27 : 12–22 *മോശയുടെ ദൗത്യം ജോഷ്വയിലൂടെ തുടരുന്നു.*

സങ്കീ. 33 : 1–22 പ്രതിവചനം: കർത്താവിന് ഒരു പുതിയ കീർത്തന മാലപിക്കുവിൻ.

അപ്പ. 20 : 25–38 *അജപാലനത്തിൽ ജാഗ്രത പാലിക്കുക.*

13. യോനാ 4 : 1–11 *കർത്താവിന്റെ കരുണയ്ക്ക് അതിരില്ല.*

സങ്കീ. 111 : 1–10 പ്രതിവചനം: പൂർണ്ണഹൃദയത്തോടെ ഞാൻ കർത്താവിനു നന്ദിപറയും.

അപ്പ. 28 : 11–22 *സുവിശേഷം ലോകത്തിന്റെ അതിർത്തികൾവരെ.*

14. ഏശ. 6 : 8–13 *ദൈവവചനത്തിനു കാതടയ്ക്കരുത്.*

സങ്കീ. 150 : 1–6 പ്രതിവചനം: സർവ്വജീവജാലങ്ങളും കർത്താവിനെ സ്തുതിക്കട്ടെ.

അപ്പ. 28 : 23–31 *ദൈവത്തിൽനിന്നുള്ള രക്ഷ വിജാതീയരുടെ അടുക്കലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നു.*

15. ഏശ. 48 : 1–22 *കർത്താവിന്റെ രക്ഷ ഭൂമിയുടെ അതിർത്തികൾവരെ വിളിച്ചറിയിക്കുക.*

സങ്കീ. 66 : 1–20 പ്രതിവചനം: ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ.

മർക്കോ. 16 : 14–20 *അവർ എല്ലായിടത്തും പോയി പ്രസംഗിച്ചു.*

16. കർമ്മലമാതാവ്

1 രാജാ. 18 : 20–40 *കർത്താവു മാത്രമാണ് ദൈവം.*

സങ്കീ. 95 : 1–11 പ്രതിവചനം: നമുക്ക് കർത്താവിനു സ്തോത്രമാലപിക്കാം.

ലൂക്കാ 11 : 27–28 *ദൈവവചനംകേട്ട് അതു പാലിക്കുന്നവർ ഭാഗ്യവാന്മാർ.*

**ജൂലൈ 17–22**

***കർത്താവിന്റെ നിയമങ്ങൾ അനുസരിക്കുക***

17. പുറ. 19 : 1–19 *സീനായ് മലയിൽവച്ച് ദൈവം മോശവഴി പ്രമാണങ്ങൾ നല്കി.*

സങ്കീ. 119 : 1–11 പ്രതിവചനം: കർത്താവിന്റെ കല്പനകൾ പാലിക്കുന്നവർ ഭാഗ്യവാന്മാർ

മത്താ. 5 : 1–12 *മലമുകളിൽനിന്ന് യേശു പ്രഖ്യാപിച്ച പുതിയനിയമം.*

18. പുറ. 20 : 1–17 *പത്തു പ്രമാണങ്ങൾ*

സങ്കീ. 119 : 12–24 പ്രതിവചനം: കർത്താവേ, അങ്ങയുടെ പ്രമാണ

ങ്ങൾ ഞങ്ങളെ പഠിപ്പിക്കണമേ.

മത്താ. 5 : 13-20 *യേശു, നിയമത്തിന്റെ പൂർത്തീകരണം.*

19. നിയ. 24 : 1-4 *വിവാഹമോചനം*

സങ്കീ. 119 : 25-39 പ്രതിവചനം: ഒരുക്കമുള്ള ഹൃദയം ഞങ്ങൾക്കു നല്കണമേ.

മത്താ. 5 : 21-37 *സഹോദരനെ സ്നേഹിക്കുക, ബഹുമാനിക്കുക.*

20. പുറ. 21 : 12-27 *കണ്ണിനു കണ്ണ്, പല്ലിനു പല്ല്*

സങ്കീ. 119 : 40-53 പ്രതിവചനം: അങ്ങയുടെ പ്രമാണങ്ങളിൽ ഞാൻ ആനന്ദം കണ്ടെത്തുന്നു.

മത്താ. 5 : 38-48 *ശത്രുക്കളെ സ്നേഹിക്കുക.*

21. തോബിത് 4 : 1-19 *ദാനധർമ്മം ചെയ്യുന്നതിൽ മടി കാണിക്കരുത്.*

സങ്കീ. 119 : 54-67 പ്രതിവചനം: കർത്താവാണ് എന്റെ ഓഹരി.

ലൂക്കാ 6 : 27-36 *പ്രതിഫലം പ്രതീക്ഷിക്കാതെ നന്മ ചെയ്യുക.*

22. വി. മറിയം മഗ്ദലേന

പ്രഭാ. 2 : 1-18 *കർത്താവിൽ ആശ്രയിക്കുക.*

സങ്കീ. 119 : 68-80 പ്രതിവചനം: അങ്ങയുടെ നിയമങ്ങൾ എന്നെ പഠിപ്പിക്കണമേ.

യോഹ. 20 : 1-18 *സ്ത്രീയേ നീ എന്തിനു കരയുന്നു? ആരെയാണ ന്വേഷിക്കുന്നത്?*

**ജൂലൈ 23-28**

23. പ്രഭാ. 28 : 1-12 *ക്ഷമിച്ചുകൊണ്ടു പ്രാർത്ഥിക്കുക*

സങ്കീ. 119 : 81-93 പ്രതിവചനം: കരുണതോന്നി എന്റെ ജീവൻ രക്ഷിക്കണമേ.

മത്താ. 6 : 1-15 *ധർമ്മദാനവും പ്രാർത്ഥനയും.*

24. നിയ. 24 : 5-18 *നീതി നിഷേധിക്കരുത്*

സങ്കീ. 119 : 94-106 പ്രതിവചനം: അങ്ങയുടെ പ്രമാണം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാകുന്നു.

മത്താ. 6 : 16-24 *സ്വർഗ്ഗത്തിൽ നിക്ഷേപങ്ങൾ കരുതിവയ്ക്കുക.*

25. വി. യാക്കോബ് ശ്ലീഹാ

നിയ. 10 : 12-22 *കർത്താവിനോടു ചേർന്നു നില്ക്കുക.*

സങ്കീ. 119 : 107-122 പ്രതിവചനം: കർത്താവേ, അങ്ങയുടെ നിയമത്തെ ഞാൻ സ്നേഹിക്കുന്നു.

മത്താ. 20 : 20-28 *ഒന്നാമനാകാൻ ആഗ്രഹിക്കുന്നവൻ എല്ലാവരുടെയും ശുശ്രൂഷകനായിരിക്കണം.*

26. വി. യോവാക്കിമും അന്നായും

ഏശ. 55 : 1-13 *ഇപ്പോൾത്തന്നെ കർത്താവിനെ അന്വേഷിക്കുക.*

സങ്കീ. 119 : 123-135 പ്രതിവചനം: കർത്താവേ എന്റെ പാദങ്ങൾ പതറാതെ കാക്കണമേ.

മത്താ. 13 : 10-17 *സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങൾ അറിയാൻ വരം ലഭിച്ചവർ.*

27. എസ്തേർ 14 : 1-19 *എസ്തേറിന്റെ പ്രാർത്ഥന.*

സങ്കീ. 119 : 136-148 പ്രതിവചനം: അങ്ങയുടെ വചനങ്ങൾ എനിക്ക് ആനന്ദം പകരുന്നു.

മത്താ. 7 : 1-14 *ജീവനിലേക്കു നയിക്കുന്ന വഴി.*

28. വി. അൽഫോൻസാ (+1946)

ഏശ. 30 : 19-26 *ഇതാണു വഴി ഇതിലെ പോവുക.*

സങ്കീ. 119 : 149-163 പ്രതിവചനം: കർത്താവേ, കരുണാപൂർവ്വം എന്റെ സ്വരം കേൾക്കണമേ.

മത്താ. 19 : 13-30 *മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിനു സാധ്യമാണ്.*

**ജൂലാ. 29 – ആഗസ്റ്റ് 2**

29. വി. മാർത്ത

നിയ. 6 : 1-15 *പൂർണ്ണാത്മാവോടെ കർത്താവിനെ സ്നേഹിക്കുക.*

സങ്കീ. 119 : 164-175 പ്രതിവചനം: അങ്ങയുടെ നിയമമാണ് എന്റെ ആനന്ദം.

ലൂക്കാ. 10 : 38-42 *നല്ലഭാഗം തിരഞ്ഞെടുക്കുക.*

30. ഏശ. 29 : 9-16 *അധരസേവ പോരാ.*

സങ്കീ. 15 : 1-5 പ്രതിവചനം: കർത്താവേ, അങ്ങയുടെ കൂടാരത്തിൽ ഞങ്ങൾക്കിടം തരണമേ.

മത്താ. 15 : 1-20 *പാരമ്പര്യത്തിനുവേണ്ടി ദൈവവചനം വ്യർത്ഥമാക്കരുത്.*

31. വി. ഇഗ്നേഷ്യസ് ലെയോള (+1556)

സഭാ. 11 : 9–12, 8 *യൗവനകാലത്ത് സ്രഷ്ടാവിനെ സ്മരിക്കുക.*

സങ്കീ. 16 : 1–11 പ്രതിവചനം: കർത്താവാണ് എന്റെ ഓഹരി.

മത്താ. 20 : 1–16 *കഴിവിനൊത്തു ജോലി ചെയ്യുക.*

**ആഗസ്റ്റ്**

***ഫലം പുറപ്പെടുവിക്കുവിൻ***

1. ഏശ. 55 : 1–13 *ദൈവത്തിന്റെ വചനം ഫലം പുറപ്പെടുവിക്കും.*

   സങ്കീ. 1 : 1–6 പ്രതിവചനം: കർത്താവിന്റെ വചനം അനുസരിക്കുന്നവർ ഭാഗ്യവാന്മാർ.

   ലൂക്കാ 8 : 4–15 *നിർമ്മലമായ ഹൃദയത്തിൽ വചനം സ്വീകരിച്ച് ക്ഷമയോടെ ഫലം പുറപ്പെടുവിക്കുക.*

2. നിയ. 11 : 13–25 *കർത്താവിനോടു ചേർന്നു നില്ക്കുക.*

   സങ്കീ. 42 : 1–11 പ്രതിവചനം: എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു.

   യോഹ. 15 : 1–10 *എന്നിൽ നിലനില്ക്കുന്നവൻ ധാരാളം ഫലം പുറപ്പെടുവിക്കും.*

**ആഗസ്റ്റ് 3–8**

3. നിയ. 30 : 15–20 *ജീവൻ തിരഞ്ഞെടുക്കുക.*

   സങ്കീ. 36 : 1–12 പ്രതിവചനം: കർത്താവേ അങ്ങിലാണ് ജീവന്റെ ഉറവ.

   യോഹ. 15 : 11–17 *നിങ്ങളുടെ ഫലം നിലനില്ക്കണം.*

4. വി. ജോൺ മരിയ വിയാന്നി (+1850)

   എസെ. 34 : 11–16 *ഞാൻ തന്നെ എന്റെ ആടുകളെ മേയ്ക്കും.*

   സങ്കീ. 23 : 1–6 പ്രതിവചനം: കർത്താവ് എന്റെ ഇടയനാകുന്നു, എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല.

   യോഹ. 10 : 7–18 *നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു.*

5. ഹബക്കുക്ക് 2 : 1–14 *ദുർമാർഗ്ഗത്തിൽനിന്നു പിന്തിരിയുക.*

   സങ്കീ. 32 : 1–11 പ്രതിവചനം: ഹൃദയത്തിൽ വഞ്ചനയില്ലാത്തവർ ഭാഗ്യവാൻ

ലൂക്കാ 13 : 1-9 *ഫലം തരാത്തവ നശിപ്പിക്കപ്പെടും.*

6. കർത്താവിന്റെ രൂപാന്തരീകരണം

പുറ. 34 : 29-35 *മോശയുടെമുഖം പ്രകാശിച്ചിരുന്നു.*

സങ്കീ. 96 : 1-13 പ്രതിവചനം: മഹത്വവും ശക്തിയും കർത്താവിന്റേതാണ്.

മത്താ. 17 : 1-8 *അവന്റെ മുഖം സൂര്യനെപ്പോലെ വെട്ടിത്തിളങ്ങി.*

7. എസെ. 33 : 10-20 *അനുതപിച്ചാൽ ജീവിക്കും.*

സങ്കീ. 75 : 1-10 പ്രതിവചനം: കർത്താവ് നീതിയോടെ വിധിക്കുന്നു.

ലൂക്കാ 16 : 1-17 *ദൈവത്തെയും ധനത്തെയും ഒന്നിച്ചു സേവിക്കാൻ കഴിയുകയില്ല.*

8. ആമോസ് 6 : 1-14 *സുഖലോലുപർക്ക് ദുരിതം.*

സങ്കീ. 52 : 1-9 പ്രതിവചനം: ദൈവം സ്വർഗ്ഗത്തിൽനിന്ന് മനുഷ്യമക്കളെ നോക്കുന്നു.

ലൂക്കാ 16 : 19-31 *വേദനിക്കുന്നവരെ മറക്കുന്നവൻ വേദനിക്കും.*

**ആഗസ്റ്റ് 9-14**

9. ഏശ. 5 : 1-17 *നീതിയുടെ ഫലം പുറപ്പെടുവിക്കാത്തവർ നശിപ്പിക്കപ്പെടും.*

സങ്കീ. 12 : 1-8 പ്രതിവചനം: കർത്താവേ, ഞങ്ങളെ കാത്തുകൊള്ളണമേ.

മർക്കോ. 12 : 1-12 *മുന്തിരിത്തോട്ടം വേറെ ആളുകളെ ഏല്പിക്കും.*

10. പ്രഭാ. 35 : 1-20 *ദരിദ്രന്റെ പ്രാർത്ഥന മേഘങ്ങൾ തുളച്ചുകയറുന്നു.*

സങ്കീ. 112 : 1-10 പ്രതിവചനം: പരമാർത്ഥഹൃദയന് അന്ധകാരത്തിൽ പ്രകാശമുദിക്കും.

ലൂക്കാ 17 : 1-10 *നിങ്ങളോടു കല്പിക്കപ്പെട്ടവ ചെയ്യുക.*

11. വി. ക്ലാര (+ 1253)

മിക്കാ 6 : 6-16 *കർത്താവിന്റെ മുമ്പിൽ വിനീതനായി ചരിക്കുക.*

സങ്കീ. 91 : 1-16 പ്രതിവചനം: കർത്താവ് എന്റെ സങ്കേതവും കോട്ടയുമാകുന്നു.

ലൂക്കാ 19 : 11-27 *കഴിവുകൾ ദൈവഹിതമനുസരിച്ച് വികസിപ്പിക്കുക.*

12. ദാനി. 3 : 1-18 *ഞങ്ങൾ നിന്റെ ദേവന്മാരെ ആരാധിക്കുകയില്ല.*

സങ്കീ. 118 : 1-21 പ്രതിവചനം: കർത്താവ് എന്റെ ബലവും ഗാനവു മാകുന്നു.

ലൂക്കാ 20 : 20-26 *ദൈവത്തിന്റേതു ദൈവത്തിനു കൊടുക്കുക.*

13. ആമോസ് 5 : 1-17 *കർത്താവിനെ അന്വേഷിക്കുവിൻ, നിങ്ങൾ ജീവിക്കും.*

സങ്കീ. 119 : 10-17 പ്രതിവചനം: പൂർണ്ണഹൃദയത്തോടെ ഞാൻ അങ്ങയെ തേടുന്നു.

ലൂക്കാ 3 : 7-14 *മാനസാന്തരത്തിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കുവിൻ.*

14. ആമോസ് 5 : 18-27 *നീതി ജലം പോലെ ഒഴുകട്ടെ.*

സങ്കീ. 33 : 1-22 പ്രതിവചനം: കർത്താവ് നീതിയും ന്യായവും ഇഷ്ടപ്പെടുന്നു.

ഗലാ 5 : 16-26 *ജഡത്തിന്റെ വ്യാപാരങ്ങളും ആത്മാവിന്റെ ഫലങ്ങളും.*

**ആഗസ്റ്റ് 15-20**

15. മാതാവിന്റെ സ്വർഗ്ഗാരോപണം (വചനശുശ്രൂഷ പേജ് ......... കാണുക)

ഏശ. 52 : 1-12 *സീയോന്റെ മോചനം.*

സങ്കീ. 45 : 1-17 പ്രതിവചനം: ദൈവം നിന്നെ മറ്റുള്ളവരിൽ നിന്നുയർത്തി.

വെളി. 12 : 1-12 *മറിയം സഭയുടെ മാതാവും പ്രതീകവും.*

***ക്രിസ്തുവിൽ നവജീവിതം***

16. ലേവ്യർ 19 : 1-18 *പരിശുദ്ധരായിരിക്കുവിൻ, എന്തെന്നാൽ ദൈവമായ കർത്താവ് പരിശുദ്ധനാണ്.*

സങ്കീ. 51 : 1-19 പ്രതിവചനം: ഉരുകിയ മനസ്സാണ് ദൈവത്തിനു സ്വീകാര്യമായ ബലി.

റോമാ 12 : 1-8 *മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ.*

17. സുഭാ. 25 : 14-28 *ആത്മനിയന്ത്രണം പാലിക്കുക.*

സങ്കീ. 57 : 1-11 പ്രതിവചനം: കർത്താവേ, ഞാനങ്ങയെ പാടിപ്പുകഴ്ത്തും.

റോമാ 12 : 9–21 *നന്മയെ മുറുകെപ്പിടിക്കുക.*

18. പ്രഭാ. 10 : 1–18 *അഹങ്കാരം അരുത്.*

സങ്കീ. 131 : 1–3 പ്രതിവചനം: കർത്താവേ, അങ്ങിൽ ഞാൻ പ്രത്യാശ വയ്ക്കുന്നു.

റോമാ 13 : 1–7 *അധികാരികളെ ബഹുമാനിക്കുക.*

19. പ്രഭാ. 9 : 10–18 *യഥാർത്ഥ സ്നേഹിതൻ*

സങ്കീ. 133 : 1–3 പ്രതിവചനം: സഹോദരരുടെ ഐക്യം എത്ര മനോഹരം!

റോമാ 13 : 8–14 *സ്നേഹം നിയമത്തിന്റെ പൂർത്തീകരണം.*

20. വി. ബെർണാർഡ് (+1153)

പ്രഭാ. 11 : 7–19 *സംയമനം പാലിക്കുക.*

സങ്കീ. 143 : 1–12 പ്രതിവചനം: എന്റെ ഹൃദയം അങ്ങേക്കായി ദാഹിക്കുന്നു.

റോമാ 14 : 1–12 *ജീവിച്ചാലും മരിച്ചാലും നാം കർത്താവിനുള്ളവരാണ്.*

**ആഗസ്റ്റ് 21–26**

21. വി. പീയൂസ് X (+1914)

തീത്തോ. 2 : 1–15 *ഇടയന്റെ ദൗത്യം.*

സങ്കീ. 4 : 1–8 പ്രതിവചനം: കർത്താവ് എനിക്കു സുരക്ഷിതത്വം നല്കുന്നു.

മത്താ. 16 : 13–19 *ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും.*

22. മാതാവിന്റെ റാണിത്വത്തിരുനാൾ

ഏശ. 9 : 1–7 *നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു.*

സങ്കീ. 45 : 1–17 പ്രതിവചനം: ജനതകൾ നിന്നെ എന്നേക്കും പ്രകീർത്തിക്കും.

ലൂക്കാ 1 : 39–47 *വിശ്വസിച്ചവൾ ഭാഗ്യവതി.*

23. പ്രഭാ. 31 : 25–31 *മദ്യപാനം നാശത്തിലെത്തിക്കുന്നു.*

സങ്കീ. 16 : 1–11 പ്രതിവചനം: കർത്താവാണ് എന്റെ ഓഹരിയും പാനപാത്രവും.

റോമാ. 14 : 13–23 *ഇടർച്ച വരുത്തരുത്.*

24. വി. ബർത്തുലോമിയാ ശ്ലീഹാ

നിയ. 32 : 39–43 *മുറിവേല്പിക്കുന്നതും സുഖപ്പെടുത്തുന്നതും ഞാൻ തന്നെ.*

സങ്കീ. 17 : 1–15 പ്രതിവചനം: അങ്ങയുടെ ചിറകിൻ കീഴിൽ എന്നെ മറച്ചുകൊള്ളണമേ.

റോമാ 15 : 1–13 *പ്രത്യാശയുടെ ദൈവം സകലസന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കട്ടെ.*

25. സുഭാ. 3 : 25–35 *അയല്ക്കാരനോടുള്ള കടമകൾ*

സങ്കീ. 9 : 1–20 പ്രതിവചനം: പീഡിതരുടെ നിലവിളി കർത്താവു മറക്കുന്നില്ല.

1 കോറി. 6 : 1–11 *വിശ്വാസികൾ തമ്മിൽ വ്യവഹാരം അരുത്.*

26. സുഭാ. 3 : 1–12 *കർത്താവിനോടു വിശ്വസ്തരായിരിക്കുക.*

സങ്കീ. 34 : 1–22 പ്രതിവചനം: കർത്താവിനെ ഞാൻ എന്നും പുകഴ്ത്തും.

1 കോറി. 6 : 12–20 *ശരീരം പരിശുദ്ധാത്മാവിന്റെ ആലയം.*

**ആഗസ്റ്റ് 27–31**

27. വി. മോനിക്ക (+ 387)

പ്രഭാ. 26 : 1–29 *ശാലീനയായ ഭാര്യ കർത്താവിനെ ഭയപ്പെടുന്നു.*

സങ്കീ. 128 : 1–6 പ്രതിവചനം: കർത്താവിന്റെ ഭക്തൻ അനുഗൃഹീതനാകും.

1 കോറി. 7 : 1–16 *വിശുദ്ധമായ വിവാഹബന്ധം.*

28. വി. ആഗസ്തീനോസ് (+ 430)

ജ്ഞാനം 6 : 1–11 *ജ്ഞാനം അഭ്യസിക്കുവിൻ.*

സങ്കീ. 63 : 1–11 പ്രതിവചനം: എന്റെ ആത്മാവ് അങ്ങേക്കായി ദാഹിക്കുന്നു.

യോഹ. 15 : 9–17 *ഞാൻ നിങ്ങളെ ദാസന്മാരെന്നല്ല സ്നേഹിതന്മാരെന്നു വിളിച്ചു.*

***സഹനത്തിലൂടെ***

29. സ്നാപകയോഹന്നാന്റെ ശിരച്ഛേദനം

ജറെ. 1 : 11–19 *ഞാൻ നിന്നോടു കല്പിക്കുന്നതൊക്കെയും അവ*

*രോടു പറയുക.*

സങ്കീ. 71 : 1–17 പ്രതിവചനം: കർത്താവേ, അങ്ങാണ് എന്റെ ആശ്രയം.

മർക്കോ. 6 : 17–23 *പ്രവാചകന്റെ അന്ത്യം.*

30. 2 മക്ക. 6 : 1–11 *കർത്താവിന്റെ നിയമത്തിന്റെ പേരിൽ പീഢനം.*

സങ്കീ. 31 : 1–24 പ്രതിവചനം: കർത്താവേ, അങ്ങയിൽ ഞാൻ അഭയം തേടുന്നു.

മത്താ. 10 : 16–25 *പീഢനങ്ങൾക്കു മധ്യേ സാക്ഷ്യം.*

31. ജറെ. 16 : 1–13 *പ്രവാചകൻ ജനത്തിനു പ്രതീകം.*

സങ്കീ. 10 : 1–18 പ്രതിവചനം: അനാഥനെ കർത്താവു സഹായിക്കുന്നു.

മത്താ. 10 : 26–33 *ആത്മാവിനെ കൊല്ലാൻ കഴിവില്ലാത്തവരെ ഭയപ്പെടേണ്ട.*

**സെപ്റ്റംബർ** **സെപ്റ്റംബർ 1–6**

1. ജറെ. 15 : 10–21 *പ്രവാചകൻ ഏകാകി*

സങ്കീ. 26 : 1–12 പ്രതിവചനം: കർത്താവേ എനിക്കു ന്യായം സ്ഥാപിച്ചു തരണമേ.

മത്താ. 10 : 34–42 *കുരിശെടുത്ത് കർത്താവിനെ അനുഗമിക്കുക.*

2. 1 രാജാ. 19 : 19–21 *പ്രവാചക ദൗത്യത്തിനായി എല്ലാം ഉപേക്ഷിക്കുക.*

സങ്കീ. 62 : 1–12 പ്രതിവചനം: ദൈവത്തിൽ മാത്രമാണ് എനിക്കാശ്രയം.

ലൂക്കാ. 9 : 51–62 *തല ചായ്ക്കാനിടമില്ലാത്ത മനുഷ്യപുത്രനെ അനുഗമിക്കുക.*

3. എസെ. 2 : 1–7 *നിനക്ക് തേളുകളുടെമേൽ ഇരിക്കേണ്ടിവരും.*

സങ്കീ. 23 : 1–6 പ്രതിവചനം: കർത്താവ് എന്റെ ഇടയനാകുന്നു, എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.

ലൂക്കാ. 12 : 1–12 *ഉൽകണ്ഠാകുലരാകേണ്ടാ.*

4. പുറ. 2 : 11–25 *അവരുടെ നിലവിളി ദൈവസന്നിധിയിലെത്തി.*

സങ്കീ. 28 : 1–9 പ്രതിവചനം: കർത്താവേ അവിടുത്തെ ജനത്തെ സംരക്ഷിക്കണമേ.

ലൂക്കാ 12 : 49–59 *ശിഷ്യത്വം ഭിന്നതകൾ സൃഷ്ടിക്കുന്നു.*

5. ജ്ഞാനം 1 : 1-15 *നീതി ജീവന്റെ മാർഗ്ഗം*

സങ്കീ. 30 : 1-12 പ്രതിവചനം: കർത്താവേ, ഞാൻ അങ്ങയെ പാടി പ്പുകഴ്ത്തും.

ലൂക്കാ. 13 : 22-30 *ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുവിൻ.*

6. ജ്ഞാനം 9 : 1-18 *ജ്ഞാനത്തിനുവേണ്ടിയുള്ള പ്രാർത്ഥന*

സങ്കീ. 33 : 1-22 പ്രതിവചനം: കർത്താവിന്റെ കാരുണ്യംകൊണ്ട് ഭൂമി നിറഞ്ഞിരിക്കുന്നു.

ലൂക്കാ. 14 : 25-35 *എല്ലാം ഉപേക്ഷിക്കാതെ ശിഷ്യനാവാൻ സാധി ക്കുകയില്ല.*

**സെപ്റ്റംബർ 7-12**

7. പ്രഭാ. 29 : 1-9 *നിർദ്ധനനോടു കരുണ കാണിക്കുക.*

സങ്കീ. 49 : 1-20 പ്രതിവചനം: കർത്താവേ, അങ്ങയിലാണ് ഞങ്ങ ളുടെ ആശ്രയം.

മർക്കോ. 10 : 17-31 *നിനക്കുള്ളതു വിറ്റ് ദരിദ്രർക്കു കൊടുക്കുക.*

8. പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

ഉൽപ. 17 : 15-22 *അവൾ ജനതകളുടെ മാതാവാകും.*

സങ്കീ. 87 : 1-7 പ്രതിവചനം: ജീവന്റെ ഉറവകൾ നിന്നിലാകുന്നു.

മത്താ. 1 : 1-16 *രക്ഷകന്റെ വംശാവലി.*

9. പ്രഭാ. 29 : 10-28 *കഴിവിനൊത്ത് അയല്ക്കാരനെ സഹായിക്കുക.*

സങ്കീ. 39 : 1-13 പ്രതിവചനം: മനുഷ്യൻ ഒരു നിശ്വാസം മാത്രം.

ലൂക്കാ. 19 : 1-10 *മാനസാന്തരത്തിന്റെ ഫലം.*

10. ജറെ. 20 : 7-18 *കർത്താവിന്റെ വചനം എനിക്കു നിന്ദനത്തിനു ഹേതു വായി.*

സങ്കീ. 88 : 1-18 പ്രതിവചനം: കർത്താവേ, എന്നിൽനിന്നു മുഖം മറ യ്ക്കരുതേ.

ലൂക്കാ. 21 : 7-19 *എന്റെ നാമം നിമിത്തം നിങ്ങളെ എല്ലാവരും ദ്വേഷിക്കും.*

11. ജോബ് 3 : 1-26 *ഞാൻ അസ്വസ്ഥനും ആശ്വാസരഹിതനുമാണ്.*

സങ്കീ. 56 : 1-13 പ്രതിവചനം: ഭയമുണ്ടാകുമ്പോൾ ഞാൻ കർത്താ വിൽ ആശ്രയിക്കും.

യോഹ. 16 : 16–24 *ഉത്ഥിതന്റെ ദർശനം ദുഃഖങ്ങളെ അകറ്റും.*

12. ജോബ് 4 : 1–11 *ദുഃഖിതരെ ആശ്വസിപ്പിച്ചവൻ സ്വന്തം ദുഃഖത്തിൽ പതറുകയോ?*

സങ്കീ. 59 : 1–17 പ്രതിവചനം: ദൈവമേ, അങ്ങ് എനിക്കു കോട്ടയാകുന്നു.

യോഹ. 16 : 25–33 *ധൈര്യമായിരിക്കുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.*

**സെപ്റ്റംബർ 13–18**

13. ജോബ് 5 : 17–27 *ക്ലേശങ്ങൾ മനുഷ്യരെ ശുദ്ധീകരിക്കുന്നു.*

സങ്കീ. 70 : 1–5 പ്രതിവചനം: ദൈവമേ, എന്നെ രക്ഷിക്കാൻ വേഗം വരണമേ.

1 കോറി. 1 : 18–31 *കുരിശിന്റെ ഭോഷത്തത്തിലൂടെ രക്ഷ.*

14. കുരിശിന്റെ പുകഴ്ച (വചനശുശ്രൂഷ പേജ് ........കാണുക)

ഏശ. 52 : 13–53, 12 *അവന്റെ ക്ഷതങ്ങളാൽ നാം സൗഖ്യം പ്രാപിച്ചു.*

സങ്കീ. 22 : 1–31 പ്രതിവചനം: മഹാസഭയിൽ ഞാൻ അങ്ങയെ പുകഴ്ത്തും.

യോഹ. 12 : 27–36 *യേശുവിന്റെ കുരിശ് രക്ഷാകേന്ദ്രം.*

15. വ്യാകുലമാതാവ്

വിലാ. 3 : 1–24 *ദുഃഖാർത്തയായ സിയോൻ കന്യക വ്യാകുലമാതാവിന്റെ പ്രതീകം.*

സങ്കീ. 54 : 1–7 പ്രതിവചനം: ദൈവമേ, എന്നെ രക്ഷിക്കണമേ.

ലൂക്കാ 2 : 25–35 *നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചുകയറും.*

16. ജോബ് 7 : 1–10 *പ്രത്യാശയറ്റവന്റെ പരിദേവനം.*

സങ്കീ. 66 : 1–20 പ്രതിവചനം: ജനതകളേ, കർത്താവിനെ വാഴ്ത്തുവിൻ.

1 കോറി. 2 : 1–5 *യഥാർത്ഥ ജ്ഞാനം ക്രൂശിതനിൽനിന്ന്.*

17. ജോബ് 9 : 1–13 *ക്ലേശങ്ങളുടെ നടുവിൽ ദൈവത്തെ കാണാൻ കഴിയാത്തതിൽ ദുഃഖം.*

സങ്കീ. 139 : 1–24 പ്രതിവചനം: കർത്താവിന്റെ കരം എന്നെ നയിക്കുന്നു.

2 കോറി. 11 : 16–29 *ക്രിസ്തുവിനെ പ്രതിയുള്ള സഹനത്തിൽ സന്തോഷം.*

**സെപ്റ്റംബർ 19–24**

19. ജോബ് 12 : 1–12 *നീതിമാന്റെ സഹനം.*

സങ്കീ. 86 : 1–17 പ്രതിവചനം: കർത്താവ് നല്ലവനും ക്ഷമാശീലനുമാണ്.

ഫിലി. 1 : 27–30 *ക്രിസ്തുവിനുവേണ്ടി സഹിക്കാനുള്ള ആഗ്രഹം.*

20. ജോബ് 14 : 1–22 *ഉത്ഥാനത്തിന്റെ പ്രത്യാശയില്ലാത്ത സഹനം ദുഃസഹം.*

സങ്കീ. 91 : 1–16 പ്രതിവചനം: കർത്താവ് എന്റെ സങ്കേതവും കോട്ടയുമാകുന്നു.

കൊളോ. 1 : 24–29 *ക്രിസ്തുവിന്റെ സഹനത്തിൽ പങ്കുചേരുക.*

21. വി. മത്തായി ശ്ലീഹാ

എസെ. 33 : 1–9 *ജനത്തിന്റെ കാവൽഭടൻ*

സങ്കീ. 19 : 1–14 പ്രതിവചനം: അവരുടെ വാക്കുകൾ ലോകത്തിന്റെ അതിർത്തിയോളം എത്തുന്നു.

മത്താ 9 : 9–13 *അവൻ എഴുന്നേറ്റ് യേശുവിനെ അനുഗമിച്ചു.*

22. ജോബ് 19 : 23–29 *അചഞ്ചലമായ പ്രത്യാശ*

സങ്കീ. 92 : 1–15 പ്രതിവചനം: കർത്താവേ, അങ്ങയുടെ പ്രവൃത്തികൾ എത്ര മഹനീയം!

2 തിമോ. 4 : 6–18 *ക്രിസ്തുവിനോടു ചേർന്ന് ജീവിതം ബലിയർപ്പിക്കുക.*

23. ജോബ് 23 : 1–17 *ദൈവദർശനം മാത്രമേ സഹനത്തിന് അറുതി വരുത്തൂ.*

സങ്കീ. 77 : 1–20 പ്രതിവചനം: ഞാൻ ദൈവത്തോട് ഉച്ചത്തിൽ നിലവിളിക്കും.

1 തെസ്സ. 2 : 13–20 *സഹനത്തിൽ കൂട്ടായ്മ.*

24. ജോബ് 24 : 1–17 *അതിക്രമങ്ങൾക്കു മുമ്പിൽ ദൈവത്തിന്റെ നിശ്ശബ്ദത*

സങ്കീ. 98 : 1–9 പ്രതിവചനം: കർത്താവിന് പുതിയ കീർത്തനം ആലപിക്കുവിൻ.

2 തെസ്സ. 2 : 13-17 *ദൈവം നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിക്കും.*

**സെപ്റ്റംബർ 25-30**

25. ജോബ് 27 : 1-12 *ക്ലേശങ്ങളിലും സത്യം വെടിയാതിരിക്കുക.*

സങ്കീ. 99 : 1-9 പ്രതിവചനം: നമ്മുടെ ദൈവമായ കർത്താവ് പരിശുദ്ധനാകുന്നു.

ഹെബ്രാ. 12 : 1-13 *ക്ലേശങ്ങൾ-കർത്താവു നല്കുന്ന ശിക്ഷണം.*

26. ജോബ് 30 : 16-31 *ദൈവത്തിന്റെ നിശ്ശബ്ദതയിൽ ദുഃഖം.*

സങ്കീ. 100 : 1-5 പ്രതിവചനം: കർത്താവിന്റെ കാരുണ്യം അനന്തമാണ്.

ഹെബ്രാ. 13 : 7-19 *ക്രിസ്തുവിനുവേണ്ടി അവമാനം സഹിക്കുന്നതിൽ സന്തോഷിക്കുക.*

27. വി. വിൻസെന്റ് ഡി പോൾ (+ 1660)

നിയ. 15 : 1-11 *ഉദാരമായി ദാനം ചെയ്യുക.*

സങ്കീ. 112 : 1-10 പ്രതിവചനം: ദാനം ചെയ്യുന്നവന് നന്മ കൈവരും.

മത്താ. 25 : 31-46 *ക്ലേശിക്കുന്ന സഹോദരങ്ങളിൽ യേശുവിനെ കാണുക.*

28. ഉൽപ. 22 : 1-19 *വിശ്വാസത്തിന്റെ അഗ്നിപരീക്ഷ*

സങ്കീ. 57 : 1-11 പ്രതിവചനം: അങ്ങയുടെ ചിറകിൻ കീഴിൽ ഞാൻ ശരണം പ്രാപിക്കും.

1 പത്രോ. 4 : 12-19 *ക്രിസ്തുവിന്റെ പീഢകളിൽ പങ്കുചേരുക.*

29. മുഖ്യദൂതന്മാർ: മിഖായേൽ, ഗബ്രിയേൽ, റഫായേൽ

തോബി. 5 : 1-21 *കർത്താവിന്റെ ദൂതൻ അവനെ കാത്തു രക്ഷിക്കും.*

സങ്കീ. 148 : 1-14 പ്രതിവചനം: കർത്താവിന്റെ ദൂതന്മാരേ, കർത്താവിനെ സ്തുതിക്കുവിൻ.

വെളി. 12 : 7-12 *സാത്താനെതിരേ പോരാടുന്ന ദൈവദൂതന്മാർ.*

30. ഏശ. 52 : 1-12 *പൊടിയിൽ നിന്നെഴുന്നേല്ക്കുക, കഴുത്തിലെ കെട്ടുകൾ പൊട്ടിച്ചെറിയുക.*

സങ്കീ. 63 : 1-11 പ്രതിവചനം: എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു.

വെളി. 19 : 1-10 *കുഞ്ഞാടിന്റെ വിവാഹവിരുന്ന്.*

**ഒക്ടോബർ 1-5**

**ഒക്ടോബർ**

### *ദൈവവചനത്തിൽ ഉറച്ചുനില്ക്കുക*

1. വി. കൊച്ചുത്രേസ്യാ (+ 1897)

   സെഫ. 3 : 9-20 *വിനയവും എളിമയുമുള്ള ഒരു ജനത്തെ ഞാൻ അവശേഷിപ്പിക്കും.*

   സങ്കീ. 131 : 1-3 പ്രതിവചനം: എന്റെ പ്രത്യാശ കർത്താവിലാകുന്നു.

   ലൂക്കാ 10 : 21-24 *ദൈവരാജ്യത്തിന്റെ രഹസ്യം ശിശുക്കൾക്കു വെളിപ്പെടുത്തി.*

2. നിയ. 11 : 26-32 *ദൈവവചനം അനുസരിച്ചാൽ അനുഗ്രഹം.*

   സങ്കീ. 119 : 1-15 പ്രതിവചനം: കർത്താവിന്റെ നിയമം അനുസരിക്കുന്നവർ ഭാഗ്യവാന്മാർ.

   മത്താ. 7 : 21-28 *ഉറച്ച പാറമേൽ വീടുപണിയുക.*

3. നിയ. 30 : 11-20 *വചനം നിനക്കു സമീപസ്ഥമാണ്.*

   സങ്കീ. 119 : 16-32 പ്രതിവചനം: അങ്ങയുടെ നിയമം എന്നെ പഠിപ്പിക്കണമേ.

   ലൂക്കാ. 8 : 19-21 *വചനം കേട്ട് അനുസരിക്കുക.*

4. അസ്സീസിയിലെ വി. ഫ്രാൻസീസ് (+ 1226)

   ജറെ. 1 : 4-10 *എന്റെ വചനങ്ങൾ നിന്റെ നാവിൽ ഞാൻ നിക്ഷേപിച്ചിരിക്കുന്നു.*

   സങ്കീ. 119 : 33-47 പ്രതിവചനം: അങ്ങയുടെ വചനത്തിൽ ഞാൻ സന്തോഷിക്കുന്നു.

   യോഹ. 14 : 15-24 *എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും.*

5. ജറെ. 5 : 12-19 *എന്റെ വചനം നിന്റെ നാവിൽ ഞാൻ അഗ്നിയാക്കും.*

   സങ്കീ. 119 : 48-63 പ്രതിവചനം: അങ്ങയുടെ വചനത്തെ ഞാൻ സഹായിക്കുന്നു.

   യോഹ. 15 : 18-25 *ഞാൻ നിങ്ങളോടുപറഞ്ഞ വചനം ഓർമ്മിക്കുവിൻ.*

**ഒക്ടോബർ 6–11**

6. ജറെ. 15 : 15–21 *അങ്ങയുടെ വചനം എനിക്ക് ആനന്ദാമൃതമായി.*

   സങ്കീ. 119 : 64–77 പ്രതിവചനം: അങ്ങയുടെ നിയമത്തിൽ ഞാൻ ആനന്ദിക്കുന്നു.

   2 തിമോ. 3 : 10–17 *വചനം പൂർണ്ണതയിലേക്കു നയിക്കുന്നു.*

7. ജപമാലരാജ്ഞി

   ഏശ. 40 : 1–11 *ദൈവത്തിന്റെ വചനം എന്നേക്കും നിലനില്ക്കുന്നു.*

   സങ്കീ. 119 : 90–102 പ്രതിവചനം: അങ്ങയുടെ കല്പനകൾ ഞാൻ ഒരിക്കലും മറക്കുകയില്ല.

   1 തിമോ. 4 : 6–16 *വചനം വിശ്വാസയോഗ്യവും സ്വീകാര്യവുമാണ്.*

8. എസെ. 2 : 8–3, 15 *വചനത്താൽ നിറയുക.*

   സങ്കീ. 119 : 103–114 പ്രതിവചനം: അങ്ങയുടെ വചനം തേനിനേക്കാൾ മധുരമാണ്.

   വെളി. 10 : 1–11 *വചനത്താൽ നിറഞ്ഞ് പ്രവാചകനാകുക.*

9. ജറെ. 23 : 23–29 *വചനം ശക്തമാണ്.*

   സങ്കീ. 29 : 2–11 പ്രതിവചനം: കർത്താവിന്റെ സ്വരം ശക്തി നിറഞ്ഞതാണ്.

   യോഹ. 8 : 31–38 *വചനം സ്വതന്ത്രമാക്കുന്നു.*

10. ഏശ. 55 : 1–13 *വചനം ഫലം പുറപ്പെടുവിക്കും.*

    സങ്കീ. 119 : 165–175 പ്രതിവചനം: അങ്ങയുടെ നിയമത്തെ സ്നേഹിക്കുന്നവർക്കു ശാന്തി ലഭിക്കും.

    യാക്കോ. 1 : 19–27 *വചനം അനുസരിച്ചു ജീവിക്കുക.*

***വ്യാജപ്രവാചകന്മാർക്കെതിരേ ജാഗ്രത***

11. നിയ. 13 : 1–11 *കർത്താവിൽനിന്ന് അകറ്റുന്നവരെ അനുഗമിക്കരുത്.*

    സങ്കീ. 1 : 1–6 പ്രതിവചനം: കർത്താവേ, അങ്ങയുടെ നിയമത്തെ ഞാൻ സ്നേഹിക്കുന്നു.

    മത്താ. 24 : 15–28 *വ്യാജമായ അടയാളങ്ങളെയും അത്ഭുതങ്ങളെയും തിരിച്ചറിയുക.*

**ഒക്ടോബർ 12–17**

12. 1 രാജാ. 22 : 13–28 *പ്രവാചകന്മാരുടെ നാവിൽ നുണയുടെ ആത്മാവ്.*

സങ്കീ. 38 : 1-22 പ്രതിവചനം: കർത്താവേ, അങ്ങിലാണ് ജീവന്റെ ഉറവ.

ഗലാ. 1 : 6-10 *മറ്റൊരു സുവിശേഷമില്ല.*

13. ജറെ. 8 : 4-12 *അശ്രദ്ധമായി മുറിവുകൾ വച്ചുകെട്ടുന്നു.*

സങ്കീ. 62 : 1-12 പ്രതിവചനം: ദൈവത്തിൽ മാത്രമാണ് എനിക്കാശ്വാസം.

2 തിമോ. 3 : 1-9 *കാതലില്ലാത്ത ഭക്തിയുടെ പ്രചാരകരെ ശ്രദ്ധിക്കുക.*

14. മിക്ക. 3 : 1-12 *സ്വാർത്ഥലാഭത്തിനുവേണ്ടി പ്രവചിക്കുന്നവർ.*

സങ്കീ. 63 : 1-11 പ്രതിവചനം: ജീവിതകാലം മുഴുവൻ ഞാൻ അങ്ങയെ പുകഴ്ത്തും.

2 പത്രോ. 2 : 1-22 *നാഥനെ നിഷേധിക്കുന്ന ചൂഷകർ.*

### *സ്നേഹം സർവ്വപ്രധാനം*

15. ആവിലായിലെ വി. ത്രേസ്യാ (+ 1582)

സുഭാ. 3 : 13-24 *ദൈവജ്ഞാനം സർവ്വോൽകൃഷ്ടം*

സങ്കീ. 119 : 97-106 പ്രതിവചനം: അങ്ങയുടെ വചനം എനിക്കു ജ്ഞാനം നല്കുന്നു.

മർക്കോ. 4 : 10-20 *ദൈവരാജ്യത്തിന്റെ രഹസ്യം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു.*

16. നിയ. 6 : 1-9 *പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക.*

സങ്കീ. 95 : 1-11 പ്രതിവചനം: വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം.

മത്താ. 22 : 34-40 *സുപ്രധാന കല്പനകൾ.*

17. ലേവ്യർ 19 : 1-18 *നിന്നെപ്പോലെ തന്നെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക.*

സങ്കീ. 133 : 1-3 പ്രതിവചനം: സഹോദരർ ഐക്യത്തിൽ വസിക്കുന്നത് എത്ര മനോഹരം.

ലൂക്കാ 10 : 25-37 *നീയും പോയി അതുപോലെ ചെയ്യുക.*

**ഒക്ടോബർ 18-24**

18. വി. ലൂക്കാ

1 സാമു. 20 : 1-23 *നിസ്വാർത്ഥ സ്നേഹത്തിന്റെ മാതൃക*

സങ്കീ. 141 : 1-10 പ്രതിവചനം: എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിലെത്തട്ടെ.

ലൂക്കാ 6 : 27-36 *ശത്രുക്കളെ സ്നേഹിക്കുക.*

19. പുറ. 23 : 1-13 *ദരിദ്രർക്കു മുൻഗണന നല്കുക.*

സങ്കീ. 138 : 1-8 പ്രതിവചനം: കർത്താവ് എളിയവരെ കടാക്ഷിക്കുന്നു.

മത്താ. 25 : 31-46 *അവസാനവിധിയുടെ മാനദണ്ഡം.*

20. പ്രഭാ. 2 : 1-18 *കർത്താവ് ആർദ്രഹൃദയനും കരുണാമയനുമാണ്.*

സങ്കീ. 31 : 1-14 പ്രതിവചനം: കർത്താവേ, അങ്ങിൽ ഞാൻ ആശ്രയിക്കുന്നു.

യോഹ. 15 : 1-10 *എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ.*

21. ഏശ. 41 : 8-20 *ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്.*

സങ്കീ. 31 : 15-24 പ്രതിവചനം: ദുർബലരാകാതെ ധൈര്യം അവലംബിക്കുവിൻ.

യോഹ. 15 : 11-17 *സ്നേഹിതർക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുക.*

22. ഏശ. 42 : 10-17 *സർവ്വശക്തനായ ദൈവം സ്നേഹത്തിന്റെ ഉറവിടം.*

സങ്കീ. 33 : 1-22 പ്രതിവചനം: കർത്താവാണ് നമ്മുടെ സഹായവും പരിചയും.

റോമാ. 8 : 31-39 *ദൈവസ്നേഹം അനന്തമാണ്.*

23. ഏശ. 43 : 1-7 *ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു.*

സങ്കീ. 34 : 1-22 പ്രതിവചനം: കർത്താവ് എത്ര നല്ലവനാണെന്ന് അനുഭവിച്ചറിയുവിൻ.

ഗലാ. 2 : 15-21 *ക്രിസ്തു എനിക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചു.*

24. ഏശ. 44 : 1-8 *ഭയപ്പെടേണ്ടാ, നീ എന്റെ ദാസനാണ്.*

സങ്കീ. 36 : 1-12 പ്രതിവചനം: കർത്താവിന്റെ കാരുണ്യം അനന്തമാണ്.

കൊളോ. 3 : 12-17 *ക്ഷമിക്കുന്ന സ്നേഹം ശീലിക്കുവിൻ.*

**ഒക്ടോബർ 25-31**

25. പ്രഭാ. 34 : 14-26 *ദരിദ്രർക്കു മുൻഗണന നല്കുക*

സങ്കീ. 37 : 1-13 പ്രതിവചനം: ശാന്തശീലർ ഭൂമി കൈവശമാക്കും.

യാക്കോ. 2 : 1-13 *പാവപ്പെട്ടവനെതിരേ വിവേചനം അരുത്.*

26. നിയ. 24 : 5–22 *അനാഥർക്കു സംരക്ഷണം നല്കുക.*

സങ്കീ. 41 : 1–13 പ്രതിവചനം: ദരിദ്രരോട് ദയ കാണിക്കുന്നവർ ഭാഗ്യവാൻമാർ

യാക്കോ. 2 : 14–26 *സ്നേഹത്തിന്റെ പ്രവൃത്തിയിലൂടെ വിശ്വാസം പ്രകടമാക്കുക.*

27. നിയ. 7 : 6–11 *ദൈവം എളിയവരെ സ്നേഹിക്കുന്നു.*

സങ്കീ. 105 : 1–15 പ്രതിവചനം: കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുവിൻ

1 യോഹ. 2 : 7–17 *സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിൽ വസിക്കുന്നു.*

28. ഏശ. 49 : 8–21 *മാതൃസ്നേഹത്തെ മറികടക്കുന്ന ദൈവസ്നേഹം.*

സങ്കീ. 42 : 1–11 പ്രതിവചനം: എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു.

1 യോഹ. 3 : 11–24 *പ്രവൃത്തിയിലും സത്യത്തിലും സ്നേഹിക്കുക.*

29. ശ്ലീഹന്മാരായ വി. ശിമയോനും യൂദാസ് തദേവൂസും

ഏശ. 6 : 1–13 *ഇതാ ഞാൻ, എന്നെ അയച്ചാലും.*

സങ്കീ. 46 : 1–10 പ്രതിവചനം: ശാന്തമാവുക, ഞാൻ ദൈവമാണെന്നറിയുക.

മർക്കോ. 3 : 13–19 *തനിക്കിഷ്ടമുള്ളവരെ അവൻ വിളിച്ചു.*

30. ഏശ. 51 : 1–16 *എന്റെ കരത്തിന്റെ തണലിൽ നിന്നെ ഞാൻ മറച്ചിരിക്കുന്നു.*

സങ്കീ. 57 : 1–11 പ്രതിവചനം: അങ്ങയുടെ ചിറകിൻകീഴിൽ ഞാൻ അഭയം പ്രാപിക്കുന്നു.

1 യോഹ. 4 : 7–21 *ദൈവത്തെ സ്നേഹിക്കുന്നവർ സഹോദരനെയും സ്നേഹിക്കണം.*

31. ഏശ. 54 : 1–10 *എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല.*

സങ്കീ. 100 : 1–5 പ്രതിവചനം: കർത്താവിന്റെ കാരുണ്യം അനന്തമാണ്.

1 കോറി. 13 : 1–13 *സ്നേഹം സർവ്വോൽകൃഷ്ടം.*

# വചനശുശ്രൂഷകൾ

### 1. പെന്തെക്കോസ്താ

ഗാനം : ശ്ലീഹന്മാരിലിറങ്ങി വസിച്ചൊരു...................

കാർമ്മി : പിതാവിന്റെയും പുത്രന്റെയും ......................

സമൂഹം : ആമ്മേൻ

കാർമ്മി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം : ആമ്മേൻ

കാർമ്മി : ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ....................... (സമൂഹം ഒരുമിച്ചു ചൊല്ലുന്നു)

കാർമ്മി : സർവ്വശക്തനും നിത്യനുമായ ദൈവമേ, അങ്ങയുടെ ആത്മാവിനെ അയച്ച് ഭൂമുഖത്തെ നിത്യം നവീകരിക്കുന്ന അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. കുരിശുമരണവും ഉത്ഥാനവുംവഴി പരിശുദ്ധാത്മാവിനെ ഞങ്ങളുടെമേൽ വർഷിച്ച കർത്താവായ യേശുവേ, അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. കൊടുങ്കാറ്റിന്റെ ശക്തിയോടെ, തീനാവുകളുടെ രൂപത്തിൽ ശിഷ്യസമൂഹത്തിന്മേൽ ആവസിച്ച പരിശുദ്ധാത്മാവായ ദൈവമേ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. അങ്ങയുടെ ശക്തിയാൽ ഞങ്ങളെ നിറച്ചു വിശുദ്ധീകരിക്കുകയും ഉചിതമായ വിധത്തിൽ പ്രാർത്ഥിക്കുവാൻ പ്രാപ്തരാകുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന : എസെ. 37 : 1-14

*എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിക്ഷേപിക്കും.*

സങ്കീർത്തനം : 104 : 1-7, 19-31

പ്രതിവചനം : കർത്താവേ, അങ്ങയുടെ ആത്മാവിനെ അയയ്ക്കുക, അപ്പോൾ ഭൂമുഖം നവീകരിക്കപ്പെടും.

രണ്ടാം വായന : അപ്പ. 2 : 1-4

*അവരെല്ലാവരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞു.*

*ഗാനം* : സുവിശേഷവെളിച്ചത്താൽ...........

മൂന്നാം വായന : യോഹ. 20 : 19-23

*പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ.*

സമൂഹപ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ "പരിശുദ്ധാത്മാവേ എഴുന്നുള്ളിവരണമേ" എന്നു പ്രാർത്ഥിക്കാം.

സമൂഹം : പരിശുദ്ധാത്മാവേ, എഴുന്നുള്ളിവരണമേ.

കാർമ്മി : അബ്ബാ, പിതാവേ എന്ന് ദൈവത്തെ വിളിച്ചു പ്രാർത്ഥിക്കാൻ ഞങ്ങളെ പ്രാപ്തരാക്കുന്നതിന്

സമൂഹം : പരിശുദ്ധാത്മാവേ ..................................

കാർമ്മി : സത്യത്തിന്റെ പൂർണ്ണതയിലേക്കും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കും ഞങ്ങളെ നയിക്കുന്നതിന്

സമൂഹം : പരിശുദ്ധാത്മാവേ ..................................

കാർമ്മി : അങ്ങയുടെ വരങ്ങളും ദാനങ്ങളും ഞങ്ങളിൽ വർഷിക്കുന്നതിനും അങ്ങയുടെ ഫലങ്ങളാൽ ഞങ്ങളുടെ ജീവിതം പൂർണ്ണമാക്കുന്നതിനും

സമൂഹം : പരിശുദ്ധാത്മാവേ ..................................

കാർമ്മി : ക്ലേശങ്ങളിൽ ആശ്വാസവും പരാജയങ്ങളിൽ പ്രത്യാശയും വിജയങ്ങളിൽ വിനയവും ഞങ്ങൾക്കു നല്കുന്നതിന്

സമൂഹം : പരിശുദ്ധാത്മാവേ ..................................

കാർമ്മി : രോഗികൾക്കു സൗഖ്യവും പാപികൾക്കു മാനസാന്തരവും ഹൃദയം തകർന്നവർക്കു പ്രത്യാശയും നല്കുന്നതിന്

സമൂഹം : പരിശുദ്ധാത്മാവേ ..................................

കാർമ്മി : ഞങ്ങളെ വേദനിപ്പിക്കുന്നവരോട് ഹൃദയപൂർവ്വം ക്ഷമിക്കാനും എതിർക്കുന്നവരെ സ്നേഹിക്കാനും ഞങ്ങളെ പ്രാപ്തരാക്കുവാൻ

സമൂഹം : പരിശുദ്ധാത്മാവേ ..................................

കാർമ്മി : ദാരിദ്ര്യത്താലും രോഗത്താലും മാനസിക ക്ലേശങ്ങളാലും വലയുന്നവരോടുള്ള അനുകമ്പയാൽ ഞങ്ങളുടെ ഹൃദയ ങ്ങളെ നിറയ്ക്കുവാൻ

സമൂഹം : പരിശുദ്ധാത്മാവേ ..................................

കാർമ്മി : പരസ്പരം ഐക്യത്തിലും സ്നേഹത്തിലും നീതിബോധ ത്തോടെ ജീവിച്ച് അങ്ങയുടെ ഉത്തമസാക്ഷികളാകുവാൻ ഞങ്ങളെ പ്രാപ്തരാക്കുന്നതിന്

സമൂഹം : പരിശുദ്ധാത്മാവേ ..................................

കാർമ്മി : പരിഹാസങ്ങളെയും പീഡനങ്ങളെയും പരിഗണിക്കാതെ ധീരതയോടെ സുവിശേഷം പ്രസംഗിക്കാൻ ഞങ്ങളെ ശക്ത രാക്കുന്നതിന്

സമൂഹം : പരിശുദ്ധാത്മാവേ ..................................

(ഉചിതമായ മറ്റു യാചനകൾ)

സമാപനപ്രാർത്ഥന:

കാർമ്മി : പെന്തെക്കോസ്താ ദിവസം ശിഷ്യന്മാരുടെമേൽ എഴുന്ന ള്ളിവന്ന പരിശുദ്ധാത്മാവായ ദൈവമേ, ഞങ്ങളിൽ നിര ന്തരം വസിച്ച് സത്യത്തിന്റെയും നീതിയുടെയും പാതയി ലൂടെ ഞങ്ങളെ നയിക്കണമേ. ദൈവവചനത്തോടുള്ള സ്നേഹവും ഭക്തിയും ഞങ്ങളിൽ വർദ്ധിപ്പിക്കണമേ. പര സ്പര സ്നേഹത്തിലും ബഹുമാനത്തിലും ഐക്യത്തിലും ഞങ്ങളെ വളർത്തണമേ. നിത്യജീവന്റെ അച്ചാരമായി പരി ശുദ്ധാത്മാവിനെ ഞങ്ങൾക്കു തന്ന കാരുണ്യവാനായ പിതാ വേ, ഞങ്ങൾ എല്ലാവരും ഒരുമിച്ച് സ്വർഗ്ഗഭാഗ്യത്തിൽ വന്നു ചേരുവാൻ കൃപ ചെയ്യണമേ. നിത്യം പിതാവും പരിശുദ്ധാ ത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : കർത്താവിലെന്നും എന്റെ ആശ്രയം.............

## 2. വിശുദ്ധ കുർബാനയുടെ തിരുനാൾ

വിജ്ഞാപനം: സ്നേഹിക്കുന്നവർ അടുത്തായിരിക്കാൻ ആഗ്രഹിക്കുന്നു, സാന്നിദ്ധ്യം സന്തോഷവും ശാന്തിയും സമാധാനവും സംതൃപ്തിയും പ്രദാനം

ചെയ്യുന്നു. നമ്മുടെ ഹൃദയത്തിന്റെ അഗാധതലങ്ങളിൽ സ്രഷ്ടാവായ ദൈവത്തിന്റെ സാന്നിദ്ധ്യം നാം അനുഭവിച്ചറിയുന്നുണ്ട്. അവനിലാണ് നാം ജീവിക്കുകയും ചരിക്കുകയും ആയിരിക്കുകയും ചെയ്യുന്നത്. നമ്മോടുള്ള അനന്തമായ സ്നേഹത്താൽ പ്രേരിതനായ ദൈവം നമ്മിൽ ഒരുവനെപ്പോലെ മനുഷ്യനായി. അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ പ്രതിരൂപമാണ് യേശുക്രിസ്തു. സ്വർഗ്ഗാരോഹണത്തിനു ശേഷവും യേശുനാഥൻ നമ്മോടൊത്തു വസിക്കാൻ തീരുമാനിച്ചു, തന്റെ സാന്നിദ്ധ്യം നമുക്ക് അനുഭവവേദ്യമാക്കാൻ ആഗ്രഹിച്ചു. അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നമുക്ക് നിത്യജീവന്റെ ആഹാരമായി ഇന്നും അവൻ നമ്മോടുകൂടെ വസിക്കുന്നു. ഈ സ്നേഹസാന്നിദ്ധ്യത്തിന്റെ ഓർമ്മ പ്രത്യേകവിധത്തിൽ ആഘോഷിക്കുന്നതിനു വേണ്ടിയാണ് സഭ വി. കുർബാനയുടെ തിരുനാൾ സ്ഥാപിച്ചിരിക്കുന്നത്. വി. കുർബാനയിലൂടെ പ്രകടമാകുന്ന ദൈവസ്നേഹത്തിന്റെ ആഴം ഗ്രഹിക്കുന്നതിനും പൂർണ്ണഹൃദയത്തോടെ ആ സ്നേഹത്തിനു പ്രത്യുത്തരം നല്കുന്നതിനുംവേണ്ട ശക്തി ലഭിക്കാനായി നമുക്കു പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കാം.

ഗാനം : പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ.............

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. അങ്ങയുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സജീവവും ജീവദായകവുമായ സ്മാരകമായി വിശുദ്ധ കുർബാന സ്ഥാപിച്ച കർത്താവായ യേശുവേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പൂർണ്ണഹൃദയത്തോടെ അങ്ങയെ സ്നേഹിക്കുന്നതിനും സഹോദരങ്ങൾക്കായി സ്വയം വ്യയം ചെയ്തുകൊണ്ട് ഈ സ്നേഹം പ്രകടമാക്കുന്നതിനും ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ.

ഒന്നാം വായന : നിയ. 8 : 11-18

*മരുഭൂമിയിൽവച്ച് മന്ന ഭക്ഷണമായി നല്കി.*

സങ്കീർത്തനം : 34 : 1-14

പ്രതിവചനം : കർത്താവ് എത്ര നല്ലവനാണെന്ന്
അനുഭവിച്ചറിയുവിൻ.

രണ്ടാം വായന : 1 കോറി. 11 : 17-34

*കർത്താവിന്റെ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റു ചെയ്യരുത്.*

ഗാനം : സുവിശേഷവെളിച്ചത്താൽ.............

മൂന്നാം വായന : യോഹ. 6 : 51-58 *നിത്യജീവന്റെ ആഹാരം*

സമൂഹപ്രാർത്ഥന :

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : വിശുദ്ധ കുർബാനയിലൂടെ ഞങ്ങൾക്കു സ്വയം ദാനം ചെയ്യുന്ന അങ്ങയുടെ സ്നേഹത്തിന്റെ ആഴം ഗ്രഹിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ..........................

കാർമ്മി : അനുദിനം ദിവ്യബലിയർപ്പിക്കുന്ന വൈദികരെ അങ്ങയുടെ സ്നേഹത്തിന്റെ സാക്ഷികളായി ജീവിക്കാൻ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ..........................

കാർമ്മി : ഐക്യത്തിന്റെ കൂദാശയായി വിശുദ്ധ കുർബാന സ്ഥാപിച്ച കർത്താവേ, ക്രിസ്തീയ സഭകൾ തമ്മിൽ ഐക്യവും സാഹോദര്യവും വളർത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ..........................

കാർമ്മി : നിത്യജീവന്റെ അപ്പം ഭക്ഷിക്കുന്ന ഞങ്ങൾക്ക് അന്നന്നുവേണ്ട ആഹാരം നല്കണമെന്നും വിശക്കുന്നവരുമായി ആഹാരം പങ്കുവയ്ക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ..........................

കാർമ്മി : ക്ലേശങ്ങളാലും ദുഃഖങ്ങളാലും വലയുമ്പോൾ അങ്ങയുടെ സ്നേഹത്തിൽ ശാന്തിയും സമാധാനവും കണ്ടെത്താൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ..........................

കാർമ്മി : വിശുദ്ധ കുർബാനയിൽ അങ്ങയെ ആരാധിക്കുന്ന ഞങ്ങൾ, വേദനയനുഭവിക്കുന്നവരിൽ അങ്ങയെ കണ്ടെത്തി ശുശ്രൂ

ഷിക്കുന്നതിനിടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ..........................

കാർമ്മി : ദിവ്യബലിയിൽ ഭക്തിപൂർവ്വം പങ്കെടുക്കുന്നതിനും അങ്ങയുടെ തിരുശരീരരക്തങ്ങൾ വിശ്വാസത്തോടെ സ്വീകരിക്കുന്നതിനും ഞങ്ങളെ സഹായിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ..........................

(സ്വന്തമായ മറ്റു യാചനകൾ)

സമാപനപ്രാർത്ഥന:

കാർമ്മി : സ്നേഹത്തിന്റെ കൂദാശയായി വിശുദ്ധ കുർബാന സ്ഥാപിച്ച കർത്താവേ, അങ്ങു ഞങ്ങളെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ.ക്ലേശങ്ങളിൽ ഞങ്ങളെ ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ ദുഃഖങ്ങളെ ലഘൂകരിക്കണമേ. ഞങ്ങളുടെ സന്തോഷങ്ങളെ വിശുദ്ധീകരിക്കണമേ. ആത്മാവിനും ശരീരത്തിനും ആവശ്യമായ ആഹാരം എന്നും ഞങ്ങൾക്കു നല്കണമേ. നിത്യജീവന്റെ ആഹാരമായി അങ്ങേ തിരുശരീരരക്തങ്ങൾ ഞങ്ങൾക്കു നല്കിയ ദിവ്യകാരുണ്യനാഥാ, ഈ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച് അങ്ങേ നിത്യവിരുന്നിൽ പങ്കുചേരാൻ ഇടയാക്കണമേ. നിത്യം പിതാവും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

കാർമ്മി : പരിശുദ്ധ പരമദിവ്യകാരുണ്യത്തിന്

സമൂഹം : എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

ഗാനം : എന്നേശുവേ, നീ എത്ര നല്ലവൻ.............

## 3. തിരുഹൃദയത്തിരുനാൾ

വിജ്ഞാപനം: സ്നേഹത്തിന്റെ ഉറവിടവും പ്രതീകവുമാണ് ഹൃദയം. ദൈവത്തിനു നമ്മോടുള്ള അനന്തമായ സ്നേഹത്തെ പ്രത്യേക വിധത്തിൽ അനുസ്മരിക്കുന്നതിനും ആഘോഷിക്കുന്നതിനും വേണ്ടിയാണ് സഭ യേശുവിന്റെ തിരുഹൃദയത്തിരുനാൾ സ്ഥാപിച്ചിരിക്കുന്നത്. ജനത്തെ പരിപാലിച്ചു നയിക്കുന്ന ദൈവത്തിന്റെ ചിത്രം പഴയനിയമത്തിൽ നല്ല ഇട

യന്റെ പ്രതീകത്തിലൂടെ അവതരിപ്പിക്കപ്പെട്ടു. ആ സ്നേഹത്തിന്റെ പാരമ്യമാണ് കുരിശിൽ വച്ച് കുത്തിത്തുറക്കപ്പെട്ട യേശുവിന്റെ ഹൃദയത്തിൽനിന്നു വെളിപ്പെട്ടത്. തന്നെ നിഷേധിക്കുകയും അവഹേളിക്കുകയും ചെയ്ത മനുഷ്യനെ രക്ഷിക്കാൻവേണ്ടി സ്വന്തം പുത്രനെ മരണത്തിന് ഏല്പിച്ചുകൊടുക്കാൻമാത്രം അവനെ സ്നേഹിച്ച ദൈവം, ശത്രുക്കളെ സ്നേഹിക്കുന്നതിന്റെ മാതൃകയാണ് നമുക്കു നല്കുന്നത്. വിലകെട്ടവരും നിന്ദിതരുമായി നാം കരുതുന്നവരെയും നമ്മെ ദ്രോഹിക്കുന്നവരെയും പോലും ഹൃദയം തുറന്നു സ്നേഹിക്കുമ്പോഴേ തിരുഹൃദയത്തിരുനാളിന്റെ ആഘോഷം അർത്ഥപൂർണ്ണമാകൂ. ദൈവസ്നേഹത്തിന്റെ പാരമ്യം ഗ്രഹിക്കാനും അതിനു പ്രത്യുത്തരം നല്കാനും നമ്മെ ശക്തരാക്കണമേയെന്ന് പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കാം.

ഗാനം : പാവനാത്മാവേ, നീ വരേണമേ.............

കാർമ്മി : പിതാവിന്റെയും പുത്രന്റെയും ......................

സമൂഹം : ആമ്മേൻ

കാർമ്മി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം : ആമ്മേൻ

കാർമ്മി : ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ....................... (സമൂഹവും ഒരുമിച്ചു ചൊല്ലുന്നു)

കാർമ്മി : സകല നന്മകളുടെയും ഉറവിടമായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ തിരുക്കുമാരനിലൂടെ ഞങ്ങൾക്കു വെളിപ്പെടുത്തിത്തന്ന അവിടുത്തെ അനന്തമായ സ്നേഹത്തെ ഞങ്ങൾ വാഴ്ത്തുന്നു. ഈശോയുടെ തിരുഹൃദയത്തിൽ നിന്നൊഴുകിയ രക്തത്താൽ ഞങ്ങളെ കഴുകി ശുദ്ധീകരിക്കണമേ. അവിടുത്തെ സ്നേഹാഗ്നിയാൽ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കണമേ. പൂർണ്ണഹൃദയത്തോടെ ത്രിയേകദൈവമായ അങ്ങയെയും ഞങ്ങളെപ്പോലെതന്നെ ഞങ്ങളുടെ അയല്ക്കാരെയും സ്നേഹിക്കുവാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന : എസെ. 34 : 11-16

*ഞാൻ തന്നെ എന്റെ ആടുകളെ മേയിക്കും.*

സങ്കീർത്തനം : 23 : 1-6

പ്രതിവചനം : കർത്താവ് എന്റെ ഇടയനാകുന്നു, എനിക്കൊന്നിനും കുറവുണ്ടാവുകയില്ല.

രണ്ടാം വായന : എഫേ. 3 : 14-21

*ക്രിസ്തുവിന്റെ സ്നേഹം*

*ഗാനം* : സുവിശേഷവെളിച്ചത്താൽ...........

മൂന്നാം വായന : മത്താ. 11 : 25-30

*വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.*

സമൂഹപ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും കൃതജ്ഞതയോടുംകൂടെ, കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : സ്നേഹിതർക്കുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല എന്ന് തന്റെ ആത്മബലിയിലൂടെ ഞങ്ങളെ പഠിപ്പിച്ച യേശു നാഥാ, അങ്ങയുടെ തിരുഹൃദയത്തിൽ ജ്വലിക്കുന്ന സ്നേഹം മനസ്സിലാക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ഞങ്ങൾ പാപികളായിരിക്കെ ഞങ്ങൾക്കുവേണ്ടി മരിച്ചുകൊണ്ട് സ്നേഹം പ്രകടമാക്കിയ കർത്താവേ, മറ്റുള്ളവരുടെ തെറ്റുകൾ നിരുപാധികമായി ക്ഷമിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ശാന്തശീലനും വിനീതഹൃദയനുമായ യേശുവേ, ജീവിതത്തിലെ സന്തോഷങ്ങളിലും ദുഃഖങ്ങളിലും ശാന്തരും സമചിത്തരുമായി വർത്തിക്കുവാൻ ഞങ്ങളെ പഠിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ഈശോയുടെ തിരുഹൃദയമേ, അങ്ങിൽമാത്രം ആശ്രയിക്കാനും എല്ലായിടത്തും എല്ലായ്പ്പോഴും അങ്ങയുടെ തിരുവിഷ്ടം മാത്രം അന്വേഷിക്കാനും ഞങ്ങളെ പഠിപ്പിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : അധ്വാനത്താലും ജീവിതഭാരത്താലും തളരുമ്പോൾ അങ്ങേ തിരുഹൃദയത്തിൽ ആശ്വാസം കണ്ടെത്തുവാൻ ഞങ്ങൾക്കു വരം തരണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ കാണും എന്നരുളിച്ചെയ്ത യേശുവേ, ലൗകികമോഹങ്ങളിൽനിന്നും ദുരാസക്തികളിൽനിന്നും ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : നല്ല സമറിയാക്കാരനെപ്പോലെ പ്രതിഫലം പ്രതീക്ഷിക്കാതെ മറ്റുള്ളവർക്കു ശുശ്രൂഷചെയ്യാൻ ഞങ്ങളെ പഠിപ്പിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

പ്രതിഷ്ഠാജപം: (കുടുംബനാഥൻ ചൊല്ലിക്കൊടുക്കുന്നു. എല്ലാവരുംകൂടി ഏറ്റു ചൊല്ലുന്നു.)

കുടുംബനായകൻ : ഈശോയുടെ തിരുഹൃദയമേ/ഈ കുടുംബത്തെയും/ഞങ്ങളെ ഓരോരുത്തരെയും/ഞങ്ങൾ അങ്ങേയ്ക്കു പ്രതിഷ്ഠിക്കുന്നു. ഞങ്ങളുടെ ഈ കുടുംബത്തിൽ/ അങ്ങു രാജാവായി വാഴണമേ. ഞങ്ങളുടെ പ്രവൃത്തികളെല്ലാം/അങ്ങുതന്നെ നിയന്ത്രിക്കണമെ./ ഞങ്ങളുടെ ഉദ്യമങ്ങളെയെല്ലാം/ആശീർവ്വദിക്കുകയും/ഞങ്ങളുടെ സന്തോഷങ്ങളെ വിശുദ്ധീകരിക്കുകയും/സങ്കടങ്ങളിൽ ഞങ്ങൾക്ക്/ ആശ്വാസം നൽകുകയും ചെയ്യണമേ./ഞങ്ങളിൽ ആർക്കെങ്കിലും/അങ്ങയെ ഉപദ്രവിക്കാനിടയായാൽ/ഞങ്ങളോടു ക്ഷമിക്കണമേ./ഈ കുടുംബത്തിലുള്ളവരെയും/ഇവിടെ

നിന്ന് അകന്നിരിക്കുന്നവരെയും സമൃദ്ധമായി അനുഗ്രഹിക്കണമേ. (മരിച്ചുപോയ ഞങ്ങളുടെ കുടുംബാംഗങ്ങളെ/ നിത്യഭാഗ്യത്തിലേക്കു പ്രവേശിപ്പിക്കണമേ.)/അങ്ങയെ കണ്ടാനന്ദിക്കുവാൻ/സ്വർഗ്ഗത്തിലെത്തുന്നതുവരെ/ആത്മീയവും ശാരീരികവുമായ/എല്ലാ വിപത്തുകളിലുംനിന്ന്/ ഞങ്ങളെ കാത്തുകൊള്ളണമേ./

മറിയത്തിന്റെ വിമലഹൃദയവും/മാർ യൗസേപ്പുപിതാവും/ഞങ്ങളുടെ പ്രതിഷ്ഠയെ/അങ്ങേയ്ക്കു സമർപ്പിക്കയും/ജീവിതകാലം മുഴുവനും/ഇതിന്റെ സജീവസ്മരണ/ ഞങ്ങളിൽ നിലനിർത്തുകയും ചെയ്യട്ടെ./

ഈശോയുടെ തിരുഹൃദയമേ/ഞങ്ങളെ അനുഗ്രഹിക്കണമേ

മറിയത്തിന്റെ വിമലഹൃദയമേ/ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വിശുദ്ധ യൗസേപ്പേ/ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

വിശുദ്ധ മർഗ്ഗരീത്താ മറിയമേ/ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

ഗാനം : ദൈവത്തിനു സ്തോത്രം പാടിടുവിൻ..............

### 4. ജൂലൈ 3 – വി. തോമാശ്ലീഹായുടെ ഓർമ്മ

ഗാനം : ശ്ലീഹന്മാരിലിറങ്ങി വസിച്ചോരു...................

ആമുഖ പ്രാർത്ഥന:

കാർമ്മി : സകലജനതകളെയും സുവിശേഷം അറിയിക്കാനായി അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തയച്ച കർത്താവായ യേശുവേ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. അപ്പസ്തോലന്മാരിൽ വന്നുനിറഞ്ഞ് സുവിശേഷം പ്രഘോഷിക്കാൻ അവർക്കു ശക്തിയും പ്രചോദനവും നല്കിയ പരിശുദ്ധാത്മാവായ ദൈവമേ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. ഞങ്ങളുടെ മാതൃരാജ്യമായ ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ ഓർമ്മ ആചരിക്കുന്ന ഞങ്ങളിൽ അവിടുന്നു സംപ്രീതനാകണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന : അപ്പ. 1 : 6–14

*നിങ്ങൾ എനിക്കു സാക്ഷികളായിരിക്കും.*

സങ്കീർത്തനം : 98 : 1–9

പ്രതിവചനം : കർത്താവിന് ഒരു പുതിയ കീർത്തനം ആലപിക്കുവിൻ.

രണ്ടാം വായന : യോഹ. 20 : 24–29

*അവിശ്വാസിയാകാതെ വിശ്വാസി ആയിരിക്കുക.*

സമൂഹപ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നു വിളിച്ചുകൊണ്ട് തന്റെ വിശ്വാസം പ്രകടമാക്കിയ തോമാശ്ലീഹായെപ്പോലെ യേശുക്രിസ്തുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയാൻ ഞങ്ങളെ ശക്തിപ്പെടുത്തണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : "നമുക്കും അവനോടുകൂടെ പോയി മരിക്കാം" എന്നു പറഞ്ഞ വി. തോമാശ്ലീഹായെപ്പോലെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും അങ്ങയിലുള്ള ഞങ്ങളുടെ വിശ്വാസം ഏറ്റുപറയാനും അതിനുവേണ്ടിവരുന്ന നഷ്ടങ്ങളും ക്ലേശങ്ങളും സന്തോഷത്തോടെ നേരിടുന്നതിനും വേണ്ട ധൈര്യം ഞങ്ങൾക്കു പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : അപ്പസ്തോലന്മാരിൽ വന്നുനിറയുകയും അവരെ നിരന്തരം നയിക്കുകയും ചെയ്ത പരിശുദ്ധാത്മാവേ, ഞങ്ങളിൽ വസിച്ചുകൊണ്ട് ഞങ്ങളെ നിരന്തരം നയിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : വി. തോമാശ്ലീഹായിൽനിന്ന് ഏറ്റു വാങ്ങിയ സുവിശേഷം ഭാരതത്തിൽ എല്ലായിടത്തും പ്രഘോഷിക്കാൻ ഞങ്ങളെ സഹായിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : വിവിധ ക്രിസ്തീയ സഭകളും റീത്തുകളും തമ്മിൽ ഐക്യം വളർത്തുകയും അങ്ങനെ യേശുക്രിസ്തുവിന് ഏകസ്വര ത്തിൽ സാക്ഷ്യം നല്കാൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : വിളവിന്റെ നാഥനായ കർത്താവേ, അങ്ങയുടെ വയലിൽ സുവിശേഷവേല ചെയ്യാനായി ഞങ്ങളുടെ കുടുംബ ത്തിൽനിന്നും സമൂഹത്തിൽനിന്നും ധാരാളം വേലക്കാരെ വിളിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ഞങ്ങളുടെ മാതൃരാജ്യമായ ഭാരതത്തെ ജാതീയവും വർഗ്ഗീ യവുമായ ചിന്താഗതികളിൽനിന്നും കക്ഷിമാത്സര്യങ്ങ ളിൽനിന്നും മോചിപ്പിച്ച് സമാധാനത്തിലേക്കും ഐക്യത്തി ലേക്കും നയിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ അങ്ങേയ്ക്കു സാക്ഷ്യം വഹിക്കുന്ന പ്രേഷിതരെ കാത്തുപരിപാലിക്കുകയും അവർക്കു തങ്ങളുടെ പ്രേഷിതവേലയിൽ സന്തോഷവും ധൈര്യവും നല്കുകയും ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥി ക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. ആകാശത്തിന്റെയും ഭൂമിയുടെയും നാഥനായ ദൈവമേ, സർവ്വചരാചരങ്ങളോടുമൊന്നിച്ച് ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ഞങ്ങളുടെ മാതൃരാജ്യ മായ ഭാരതത്തിലേക്ക് സുവിശേഷത്തിന്റെ പ്രകാശവുമായി വി. തോമാശ്ലീഹായെ അയച്ചതിന് ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു. അങ്ങയുടെ വചനമാകുന്ന സുവിശേഷ

ത്താൽ ഞങ്ങളെ സത്യത്തിന്റെ പ്രകാശത്തിലേക്കും നിത്യമായ ജീവിതത്തിലേക്കും നയിക്കണമേ. കാണാതെ വിശ്വസിക്കുന്നവർക്ക് അങ്ങു വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യഭാഗ്യത്തിന് ഞങ്ങളെയും അർഹരാക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : ദൈവത്തിനുസ്തോത്രം..................

## 5. ആഗസ്റ്റ് 15

## മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ

വിജ്ഞാപനം: 1950 നവംബർ 1-ാം തീയതി പന്ത്രണ്ടാം പീയൂസ് മാർപാപ്പ മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചു. കത്തോലിക്കാ സഭയിൽ ചിരകാല പ്രതിഷ്ഠനേടിയ ഒരു വിശ്വാസമാണ് അന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടത്. മാതാവിന്റെ ബഹുമാനാർത്ഥം ജറുസലെമിൽ പണിയപ്പെട്ട ദൈവാലയത്തിന്റെ പ്രതിഷ്ഠാകർമ്മത്തിന്റെ ഓർമ്മയാചരിച്ചിരുന്ന ദിവസമായിരുന്നു ആഗസ്റ്റ് 15.

തന്റെ പുത്രന്റെ മാതാവാകാൻവേണ്ടി പ്രത്യേകം തിരഞ്ഞെടുത്ത മറിയത്തെ ദൈവം ഉത്ഭവപാപത്തിൽനിന്നു കാത്തുസൂക്ഷിക്കുകയും സകല നന്മകളാലും അലങ്കരിക്കുകയും ചെയ്തു. ഉത്ഭവത്തിനുമുമ്പേ രക്ഷണീയകർമ്മത്തിന്റെ ഫലം അനുഭവിച്ച അവൾ തന്റെ പുത്രന്റെ മഹത്വത്തിൽ പൂർണ്ണമായും പങ്കുചേർന്നു എന്ന് നാം വിശ്വസിക്കുന്നു. തികച്ചും ഒരു മനുഷ്യവ്യക്തി മാത്രമായ മറിയം ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന വിശ്വാസം നമുക്കു പ്രത്യാശയും ധൈര്യവും നല്കുന്നു. മനുഷ്യവർഗ്ഗത്തിനു മുഴുവൻ ലഭ്യമാകാനിരിക്കുന്ന ശരീരങ്ങളുടെ പുനരുത്ഥാനത്തിന്റെയും നിത്യമഹത്വത്തിന്റെയും മുന്നാസ്വാദനവും അച്ചാരവുമാണ് മാതാവിന്റെ സ്വർഗ്ഗാരോപണം. പാപത്തിൽനിന്നും പാപത്തിന്റെ ഫലമായ സകലബന്ധനങ്ങളിൽനിന്നുമുള്ള മോചനം പൂർണ്ണമാകുന്നത് ഉത്ഥാനത്തിന്റെ മഹത്വത്തിൽ നാം പങ്കുചേരുമ്പോഴാണ്. ഇന്ന് സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഭാരതീയ ജനതയെ മുഴുവൻ ഈ സമ്പൂർണ്ണസ്വാതന്ത്ര്യത്തിലേക്കു നയിക്കണമേ എന്നു നമുക്കു പ്രാർത്ഥിക്കാം.

ഗാനം : നിത്യവിശുദ്ധയാം കന്യാമറിയമേ ....................

കാർമ്മി : പിതാവിന്റെയും പുത്രന്റെയും ......................

സമൂഹം : ആമ്മേൻ

കാർമ്മി : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം : ആമ്മേൻ

കാർമ്മി : ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും.

സമൂഹം : ആമ്മേൻ

കാർമ്മി : സ്വർഗ്ഗസ്ഥനായ....................... (സമൂഹവും കൂടെ ചൊല്ലുന്നു)

കാർമ്മി : കാരുണ്യവാനും സ്നേഹസമ്പന്നനുമായ ദൈവമേ, അങ്ങേ തിരുക്കുമാരന്റെ മാതാവാകുന്നതിനുവേണ്ടി പരിശുദ്ധ കന്യ കാമറിയത്തെ തിരഞ്ഞെടുത്ത് അനുഗ്രഹസമ്പൂർണ്ണയാക്കി യതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. അമലോത്ഭവ യായ കന്യകാമറിയത്തെ ആത്മശരീരങ്ങളോടെ സ്വർഗ്ഗീയ മഹത്വത്തിലേക്കുയർത്തിയ അങ്ങയുടെ ദയാവായ്പിനെ ഞങ്ങൾ പുകഴ്ത്തുന്നു. അമ്മയുടെ മഹത്വത്തിൽ ആഹ്ളാ ദിക്കുന്ന ഞങ്ങളുടെ ചിന്തകൾ അങ്ങയുടെ സന്നിധിയിലേ ക്കുയർത്തണമേ. ദൈവവചനം ഹൃദയത്തിൽ സംഗ്രഹിക്കു കയും ജീവിതത്തിൽ പകർത്തുകയും ചെയ്ത അമ്മയെ പ്പോലെ ഞങ്ങളും അങ്ങയുടെ വചനം അനുസരിച്ച് ജീവി ക്കുവാനും അമ്മയോടൊപ്പം നിത്യമഹത്വത്തിൽ വന്നെത്തു വാനും കൃപചെയ്യണമേ. നിത്യം പിതാവും പുത്രനും പരി ശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന :

വിജ്ഞാപനം : ഇസ്രായേൽ ജനത്തിന്റെ മധ്യേയുള്ള ദൈവസാന്നിധ്യത്തിന്റെ പ്രത്യ ക്ഷമായ അടയാളമായിരുന്നു ഉടമ്പടിയുടെ പേടകം. ജനവുമായി ദൈവം ചെയ്ത ഉടമ്പടിയുടെ പ്രമാണങ്ങൾ എഴുതിയ പലകകൾ പേടകത്തിൽ സൂക്ഷിച്ചിരുന്നു. ആ പ്രമാണങ്ങൾ ജനത്തിന് ജീവന്റെ ഉറവിടമായിരുന്നു. പേടകത്തിനു മുകളിലെ കൃപാസനത്തിൽനിന്ന് ദൈവം ജനത്തിന് അനുഗ്രഹങ്ങൾ പ്രദാനം ചെയ്തു. മാംസം ധരിച്ച ദൈവവചനത്തെ സ്വന്തം ഉദരത്തിൽ വഹിക്കുകയും ദൈവപുത്രനെ ലോകത്തിനു പ്രദാനം ചെയ്യുകയും ചെയ്ത മറിയത്തിന്റെ പ്രതീക മായി ഉടമ്പടിയുടെ പേടകത്തെ സഭാപിതാക്കന്മാർ കണ്ടു. ദാവീദു രാജാവ് വലിയ ആഘോഷത്തോടെ പേടകം ജറുസലെമിലേക്കു കൊണ്ടുവന്നത് മാതാവിന്റെ സ്വർഗ്ഗാരോപണത്തിന്റെ പ്രതീകമായി അവർ വ്യാഖ്യാനിച്ചു.

1 ദിന. 15 : 25-16, 2

സങ്കീർത്തനം : 132 : 1-18

പ്രതിവചനം : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു.

രണ്ടാം വായന :

വിജ്ഞാപനം : പാപംവഴി മനുഷ്യവർഗ്ഗത്തിന്റെമേൽ ആധിപത്യമുറപ്പിച്ച മരണത്തെ യേശുനാഥൻ തന്റെ മരണവും ഉത്ഥാനവുംവഴി പരാജയപ്പെടുത്തി. ഉത്ഥിതനായ നാഥന്റെ മഹത്വത്തിൽ നാം എല്ലാവരും ഒരിക്കൽ പങ്കുചേരും. ലോകാവസാനത്തിൽ സംഭവിക്കാനിരിക്കുന്ന ഈ മഹത്വീകരണം പരിശുദ്ധ കന്യകാമറിയത്തിന് ദൈവം മുൻകൂറായി നല്കിയിരിക്കുന്നു.

1 കോറി. 15 : 50-58

ഗാനം : സുവിശേഷവെളിച്ചത്താൽ ....................

മൂന്നാം വായന :

വിജ്ഞാപനം : തന്റെ പുത്രന്റെ മാതാവാകാൻവേണ്ടി ദൈവം മറിയത്തെ പ്രത്യേകം തിരഞ്ഞെടുത്തു. ഈ തിരഞ്ഞെടുപ്പാണ് മറിയത്തിന്റെ മഹത്വത്തിന്റെ നിദാനം. ദൈവം തനിക്കുവേണ്ടി ചെയ്ത വലിയ കാര്യങ്ങളെയാണ് മറിയം പ്രകീർത്തിക്കുന്നത്. എളിയവരെ ഉയർത്തുകയും ദരിദ്രരെ സംതൃപ്തരാക്കുകയും ചെയ്യുന്ന ദൈവത്തിന് പൂർണ്ണമായി സ്വയം അടിയറവച്ച ഒരു വനീത ദാസിയായിട്ടാണ് മറിയം സ്വയം ചിത്രീകരിച്ചത്. മറിയത്തെപ്പോലെ നമ്മെത്തന്നെ പൂർണ്ണമായി ദൈവഹിതത്തിനു സമർപ്പിച്ചുകൊണ്ട് പരിശുദ്ധ അമ്മയുടെ സ്തോത്രഗീതം നമുക്കിപ്പോൾ ശ്രവിക്കാം.

ലൂക്കാ 1 : 46-55

സമൂഹപ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും ഭക്തിയോടും സന്തോഷത്തോടും കൂടെ "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : "ഇതാ കർത്താവിന്റെ ദാസി, നിന്റെ തിരുവചനം എന്നിൽ നിറവേറട്ടെ" എന്ന പ്രത്യുത്തരത്തിലൂടെ ആത്മസമർപ്പണം ചെയ്ത മാതാവിന്റെ മാതൃക അനുകരിച്ച് എല്ലാ ജീവിത സാഹചര്യങ്ങളിലും ദൈവഹിതം നിറവേറ്റാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : കന്യകാമറിയത്തെപ്പോലെ എളിമയിലും ദാരിദ്ര്യാരൂപിയിലും ദൈവാശ്രയത്തിലും വളരുന്നതിന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ദൈവവചനം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ച മാതാവിനെപ്പോലെ തിരുവചനങ്ങൾ ഹൃദയത്തിൽ സ്വീകരിക്കാനും ജീവിതത്തിൽ പകർത്താനുമുള്ള അനുഗ്രഹം തരണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ഞങ്ങളുടെ ജീവിതദുഃഖങ്ങളിലും പരാജയങ്ങളിലും മാതാവിനെപ്പോലെ അങ്ങയിൽ മാത്രം പ്രത്യാശയർപ്പിക്കാൻ അനുഗ്രഹം നല്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : നേട്ടങ്ങളിലും വിജയത്തിലും അഹങ്കരിക്കാതെ വിനയപൂർവ്വം കർത്താവിനു നന്ദി പറയാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : പരിശുദ്ധാത്മാവിന്റെ ആലയങ്ങളും പുനരുത്ഥാനത്തിലൂടെ നിത്യമഹത്വത്തിൽ പങ്കുചേരേണ്ടവരുമായ ഞങ്ങളുടെ ആത്മശരീരങ്ങളെ ശുദ്ധമായി സൂക്ഷിക്കാനും പരസ്പരം ബഹുമാനിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ആതുരസേവനത്തിലും രോഗീശുശ്രൂഷയിലും ഏർപ്പെട്ടിരിക്കുന്നവരെ പ്രത്യേകമായി അനുഗ്രഹിക്കണമെന്നും തങ്ങൾ പരിചരിക്കുന്നവരിൽ നിത്യജീവനിലുള്ള പ്രത്യാശവളർത്താൻ അവരെ സഹായിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന ഞങ്ങളുടെ മാതൃഭൂമിയായ ഭാരതത്തെ ദാരിദ്ര്യത്തിലും വിഭാഗീയ ചിന്തകളിലും

നിന്ന് മോചിപ്പിച്ച് സത്യത്തിന്റെ വെളിച്ചത്തിലേക്കും പൂർണ്ണ മായ സ്വാതന്ത്ര്യത്തിലേക്കും നയിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

സമാപനപ്രാർത്ഥന:

കാർമ്മി : കാരുണ്യവാനായ ദൈവമേ, കൃപാപൂർണ്ണനായ പിതാവേ, അങ്ങയുടെ എളിയ ദാസിയായ പരിശുദ്ധ കന്യകാമറിയത്തെ ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് സ്വീകരിച്ച്, അവി ടുത്തെ തിരുക്കുമാരന്റെ മഹത്വത്തിൽ പങ്കുചേർക്കാൻ തിരു വുള്ളമായ അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. രക്ഷകന്റെ അമ്മയും മനുഷ്യകുലത്തിന്റെ മാതാവുമായ മറിയത്തിന് അങ്ങു നല്കിയ മഹത്വത്തിൽ സന്തോഷിക്കുന്ന ഞങ്ങ ളെയും അങ്ങയുടെ കൃപാവരങ്ങളാൽ നിറയ്ക്കണമേ. സ്വർഗ്ഗ ഭാഗ്യത്തെ മുന്നിൽ കണ്ടുകൊണ്ട് ജീവിതക്ലേശങ്ങളെ സന്തോ ഷത്തോടെ സ്വീകരിക്കാനും ഒരിക്കൽ ഈ കുടുംബാംഗങ്ങൾ എല്ലാവരും ഒരുമിച്ച്, പരിശുദ്ധ അമ്മയോടൊപ്പം, അങ്ങയെ അനവരതം വാഴ്ത്തിപ്പാടാനും കൃപചെയ്യണമേ. നിത്യം പിതാവും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : സ്വസ്തീ സ്വർലോകറാണീ..........................

## 6. സെപ്റ്റംബർ 14 കുരിശിന്റെ പുകഴ്ച

(ഈ പ്രാർത്ഥന ഏലീയാ-സ്ലീവാ-മൂശെ കാലങ്ങളിൽ അനുദിന പ്രാർത്ഥനയായി ഉപ യോഗിക്കാവുന്നതാണ്. വിജ്ഞാപനം ഉപേക്ഷിക്കുക. വായനകൾ ദിവസത്തിന്റേത്.)

വിജ്ഞാപനം: പൗരസ്ത്യസഭകളിൽ ഉയിർപ്പുതിരുനാൾ കഴിഞ്ഞാൽ ഏറ്റം അധികം പ്രാധാന്യമുള്ള തിരുനാളാണ് കുരിശിന്റെ പുകഴ്ച. മതപീഡനങ്ങൾക്ക് അറുതി വരുത്തുകയും ക്രിസ്തുമതത്തെ റോമിന്റെ ഔദ്യോഗികമത മായി പ്രഖ്യാപിക്കുകയും ചെയ്ത കോൺസ്റ്റൻന്റൈൻ ചക്രവർത്തി ഗാഗുൽത്തായിലും തിരുക്കല്ലറയ്ക്കു മുകളിലും ഓരോ ബസിലിക്ക പണിത് ഏ.ഡി. 335 സെപ്റ്റംബർ 13-ാം തീയതി പ്രതിഷ്ഠാകർമ്മം നട ത്തി. പിറ്റേദിവസം തിരുക്കുരിശിന്റെ അവശിഷ്ടങ്ങൾ പരസ്യമായി പ്രദർശിപ്പിച്ചുകൊണ്ട് കുരിശിന്റെ അഗാധമായ അർത്ഥത്തെക്കുറിച്ചു വ്യാഖ്യാനിച്ചു. ഇതിൽനിന്നാണ് സെപ്റ്റംബർ 14 കുരിശിന്റെ പുകഴ്ച യുടെ ദിനമായി ആഘോഷിക്കപ്പെടാൻ തുടങ്ങിയത്. പില്ക്കാലത്ത്

പേർഷ്യക്കാർ പിടിച്ചെടുത്ത കുരിശിന്റെ തിരുശേഷിപ്പുകൾ കോൺസ്റ്റാന്റി നോപ്പിളിലെ ചക്രവർത്തിയായ ഹെരാക്ലിയൂസ് 630-ൽ വീണ്ടെടുത്ത് ജറുസലെമിലേക്കു തിരികെ കൊണ്ടുവന്നു. അത് കുരിശിന്റെ വിജയമായി പരിഗണിക്കപ്പെട്ടു. ഈ ചരിത്രസംഭവങ്ങളാണ് സെപ്റ്റംബർ 14ന് പ്രാധാന്യം നല്കുന്നതെങ്കിലും കുരിശിലൂടെ യേശുനാഥൻ നേടിത്തന്ന പാപത്തിന്മേലുള്ള വിജയമാണ് ഇന്നു നാം ആഘോഷിക്കുക, അപമാനത്തിന്റെ അടയാളമായിരുന്ന കുരിശിനെ തന്റെ മരണവും ഉത്ഥാനവും വഴി മഹത്ത്വത്തിന്റെ ഉപകരണമാക്കി മാറ്റിയ നാഥനെ നമുക്കു സ്തുതിക്കാം. നാഥന്റെ പിന്നാലെ കുരിശു വഹിച്ചുകൊണ്ടു യാത്രചെയ്ത് നിത്യമഹത്ത്വത്തിൽ പ്രവേശിക്കാനുള്ള അനുഗ്രഹത്തിനായി യാചിക്കുകയും ചെയ്യാം.

ഗാനം : വരുന്നു ഞാൻ പിതാവേ ....................

കാർമ്മി : കാരുണ്യവാനായ പിതാവേ, അങ്ങേ തിരുക്കുമാരന്റെ കുരിശുമരണംവഴി ഞങ്ങൾക്കു പാപമോചനവും നിത്യജീവനും നല്കാൻ തിരുമനസ്സായ അങ്ങയുടെ അനന്തമായ സ്നേഹത്തെ ഞങ്ങൾ വാഴ്ത്തുന്നു. പാപികളായ ഞങ്ങളോടുള്ള സ്നേഹത്തെപ്രതി കുരിശിൽ ജീവൻ അർപ്പിച്ച യേശുനാഥാ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. കുരിശിലെ മഹത്ത്വീകരണത്തിലൂടെ ഞങ്ങൾക്കു നല്കപ്പെട്ട പരിശുദ്ധാത്മാവായ ദൈവമേ, ഞങ്ങളുടെ ജീവിതത്തിൽ കുരിശിന്റെ അർത്ഥം ഗ്രഹിക്കാനും ക്രൂശിതനെ അനുഗമിച്ച് നിത്യമഹത്ത്വത്തിൽ വന്നെത്തുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

വിജ്ഞാപനം : മരുഭൂമിയിൽവച്ച് സർപ്പദംശനമേറ്റവർ പിത്തളസർപ്പത്തെനോക്കി രക്ഷ പ്രാപിച്ചു. പിത്തളസർപ്പമല്ല, സർവ്വശക്തനായ ദൈവമാണ് രക്ഷ നല്കിയത്; ദൈവത്തിലുള്ള വിശ്വാസമാണ് ജനത്തിനു രക്ഷണീയമായത്. വടിയിൽ ഉയർത്തിയ പിത്തളസർപ്പം കുരിശിൽ ഉയർത്തപ്പെട്ട യേശുവിന്റെ പ്രതീകമാണ്.

ഒന്നാം വായന : സംഖ്യ 21 : 1-9

സങ്കീർത്തനം : 106 : 1-10

പ്രതിവചനം : കർത്താവു നല്ലവനാണ്,
അവിടുത്തെ കാരുണ്യം അനന്തമാണ്.

വിജ്ഞാപനം : അപമാനത്തിന്റെ അടയാളമായ കുരിശിലൂടെ ദൈവം നമുക്കു രക്ഷ നല്കി, അവിടുന്ന് തന്റെ ശക്തി വെളിപ്പെടുത്തി.

രണ്ടാം വായന : 1 കോറി. 1 : 18–31

ഗാനം : സുവിശേഷവെളിച്ചത്താൽ ............................

വിജ്ഞാപനം : ദൈവത്തിനു നമ്മോടുള്ള അനന്തമായ സ്നേഹത്തിന്റെ അടയാളവും നമ്മുടെ രക്ഷയുടെ മാർഗ്ഗവുമാണ് യേശുവിന്റെ കുരിശ്.

മൂന്നാം വായന : യോഹ. 3 : 13–17

സമൂഹപ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : മാമ്മോദീസായിൽ സ്വീകരിച്ച കുരിശിന്റെ അടയാളം എല്ലാ ക്രിസ്തീയ വിശ്വാസികളുടെയും ജീവിതത്തിൽ പ്രകടമാകുന്നതിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ലോകരാഷ്ട്രങ്ങൾ ശത്രുതയും മാത്സര്യവും വെടിഞ്ഞ് പരസ്പരം ഐക്യത്തിലും സമാധാനത്തിലും വർത്തിക്കുന്നതിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ക്രിസ്തീയ സഭകൾ തമ്മിൽ ഐക്യം പുനഃസ്ഥാപിക്കപ്പെടുന്നതിനും അങ്ങനെ കുരിശിലൂടെ ലഭിച്ച രക്ഷയ്ക്കു സാക്ഷികളാകുന്നതിനുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ദാരിദ്ര്യത്താലും രോഗത്താലും മാനസിക ക്ലേശങ്ങളാലും വലയുന്നവർ യേശുവിന്റെ കുരിശിൽ പ്രത്യാശ കണ്ടെത്തുകയും ക്രൂശിതന്റെ മഹത്വത്തിൽ പങ്കുകാരാവുകയും ചെയ്യുന്നതിനുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : നീതിക്കുവേണ്ടി പീഡനമേല്ക്കുന്നവരെയും ക്രിസ്തീയവി

ശ്വാസത്തിന്റെ പേരിൽ മർദ്ദിക്കപ്പെടുന്നവരെയും ശക്തിപ്പെടുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ഞങ്ങൾക്കുണ്ടാകുന്ന വേദനകളും ദുഃഖങ്ങളും ക്രൂശിതന്റെ പീഡകളിൽ ഞങ്ങളെ പങ്കുകാരാക്കുന്നു എന്ന ബോധ്യത്തോടെ സന്തോഷപൂർവ്വം സ്വീകരിക്കാൻ ഞങ്ങളെ ശക്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : എല്ലാ മനുഷ്യരും യേശുനാഥന്റെ കുരിശിൽ ശാന്തിയും സന്തോഷവും ഐക്യവും സമാധാനവും കണ്ടെത്തുവാൻവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

(ഉചിതമായ മറ്റു യാചനകൾ കൂട്ടിച്ചേർക്കാവുന്നതാണ്.)

സമാപനപ്രാർത്ഥന:

കാർമ്മി : സ്നേഹനിധിയായ ദൈവമേ, അങ്ങേ മക്കളുടെ യാചനകളെ ദയാപൂർവ്വം കൈക്കൊള്ളണമേ. ഭൗതികമഹത്വങ്ങളും സുഖഭോഗങ്ങളും തേടാതെ അങ്ങേ തിരുക്കുമാരന്റെ കുരിശിൽ അഭിമാനിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. പരാജയങ്ങളും ക്ലേശങ്ങളും സന്തോഷത്തോടെ സ്വീകരിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. വേദനിക്കുന്ന സഹോദരങ്ങളിൽ ക്രൂശിതന്റെ മുഖം കണ്ടെത്താൻ ഞങ്ങളുടെ ഉൾക്കണ്ണുകളെ തുറക്കണമേ. ക്രൂശിതനായ യേശുവിൽ പ്രത്യാശവയ്ക്കുന്ന ഞങ്ങളെ ഉത്ഥാനത്തിന്റെ മഹത്വത്തിൽ പങ്കുകാരാക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : എന്നേശുവേ നീ എത്ര നല്ലവൻ ..........................

## 7. മിഷൻ ഞായർ

വിജ്ഞാപനം: "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി. 9:16) എന്ന അപ്പസ്തോലവചനങ്ങൾ എല്ലാ ക്രൈസ്തവർക്കും ബാധകമാണ്. എല്ലാ ജനതകളെയും സുവിശേഷം അറിയിക്കാനുള്ള

ദൗത്യം ക്രിസ്തുനാഥൻ തന്റെ സഭയെ ഏല്പിച്ചിരിക്കുന്നു. തന്റെ മക്കളെ ഈ ദൗത്യത്തെക്കുറിച്ചു ബോധവാന്മാരാക്കാൻവേണ്ടി കത്തോലിക്കാസഭ ഒക്ടോബർ മാസത്തിലെ മൂന്നാം ഞായറാഴ്ച "മിഷൻ ഞായർ" എന്ന പേരിൽ ആചരിക്കുന്നു. നാം ജീവിക്കുന്ന സാഹചര്യങ്ങളിൽ ദൈവവചനം അനുസരിച്ചു ജീവിച്ചും കഴിവിനൊത്ത് വചനം പ്രസംഗിച്ചും നമ്മെ ഏല്പിച്ചിരിക്കുന്ന ദൗത്യം നിർവ്വഹിക്കുന്നതിനുള്ള അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം. തീനാവുകളുടെ രൂപത്തിൽ എഴുന്നള്ളിവന്ന് അപ്പസ്തോലന്മാരെ സുവിശേഷപ്രഘോഷണത്തിനു ശക്തരാക്കിയ പരിശുദ്ധാത്മാവിനെ വിളിച്ചപേക്ഷിക്കാം.

ഗാനം : പരിശുദ്ധാത്മാവേ, ശക്തി പകർന്നിടണേ...................

കാർമ്മി : നമുക്കു പ്രാർത്ഥിക്കാം. അസത്യത്തിൽനിന്നു സത്യത്തിലേക്കും അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കും മരണത്തിൽനിന്നു നിത്യജീവനിലേക്കും ഞങ്ങളെ നയിക്കുന്ന സച്ചിദാനന്ദസ്വരൂപനായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. വഴിയും സത്യവും ജീവനുമായി ലോകത്തിലേക്കുവന്ന യേശുനാഥാ, അങ്ങയെ ഞങ്ങൾ സ്തുതിക്കുന്നു. സത്യത്തിന്റെ പൂർണ്ണതയിലേക്കു ഞങ്ങളെ നയിക്കുന്ന പരിശുദ്ധാത്മാവായ ദൈവമേ, അങ്ങയെ ഞങ്ങൾ പുകഴ്ത്തുന്നു. ജീവദായകമായ അവിടുത്തെ വചനം ഗ്രഹിക്കാൻ ഞങ്ങളുടെ മനസ്സിനെ പ്രകാശിപ്പിക്കണമേ. അങ്ങയുടെ വചനം ധൈര്യപൂർവ്വം പ്രഘോഷിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഒന്നാം വായന : ഏശ. 42 : 1-9

*നീതിസ്ഥാപിക്കാൻ ഞാൻ നിന്നെ വിളിച്ചു. ജനതകൾക്കു പ്രകാശമായി ഞാൻ നിന്നെ നല്കിയിരിക്കുന്നു.*

സങ്കീർത്തനം : 96 : 1-13

പ്രതിവചനം : ജനതകളുടെ ഇടയിൽ
കർത്താവിന്റെ മഹത്വം പ്രഘോഷിക്കുവിൻ.

രണ്ടാം വായന : റോമാ 10 : 5-17

*കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും!*

ഗാനം : സുവിശേഷവെളിച്ചത്താൽ ...................

മൂന്നാം വായന : മർക്കോ. 16 : 14-17

*ലോകമെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസം ഗിക്കുവിൻ.*

സമൂഹപ്രാർത്ഥന

കാർമ്മി : നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടും കൂടെ "കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ" എന്നപേക്ഷിക്കാം.

സമൂഹം : കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

കാർമ്മി : സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം എന്നു പറഞ്ഞ വി. പൗലോസ് ശ്ലീഹായെപ്പോലെ സുവിശേഷ പ്രഘോഷണത്തിനുള്ള തീക്ഷ്ണതയാൽ ഞങ്ങളെ നിറയ്ക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ദൈവവചനം പ്രസംഗിക്കുക തങ്ങളുടെ പരമപ്രധാനമായ ദൗത്യമാണെന്ന ബോധ്യം എല്ലാ വിശ്വാസികൾക്കും നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ഭൗതികപുരോഗതിക്കുവേണ്ടിയുള്ള വ്യഗ്രതയാൽ സുവിശേഷപ്രഘോഷണത്തെ അവഗണിക്കാൻ ഞങ്ങൾക്ക് ഇടയാക്കരുതേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : സുവിശേഷാനുസൃതമായ ജീവിതത്തിലൂടെ അങ്ങേയ്ക്കു സാക്ഷ്യം വഹിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ജനതകൾക്കു മധ്യേ ക്രിസ്തുവിനെ പ്രസംഗിക്കുന്നതിനായി ജീവിതം ഉഴിഞ്ഞുവച്ചിരിക്കുന്ന മിഷനറിമാരെ അങ്ങയുടെ ആത്മാവിനാൽ നിറച്ച് പരിപാലിച്ചു നയിക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : സുവിശേഷ പ്രഘോഷണത്തിലൂടെ ലോകത്തിൽ നീതിയും സാഹോദര്യവും സ്ഥാപിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : സഭയെ നയിക്കുന്ന മാർപ്പാപ്പായെയും മെത്രാന്മാരെയും വൈദികരെയും എല്ലാ സന്യാസിനീസന്യാസികളെയും സുവിശേഷചൈതന്യത്താൽ നിറച്ചു പരിപാലിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

കാർമ്മി : ഞങ്ങളുടെ കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും സുവിശേഷവേലയ്ക്കായി ധാരാളം യുവതീയുവാക്കളെ തിരഞ്ഞെടുത്തയയ്ക്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം : കർത്താവേ ..................................

സമാപനപ്രാർത്ഥന: ലോകത്തിന്റെ പ്രകാശമായ മിശിഹായേ, പാപാന്ധകാരത്തിൽ കഴിയുന്ന ഞങ്ങളെ അവിടുത്തെ സുവിശേഷവെളിച്ചത്താൽ പ്രകാശിപ്പിക്കണമേ. അങ്ങയുടെ വയലിലേക്ക് സുവിശേഷവേലയ്ക്കായി ധാരാളം വേലക്കാരെ തിരഞ്ഞെടുത്തയയ്ക്കണമേ. അങ്ങയുടെ അനന്തമായ സ്നേഹം ഞങ്ങൾക്കു വെളിപ്പെടുത്താനായി അങ്ങയുടെ വചനത്തെ ലോകത്തിലേക്കയച്ച പിതാവേ, വാക്കും പ്രവൃത്തിയുംവഴി അങ്ങേയ്ക്കു സാക്ഷ്യം വഹിക്കാൻ ഞങ്ങളെ ശക്തിപ്പെടുത്തണമേ. എല്ലാ ജനതകളും അങ്ങയുടെ പൈതൃകമായ സ്നേഹം ഗ്രഹിക്കാനും അങ്ങനെ ഈ ഭൂമിയിൽ സത്യവും നീതിയും സ്നേഹവും സാഹോദര്യവും വളർന്നുഫലമണിയാനും ഇടയാക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂഹം : ആമ്മേൻ

ഗാനം : നവ്യമായൊരു കല്പന ..........................

## അനുബന്ധം

അനുദിനജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിൽ ബൈബിൾ ഉപയോഗിച്ചു പ്രാർത്ഥിക്കുന്നതിനും ദൈവസ്നേഹത്തെക്കുറിച്ചു ധ്യാനിക്കുന്നതിനും സഹായിക്കുന്ന ചില സൂചനകളാണ് താഴെ കൊടുക്കുന്നത്.

### *1. ദൈവം നിന്നെ ക്ഷണിക്കുന്നു*

നിന്നോടു വ്യക്തിപരമായി സംസാരിക്കാൻ ദൈവം ആഗ്രഹിക്കുന്നു. തന്റെ ദൈവികദാനങ്ങൾ, അല്ലാ, തന്നെത്തന്നെ നിനക്കു നല്കാൻ കാത്തുനില്ക്കുന്നു. സൗജന്യമാണ് ഈ ദാനം. ഹൃദയം തുറന്നു സ്വീകരിക്കാനുള്ള സന്നദ്ധത മാത്രമാണ് നിന്നിൽനിന്ന് ആവശ്യപ്പെടുന്നത്.

1. ഏശ. 55 : 1-13 ദാഹാർത്തരേ ജലാശയത്തിലേക്കു വരുവിൻ.
2. ജറെ. 1 : 4-10 മാതാവിന്റെ ഉദരത്തിൽ രൂപംകൊള്ളുന്നതിനുമുമ്പേ നിന്നെ ഞാൻ അറിഞ്ഞു.
3. ഹോസി. 2 : 14-23 നിന്നോടു ഞാൻ ഹൃദ്യമായി സംസാരിക്കും.
4. സങ്കീ. 95 : 1-11 വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം.
5. മർക്കോ. 6 : 30-44 ഒരു വിജനസ്ഥലത്തേക്കു വരുവിൻ, അല്പം വിശ്രമിക്കാം.
6. ലൂക്കാ 14 : 15-24 വരുവിൻ, എല്ലാം തയ്യാറായിരിക്കുന്നു.
7. മത്താ. 25 : 31-46 എന്റെ പിതാവിനാൽ അനുഗൃഹീതരേ വരുവിൻ.
8. വെളി. 3 :14-22 ഇതാ ഞാൻ വാതിലിൽ മുട്ടുന്നു.

### *2. ദൈവം നിന്നോടു സംസാരിക്കുന്നു*

പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ ദൈവം മൺതരിയായ നിന്നോടു സംസാരിക്കുന്നു. തന്റെ സ്നേഹം നിന്റെ ഹൃദയത്തിൽ നിറയ്ക്കാൻ അവിടുന്നു കാത്തുനില്ക്കുന്നു. ദൈവത്തിന്റെ നിശബ്ദശബ്ദം നിന്റെ ഹൃദയത്തിൽ മുഴങ്ങുന്നതു കേൾക്കുന്നില്ലേ? ശാന്തമാവുക, ഹൃദയംകൊണ്ടു ശ്രവിക്കുക.

1. നിയ. 30 : 11-20 വചനം നിനക്കു സമീപസ്ഥമാണ്. അതു നിന്റെ അധരത്തിലും ഹൃദയത്തിലും ഉണ്ട്.

2. സാമു. 3 : 7-18 കർത്താവേ, അരുളിച്ചെയ്താലും; ദാസനിതാ ശ്രവിക്കുന്നു.

3. സങ്കീ. 19 : 1-14 ആകാശം ദൈവമഹത്വം പ്രഘോഷിക്കുന്നു.

4. സങ്കീ. 29 : 1-11 കർത്താവിന്റെ സ്വരം ജലരാശിക്കുമീതേ മുഴങ്ങുന്നു.

5. സങ്കീ. 46 : 1-10 ശാന്തമാവുക, ഞാൻ ദൈവമാണെന്നറിയുക.

6. മത്താ. 13 : 1-23 നിങ്ങളുടെ കാതുകൾ ഭാഗ്യമുള്ളവ, എന്തെന്നാൽ അവ കേൾക്കുന്നു.

7. 2 തെസ. 2 : 13-17 സുവിശേഷത്തിലൂടെ അവിടുന്നു നിങ്ങളെ വിളിച്ചു.

### *3. ആശ്വാസവും പ്രത്യാശയും ദൈവത്തിൽ മാത്രം*

രോഗവും ദാരിദ്ര്യവും നിന്നെ അലട്ടുമ്പോൾ, അപ്രതീക്ഷിതമായി അത്യാഹിതങ്ങൾ ആഞ്ഞടിക്കുമ്പോൾ, പരാജയത്തിൽനിന്നു നിരാശയിലേക്കു നീ വഴുതിവീഴുമ്പോൾ, പാപബോധം നിന്നെ ഞെരുക്കുമ്പോൾ, ജീവിതംതന്നെ അർത്ഥശൂന്യമായി നിനക്ക് അനുഭവപ്പെടുമ്പോൾ, എല്ലാവരും നിന്നെ കൈവെടിഞ്ഞു എന്നു തോന്നുമ്പോൾ ഓർമ്മിക്കുക-നിനക്കു രൂപം നല്കിയവൻ നിന്റെ കൂടെയുണ്ട്.

1. ഏശ. 43 : 1-7 ഞാൻ നിന്നെ പേരുചൊല്ലി വിളിച്ചിരിക്കുന്നു, നീ എന്റേതാണ്.

2. ഏശ. 44 : 1-8 എന്റെ ദാസനായ........ നീ ഭയപ്പെടേണ്ടാ.

3. ഏശ. 49 : 8-27 പെറ്റമ്മ തന്റെ കുഞ്ഞിനെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല.

4. ഏശ. 54 : 1-10 എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല.

5. ഹോസി. 11 : 7-12 ഞാൻ ദൈവമാണ്, മനുഷ്യനല്ല.

6. സങ്കീ. 23 : 1-6 കർത്താവ് എന്റെ ഇടയനാകുന്നു. എനിക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.

7. മത്താ. 11 : 25-30 വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.

### *4. ദൈവത്തിന്റെ കരുണയ്ക്ക് അളവില്ല*

മനുഷ്യന്റെ പാപത്തെക്കാൾ വലുതാണ് ദൈവത്തിന്റെ

കാരുണ്യം; മനുഷ്യന്റെ ഹൃദയത്തെക്കാൾ വലുതാണ് ദൈവത്തിന്റെ സ്നേഹം. മനസ്തപിച്ചു മടങ്ങിവരുന്നവരെ ദൈവം ഒരിക്കലും തള്ളിപ്പറയുകയില്ല. തന്നെ വിളിച്ചു കരയുന്നവർക്കെതിരെ അവിടുന്ന് കാതടയ്ക്കില്ല.

1. പുറ. 34 : 5-9 കാരുണ്യവാനും കൃപാനിധിയുമായ ദൈവം.
2. പ്രഭാ. 18 : 1-14 കർത്താവ് കാരുണ്യം വർഷിക്കുന്നു.
3. ഏശ. 1 : 16-18 നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെണ്മയുള്ളതായിത്തീരും.
4. സങ്കീ. 51 : 1-19 നുറുങ്ങിയ ഹൃദയത്തെ ദൈവം നിരസിക്കുകയില്ല.
5. ലൂക്കാ 15 : 11-24 നഷ്ടപ്പെട്ട മകനെ വീണ്ടുകിട്ടിയിരിക്കുന്നു.
6. മത്താ. 18 : 21-31 ഏഴെഴുപതു പ്രാവശ്യം ക്ഷമിക്കുക.
7. ലൂക്കാ 7 : 36-50 നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. സമാധാനത്തോടെ പോവുക.

### *5. കർത്താവിനു നന്ദി പറയുക*

നമുക്കുള്ളതെല്ലാം ദൈവം തന്നതാണ്. നമ്മുടെ വ്യക്തിത്വവും അസ്തിത്വവും സൗജന്യമായ ദാനമാണ്. ദൈവത്തിനു നന്ദിപറയുമ്പോൾ നമ്മുടെ ജീവിതം കൂടുതൽ ധന്യമാകുന്നു; ദൈവത്തിനു നമ്മുടെ നേർക്കുള്ള സ്നേഹത്തെയും ദൈവത്തിന്റെ തന്നെ നന്മയെയും കുറിച്ച് നാം കൂടുതൽ ബോധവാന്മാരാകുന്നു. നന്മയെക്കുറിച്ചുള്ള ബോധ്യം നന്മയിൽ വളരാൻ നമ്മെ സഹായിക്കും.

1. നിയ. 10 : 12-22 ഹൃദയം തുറക്കുക, കർത്താവിനോടു ചേർന്നു നില്ക്കുക.
2. സങ്കീ. 116 : 1-19 കർത്താവിന്റെ അനുഗ്രഹങ്ങൾക്ക് ഞാൻ എങ്ങനെ നന്ദി പ്രകടിപ്പിക്കും!
3. സങ്കീ. 146 : 1-10 ജീവിതകാലം മുഴുവൻ ഞാൻ കർത്താവിനു കീർത്തനം പാടും.
4. ലൂക്കാ 17 : 11-19 അവൻ ഉച്ചത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് തിരിച്ചുവന്നു.
5. എഫേ. 1 : 3-14 രക്ഷാപദ്ധതിയെപ്രതി ദൈവത്തിനു സ്തുതി.

6. 1 തെസ്സ. 5 : 16–18 എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ.

7. ഫിലി. 4 : 2–9 കൃതജ്ഞതാ സ്തോത്രങ്ങളോടെ യാചനകൾ ദൈവ സന്നിധിയിൽ അർപ്പിക്കുവിൻ.

***6. യേശു എനിക്കാര്?***

യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ച് കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളായി അനേകം തത്വങ്ങളും നിഗമനങ്ങളും പ്രകാശം കണ്ടിട്ടുണ്ട്. വിശ്വാസവൈപരിത്യങ്ങളും വിശ്വാസപ്രഖ്യാപനങ്ങളും ഏറെയുണ്ടായി. പലപ്പോഴും ഒരു താത്വിക പ്രശ്നമെന്ന നിലയിലാണ്. യേശുവിന്റെ വ്യക്തിത്വം കൈകാര്യം ചെയ്യപ്പെടുക. എന്നാൽ യേശു എനിക്കാരാണ് എന്ന ചോദ്യം വ്യക്തിബന്ധത്തിന്റെ തലത്തിലേക്കു ശ്രദ്ധ തിരിക്കുന്നു. യേശു തന്നെക്കുറിച്ചുതന്നെ എന്തു പറയുന്നു, യേശുവിനെ അടുത്തറിഞ്ഞവർ എന്തു പറയുന്നു എന്ന് ബൈബിളിൽനിന്നു കേൾക്കാം. ഇന്നും ജീവിക്കുന്ന യേശു തന്റെ വചനങ്ങളിലൂടെ നമുക്കു സ്വയം വെളിപ്പെടുത്തുന്നത് ഹൃദയം തുറന്നു ശ്രവിക്കാം.

1. യോഹ. 8 : 12–20 ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു.

2. യോഹ. 10 : 1–16 ഞാൻ നല്ല ഇടയനാകുന്നു.

3. യോഹ. 11 : 1–44 ഞാനാണ് ജീവനും പുനരുത്ഥാനവും.

4. യോഹ. 14 : 1–14 വഴിയും സത്യവും ജീവനും ഞാനാണ്.

5. യോഹ. 15 : 1–10 ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാകുന്നു.

6. ഗലാ. 2 : 15–21 എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി ജീവൻ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രൻ

7. ഫിലി. 1 : 12–26 എനിക്കു ജീവിതം ക്രിസ്തു.